
# ബഥനിശബ്ദം

ഒക്ടോബർ 2021



ബർണബാസ് പിതാവിന്
ബഥനിയുടെ പ്രണാമം!

# വി.യൗസേപ്പ് പിതാവിന്റെ വർഷം



# തച്ചനും മകനും

# BETHANY SABDAM

**No. 124** **October 2021**

**Editorial Board**

Fr. Jobin Kuriakose OIC (Chief Editor)

Fr. Thomas Prasobh Kolliyelil OIC

Fr. Thomas Pramod Palavilayil OIC

Fr. Ebin Thomas Panicker OIC

Fr. Mathew Praful Palanilkunnathil OIC

**Printed at**

Bethany Press, Kottayam - 686010
Ph: 0481 - 2571355
e-mail: bethanyktm@gmail.com

**Published from**

Bethany Ashram Generalate
P.B.No. 06, Vadavathoor P.O.,
Kottayam - 686 010, KERALA
Ph : 0481 - 2578494
(Monday - Saturday from 9.30 AM to 5.00 PM)
web : www.bethanyashram.net
e-mail : oic.infonews@gmail.com

*for Private Circulation Only*

# ഉൾത്താളുകളിൽ


എഡിറ്റോറിയൽ 3

യാക്കോബ് മാർ ബർണ്ണബാസ് പിതാവിന് ബാഷ്പാഞ്ജലി 4
- ഫാ. മത്തായി കടവിൽ ഒ.ഐ.സി

ബഥനി നവജ്യോതി പ്രോവിൻസിന്റെ ആദ്യസാരഥി 7
- ഡോ. ജോർജ്ജ് അയ്യനേത്ത് ഒ.ഐ.സി.

Bishop Jacob Mar Barnabas: an Icon of Contemporary Mission Discipleship 9
- Rev. Dr. Mathew Jacob Thiruvalil OIC

മാർ ബർണബാസ് പിതാവിനെക്കുറിച്ചോർക്കുമ്പോൾ 11
- ഫാ. പ്ലാസിഡ് തോമ്പിലടിമുറിയിൽ ഒ.ഐ.സി.

ഒരു നീതിമാന്റെ ജീവിതം - ഫാ. പീറ്റർ ജോൺ ഒ.ഐ.സി. 12

ജേക്കബ് മാർ ബർണബാസ് ഒ.ഐ.സി. സുവിശേഷമേകാൻ സ്വയം വ്യയം ചെയ്ത ബഥാന്യൻ 14
- ഫാ. ജോർജ്ജ് തോമസ് കല്ലുങ്കൽ ഒ.ഐ.സി.

സ്മരണകളിലൂടെ... - ഫാ. വർഗീസ് തൈക്കൂട്ടത്തിൽ ഒ.ഐ.സി 18

ബലിയർപ്പിക്കാൻ പാളയത്തിനു പുറത്തു പോയവൻ 23
- ഫാ. ജോസ് കുരുവിള പീടികയിൽ ഒ.ഐ.സി

Bishop Jacob Mor Barnabas OIC: My Inspiration and Mentor A Story of Lifelong Accompaniment 27
- ഫാ. തോമസ് പ്രശോഭ് കൊല്ലിയേലിൽ ഒ.ഐ.സി.

'ഓർമ്മയിൽ ഒരു നൊമ്പരം' - രണ്ടാം ഭാഗം - ഫാ. ബനഡിക്ട് കണിയാന്റയ്യത്ത് ഒ.ഐ.സി. 32

സുവിശേഷത്തിന്റെ ഫലം പുറപ്പെടുവിച്ച ശ്രേഷ്ഠാചാര്യൻ 35
- ഫാ. ആന്റണി കല്ലിൽ ഒ.ഐ.സി

എളിമയുടേയും കരുതലിന്റേയും ഗുരുനാഥൻ - ഫാ. മാത്യൂസ് സി. അഗസ്റ്റിൻ കാവുങ്കൽ ഒ.ഐ.സി 39

സുവിശേഷത്തിന്റെ ബഥാന്യൻ പരിമളം: അഭിവന്ദ്യ ബർണബാസ് പിതാവും സുവിശേഷസംഘവും 40
- ഫാ. ബനഡിക്ട് മൂഴിക്കര ഒ.ഐ.സി

ഗുരുവിന്റെ ശിഷ്യൻ ഗുരുവായപ്പോൾ - ഫാ. ജോൺ നിർമ്മലാനന്ദ് ഒ.ഐ.സി 45

"The Faithful and wise slave of Christ" - Bro. Joshin Joy OIC 47

വി.യൗസേപ്പ്; വചനം മാംസമായവന് ഊരും പേരും നല്കിയവൻ 49
- ഫാ. ജോസഫ് കുളക്കുടിയിൽ ഒ.ഐ.സി.

St Joseph in the writings of West Syrian Church Fathers 51
- Fr Titus Cheravallil John OIC

ജോസഫ് എന്ന മിഷനറി - ഫാ. ഡാനി മാത്യു ഒ.ഐ.സി 54

നിശബ്ദസേവകൻ - ഫാ. ലിബിൻ വർഗീസ് ഒ.ഐ.സി. 58

തച്ചക്കുടിയിൽ പ്രായോഗികമായ നീതിബോധം - ഫാ. ഡാനിയേൽ റ്റോണി കല്ലിൽ ഒ.ഐ.സി. 59

സത്സംഘവും വിശുദ്ധരുടെ സംസർഗ്ഗവും (Satsanga & Communion of Saints) 61
- ഫാ. ഫിലിപ്പ് വൈശ്യനേത്ത് ഒ.ഐ.സി.

വാഗ്ദാനം നിറവേറ്റി - ഫാ. ഇഗ്നേഷ്യസ് തങ്ങളത്തിൽ ഒ.ഐ.സി 63

അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത
ഒരു ബഥാന്യൻ മഹദ് വ്യക്തിത്വം - ഫാ. ജോർജ്ജ് തോമസ് കല്ലുങ്കൽ ഒ.ഐ.സി. 67

# എഡിറ്റോറിയൽ

**മാലാഖമാരുമായി സഖിത്വമുള്ള മാർ യൗസേപ്പ്**

ഈശോയെയും മറിയത്തെയും സംരക്ഷിക്കുവാൻ ദൈവത്താൽ നിയോഗിക്കപ്പെട്ട വ്യക്തിത്വമായിരുന്നു മാർ യൗസേപ്പ്. സംശയത്തിന്റെ ഒരു മുള്ള് തന്നെ അലട്ടിയപ്പോഴും മറിയത്തെ വേദനിപ്പിക്കാൻ ആ മനസ്സ് അനുവദിച്ചില്ല. ദൈവേഷ്ടം പ്രവർത്തിക്കുകയും അതിനായി തന്റെ ഹൃദയത്തെ പൂർണ്ണമായി വിട്ടുകൊടുക്കുകയും ചെയ്ത വ്യക്തിയാണ് മാർ യൗസേപ്പ്. ഒരു തച്ചനായി കർമ്മരംഗങ്ങളിൽ മുഴുകിയ അദ്ദേഹം തന്റെ പുരുഷായുസ്സു മുഴുവൻ ദൈവകുമാരന്റെ വത്സലപിതാവായി മാറുവാൻ വിട്ടുകൊടുത്തു. പിതാവിന്റെ ഹൃദയത്തോടെ (പാത്രിസ് കോർദെ) അദ്ദേഹം ആ നിയോഗം പൂർത്തിയാക്കി.

**ആശ്വാസത്തിന്റെ പുത്രനും നല്ല മനുഷ്യനുമായ ബഥനിയുടെ മാർ ബർണ്ണബാസ്**

പ്രത്യേക ദൗത്യത്തിനായി പരിശുദ്ധാത്മാവിനാൽ മാറ്റി നിർത്തപ്പെട്ടവനാണ് വി.ബർണ്ണബാസ് (Acts 13:2). ഒരു വലിയ നിയോഗത്തിനായി മലയാളക്കരയിൽ നിന്നും ബഥനിയിൽനിന്നും മാറ്റിനിർത്തപ്പെട്ടവനാണ് ബഥനിയുടെ ജേക്കബ് മാർ ബർണ്ണബാസ്. ആശ്വാസത്തിന്റെ പുത്രൻ (Acts 4:36) ആയി മാറിയ ജോസഫിനെപ്പോലെ ഉത്തരേന്ത്യയിൽ അനേകർക്ക് ആശ്വാസം നൽകിയ പരിശുദ്ധാത്മാവിനാൽ വിളിച്ച് വേർതിരിക്കപ്പെട്ട (Acts 13:2) വ്യക്തിയാണ് ബഥനിയുടെ മാർ ബർണ്ണബാസ്. അനാവശ്യമായ കാർക്കശ്യത്തിന്റെയും ഗൗരവത്തിന്റെയും ക്ലീഷെ കുപ്പായമണിയാത്ത ചിരിക്കുന്ന മുഖമുള്ള പൂനാ ആശ്രമത്തിലെ ഗുരുവച്ചൻ. എല്ലാവരെയും സ്നേഹിച്ചും എല്ലാവരോടും സഹകരിച്ചും വഴി നടത്തിയിരുന്ന ബഥനി നവജ്യോതിയുടെ പ്രൊവിൻഷ്യാളച്ചൻ. വി.ബർണ്ണബാസിനെപ്പോലെ പരിശുദ്ധാത്മാവിനാലും വിശ്വാസത്താലും നിറഞ്ഞ നല്ല മനുഷ്യനായിരുന്നു ബർണ്ണബാസ് തിരുമേനി. വന്ദ്യപിതാവേ, വിട! സമാധാനത്താലെ വസിച്ചാലും.

**അനുഗ്രഹീതനും ഉണർവ്വുള്ളവനുമായ ബഥനിയുടെ മാർ ഗ്രിഗോറിയോസ്**

തികഞ്ഞ സാത്വികനായിരുന്നു ഗ്രിഗോറിയോസ് പിതാവ്. മനുഷ്യകുലത്തിന്റെ സമഗ്ര വിമോചനത്തെ ലക്ഷ്യം നിർത്തിക്കൊണ്ട് പ്രവർത്തിച്ച ശ്രേഷ്ഠാചാര്യൻ. ഈവാനിയോസ് തിരുമേനി നട്ടുവളർത്തിയ ചെടിയായ സഭയെ ഫലം നൽകുന്ന വൃക്ഷമാക്കി മാറ്റുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. എത്ര ബുദ്ധിമുട്ട് സഹിച്ചും മറ്റുള്ളവരെ സഹായിക്കുന്ന വ്യക്തിത്വമായിരുന്നു ബനഡിക്ടച്ചന്റേത്. എന്നാൽ താൻ സഹിച്ച ബുദ്ധിമുട്ടുകളൊന്നും തന്നെ അതിന്റെ ഫലമറിഞ്ഞവരെ അദ്ദേഹം അറിയിച്ചിട്ടില്ല. പ്രാർത്ഥനയുടെയും സന്ന്യാസത്തിന്റെയും ആത്മീയതയുടെയും കാര്യത്തിൽ അദ്ദേഹം വിശ്വസ്തനും, സമുദായത്തിന്റെയും സമൂഹത്തിന്റെയും കാര്യത്തിൽ വിവേകിയുമായി പ്രവർത്തിക്കുവാൻ ഗ്രീഗോറിയോസ് തിരുമേനിക്ക് സാധിച്ചിരുന്നു. അതിനാൽ അദ്ദേഹത്തെ കേരളദേശം മുഴുവനും അംഗീകരിക്കുകയും ആദരിക്കുകയും ചെയ്തിരുന്നു. അങ്ങയുടെ ഈ സമഗ്ര ദർശനം ബഥനിയിലൂടെ തുടരുവാൻ ഞങ്ങൾക്കായി അങ്ങ് മാദ്ധ്യസ്ഥം വഹിക്കണമെന്ന് പ്രാർത്ഥിക്കുന്നു. അങ്ങയുടെ ഓർമ്മ ഞങ്ങൾ ആചരിക്കുമ്പോൾ പ്രണാമം!

യൗസേപ്പിതാവിനെപ്പോലെ നീതിമാന്മാരായും ഗ്രീഗോറിയോസ് തിരുമേനിയെപ്പോലെ മനുഷ്യസമൂഹത്തെ സ്നേഹിച്ചും ബർണ്ണബാസ് തിരുമേനിയെപ്പോലെ കരുണാർദ്രതയുള്ള വ്യക്തികളായി മാറുവാനും നമുക്ക് ഇടയാകട്ടെയെന്നും പ്രാർത്ഥിക്കുന്നു.


പ്രാർത്ഥനയോടെ ഒക്ടോബർ ലക്കം ബഥനി ശബ്ദം സന്തോഷത്തോടെ സമർപ്പിക്കുന്നു.

*ഫാ. ജോബിൻ കുര്യാക്കോസ് ഒ.ഐ.സി*

# യാക്കോബ് മാർ ബർണ്ണബാസ് പിതാവിന് ബാഷ്പാഞ്ജലി

**ഫാ. മത്തായി കടവിൽ ഒ.ഐ.സി**

സുപ്പീര്യർ ജനറൽ



ആഗോളസഭ വി. യൗസേപ്പിന്റെ വർഷം ആചരിക്കുന്ന പശ്ചാത്തലത്തിൽ (ഡിസം. 8, 2020–ഡിസം. 8, 2021) ബഥനിയുടെ സംരക്ഷക വിശുദ്ധരിൽ ഒരാളായ വി.യൗസേപ്പിനെക്കുറിച്ചുള്ള വിചിന്തനങ്ങൾക്കായി ബഥനിശബ്ദത്തിന്റെ ഈ ലക്കം മാറ്റിവച്ചിരിക്കുകയായിരുന്നു. എന്നാൽ, ആകസ്മികമായി ജേക്കബ് മാർ ബർണ്ണബാസ് തിരുമേനിയുടെ ദേഹവിയോഗത്തിന്റെ പശ്ചാത്തലത്തിൽ പിതാവിനെക്കുറിച്ചുള്ള 'സ്മരണാഞ്ജലി' കൂടി ഉൾപ്പെടുത്തിയാണ് ബഥനിശബ്ദത്തിന്റെ ഈ ലക്കം പ്രസിദ്ധീകരിക്കുന്നത്. അതോടൊപ്പം ബഥനിയുടെ മറ്റൊരു ഉത്തമ സന്താനമായിരുന്ന മലങ്കര സഭയുടെ ദ്വിതീയ അദ്ധ്യക്ഷൻ കാലം ചെയ്ത ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ കൂടിയാണ് ഒക്ടോബർ 10.

1919 ആഗസ്റ്റ് 23–ാം തീയതി എഴുതുകയും 1920 മാർച്ച് 9–ാം തീയതി പ്രഥമ അംഗങ്ങൾ നാലുപേരും (ഫാ. പി. റ്റി. ഗീവർഗ്ഗീസ്, ഫാ. അലക്സിയോസ്, ഡീ. യാക്കോബ് കളപ്പുരയ്ക്കൽ, സി. കോശി കുറ്റിയിൽ) ഒപ്പിട്ട് അൾത്താരയിൽ സമർപ്പിച്ച വി. നിയമത്തിന്റെ പ്രഥമ കോപ്പിയിലും 1931–ൽ പ്രസിദ്ധീകരിച്ച വി. നിയമത്തിന്റെ കോപ്പിയിലും ബഥനിയുടെ സംരക്ഷകവിശുദ്ധരെക്കുറിച്ച് ഒന്നും പ്രതിപാദിക്കുന്നില്ല. എന്നാൽ, 1936–ൽ ഡയോസിസൻ കോൺഗ്രിഗേഷനായി പ്രവർത്തിക്കുന്നയവസരം മുതൽ പ്രസിദ്ധീകൃതമായ നിയമാവലികളിൽ വി. യൗസേപ്പിനെ സമൂഹത്തിന്റെ സംരക്ഷകവിശുദ്ധനായി അവതരിപ്പിക്കുന്നുണ്ട്. വി. യൗസേപ്പ് പിതാവിനെ 'കന്യകകളുടെ സംരക്ഷകനും നീതിമാനുമായ വി. യൗസേപ്പ്' എന്നാണ് 1936 ലെ വി. നിയമത്തിൽ വിശേഷിപ്പിച്ചിരിക്കുന്നത്. ഈ വി. നിയമത്തിൽ തന്നെ ബഥനിയുടെ സമൂഹജീവിതത്തിന്റെ മാതൃകകളായി നസ്രത്തിലെ തിരുക്കുടുംബത്തെയും ബഥനിയിലെ പരിശുദ്ധ ഭവനത്തെയുമാണ് മാർ ഈവാനിയോസ് പിതാവ് അവതരിപ്പിക്കുന്നത്. തിരുക്കുടുംബത്തിന്റെ കാവൽപിതാവായ വി.യൗസേപ്പ് പിതാവിനെ വ്രതബദ്ധമായ ജീവിതത്തിന്റെ സംരക്ഷണത്തിനും നീതിപൂർവ്വകമായ പ്രവർത്തനങ്ങൾക്കു മാതൃകയാക്കണമെന്ന് ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് നിഷ്കർഷിക്കുന്നു. ആഗോളസഭയുടെ സംരക്ഷകനായി വിശുദ്ധ യൗസേപ്പ് പിതാവിനെ പ്രഖ്യാപിച്ചതിന്റെ 150–ാം വാർഷികത്തോടനുബന്ധിച്ച് വി.യൗസേപ്പിന്റെ വർഷം ആചരിക്കുന്ന ഈ അവസരത്തിൽ 85 വർഷം മുമ്പ് ബഥനിയുടെ സംരക്ഷക വിശുദ്ധനായി വി.യൗസേപ്പിനെ സമൂഹസ്ഥാപകൻ ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് നമുക്ക് നല്കിയതിനെയോർത്ത് ദൈവത്തിന് നന്ദി കരേറ്റുന്നതോടൊപ്പം വി.യൗസേപ്പ് പിതാവിന്റെ മദ്ധ്യസ്ഥതയിൽ സമൂഹത്തെ സമർപ്പിക്കാം.

അഭിവന്ദ്യ ജേക്കബ് മാർ ബർണ്ണബാസ് ഒ.ഐ.സി (1960–2001) കോവിഡാനന്തര രോഗപീഡകളെ തുടർന്ന് തന്റെ 61–ാം വയസ്സിൽ നിത്യതയിലേക്ക് യാത്രയായി. 2021 ഏപ്രിൽ 16–ാം തീയതി കോവിഡ് രോഗം സ്ഥിരീകരിച്ച നിമിഷം മുതൽ പ്രാർത്ഥനാപൂർവ്വം നാം പിതാവിന്റെ കൂടെയുണ്ടായിരുന്നു. കോവിഡാനന്തര നാളുകളിൽ പലവിധ ബുദ്ധിമുട്ടുകളിലൂടെ പിതാവ് കടന്നു

പോയപ്പോഴും സമചിത്തത കൈവിടാതെ പ്രാർത്ഥനാപൂർവ്വം ചികിത്സകൾക്ക് അദ്ദേഹം വിധേയനായി. സഹനത്തിലൂടെ അദ്ദേഹത്തെ ദൈവം വിശുദ്ധീകരിക്കുകയായിരുന്നു. അകാലത്തിലുള്ള വേർപാട് വേദനാജനകമെങ്കിലും നിത്യതയിൽ കണ്ടുമുട്ടാമെന്നുള്ള പ്രത്യാശ നമ്മെ ശക്തിപ്പെടുത്തുന്നു.

ബർണ്ണബാസ് തിരുമേനിയുടെ 61 വർഷം മാത്രം ദീർഘിച്ച ജീവിതത്തിലെ ആദ്യ 15 വർഷം ഏറത്തു ഭവനത്തിലും അവസാനത്തെ 16 വർഷം മേല്പട്ട ശുശ്രൂഷയിലുമായിരുന്നു. ഇതിനിടയിലുള്ള മുപ്പതുവർഷം അദ്ദേഹം ബഥനി ആശ്രമത്തിലെ അംഗമായിട്ടാണ് ജീവിച്ചത്. ബഥനി ആശ്രമത്തിലെ ആദ്യ പത്തുവർഷം പരിശീലനത്തിലും 5 വർഷം ഉപരിപഠനത്തിലുമായിരുന്ന പിതാവ് 15 വർഷമാണ് ആശ്രമകേന്ദ്രീകൃതമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടത്. ഇതിൽ ഒമ്പതു വർഷവും പരിശീലകനായിരുന്നു (1986–1989 : പ്രീനോവിസ് മാസ്റ്റർ; 1995–2000 റെക്ടർ, പൂനാ; 2006–2007 നോവിസ് മാസ്റ്റർ). ആറുവർഷം (2000–2006) ബഥനി നവജ്യോതി പ്രൊവിൻസിന്റെ പ്രൊവൻഷ്യാളായും ശുശ്രൂഷ ചെയ്തു.

സന്ന്യാസ പരിശീലനത്തിൽ ഒരു 'ചാക്കോ അച്ചൻ' സ്റ്റൈൽ അദ്ദേഹം അനുവർത്തിച്ചിരുന്നു. പ്രത്യക്ഷത്തിൽ കർക്കശക്കാരനല്ലായിരുന്ന ചാക്കോ അച്ചൻ ദൈവത്തെക്കുറിച്ചുള്ള തങ്ങളുടെ പദ്ധതിയെന്താണെന്നറിഞ്ഞ് അതനുസരിച്ച് പ്രവർത്തിക്കുവാൻ പരിശീലനത്തിനിരിക്കുന്നവരെ നിരന്തരം പ്രചോദിപ്പിച്ചിരുന്നു. തങ്ങൾ പറയുന്നതിനെക്കുറിച്ചും പ്രവർത്തിക്കുന്നതിനെക്കുറിച്ചും ഉത്തമബോദ്ധ്യം ഉണ്ടായിരിക്കണമെന്ന് അദ്ദേഹം ശഠിച്ചു. പരിശീലന ഘട്ടത്തിൽ കായികാദ്ധ്വാനത്തിനും, വിനോദത്തിനും ബൗദ്ധികമായ അറിവ് നേടുന്നതിനും സർവ്വോപരി സന്ന്യാസ ജീവിതചര്യ അഭ്യസിക്കുന്നതിനും സഹായകമായ വിധത്തിൽ തന്റെ ചുമതലയിലുള്ളവരെ പരിശീലിപ്പിക്കുന്നതിൽ അദ്ദേഹം ജാഗ്രത പുലർത്തി. വ്യക്തിപരമായി ഉത്തമബോധ്യമുള്ള സമർപ്പിതരെ പരിശീലിപ്പിക്കുവാൻ അദ്ദേഹം നടത്തിയ പരിശ്രമങ്ങൾ നമുക്ക് പ്രചോദനമാകട്ടെയെന്ന് ആശംസിക്കുന്നു.

ബഥനി നവജ്യോതി പ്രോവിൻസിന്റെ ആരംഭത്തിൽ തുടർച്ചയായി രണ്ടു പ്രാവശ്യം പ്രൊവിൻഷ്യൽ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ട ചാക്കോ ഏറത്ത് അച്ചൻ പ്രൊവിൻസിന്റെ പ്രവർത്തനങ്ങൾക്ക് അടിത്തറയിട്ടു. പ്രോവിൻസ് രൂപീകരണത്തിന്റെ ആദ്യവർഷംതന്നെ പുതിയ പ്രൊവിൻഷ്യൽ മന്ദിരം ആലുവായ്ക്ക് സമീപം ദേശത്ത് ആരംഭിക്കുന്നതിനള്ള ക്രമീകരണം ചെയ്തു. തിരുവല്ലാ ആശ്രമത്തിന്റെ പുനർനിർമ്മാണം ഉൾപ്പെടെ വിവിധ ആശ്രമങ്ങളോടനുബന്ധിച്ച് നിരവധി നിർമ്മാണ പ്രവർത്തനങ്ങൾ അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ നടത്തപ്പെട്ടു. നിലമ്പൂർ, സൂററ്റ്, ആശ്രമങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രാഥമിക ക്രമീകരണങ്ങൾ നിർവ്വഹിച്ചതും പിതാവാണ്. ബഥനിയുടെ അപ്പസ്തോലിക പ്രവർത്തനങ്ങൾ ക്രമീകൃതമായി നടത്തുന്നതിൽ അദ്ദേഹം ഏറെ ശ്രദ്ധ പുലർത്തി. പ്രത്യേകിച്ചും ബഥനി നവജ്യോതി പ്രോവിൻസിന്റെ സൗത്ത് കാനറാ, ബോംബെ – പൂനാ മിഷനുകളിലെ പ്രവർത്തനങ്ങളെ ശാക്തീകരിക്കുന്നതിന് അദ്ദേഹം മുൻഗണന നൽകി. പ്രോവിൻസിലെ വിവിധ ആശ്രമങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും നിശ്ചിത തുക സാമൂഹികക്ഷേമ പ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കുന്നതിനും അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. സമൂഹജീവിതം ശക്തിപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിച്ച പിതാവ് ആശ്രമാംഗങ്ങളെ കേൾക്കുന്നതിനും ആവശ്യമായത് ചെയ്തുകൊടുക്കുന്നതിലും ശ്രദ്ധിച്ചിരുന്നു.

പൂനാ ആശ്രമത്തിലെ റെക്ടറും ബി.വി.പി. ഡയറക്ടറുമായി പ്രവർത്തിച്ച അവസരത്തിൽ പൂനാ ജ്ഞാനദീപ വിദ്യാപീഠത്തിലെ (JDV) പ്രൊഫസറായും പിതാവ് നിയോഗിതനായി. പിതാവിന്റെ നേതൃത്വത്തിൽ മോറൽ തിയോളജിക്ക് പ്രത്യേക ഡിപ്പാർട്ട്മെന്റ് സ്ഥാപിക്കുകയും അതിന്റെ തലവൻ ആയി ശുശ്രൂഷ ചെയ്യുകയും ചെയ്തു. പ്രൊവിൻഷ്യലായി പ്രവർത്തിച്ചിരുന്ന അവസരത്തിൽ CRI-യുടെ കേരള ഘടകമായ KCMS (Kerala Catholic Major Superiors) നോടും കെ.സി.ബി.സി.യോടും ചേർന്ന് കേരള സഭയിലെ കരിസ്മാറ്റിക് പ്രസ്ഥാനങ്ങൾക്കുള്ള മാർഗ്ഗരേഖ തയ്യാറാക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങ

ളിൽ പങ്ക് ചേർന്നും "സുവിശേഷകയായ മലങ്കര സഭ" എന്ന പേരിൽ നടത്തിയ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രഥമ അസംബ്ലിയുടെ തുടർ പ്രവർത്തനങ്ങളുടെ നേതൃത്വം പരിശുദ്ധ സൂന്നഹദോസ് ബർണ്ണബാസ് തിരുമേനിയെയാണ് ഏല്പിച്ചത്. ഇതിന്റെ ഭാഗമായി ആരംഭിച്ച 'സുവിശേഷസംഘം' മലങ്കരസഭയുടെ പ്രേഷിത പ്രവർത്തനത്തിന് പുതിയ രൂപഭാവങ്ങൾ നൽകി. ദൈവശാസ്ത്രരംഗത്തും സുവിശേഷ പ്രഘോഷണരംഗത്തും പിതാവ് നൽകിയ സംഭാവനകൾ സഭയ്ക്ക് കൂടുതൽ ശക്തി പകർന്നു.

പിതാവ് ബഥനി സന്ന്യാസ സമൂഹത്തിനും മലങ്കര സഭയ്ക്കും പൊതുസമൂഹത്തിനും നല്കിയ നല്ല കാര്യങ്ങളെ ഓർത്ത് ദൈവത്തെ മഹത്വപ്പെടുത്തുന്നതോടൊപ്പം പിതാവിന്റെ ജീവിതം അനേകർക്ക് മാതൃകയാകട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. ബഥാന്യൻ ചൈതന്യത്തെ തന്റെ കർമ്മ മണ്ഡലങ്ങളിലൂടെ പ്രകാശിപ്പിച്ച യാക്കോബ് മാർ ബർണ്ണബാസ് തിരുമേനിയുടെ നല്ല ജീവിത മാതൃക സമൂഹത്തിന് ഏറെ പ്രചോദനമാകട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ബഥനിയുടെ മുൻ സമൂഹാദ്ധ്യക്ഷനായിരുന്ന ലൂയീസ് മൂലവീട്ടിലച്ചന്റെ 30-ാമത് ഓർമ്മപ്പെരുന്നാളും (സെപ്റ്റംബർ 17), ബഥനിയിൽ നിന്നുള്ള ത്രിതീയമെത്രാനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ 27-ാമത് ഓർമ്മപ്പെരുന്നാളും (ഒക്ടോബർ 10) സ്റ്റീഫൻ തിരുവാലിലച്ചന്റെ രണ്ടാമത് ഓർമ്മപ്പെരുന്നാളും (സെപ്റ്റംബർ 19) ഈ ദിവസങ്ങളിൽ നാം അനുസ്മരിക്കുന്നു. ബഥനിയുടെ ദർശനങ്ങളെ സ്വന്തം ജീവിതങ്ങളിലൂടെ പ്രകാശിപ്പിച്ച ഇവർ ഓരോരുത്തരുടെയും ഓർമ്മപ്പെരുന്നാളുകൾ ബഥനിയെ കൂടുതൽ ശക്തിപ്പെടുത്തട്ടെയന്ന് ആശംസിക്കുന്നു.



# ബഥനി നവജ്യോതി പ്രോവിൻസിന്റെ ആദ്യസാരഥി

**ഡോ. ജോർജ്ജ് അയ്യനേത്ത് ഒ.ഐ.സി.**

(ബഥനി നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീരിയർ)



അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് പിതാവ് ബഥനി നവജ്യോതി പ്രോവിൻസിലെ ആശ്രമാംഗങ്ങളുടെ മനസിൽ തങ്ങി നിൽക്കുന്നത് പ്രധാനമായും അതിന്റെ പ്രഥമസാരഥിയായ പെ.ബ.ചാക്കോ ഏറത്തച്ചൻ എന്ന നിലയിലാണ്. 2000 മുതൽ ആറുവർഷക്കാലം തുടർച്ചയായി പ്രോവിൻസിന് നേതൃത്വംകൊടുത്ത അദ്ദേഹത്തോടൊപ്പം ആദ്യമൂന്നുവർഷക്കാലം അടുത്തു പ്രവർത്തിക്കാൻ എനിക്ക് അവസരം ലഭിച്ചു.

ചാക്കോ ഏറത്തച്ചനെ അന്ന് ആശ്രമാംഗങ്ങൾ നോക്കിക്കണ്ടത് സമന്വയത്തിന്റെയും സമാശ്വാസത്തിന്റെയും സഹകരണത്തിന്റെയും ആൾരൂപമായിട്ടാണ്. വിവിധ കാരണങ്ങളാൽ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് മാറിനിൽക്കുന്നവരെ ചേർത്തു നിർത്തുവാനുള്ള അദ്ദേഹത്തിന്റെ ഭരണതന്ത്രജ്ഞത അനിതരസാധാരണമായിരുന്നു. ഇത് പ്രോവിൻസിന്റെ ആദ്യസാരഥി എന്ന നിലയിൽ എല്ലാവരുടെയും വിശ്വാസം ആർജ്ജിച്ചെടുക്കാൻ അദ്ദേഹത്തിന് സഹായകമായി.

ഒരു വ്യക്തിയുടെ വ്യക്തിത്വത്തിന്റെ ഏറ്റവും വലിയ ആകർഷണീയത സംവേദനക്ഷമത (Sensitivity) ആണ്. അതായത്, മറ്റുള്ളവരുടെ ആവശ്യവും ആഗ്രഹവും കണ്ടറിഞ്ഞ്, അവർ ആവശ്യപ്പെടാതെതന്നെ, അതിനോട് ക്രിയാത്മകമായി പ്രതികരിക്കുന്ന സ്വഭാവ സവി




പ്രഥമ പ്രൊവിൻഷ്യൽ സുപ്പീരിയർ, സുപ്പീരിയർ ജനറലിനോടും ഭരണസമിതി അംഗങ്ങളോടും പ്രൊവിൻഷ്യൽ സിനാക്സിസ് അംഗങ്ങളോടുമൊപ്പം

ശേഷത. ബഥനിയുടെ ചാക്കോ ഏറത്തച്ചനെ ഏറ്റവും ജനകീയനാക്കിയത് ഈ സ്വഭാവ സവിശേഷതയാണ്. ഇത് താൻ മേല്പട്ടസ്ഥാനത്തേക്ക് ഉയർത്തപ്പെട്ടെങ്കിലും അദ്ദേഹം കാത്തുസൂക്ഷിച്ചു. അതുകൊണ്ടാണ് ഇന്ത്യയുടെ ഭരണസിരാകേന്ദ്രമായ ഡൽഹിയിൽ ആയിരുന്നുകൊണ്ട് സാമൂഹ്യ പ്രബദ്ധതയുള്ള ഒരു വലിയ ഇടയനായിത്തീരാൻ ബിഷപ്പ് ജേക്കബ് മാർ ബർണബാസ് പിതാവിന് സാധിച്ചത്. അധികാരശ്രേണിയുടെ ഉന്നതങ്ങളിലായിരുന്നപ്പോഴും അദ്ദേഹം വൈദികർക്കും സന്ന്യാസിനികൾക്കും ആത്മമിത്രമായിരുന്നു. ദൈവജനത്തിന് തങ്ങളിൽ ഒരുവനായിരുന്നു; തനിക്ക് ശുശ്രൂഷചെയ്യുന്നവർക്ക് അദ്ദേഹം തണലായിരുന്നു; അഗതികൾക്ക് ആലംബമായിരുന്നു; കുട്ടികൾക്ക് കളിക്കൂട്ടുകാരനായിരുന്നു; യുവാക്കൾക്ക് തോളോടുതോൾ ചേർന്നു നിൽക്കുന്ന പ്രചോദനമായിരുന്നു. ആയിരങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ അദ്ദേഹത്തിന് ആരവങ്ങളുടെ അകമ്പടി വേണ്ടായിരുന്നു.

ഇങ്ങനെ അനേകായിരങ്ങളിലേക്ക് നടന്നു കയറിയ അദ്ദേഹത്തിന്റെ ഊർജ്ജസ്വലതയെ കെടുത്തുവാൻ കോവിഡ് എന്ന മഹാമാരി ഏൽപ്പിച്ച പരിമിതികൾക്കുപോലും കഴിഞ്ഞില്ല. അതിൽനിന്ന് ഓടി ഓളിക്കാൻ അദ്ദേഹം തയ്യാറായില്ല. അതിന്റെ ഭവിഷത്തുകളെപ്പറ്റി സ്നേഹിതർ സ്നേഹബുദ്ധ്യാ അദ്ദേഹത്തെ ഓർമ്മിപ്പിച്ചില്ലെങ്കിലും പിന്തിരിഞ്ഞില്ല. അപരന്റെ നന്മയിലുള്ള ആത്മത്വര അദ്ദേഹത്തെ കോവിഡ് യുദ്ധത്തിലെ ഒരു മുൻനിര യോദ്ധാവാക്കി തീർത്തു. ഈ യുദ്ധത്തിൽ തന്റെ ജീവൻ കൊടുത്തും അദ്ദേഹം അനേകരുടെ ജീവനുവേണ്ടി അവസാനംവരെ പൊരുതി. “സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹം ഇല്ലാ” (യോഹ 15:13) എന്ന യേശുവിന്റെ വചനം അക്ഷരാർത്ഥത്തിൽ അന്വർത്ഥമായി.

ബഥനിയുടെ പ്രിയ സഹജാ, സമാധാനത്തോടെ പോവുക! അങ്ങ് അവേശഷിപ്പിച്ചുപോയ സമാധാനത്തിന്റെയും സ്നേഹത്തിന്റെയും കരുണയുടെയും ദൂത് അങ്ങയുടെ ആത്മബലിയിലൂടെ അനശ്വരമായി പ്രഘോഷിച്ചു കൊണ്ടേയിരിക്കും. ബഥനി മലയിൽ കത്തിച്ച കെടാവിളക്കായി അങ്ങ് പ്രശോഭിക്കട്ടെ!

(‘ബഥനി ശബ്ദം’, ഗുഡ്ഗാവ് രൂപതയിൽനിന്ന് പ്രസിദ്ധീകരിക്കുന്ന സ്മരണിക എന്നിവയിൽ പ്രസിദ്ധീകരിക്കാൻ രചിച്ച ഓർമ്മക്കുറിപ്പ്)



# Bishop Jacob Mar Barnabas: an Icon of Contemporary Mission Discipleship



**Rev. Dr. Mathew Jacob Thiruvalil OIC**
Provincial Superior, Bethany Navajeevan Province

"We cannot but speak about what we have seen and heard" (Acts 4:20), the theme of the World Mission Day 2021, is the heartbeat of a true missionary whose words and deeds echo his/her Master's miraculous presence in this world. The Mission of the Church is to help experience that the merciful God is not at a distance, but plunges into our world and pitches His tent amongst us. His Grace Jacob Mar Barnabas was a true missionary in proclaiming the merciful presence and the compassionate touch of the Heavenly Father among those in dire need. His Grace is an Icon that synthesized the love of God for humanity.

**A Unique Missionary Icon**

His Grace Jacob Mar Barnabas OIC, the First Metropolitan of St. John Chrysostom, Gurgaon-Delhi Diocese was a unique Icon in the contemporary mission in India. The lifestyle of His Grace was well rooted in the unique footsteps of the *Guru Sreshta*, the Servant of God Archbishop Mar Ivanios, the founder of Bethany Congregations. Religious and ascetic formation in Bethany Ashram and the traditional faith life imbibed from his parents and family are well evident in his liturgical and prayer life. They were the power streams and backbone of his missionary journey.

In shepherding the new Diocese and in searching for the will of God, His Grace was vigorously guided by the Holy Spirit. He could discern the mission entrusted to him "Go therefore to the highways and byways, and invite everyone you find (Mt. 22: 9). No one is excluded; no one needs to feel distant or removed from this compassionate love (Pope Francis, *Message*, World Mission Day 2021). He had a great desire, like the Lord's own passionate desire, to initiate and enter into friendly dialogue with everyone (Cf. Jn. 15:12-17), which helped him establish the values of the Kingdom of God beyond boundaries.

We all have warm memories of the genuineness, care, and compassion that we encountered in this man of God, the good Shepherd. Bishop Jacob Mar Barnabas was a Good Samaritan for all those in need of their spiritual and material necessities. He was an exemplary witness of the merciful love of God. Through diversified ministries, His Grace has been an encouraging sign of hope and light in the lives of many who were abandoned at the peripheries.

**Cherished Memories of a Guru**

Bp. Jacob Mar Barnabas, our beloved *Chacko Achan*, was our pre-novitiate master in Thapovanam Bethany Ashram, Aluva. The newly ordained young Guru was an inspirational presence in our initial formation period. It was a moment of great joy,

when Fr. Chacko Aerath OIC, who finished his doctoral research in Moral Theology from Rome, came back and took charge as our Rector and Superior at Bethany Scholasticate in Pune.

I am proud to say that, as a master and a good companion, Fr. Chacko Aerath OIC helped all those who were doing religious formation under his guidance to see the world through the eyes of Jesus Christ who compassionately accompanied His contemporaries. He was a loving Father, known for being open because he gave all freedom even to the small initiatives of brothers in making the days unique and special and without losing the spirit of Bethanian formation. His timely guidance and presence in the Chapel, classroom, liturgical practices, basketball court, vegetable and flower gardens, dairy farm, rubber plantation, drama practices, cultural academy, etc. moulded each one of us to be humane, echoing the Word of God; "Just like the clay in the potter's hand, so are you in my hand. (Jer. 18: 6).


Recollecting the various debates on the topics during our classes, as a student, I clearly remember how Bishop Jacob Mar Barnabas was the embodiment of Gospel values. He was a true disciple in the multi-religious, multi-linguistic, multi-political, and multi-cultural scenario of St. John Chrysostom, Gurgaon-Delhi Diocese, which is spanning across the 22 different states in India. As always challenged in the classrooms, he was the voice of the voiceless hiding at the Railway Stations, highway sides, narrow *Gallis* and under the over-bridges and where he made the pulpits to preach the Gospel of the hungry and the abandoned. This mission at the peripheries of the Metropolitan City of Delhi, is the best example for feeding of the Good News to the Hungry and Needy.

Even at the time of Covid-19, when everyone withdrew their serving hands from the public sphere, Bishop Jacob Mar Barnabas and his team stood as exceptional missionaries responding to the Cry of the Hunger. His Grace is an example for all those who are ready to offer their time and energy with a missionary heart. Till the last breath, he offered his life for the mission he was entrusted.

**Conclusion**

As a Christian and as a disciple, each one is challenged to reflect the merciful Face of God, which is well mirrored in Jesus Christ and well experienced in the life of Bishop Jacob Mar Barnabas. Everyone may remember something, a word that challenged or a word that comforted, from the discourses of Bishop Jacob Mar Barnabas. Let the words of His Grace strengthen us to continue the mission initiatives begun by His Grace. Let us bow down before our Aboon, Bishop Jacob Mar Barnabas, a true Bethaniyan, a true Malankaraite, a true *Sanyasi*, a true Shepherd and a true Leader. Bishop Jacob Mar Barnabas was a true missionary icon of the spiritual and social responsibility of the mission of the Catholic Church. His life can challenge each of us, whatever life vocation one may choose. May his soul rest in peace with heavenly Saints and may his intercession help the mission of the Universal Church, especially of the Malankara Catholic Church, till the end of the world.

# മാർ ബർണബാസ് പിതാവിനെക്കുറിച്ചോർക്കുമ്പോൾ



ഫാ. പ്ലാസിഡ് തോമ്പിലടിമുറിയിൽ ഒ.ഐ.സി.

കഷ്ടം സ്ഥാനവലിപ്പമോ പ്രഭുതയോ സജ്ജാതീയോ വംശമോ
പുഷ്ടശ്രീ ധനുധാടിയോ ചെറുതുമിങ്ങോരില്ല ഘോരാനലൻ
സ്പഷ്ടം മാനുഷഗർവ്വമൊക്കെ ഇവിടെ പുക്കസ്തമിക്കുന്ന-
ങ്ങിഷ്ടന്മാർ പിരിയുന്നു ഹാ! ഇവിടമാണദ്ധ്യാത്മ വിദ്യാലയം.


മാർ ബർണബാസ് പിതാവിനെക്കുറിച്ചോർക്കുമ്പാൾ ആദ്യം മനസ്സിൽ ഓടിയെത്തുക ഈ ശ്ലോകമാണ്. മഹാകവി കുമാരനാശാൻ തന്റെ ആത്മസുഹൃത്തായ എ. ആർ. രാജരാജവർമ്മയുടെ ദേഹവിയോഗത്തിൽ മനം നൊന്തു വിലപിക്കുന്ന ഒരു ശ്ലോകമാണ് ഇത്. പിതാവിന്റെ നിര്യാണത്തിൽ ദുഃഖിക്കാൻ ഇതിലേറെ പര്യാപ്തമായ വാക്കുകൾ ഇല്ലാത്തതുകൊണ്ടാണ് മഹാകവിയെ തന്നെ ഇവിടെ ഉദ്ധരിച്ചത്.

വേറൊരു കവി ജി. കുമാരപിള്ള, തന്റെ സുഹൃത്തിന്റെ ചരമവാർത്തയറിഞ്ഞ് ''എന്താണിത്, എന്തിനാണിത്,...'' എന്നു തേങ്ങി കരയുന്ന ഒരു മലയാള കവിതയും മലയാളത്തിനു സ്വന്തമായുണ്ട്.

മാർ ബർണബാസ് പിതാവിനെ അനുസ്മരിക്കുന്ന ബഥനി ശബ്ദത്തിന്റെ ഈ പതിപ്പിൽ എനിക്ക് ഇടം കിട്ടിയതും അദ്ദേഹത്തിനു എന്നോടുണ്ടായിരുന്ന സൗഹൃദം ഒന്നു കൊണ്ടാണെന്നു ഞാൻ കരുതുന്നു. കർമ്മരംഗങ്ങളിൽ ഒട്ടേറെ സഹകരിച്ചു പ്രവർത്തിക്കുവാൻ ഞങ്ങൾക്കിടയായിട്ടുണ്ട്. അതൊന്നും ഇപ്പോൾ വിസ്തരിക്കുന്നില്ല. മെത്രാഭിഷിക്തനായി തലസ്ഥാനനഗരിയിൽ എത്തിയതിനുശേഷവും വല്ലപ്പോഴുള്ള ഫോൺ സംഭാഷണങ്ങളിലൂടെ ആശയങ്ങൾ പങ്കുവയ്ക്കാനും സൗഹൃദം ആഴപ്പെടുത്താനും ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. കോവിഡിന്റെ ബാക്കിപത്രത്തിൽ ഒരു വേള നമുക്ക് ആശ്വാസം പകരുന്നതും ''എന്താണിത് എന്തിനാണിത്, ...''എന്ന തേങ്ങൽ ആയിരിക്കും.

●

# ഒരു നീതിമാന്റെ ജീവിതം



ഫാ. പീറ്റർ ജോൺ ഒ.ഐ.സി.

"പാത്രിസ് കോർദേ" (പിതാവിന്റെ ഹൃദയത്തോടെ) എന്ന അപ്പസ്തോലിക ലേഖനത്തിലൂടെ 2020 ഡിസംബർ 8-ാം തീയതി മുതൽ 2021 ഡിസംബർ 8-ാം തീയതി വരെ യേശുവിനെ പ്രസവിച്ച മറിയത്തിന്റെ ഭർത്താവും ആ യേശുകുഞ്ഞിന്റെ വളർത്തു പിതാവും പൂർണ്ണസംരക്ഷകനുമായിരുന്ന വി.ജോസഫ് എന്ന നീതിമാനെ പ്രത്യേകം ഓർത്തു നീതിബോധത്തോടും മനുഷ്യത്വത്തിലും സഭാമക്കൾ വളരാൻ വേണ്ടി ഒരു വർഷത്തേക്ക് കത്തോലിക്കാ തിരുസഭയിൽ പരി.ഫ്രാൻസിസ് മാർപാപ്പാ പ്രഖ്യാപിച്ചിരിക്കുകയാണല്ലോ.

ഈ പ്രഖ്യാപനം തുടങ്ങി അന്നുമുതൽ കേരളത്തിലെ മൂന്നു റീത്തുകളിലുംപെട്ട സഭകളിലെ എല്ലാ മാദ്ധ്യമങ്ങളിലൂടെയും ഈ നീതിമാനെക്കുറിച്ച് എത്രയോ ലേഖനങ്ങൾ എഴുതി കഴിഞ്ഞു. യൗസേപ്പ് പിതാവ് തിരുസഭയുടെ കാവൽക്കാരൻ, തൊഴിലാളികളുടെ മദ്ധ്യസ്ഥൻ, നല്ല കുടുംബനാഥൻ, മാതൃകാ ഭർത്താവ്, നല്ല പിതാവ്, കുടുംബങ്ങളുടെ മദ്ധ്യസ്ഥൻ, ദൈവഹിതമനുസരിച്ച് ജീവിച്ച വ്യക്തി, രക്ഷാകര പദ്ധതിയിലെ പങ്കുകാരൻ, നല്ല മരണത്തിന്റെ മദ്ധ്യസ്ഥൻ... ഇങ്ങനെ പോകുന്നു യൗസേപ്പിനെക്കുറിച്ചുള്ള സത്യവും യാഥാർത്ഥ്യവുമായ കാര്യങ്ങൾ. വി.യൗസേപ്പ് പിതാവിനോടുള്ള നൊവേനയിലെ ലുത്തിനിയായിൽ യൗസേപ്പ് പിതാവ് ആരെന്നും എന്തെന്നും നമുക്കു മനസ്സിലാക്കാൻ സാധിക്കുന്നു.

വി.മത്തായിയുടെ സുവിശേഷത്തിൽ യൗസേപ്പ് ആരുടെ മകനെന്ന് പരിചയപ്പെടുത്തുന്നു: യാക്കോബിന്റെ മകൻ (1:16). രണ്ടാമത് മറിയത്തെ വിവാഹം ചെയ്യാൻ തീരുമാനിച്ച ജോസഫ്, മൂന്നാമത് ജോസഫിന്റെ സ്വഭാവ ഗുണത്തെക്കുറിച്ച് പറയുന്നു. ജോസഫ് നീതിമാനായിരുന്നു (1:19). അതുകൊണ്ടു ലോകചരിത്രത്തിൽ ആദ്യമായി ഒരു സ്ത്രീ അപമാനിതയാകാതെ രക്ഷപെടുന്നു. വിവാഹത്തിനുമുമ്പ് ഗർഭിണിയായാൽ കല്ലെറിഞ്ഞു കൊല്ലപ്പെടേണ്ട നിയമം നിലനിന്നിരുന്ന കാലഘട്ടത്തിൽ (നിയമ 22:13-24) സ്ത്രീത്വത്തെ വളരെ ആദരിച്ച ജോസഫ്.

ഒരു നീതിമാന്റെ ജീവിതത്തിൽ മനുഷ്യത്വം എന്ന വിശുദ്ധ സ്വഭാവം ഉണ്ടായിരിക്കുമെന്നതിന്റെ തെളിവാണ് വി.യൗസേപ്പ് പിതാവിന്റെ ജീവിതം. ഒരു മനുഷ്യവ്യക്തിക്കു സംഭവിക്കാവുന്ന തെറ്റ് - തെറ്റെന്നു പറയുമ്പോൾ, അറിവില്ലായ്മകൊണ്ടും പെട്ടെന്നുണ്ടാകാവുന്ന സാഹചര്യത്തിലും മനഃപൂർവ്വമോ കരുതികൂട്ടി ചെയ്യാത്തതുമായ തെറ്റുകളെ തിരിച്ചറിയാൻ കഴിയുന്നത് ഒരു നീതിമാനു മാത്രമേ കഴിയൂ. നീ... നിന്നെത്തന്നെ - തി-തിരിച്ചറിയൂ. എന്നൊരാൾക്കു മാത്രമേ മറ്റൊരാളെ ശരിയാംവിധം തിരിച്ചറിയൂ. അതാണ് യേശു അരുളിച്ചെയ്തത്. 'നിന്നെപ്പോലെ...' ഈ തിരിച്ചറിവ് ജോസഫിനുണ്ടായിരുന്നു. അതു കൊണ്ടാണ് മറിയത്തെ അപമാനിതയാക്കാ തിരിക്കാൻ ആ പുണ്യാത്മാവിന് സാധിച്ചത്. മാനുഷികമായി മറിയത്തിൽ കണ്ട തെറ്റ് രഹസ്യമായി അദ്ദേഹം സൂക്ഷിച്ചു. എന്തൊരു മനസ്സ്!!! ഒരു പുരുഷനും സാധ്യമല്ലാത്ത കാര്യം അദ്ദേഹത്തിന്റെ ജീവിതത്തിൽ സാധ്യമായപ്പോൾ വി.യൗസേപ്പിന്റെ മനുഷ്യത്വം ദൈവത്തിന്റെ കരുണയോളം ഉയർന്നു.

വി.മത്തായിയുടെ സുവിശേഷം 1/18-25 വരെയുള്ള വാക്യങ്ങളിൽ 19-ാം വാക്യം നാം അടിവരയിട്ടു വായിക്കണം, ജോസഫ് എന്ന വ്യക്തിയുടെ അതിസ്വാഭാവികമായ വ്യക്തിത്വവും സ്വഭാവവും മനസ്സിലാക്കുവാൻ. ഈ സ്വഭാവം ദൈവത്തിന് എത്രമാത്രം പ്രീതികരമായിരുന്നതുകൊണ്ടാണ് ദൈവം അദ്ദേഹത്തിന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ടതും സത്യം വെളിപ്പെടുത്തിയതും. വീണ്ടും അദ്ദേഹത്തിന്റെ സ്വഭാവം സ്വർഗ്ഗത്തോളം ഉയർത്തപ്പെട്ടും ദൈവരാജ്യത്തിന്റെ കൈയൊപ്പ്

ഹൃദയത്തിൽ ഏറ്റുവാങ്ങാൻ ആ പുണ്യപുരുഷന് സാധിച്ചതും, ദൈവപുത്രന് പേര് ഇടാൻ ലഭിച്ച ഭാഗ്യവും.

ലൂക്കാ 2:1-7 വരെയുള്ള വാക്യങ്ങൾ ഒരു നിഷ്കളങ്കന്റെ ജീവിതം വരച്ചുകാട്ടുന്നു. സുവിശേഷങ്ങളിലൂടെ കടന്നുപോകുമ്പോൾ ഈ നീതിമാന്റെ നിഷ്കളങ്ക ജീവിതം വളരെ വ്യക്തമാണ്. നിഷ്കളങ്ക ജീവിതമെന്നാൽ ദൈവത്തിന്റെ ഹിതം... ദൈവത്തിന് എന്നെക്കുറിച്ചുള്ള ആഗ്രഹം - സാധിച്ചു കൊടുക്കുന്നവനാണ് നിഷ്കളങ്കൻ എന്ന് ഞാൻ മനസ്സിലാക്കുന്നത്. ദൈവത്തിന്റെ ഹിതം സ്വന്തമാക്കുന്നവൻ നിഷ്കളങ്കനാണ്. അവന് സംശയമില്ല, രണ്ടുപക്ഷവും ഇല്ല. ഒരേയൊരു കാര്യം ദൈവഹിതം നിറവേറ്റുക. ഈ നീതിമാൻ നിഷ്കളങ്കനായത് - മറിയത്തെ ഭാര്യയായി സ്വീകരിച്ചപ്പോൾ, പേരെഴുതിക്കാനായി ഗർഭിണിയായ മറിയത്തെ കൂട്ടിക്കൊണ്ടുപോയപ്പോൾ, മറിയത്തിന് പ്രസവിക്കാൻ ഇടംതേടി കൊടുത്തപ്പോൾ, മറിയത്തെയും ഉണ്ണിയെയും ഈജിപ്തിൽ സുരക്ഷിതരായി എത്തിച്ചപ്പോൾ ഉണ്ണിയെ ചേലകർമ്മത്തിന് കൊണ്ടുപോയപ്പോൾ, പന്ത്രണ്ടാം വയസ്സിൽ മറിയത്തെയും ബാലനായ യേശുവിനെയും പെസഹാ തിരുന്നാളിൽ ജറുസലേം ദേവാലയത്തിൽ കൊണ്ടുപോയപ്പോൾ, കാണാതെപോയ യേശുവിനെ തിരക്കി തിരിച്ച് ദേവാലയത്തിൽ കണ്ടെത്തിയപ്പോൾ, തന്റെ ഭാര്യക്കും വളർത്തുമകനും വേണ്ടി പണിപ്പുരയിൽ കഷ്ടപ്പെട്ടപ്പോൾ.

യൗസേപ്പ് പിതാവിനെക്കുറിച്ച് ചിന്തിക്കുമ്പോൾ വേറൊരു സത്യംകൂടി മനസ്സിൽ കടന്നുവരുന്നു. അദ്ദേഹത്തിന്റെ ഹൃദയം ശുദ്ധവും, മനസ്സ് നിർമ്മലവും, കരങ്ങൾ പരിപാവനവുമായിരുന്നു. നോക്കൂ-സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന ജീവന്റെ അപ്പമായവനെ, ജീവനോടെതന്നെ തുടിക്കുന്ന ഹൃദയമുള്ളവനെതന്നെ ആ പരിപാവനവും സംശുദ്ധവുമായ കരങ്ങളിൽ വഹിക്കുവാനുള്ള ഭാഗ്യം ലഭിച്ചു. അതേ, കുടുംബനാഥനെന്ന പുരോഹിതന്റെ കരങ്ങളിൽ!!!

പ്രതികാരബുദ്ധിയുള്ള ഹൃദയവും വൈരാഗ്യം നിറഞ്ഞ മനസ്സും കളങ്കരഹിതമല്ലാത്ത കരങ്ങളിൽ സ്വർഗ്ഗത്തിൽ നിന്ന് അപ്പത്തിന്റെ രൂപത്തിൽ വരുന്നവനെ സ്വീകരിക്കാമോ? വഹിക്കാമോ? വേറിട്ടൊരു ചിന്തയും മനസ്സിൽ കടന്നുവരുന്നു. നന്മയും നീതിയും കണ്ടുമുട്ടുമ്പോൾ ദൈവപുത്രൻ പിറക്കുന്നു. അതേ നന്മനിറഞ്ഞ മറിയവും നീതിമാനായ യൗസേപ്പും കണ്ടുമുട്ടിയപ്പോൾ ദൈവകുമാരൻ പിറന്നു. ഇതൊരു ദൈവശാസ്ത്രമല്ല. ഒരു സാധാരണ മനുഷ്യന്റെ ആശയം മാത്രം.

വി.യൗസേപ്പിനെ നീതിമാനും, നിഷ്കളങ്കനും മനുഷ്യത്വമുള്ളവനെന്നും പറയാൻ കാരണമെന്ത്? ഒന്ന് - മറ്റുള്ളവരുടെ തെറ്റുകണ്ടാലും അറിഞ്ഞാലും അവരെ അപമാനിക്കാൻ അദ്ദേഹത്തിന് ഇഷ്ടമില്ലായിരുന്നു. രണ്ട്-ആരുടെ തെറ്റിനെയും അദ്ദേഹത്തിന് രഹസ്യമായി സൂക്ഷിക്കാനുള്ള ഹൃദയവിശാലത - അതുകൊണ്ടാണ് മറിയത്തെ രഹസ്യമായി ഉപേക്ഷിക്കൻ തീരുമാനിച്ചത്. ഈ വിശുദ്ധൻ മാനുഷികമായി തെറ്റു ചെയ്തെന്ന് കരുതിയവരെ രക്ഷിച്ചവനാണ് - ശിക്ഷിച്ചവനല്ല. തെറ്റുപറ്റിയ ഒരു വ്യക്തിയെ എങ്ങനെ രക്ഷപ്പെടുത്തണമെന്ന് ചിന്തിക്കാതെ ദൈവികത നിറഞ്ഞ ഒരു പച്ചയായ മനുഷ്യൻ നമ്മുടെ മുന്നിൽ ഒരു ചോദ്യചിഹ്നമായി നിൽക്കുന്നു. വി.യൗസേഫ് നമ്മോടു ചോദിക്കുന്നു. "രഹസ്യമായി സൃഷ്ടിക്കേണ്ടിയത് എന്തുകൊണ്ടു നീ സൂക്ഷിക്കുന്നില്ല" (പ്രഭാ 13:12; 22:22).

നമ്മുടെ ബഥനി സന്ന്യാസ സമൂഹത്തിന്റെ സംരക്ഷക വിശുദ്ധരിൽ ഒരാൾ ആണ് വി.യൗസേപ്പ് എന്ന് നാം ഓർക്കണം. പ്രത്യേകിച്ചു വി.യൗസേപ്പ് വർഷത്തിൽ (വി.നി. 7.i) ഈ നീതിമാന്റെ സ്വഭാവത്തിന് കടകവിരുദ്ധമായിട്ടാണ് ജീവിക്കുന്നതെങ്കിൽ എന്തിന് ഈ വിശുദ്ധനെ സംരക്ഷകനായി ആദരിക്കണം. ശിക്ഷിച്ചവനല്ല രക്ഷിച്ചവനാണ് ഈ വിശുദ്ധൻ. നമ്മളോ? ഇഷ്ടമില്ലാത്തവരെ നാണം കെടുത്തിയും മാനസ്സികമായി പീഡിപ്പിച്ചും മറ്റുള്ളവരുടെ മുമ്പിൽ താറടിച്ചു കാണിച്ചും സ്വന്തം തെറ്റുകളെ ന്യായീകരിക്കാൻ വേണ്ടി മറ്റുള്ളവരുടെ ഉള്ളതും ഇല്ലാത്തതുമായ തെറ്റുകളെ വാമൊഴിയും പേനാതുമ്പിലൂടെയും പ്രചരിപ്പിക്കാൻ യാതൊരു ലജ്ജയുമില്ലാത്ത സാഡിസ്റ്റുകളായി മാറുന്നു. എന്നിട്ടോ യൗസേപ്പ് പിതാവിന്റെ നീതിബോധത്തെക്കുറിച്ച് നല്ല ഭാഷയിൽ പ്രസംഗിക്കുന്നു. എന്തൊരു വിരോധാഭാസം!

സംശയലേശമില്ലാതെ, ഒട്ടും ശങ്കിക്കാതെ, ദൈവഹിതം നിറവേറ്റിയ യൗസേപ്പ് പിതാവിന്റെ നിഷ്കളങ്ക ജീവിതം ബഥനി സന്ന്യാസ സമൂഹത്തെ എന്നും സംരക്ഷിക്കട്ടെയെന്നും പ്രാർത്ഥിക്കുന്നു. ○


# ജേക്കബ് മാർ ബർണബാസ് ഒ.ഐ.സി.
# സുവിശേഷമേകാൻ
# സ്വയം വ്യയം ചെയ്ത ബഥാന്യൻ

**ഫാ. ജോർജ്ജ് തോമസ് കല്ലുങ്കൽ ഒ.ഐ.സി.**



അഭിവന്ദ്യ ബർണബാസ് പിതാവിന്റെ ആകസ്മികമായ വേർപാടിന്റെ വേദനയുടെ തീവ്രത വിട്ടുപിരിയാതെ നിൽക്കുന്ന ഒരു സമയമാണിത്. കാലത്തിന്റെ മലങ്കര കത്തോലിക്കാ സഭയ്ക്കുള്ള മറ്റൊരു വലിയ സംഭാവനയാണദ്ദേഹം. ബഥനിയിൽ നിന്ന് മലങ്കര കത്തോലിക്കാ സഭയിലെ ഒരു മേലദ്ധ്യക്ഷനായി പിതാവ് നിയോഗിപ്പെട്ടിട്ട് ഏതാണ്ട് 14 വർഷങ്ങളേ ആയിട്ടുള്ളു (2007–2021). ഇതിനിടയിൽ കേരളത്തിനു പുറത്തുള്ള മലങ്കര സഭയുടെ അപ്പസ്തോലിക് വിസിറ്റേറ്റർ ആയും തുടർന്ന് 2015 മുതൽ ഡൽഹി കേന്ദ്രമായി സ്ഥാപിതമായ ഗുഡ്ഗാവ് സെന്റ് ജോൺ ക്രിസോസ്റ്റോം ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായായും നിയോഗിക്കപ്പെട്ടു. മേല്പട്ട സ്ഥാനത്തായിരുന്ന അദ്ദേഹത്തിന്റെ ചുരുങ്ങിയ കാലയളവിലെ ജീവിതത്തെയും നേട്ടങ്ങളെയും പ്രവർത്തനശൈലിയെയും സൂചിപ്പിക്കുന്ന മേലെഴുത്തുകൾ ആ വ്യക്തിത്വത്തിന്റെ ശ്രേഷ്ഠതകൾ എടുത്തു കാട്ടുന്നവയാണ്. 'മലങ്കരയുടെ സുവിശേഷമെഴുതിയ തൂലിക, 'കരുണയുടെ ഇടയൻ', 'സഹാനുഭൂതിയുടെ മഹാഇടയൻ,' 'കരുതലിന്റെ കാവലാൾ,' ഒരിക്കലുമണയാത്ത കാരുണ്യപ്രഭ' ഇങ്ങനെ നീണ്ടുപോകുന്നു പിതാവിന്റെ ജീവിതത്തെ വരച്ചുകാട്ടുന്ന വിശേഷണങ്ങൾ. കബറടക്ക ശുശ്രൂഷാ വേളയിലും ഈ ദിവസങ്ങളിലെ സാമൂഹ്യമാദ്ധ്യമങ്ങളിലുമെല്ലാം ഈ സംജ്ഞകൾ പിതാവിനെ അനുസ്മരിച്ച് അലയടിക്കുന്നു.

ശക്തമായൊരു ക്രിസ്തീയ അടിസ്ഥാനമുള്ള ഏറത്തു കുടുംബത്തിൽ നിന്നാണദ്ദേഹം പത്താംക്ലാസ് പഠനം പൂർത്തിയാക്കി സന്ന്യാസാർത്ഥിയായി ബഥനി ആശ്രമത്തിലേക്ക് കടന്നു വരുന്നത്. ആശ്രമത്തിൽ ചേർന്ന കാലംമുതൽ വിവിധ നിലകളിൽ അദ്ദേഹത്തോടടുത്തിടപെടുവാൻ എനിക്കു സാധിച്ചിട്ടുണ്ട്. പരിശീലന കാലങ്ങളിൽ നിഷ്ഠാപരമായ ആശ്രമജീവിതത്തിനും പഠനത്തിനുമെല്ലാം ചാക്കോച്ചൻ പ്രത്യേക ശ്രദ്ധ നൽകിയിരുന്നു. ബഥാന്യൻ സന്ന്യാസ ജീവിതശൈലി വേണ്ടവിധം മനസ്സിലാക്കുവാനും ഉൾക്കൊള്ളുവാനും പ്രായോഗിക ജീവിതത്തിലനുവർത്തിക്കുവാനും അദ്ദേഹം തല്പരനായിരുന്നു.



ഫാ. ഏബ്രഹാം പടിഞ്ഞാറേമണ്ണിൽ ഒ.ഐ.സി.യുടെ ശവസംസ്കാര ശുശ്രൂഷയിൽ ലേഖനം വായിക്കുന്ന കൊച്ചച്ചൻ

ഒരു ബഥനി ആശ്രമവൈദികനായ ശേഷം ബഥനിയുടെ പരിശീലനരംഗത്തേക്കദ്ദേഹം നിയോഗിതനായി. റോമിൽ ഉപരി പഠനം നടത്തി ധാർമ്മിക ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് കരസ്ഥമാക്കി തിരിച്ചുവന്ന് പൂനയിലും മറ്റു വിവിധ സെമിനാരികളിലും ദൈവശാസ്ത്രാദ്ധ്യാപകനായി സേവനമനുഷ്ഠിച്ചു. കൂടാതെ പൂനാ ബഥനി ആശ്രമത്തിന്റെ സുപ്പീര്യറായും പൂനാ ബഥനി വേദവിജ്ഞാനപീഠത്തിന്റെ റെക്ടറായും നിയമിത നായിട്ടുണ്ട്. അതിനുശേഷം പുതുതായി രൂപം കൊണ്ട ബഥനി നവജ്യോതി പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീര്യറായി രണ്ടുപ്രാവശ്യം തിരഞ്ഞെടുക്കപ്പെട്ടു. പിന്നീടദ്ദേഹം ബഥനി ആശ്രമത്തിന്റെ നോവിസ് മാസ്റ്റർ ആയിരിക്കു മ്പോഴാണ് മേലദ്ധ്യക്ഷസ്ഥാനത്തേക്ക് മലങ്കര കത്തോലിക്കാസഭ അദ്ദേഹത്തെ നിയോഗി ക്കുന്നത്.

ഈ കാലയളവായപ്പോഴേക്കും മലങ്കര കത്തോലിക്കാ സഭയുടെ ബാഹ്യകേരള മിഷൻ പ്രവർത്തനങ്ങൾ ശക്തിയാർജ്ജിച്ചുകൊണ്ടിരി ക്കുകയായിരുന്നു. ഈ വളർച്ചയിൽ ബഥനി സന്ന്യാസി സമൂഹം വലിയൊരു നേതൃത്വം നല്കി ക്കൊണ്ടിരുന്നു. പ്രത്യേകിച്ച് പൂനാ, ബോംബെ, ഗുജറാത്ത്, ഭിലായ്, കൽക്കട്ട പോലുള്ള മിഷൻ സ്ഥലങ്ങളിൽ. ഈ അവസരത്തിൽ ബഥനി ആശ്രമസ്തനായ ബഹു.ജോൺ ബർക്കുമാൻസ ച്ചനെ ബാഹ്യകേരളമിഷന്റെയെല്ലാം കോർഡി നേറ്ററായി പിതാക്കന്മാർ ഭരമേല്പിച്ചു. ബർക്കു മാൻസച്ചന്റെ കഠിനാദ്ധ്വാനവും അർപ്പണ ബോധവും വഴി വിവിധ തലങ്ങളിൽ വലിയ മാറ്റങ്ങൾ ഈ മേഖലയിൽ നടന്നു വരികയായി രുന്നു. ഈ ഘട്ടത്തിൽ പിതാക്കന്മാർ ബഥനി യിലെ, വിവിധ രംഗങ്ങളിൽ തന്റെ കഴിവ് തെളി യിച്ചുകൊണ്ടിരുന്ന ബഹു.ചാക്കോ ഏറത്തച്ചനെ മെത്രാൻ പദവിയിലേക്കുയർത്തി ബാഹ്യകേരള മിഷന്റെ അപ്പസ്തോലിക് വിസിറ്റേറ്റർ ആയി നിയമിച്ചു. വന്ദ്യപിതാക്കന്മാർക്കെല്ലാം സുപരിചി തനും അന്നത്തെ സഭാതലവൻ സിറിൽ മാർ ബസേലിയോസ് കാതോലിക്കാബാവായ്ക്ക് വാത്സല്യവാനുമായിരുന്നു ചാക്കോച്ചൻ.

ഈ ചുമതലയേറ്റ ജേക്കബ് മാർ ബർണ ബാസ് തിരുമേനി തന്നെ ഏല്പിച്ച ബാഹ്യകേരള മിഷൻ കേന്ദ്രങ്ങളുടെയും പ്രദേശങ്ങളുടെയും



ചാക്കോച്ചൻ 1998-ൽ സമൂഹത്തിന്റെ ജനറൽ സിനാക്സിസ് സംഘാംഗം എന്ന നിലയിൽ

കെട്ടുറപ്പിനും വളർച്ചയ്ക്കുമായി പൂനായിലെ കട്ക്കി ആസ്ഥാനമാക്കി അക്ഷീണം പ്രവർത്തിച്ചു പോന്നു എന്നു തന്നെയല്ല ബാഹ്യകേരളമിഷനെ ഭദ്രാസനതലത്തിലേക്കുയർത്തത്തക്ക നിലയിൽ വേണ്ട അടിസ്ഥാനസൗകര്യങ്ങളും സാഹചര്യങ്ങളും ഒരുക്കി. ഇതു മനസിലാക്കിയ മലങ്കര സഭാപിതാക്കന്മാർ ബർണബാസ് തിരുമേനിയെ ഡൽഹി കേന്ദ്രമാക്കിയുള്ള ഗുഡ്ഗാവ് സെന്റ് ക്രിസോസ്റ്റം ഭദ്രാസനത്തിന്റെ അദ്ധ്യക്ഷനായി നിയമിച്ച് റോമിൽ നിന്ന് മാർപ്പാപ്പായുടെ അംഗീകാരം നേടി. അതോടൊപ്പം തന്നെ പൂനാ-കട്ക്കി കേന്ദ്രമാക്കി ബാഹ്യകേരളത്തിലെ മറ്റു മിഷൻ പ്രദേശങ്ങൾ ഉൾപ്പെടുത്തി ഒരു 'എക്സാർക്കേറ്റ്' സ്ഥാപിച്ച് മറ്റൊരു ബഥനി ആശ്രമസ്ഥനായ ആന്റണി വലിയവിളയിൽ ഒ.ഐ.സി. അച്ചനെ മേലദ്ധ്യക്ഷ സ്ഥാനത്തേക്കുയർത്തി അതിന്റെ ചുമതല ഭരമേല്പിച്ചു. ഈ രണ്ടു നിയമനങ്ങളും ബഥനി ആശ്രമത്തിന്റെ മിഷൻ ചൈതന്യത്തിനു പ്രത്യേകിച്ച് ബാഹ്യകേരളത്തിലുള്ള മിഷൻ പ്രവർത്തനങ്ങൾക്കുള്ള ഉന്നതമായ ഒരംഗീകാരമാണെന്നതിൽ സംശയമില്ല.

മെത്രാൻ പദവിയിലേക്കും രൂപതാദ്ധ്യക്ഷ പദവിയിലേക്കും ഉയർത്തപ്പെട്ട ജേക്കബ് മാർ ബർണബാസ് തിരുമേനി ബഥനിക്ക് ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് പൈതൃകമായി നല്കിയ ഭാരത സുവിശേഷവത്കരണ ദർശനത്തിന്റെ മുന്നണിപോരാളായായി മാറിയ ചരിത്രമാണ് പിന്നീട് നാം കാണുന്നത്. ഭാരതത്തിന്റെ സുവിശേഷ വത്കരണം എന്ന ദർശനം തന്റെ മനസ്സിലേറ്റിക്കൊണ്ടായിരുന്നു ബഥനി ആശ്രമത്തിന്റെ സ്ഥാപനം തന്നെ. ആ ദർശനം, ആഗ്രഹം ശരിയാംവണ്ണം ഉൾക്കൊണ്ടു തന്റെ ജീവിത ദൗത്യമായി ബർണ്ണബാസ് പിതാവ് സ്വീകരിച്ചു എന്നു മാത്രമല്ല, അതിന്റെ സമഗ്രമായ സാക്ഷാത്കാരത്തിനായി തന്റെ ജീവിതം ദൈവതിരുമുമ്പിൽ സമർപ്പിച്ച് ഇറങ്ങി പുറപ്പെട്ടു. ഈ സുവിശേഷ വത്കരണ ചൈതന്യം മലങ്കര കത്തോലിക്കാ സഭയ്ക്കുള്ളിൽ ആദ്യം ശക്തിപ്പെടുത്തണം എന്നദ്ദേഹം ആഗ്രഹിച്ചു.

നവശിഷ്യവത്കരണം എന്ന ആശയം ലക്ഷ്യമാക്കിയാണ് മലങ്കര സഭയിൽ 'സുവിശേഷ സംഘ'ത്തിന് പിതാവ് നേതൃത്വം നൽകിയതും അത് പ്രചരിപ്പിച്ചതും നാം ഫലദായകമാക്കി വളർത്തിയെടുത്തതും. സുവിശേഷ സംഘങ്ങളിൽ വലിയ പ്രേഷിത തീക്ഷ്ണത വളർത്തിയെടുക്കുവാനുള്ള ക്രമീകരണങ്ങളുണ്ടായി. അവർക്കായി ഒരു പ്രത്യേക ജീവിതശൈലി തന്നെ രൂപപ്പെടുത്തി. മാർ ഈവാനിയോസ് പിതാവ് ബഥനി ആശ്രമവും മഠവും സ്ഥാപിച്ചശേഷം അത്മാർക്കായി ബഥനി മൂന്നാം സഭ സ്ഥാപിച്ചു. ആദ്യകാലങ്ങളിൽ അത് ബഹു.എബ്രഹാമച്ചന്റെയുമൊക്കെ നേതൃത്വത്തിൽ പ്രചരിപ്പിച്ചുമിരുന്നു. ആ ബഥനി 3-ാം സഭയുടെ പല നിയമങ്ങളും ചിട്ടകളും സുവിശേഷസംഘാംഗങ്ങളുടെ ജീവിതശൈലിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നുള്ളത് ഇവിടെ എടുത്തു പറയുവാനാഗ്രഹിക്കുന്നു.

മാർ ഈവാനിയോസ് പിതാവിന്റെ സുവിശേഷവത്കരണ ദർശനത്തെ ധ്യാനപൂർവ്വം അപഗ്രഥിച്ച ബർണ്ണബാസ് പിതാവിനു മനസ്സിലായി തന്റെ സുവിശേഷദൗത്യം ബാഹ്യകേരളത്തിലെ മലങ്കര കൂട്ടായ്മകളുടെ വിശ്വാസവളർച്ചയിൽ മാത്രം ഒതുങ്ങേണ്ട ഒന്നല്ല എന്ന്. ആ ദൗത്യം അതിനപ്പുറവും കടന്ന് ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള നാനാജാതി മതസ്ഥരായ ജനപദങ്ങളുടെ പക്കലേക്ക് കടന്നുചെല്ലേണ്ടതാണ്. മർത്തോമ്മാശ്ലീഹായാൽ കൊളുത്തിവച്ച വിശ്വാസദീപം ഈ ജനങ്ങളുടെ ജീവിതത്തെ ക്രിസ്തുവിൽ പ്രകാശപൂരിതമാക്കാനുള്ള തന്റെ ദൗത്യത്തെക്കുറിച്ചാണ് പിതാവിനു ബോദ്ധ്യമായത്. ഈ ബോദ്ധ്യം ഈ ലക്ഷ്യപ്രാപ്തിക്കായുള്ള ആത്മസമർപ്പണത്തിലാണ് പിതാവിനെ കൊണ്ടെത്തിച്ചത്.

സുവിശേഷവത്ക്കരണത്തിന്റെ ഈ പുതുമുഖത്താൽ ശ്രദ്ധിക്കപ്പെട്ട പിതാവ് അതിനായി തന്റെ ജീവിതവും കഴിവുകളും സമ്പൂർണ്ണമായി വ്യയം ചെയ്യുവാൻ തയ്യാറായി. ഡൽഹിയിലും ഒറീസ്സായിലും അസമിലും ത്രിപുരയിലും പഞ്ചാബിലുമെല്ലാം സുവിശേഷ പ്രചരണത്തിനായുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുവാനാരംഭിച്ചു. ഈ പ്രദേശങ്ങളിലെ പാവപ്പെട്ട മനുഷ്യരുടെ ഭാഷയും സംസ്കാരവും പഠിക്കുവാനും

അവരോടു സംസർഗ്ഗം ചെയ്യുവാനുമാരംഭിച്ചു. അവരുടെയിടയിലേക്ക് ക്രിസ്തുവിന്റെ സ്നേഹവും കരുണയും എത്തിച്ചുകൊണ്ട് പിതാവു തന്നെ കൂടെക്കൂടെ കടന്നുചെന്നും യാത്രാ സൗകര്യങ്ങളോ, താമസ സൗകര്യങ്ങളോ ഒന്നുമില്ലാതിരുന്ന കുഗ്രാമങ്ങൾ സുവിശേഷ പ്രചരണ ദൗത്യത്തിനു പ്രതിബന്ധം സൃഷ്ടിച്ചില്ല. ഊണും ഉറക്കവും ആരോഗ്യവും ഒന്നും നോക്കാതെ ഈ പ്രദേശങ്ങളിൽ പിതാവ് കടന്നു ചെന്നിരുന്നു. ഈ പ്രദേശങ്ങളിൽ പ്രവർത്തനങ്ങൾ നടത്തുവാൻ ആവശ്യമായ വൈദികരെയും സിസ്റ്റേഴ്സിനെയും അത്മായ ശുശ്രൂഷകരെയും പ്രദാനം ചെയ്തിരുന്നു.


തങ്ങൾ പ്രസംഗിക്കുന്ന യേശുക്രിസ്തുവിന്റെ സ്നേഹവും കരുണയും കരുതലും ഈ പാവപ്പെട്ട ജനങ്ങൾക്ക് അനുഭവവേദ്യമാക്കിക്കൊടുത്തുകൊണ്ടുള്ള സുവിശേഷ പ്രഘോഷണ ശൈലിയാണ് ബർണ്ണബാസ് പിതാവ് കൈക്കൊണ്ടത്. യേശുക്രിസ്തുവിന്റെ സ്നേഹത്തിന്റെയും കരുതലിന്റെയും മുഖം മറ്റുള്ളവർക്ക് കാണിച്ചുകൊടുക്കുക എന്ന ശ്രമകരമായ ദൗത്യത്തിലാണ് പിതാവ് ഏർപ്പെട്ടത്. വിശക്കുന്നവർക്ക് ഭക്ഷണം, ദാഹിക്കുന്നവർക്ക് ദാഹജലം, വസ്ത്രമില്ലാത്തവർക്ക് വസ്ത്രം, പാർപ്പിടമില്ലാത്തവർക്ക് ഭവനം, നിരക്ഷരർക്ക് അക്ഷര വെളിച്ചം ഇവയെല്ലാം നൽകി അവരുടെ ജീവിതം സുസ്ഥിതിയിലെത്തിക്കുവാൻ പരിശ്രമിച്ചിരുന്നു. ഡൽഹിയിൽ അദ്ദേഹം ആരംഭിച്ച 'പ്രചോദന' എന്ന സോഷ്യൽ സർവ്വീസ് സൊസൈറ്റിയിലൂടെ ഡൽഹിയിൽ ചേരി പ്രദേശങ്ങളിലുള്ള അനേകായിരം ആളുകൾക്ക് ഭക്ഷണമെത്തിക്കാൻ പ്രത്യേകിച്ച് ഈ കോവിഡ്-19 മഹാമാരിയുടെ കാലത്ത് പിതാവിനു സാധിച്ചു. പിതാവുതന്നെ നേരിട്ടിറങ്ങി ഇക്കാര്യങ്ങളെല്ലാം ചെയ്യുന്ന വാർത്തകളും ചിത്രങ്ങളും ദേശീയവും അന്തർദേശീയവുമായ വാർത്താമാദ്ധ്യമങ്ങളിൽ പ്രചരിച്ചിരുന്നു.

ഭാരതത്തിന്റെ സുവിശേഷവത്ക്കരണം എന്ന മാർ ഈവാനിയോസ് പിതാവിന്റെ സമുന്നത ദർശനത്തിന്റെ സാക്ഷാത്കരണത്തിന് അക്ഷരാർത്ഥത്തിൽ സ്വന്തജീവൻ സമർപ്പിച്ച് കടന്നുപോയ ബഥനിയുടെ ബർണബാസ് പിതാവിന്റെ പാവനസ്മരണക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.



# സ്മരണകളിലൂടെ...

**ഫാ. വർഗീസ് തൈക്കൂട്ടത്തിൽ ഒ.ഐ.സി**



ജേക്കബ് മാർ ബർണബാസ് പിതാവിനെപ്പറ്റിയുള്ള സ്മരണകളാൽ ഈ ലക്കം ബഥനി ശബ്ദം സജീവമാകുന്നു. പിതാവ് കാലം ചെയ്തതിനുശേഷം പിതാവിന്റ ജീവിതത്തെപ്പറ്റിയും ശുശ്രൂഷകളെപ്പറ്റിയുമുള്ള ജീവിതസാക്ഷ്യത്തെപ്പറ്റിയും അവശേഷിപ്പിച്ച ജീവിത മാതൃകകളെപ്പറ്റിയും കൂടുതൽ ചിന്തകളാൽ നമ്മുടെ സമൂഹവും മലങ്കര സഭയും നിറഞ്ഞുനിൽക്കുന്ന ദിനങ്ങൾ... പിതാവിനോടൊപ്പം ആശ്രമ ജീവിതത്തിൽ പ്രവേശിച്ച ഒരാൾ എന്ന നിലയിൽ ചില കാര്യങ്ങൾ അനുഭവത്തിന്റെയും ഒന്നിച്ചുള്ള വാസത്തിന്റെയും ഒന്നിച്ച് പ്രവർത്തിച്ചതിന്റെയുമൊക്കെ പിൻബലത്തിൽ ഓർമ്മിച്ചെടുക്കുന്നതാണ് ഈ കുറിപ്പിനാധാരം. ഉത്തരവാദിത്വപ്പെട്ടവർ ആവശ്യപ്പെട്ടപ്പോൾ അത് തിരസ്കരിക്കാൻ സാധിക്കാത്തതുകൊണ്ട് ആ ചിന്തകൾ ഇവിടെ കുറിക്കട്ടെ.

**നാട്ടുകാരനും ബാച്ചുകാരനും**

ഞാനും ബർണ്ണബാസ് പിതാവും ഒരേ നാട്ടുകാരാണ്. റാന്നിയാണ് ഞങ്ങളുടെ ജന്മസ്ഥലം. ഞാൻ തൃക്കോമല ഇടവകാംഗവും പിതാവ് അന്ന് കരികുളം ഇടവകാംഗവുമായിരുന്നു. ഞങ്ങൾ രണ്ടുപേരും ആശ്രമത്തിൽ വരാനുള്ള കാരണം ബഹുമാനപ്പെട്ട നമ്മുടെ മത്തായി തുരുത്തേൽ ഒ.ഐ.സി. അച്ചൻ ആയിരുന്നു. ഞാനും ഫിലിപ്പ് വൈശ്യനേത്ത് അച്ചനും, ബ്രദർ പ്രദീപും ആയിരുന്നു ഒരേ ബാച്ചിൽപ്പെട്ടവർ. 1975-ൽ ആശ്രമത്തിൽ വന്നപ്പോൾ ഉണ്ടായിരുന്ന 18 പേരിൽ നാലുപേർ മാത്രമാണ് നിത്യവ്രതം സ്വീകരിച്ചത്. ഒന്നാം വർഷത്തെ പരിശീലനം കോട്ടയത്ത് പൂർത്തിയാക്കി. പ്രീഡിഗ്രി പഠനത്തിനുവേണ്ടി മാർ ഈവാനിയോസ് കോളേജി



സഹപാഠികളോടൊപ്പം പൂനാ സെമിനാരിയിൽ

ലേക്ക് അയയ്പ്പെട്ടു. ഒരു വർഷത്തെ നോവിഷ്യേറ്റ് പരിശീലനം പൂർത്തിയാക്കി പട്ടം സ്വീകരിക്കുന്നതുവരെ പൂനാ പഠനഗൃഹത്തിൽ ഒന്നിച്ച് താമസിച്ച് പ്രീ-ഫിലോസഫി, ഫിലോസഫി, തിയോളജി എന്നിവ ഒന്നിച്ചു തന്നെ പഠിച്ചു. 1986 ഒക്ടോബർ 2-ാം തീയതി മൈലപ്ര മൗണ്ട് ബഥനി സ്കൂളിൽ തയ്യാറാക്കിയ പ്രത്യേക മദ്ബഹായിൽ വച്ച് ബഹു. റെജി അച്ചൻ, സജീവ് അച്ചൻ, ജോസഫ് കുളക്കുടിയിൽ അച്ചൻ, ജോസ് കുരുവിള പീടികയിൽ അച്ചൻ എന്നിവരോടൊപ്പം ഞങ്ങൾ മൂന്നുപേരും കാലം ചെയ്ത ഭാഗ്യ സ്മരണാർഹനായ മാർ ഗ്രിഗോറിയോസ് പിതാവിന്റെ നിർമ്മല കരങ്ങളാൽ അഭിഷേചിതരായി. പിന്നീട് ഞാൻ സമൂഹത്തിന്റെ വിവിധ മേഖലകളിലുള്ള ശുശ്രൂഷകളിലും പഠനത്തിലുമൊക്കെ ഉൾച്ചേർന്നു. അതുപോലെ പിതാവ് ഉന്നത പഠന



ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയും നവാഭിഷിക്തരും

ത്തിനും ശുശ്രൂഷകൾക്കും ശേഷം മേൽപ്പട്ട സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു. ആദ്യം ETRI-യിലും പിന്നീട് ഡൽഹി ഗുഡ്ഗാവ് ഭദ്രാസന ത്തിന്റെ ആദ്യ ഭദ്രാസനാധിപനായും അഭിഷേകം ചെയ്യപ്പെട്ടു. ബഹു. ഫിലിപ്പ് അച്ചനും, ബ്രദർ പ്രദീപും സമൂഹത്തിന്റെ വിവിധ ശുശ്രൂഷകളിൽ ഉൾചേർന്ന് ജീവിക്കുന്നു. 2007 മാർച്ച് മുതൽ പിതാവ് തന്റെ ശുശ്രൂഷ ഏറ്റവും ഉന്നതമായ നിലയിൽ ബാഹ്യകേരളത്തിൽ ആരംഭിച്ച് മുമ്പോട്ടു പോകു ന്നതിനിടയിൽ 2021 ആഗസ്റ്റ് 27-ാം തീയതി നിത്യ സമ്മാനത്തിനായി ദൈവത്താൽ വിളിക്കപ്പെട്ടു.

**'സാധാരണക്കാര'നായ ബഥാന്യൻ**

പിതാവിനെപ്പറ്റി ഓർക്കുമ്പോൾ മനസ്സിൽ സജീവമായ ചില ചിന്തകൾ: തികച്ചും വ്യക്തി പരമായ ഈ ചിന്തകൾ കാലോചിതമോ, അനു ചിതമോ എന്ന് ഒന്നും അറിയില്ല. അറിയാവുന്നതും ജീവിതംകൊണ്ടും ബന്ധംകൊണ്ടും കേട്ടുകേൾവി കൊണ്ടും ബോദ്ധ്യപ്പെട്ടതുമാണ് ഈ ചിന്തകളുടെ പിൻബലം. സമീപനങ്ങളിലും ജീവിതരീതിക ളിലും ജീവിത ബന്ധങ്ങളിലും പിതാവ് ഒരു 'സാധാരണത്വം' വച്ച് പുലർത്തിയിരുന്നു. വസ്ത്ര ത്തിലും ഭക്ഷണത്തിലും ഇടപെടലുകളിലും ജീവിതക്രമത്തിലും പ്രാർത്ഥനയിലും പുണ്യാഭ്യ സനത്തിലും അകത്തും പുറത്തും ഉള്ള ആളുകളു മായുള്ള ബന്ധങ്ങളിലും വാങ്ങലിലും കൊടുക്ക ലിലും ഒക്കെ ഇത് വളരെ വ്യക്തമായിരുന്നു. പരിശീലനത്തിന്റെ ആദ്യകാലം മുതൽ പട്ടത്വ സ്വീകരണം വരെ നിറഞ്ഞുശോഭിച്ച ഒരു അനന്യ സാധാരണമായ നന്മയാണിത്. അടിസ്ഥാന പരമായി മേൽപട്ടസ്ഥാന സ്വീകരണത്തിനുശേഷം പിതാവിന്റെ പ്രവർത്തന മേഖലകളിൽ എല്ലാം തന്നെ അതിന്റെ വ്യാപകമായ അർത്ഥത്തിലും


പ്രിയപ്പെട്ട ബാച്ചുകാരൻ


സെമിനാരി പഠനകാലത്തെ നാടക നടൻ

പ്രായോഗികതയിലും ഇത് ഒരു വലിയ നന്മയായി നിഴലിച്ചു നിന്നു.

പിതാവ് തന്റെ രൂപീകരണകാലത്ത് സ്വന്ത മാക്കിയ ഈ 'സാധാരണത്വം' തന്റെ കൂടെയുള്ള വർക്കും വീട്ടിലുള്ളവർക്കും നാട്ടിലുള്ളവർക്കും ഒരുപോലെ അനുഭവവേദ്യമാക്കിയിരുന്നു. താൻ വന്ന കുടുംബത്തിന്റെയും വളർന്ന സാഹചര്യ ത്തിന്റെയും പ്രത്യേകതകൾ ഈ 'സാധാരണത്വം' പിൻതുടരുന്നതിൽ പിതാവിനെ സ്വാധീനിച്ചു. കൂടെയുള്ളവരുടെ ഉള്ളറിഞ്ഞ്, ആവശ്യം അറി ഞ്ഞ്, സാമ്പത്തിക സ്ഥിതിയും കുടുംബ ഞെരു ക്കവും മനസ്സിലാക്കി അവരെ ഉയർത്തുന്നതിൽ, കൂടെ കൂട്ടിക്കൊണ്ട് നടക്കുന്നതിൽ പഠനകാലത്ത് പിതാവ് കാണിച്ച ധൈര്യം അസാധാരണ മായിരുന്നു.

രോഗികൾക്കാണ് വൈദ്യനെ ആവശ്യ മെന്ന വചനം സ്വന്തമാക്കിയവൻ. രോഗം: അത്, ശരീരത്തിന്റെയോ മനസ്സിന്റെയോ ഭവനത്തി ന്റെയോ ആയിരുന്നാലും ഒരു വൈദ്യന്റെ സ്ഥാന ത്തുനിന്ന് കേൾക്കാനും, അനുചിതമായ രോഗ നിവാരണം, അത് ഭൗതികമാണെങ്കിലും ആത്മികം ആണെങ്കിലും ഒരുപോലെ നൽകാനുള്ള ആർജ്ജ വത്വം. അത് തനിക്ക് തനിയെ കഴിയുന്നില്ല എങ്കിൽ മറ്റുള്ളവരെ സമീപിച്ച് അത് നേടിയെടുക്കാനുള്ള സാമർത്ഥ്യം പിതാവ് കാട്ടിയിട്ടുണ്ട്. അതിലൂടെ സാധാരണക്കാരായവരോട് ഒന്നു ചേരാനുള്ള തന്റെ അഭിലാഷമാണ് പൂർത്തിയാക്കിയത്.

പിതാവിന്റെ ഈ 'സാധാരണത്വ'ത്തിന്റെ മറ്റൊരു മുഖം ആയിരുന്നു തനിക്ക് എന്ത് നഷ്ടം വരും എന്നു നോക്കാതെ കൂടെയുള്ളവന്റെയും കൂട്ടിന് ഉള്ളവന്റെയും നഷ്ടങ്ങൾ, അത് എല്ലാ അർത്ഥത്തിലും നികത്തണം എന്ന ചിന്ത. അതി ലൂടെ കൂടെയുള്ളവരെയും ബന്ധപ്പെടുന്നവ

രെയും രക്ഷിക്കാനുള്ള ആഗ്രഹം. ഈ വിഷയവുമായി ബന്ധപ്പെട്ട് പല കാര്യങ്ങൾ രേഖപ്പെടുത്താനുണ്ട്. എല്ലാം എഴുതി വിഷയത്തിന്റെ ആത്മാവിനെ മലിനപ്പെടുത്തുവാനോ പർവ്വതീകരിക്കാനോ ആഗ്രഹിക്കുന്നില്ല. മറിച്ച്, നഷ്ടം നോക്കാതെ, യാതൊരു മടിയും കൂടാതെ, മറ്റുള്ളവരുടെ ലാഭവും സ്വസ്ഥതയും ശാന്തിയും സംതൃപ്തിയും മാത്രം ലക്ഷ്യം വച്ചുള്ള ശുശ്രൂഷകൾ തികച്ചും സാധാരണരീതിയിൽ നിന്നും വിഭിന്നമായി പിതാവിൽ നിഴലിച്ചു നിന്നിരുന്നു.

**അന്തരംഗത്തിലേക്ക് ആഴ്ന്നിറങ്ങിയ നോട്ടം**

പിതാവിനോട് ഒപ്പമുള്ള ജീവിതത്തിൽ പിതാവിൽ കണ്ട ഏറ്റവും വലിയ ഒരു പ്രത്യേകത "നമ്മൾ സാധാരണ കാണാത്തത് കാണാനുള്ള ശേഷിയാണ്". ഒരു കാര്യത്തെ പൊതുവായി സംസാരിക്കുമ്പോൾ, എല്ലാവരും സംസാരിക്കുന്നതിൽനിന്നും വ്യത്യസ്തമായി കൂടെയുള്ളവർ പറയുന്നതിനോട് ചേർത്ത് പറയാതെ കാര്യങ്ങൾ തികച്ചും വ്യത്യസ്ഥമായി കാണാനും അവതരിപ്പിക്കാനുമുള്ള കഴിവ് ആദ്യകാലം മുതൽ തന്നെ പിതാവിന് ഉണ്ടായിരുന്നു. അതുകൊണ്ടുതന്നെ പിതാവ് കൂട്ടത്തിൽ ഒരു വ്യത്യസ്ത ശബ്ദം തന്നെയായി മാറി. ഈ വ്യത്യസ്തത സ്വന്തം കാര്യപ്രാപ്തി എന്നതിനൊടൊപ്പം, സമൂഹത്തിൽ താൻ മനസ്സിലാക്കിയ കൂടെയുള്ളവരുടെയും ഉയർച്ചയും സ്വസ്ഥതയും ശാന്തിയും ഒക്കെ നിദാനമായിക്കിയുള്ളതായിരുന്നു. ഒന്നിച്ച് ജീവിച്ച അവസരങ്ങളിലൊക്കെ വ്യത്യസ്തമായി കാണാനും തന്റെ കൂടെ ഉണ്ടായിരുന്നവർ കാണുന്നതിനെക്കാൾ ഉപരി കാര്യങ്ങൾ കണ്ട് വിലയിരുത്തി അത് തന്റെയും സമൂഹത്തിന്റെയും ബന്ധപ്പെട്ട ആളുകളുടെയും നന്മയ്ക്കായി ഭവിപ്പിക്കാനും രൂപപ്പെടുത്താനും പിതാവിനു കഴിഞ്ഞു. ജീവിതത്തിലെ ഈ നന്മ അദ്ദേഹത്തിന്റെ മേൽപ്പട്ട



മലങ്കരയിലെ ശെമ്മാശന്മാർ
വലിയ ഇടയനോടൊപ്പം പൂനയിൽ

ശുശ്രൂഷയിൽ അനുഗ്രഹീതമായി തന്നെ വിനിയോഗിക്കാൻ പിതാവിന് കഴിഞ്ഞു.

**കരയുകയും അതേസമയം കണ്ണീരൊപ്പുകയും ചെയ്ത പിതാവ്**

ഇതോടൊപ്പം തന്നെ ചേർത്തു വായിക്കേണ്ട പിതാവിൽ വിളങ്ങിയ ഒരു പ്രത്യേകതയാണ് "നഷ്ടപ്പെട്ടവർക്ക് വേണ്ടിയുള്ള വിലാപം." വെറും പരിദേവനമല്ലിത്. വെറും കരുണ കാണിക്കൽ മാത്രമല്ല, മറിച്ച് നഷ്ടപ്പെടുന്നവരോട് ചേർന്നുനിന്ന് അവർക്കുവേണ്ടി കണ്ണുനീർ വാർക്കാനുള്ള ക്രിസ്തു സന്ദേശത്തിന്റെ പച്ചയായ അനുഭവവും സാക്ഷ്യവുമാണിത്. വിലപിക്കുന്നത് ആളുകളെ കാണിക്കാൻ അല്ല. ആളുകൾ കൂടുന്നിടത്ത് കരഞ്ഞ് കാര്യം സാധിക്കാനല്ല. അതുമല്ലെങ്കിൽ കൂടെ ഉള്ളവരോട് താദാമ്യം പ്രാപിക്കാനല്ല. മറിച്ച്, പിതാവ് കരഞ്ഞതും നെടുവീർപ്പിട്ടതും ക്രിസ്തുവിനെ നഷ്ടപ്പെട്ട വർക്ക് വേണ്ടിയാണ്, നഷ്ടപ്പെടുത്തിയവർക്ക് വേണ്ടിയാണ്. തന്നെ വിളിച്ചവനെപ്പോലെ തന്നെ, ഭവനമില്ലാത്തവർക്ക് ഭവനം നൽകാൻ, ഭക്ഷണം ഇല്ലാത്തവർക്ക് ഭക്ഷണം നൽകാൻ, വസ്ത്രം ഇല്ലാത്തവർക്ക് വസ്ത്രം നൽകാൻ, കയറി കിടക്കാൻ ഭൂമിയില്ലാത്തവർക്ക് ഭൂമി നൽകാൻ, പഠിക്കാൻ കഴിയാത്തവർക്ക് പഠിപ്പിക്കാൻ പണം സ്വരൂപിച്ച് നൽകാൻ, വിവാഹപ്രായം കഴിഞ്ഞവരെ വിവാഹം കഴിപ്പിച്ച് കുടുംബജീവിതത്തിലേക്ക് പ്രവേശിപ്പിക്കാൻ, മാരകരോഗത്തിന് വിധേയരായവർക്ക് മരുന്ന് വാങ്ങി നൽകാൻ, ആരും ഇല്ലാതെ തെരുവിലും വഴിയിലും കിടക്കുന്നവരെ പുനരധിവസിപ്പിക്കാൻ ഒക്കെ ഒക്കെ പിതാവ് കരഞ്ഞു. തന്റെ കണ്ണുനീരിന്റെ വിലകൊണ്ട് അശരണിതരായവരുടെ, ആരോരുമില്ലാത്തവരുടെ കണ്ണുനീർ ഒപ്പിയെടുക്കാൻ ഈയൊരായുസ്സിൽ പിതാവിന് കഴിഞ്ഞു. അതുകൊണ്ട് ഡൽഹിയിലും പ്രാന്തപ്രദേശങ്ങളിലുമായി ഉള്ളവർക്കു മാത്രമല്ല തന്റെ സാന്നിദ്ധ്യം വ്യാപിപ്പിച്ച സ്ഥലങ്ങളിലൊക്കെ പിതാവ് നഷ്ടപ്പെട്ടവർക്കുവേണ്ടി വിലപിച്ചു; അതിലൂടെ ക്രിസ്തുവിന്റെ കരുണയുടെ ഉത്തമ സാക്ഷിയായി.

**ലക്ഷ്യം നേടാനുള്ള 'മുന്നേറ്റം'**

പഠനകാലത്തും പിന്നീടും പിതാവിന്റെ ജീവിതം പരിശോധിച്ചാൽ നമുക്ക് ദർശിക്കാവുന്ന മറ്റൊരു പ്രത്യേകതയാണ് 'കാര്യങ്ങൾ ലക്ഷ്യബോധത്തോടും ആവേശത്തോടും' പങ്കുവെയ്

ക്കുക എന്നത്. പിതാവ് നവജ്യോതി പ്രോവിൻസിന്റെ നേതൃത്വത്തിലേക്ക് കടന്നുവന്നപ്പോൾ സാധാരണ പറഞ്ഞിരുന്ന ഒരു പദമാണ് ''മുന്നേറ്റം.'' നമ്മൾ വലിയ 'മുന്നേറ്റം' നടത്തണം എന്നത്. ലക്ഷ്യബോധം ഉള്ളവർക്ക്, ആ ലക്ഷ്യം ഒരു ആവേശമായി സ്വീകരിക്കുന്നവർക്ക് മാത്രമാണല്ലോ മുന്നേറുവാൻ കഴിയുക. പിതാവിന്റെ മുന്നേറ്റം ബോധപൂർവ്വമായ ലക്ഷ്യപ്രാപ്തി വച്ചുള്ളതായിരുന്നു എന്നത് പ്രോവിൻസിന്റെ ആദ്യകാലചരിത്രം സാക്ഷിക്കുന്നു. പ്രവർത്തനത്തിലും സംസാരത്തിലും ബന്ധങ്ങളിലും ഒക്കെ കാത്തു സൂക്ഷിച്ച, ലക്ഷ്യത്തോടുകൂടിയുള്ള, ഉത്സാഹത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ നമ്മുടെ സമൂഹത്തെ വളർച്ചയുടെ പാതയിൽ മുന്നേറുവാൻ സഹായിച്ചു.

### ചെവിയുള്ള ഹൃദയം

പിതാവിന് കേൾക്കുന്ന ഒരു ഹൃദയം ഉണ്ടായിരുന്നു. ഇന്നാകട്ടെ, പറയുന്ന ഹൃദയങ്ങൾ മാത്രമാണ് നമുക്ക് ചുറ്റുമുള്ളത്. കൂടതൽ പറയുക, കുറച്ച് ചെയ്യുക, മറ്റുള്ളവരെ കഴിവതും കേൾക്കാതിരിക്കുക, താൻ പറയുന്നത് മറ്റുള്ളവർ കേൾക്കണമെന്ന് ആഗ്രഹിക്കുക, എന്നതിൽ നിന്നും തികച്ചും വിഭിന്നമായി സമൂഹാംഗങ്ങളുടെ മാത്രമല്ല താൻ കണ്ടുമുട്ടിയവരെയൊക്കെ വളരെ കരുതലോടെ ശ്രദ്ധിച്ചും കേട്ടും പിതാവ് മുൻപോട്ട് പോയി. താൻ കേട്ടവർക്കൊക്കെ അവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് സമൂഹനിയമത്തിന്റെ പിൻബലം നോക്കാതെ തുറന്ന് കൈനീട്ടിയ വ്യക്തിത്വത്തിനുടമയായിരുന്നു പിതാവ്. അത് പണമായും പഠനസഹായമായും വിവാഹ സഹായമായും ഒക്കെ യാതൊരു കണക്കും കൂടാതെ ഉള്ളതു അറിഞ്ഞും അറിയാതെയും കൊടുത്തു. അത് ആശ്രമത്തിലായാലും നാട്ടിലായാലും തന്റെ അഭ്യുദയകാംക്ഷികളായി ധാരാളം പേരെ ഉയർത്തി പൊതുധാരയിൽ കൊണ്ടുവരാനും പിതാവിന് സാധിച്ചു.

### മിഷനറിയായ മേൽപ്പട്ടക്കാരൻ

പിതാവിന്റെ മരിക്കാത്ത ഓർമ്മകൾ സജീവമാകുന്ന മറ്റൊരു തലമാണ് സഭയുടെ മിഷൻ വേദികൾ. ഒരു മേൽപ്പട്ടക്കാരൻ നൽകപ്പെട്ട, ഏല്പിക്കപ്പെട്ട ഒരു നിയോഗം പൂർത്തീകരിച്ച് കാലയവനികക്കുള്ളിൽ മറയേണ്ടവൻ അല്ല. മേൽപ്പട്ടക്കാരൻ ഏല്പിക്കപ്പെട്ട രൂപതയുടെ അനുദിനകാര്യങ്ങൾ നോക്കി അതിനാവശ്യമായ പരിപാലനം നടത്തേണ്ടവൻ മാത്രമല്ല എന്ന ഉത്തമബോദ്ധ്യവും അവ പ്രാവർത്തികമാക്കാനുള്ള ജാഗ്രതയും ശ്രദ്ധയും പിതാവിന് ഉണ്ടായിരുന്നു. സഭ സ്വഭാവത്താൽ തന്നെ സുവിശേഷകയാണ് എന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പഠിപ്പിക്കൽ മലങ്കര കത്തോലിക്കാസഭയിൽ പ്രാവർത്തികമാക്കാനുള്ള പിതാവിന്റെ പ്രവർത്തനങ്ങൾ അതുല്യം തന്നെ. ബഥനി സമൂഹ സ്ഥാപകൻ ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് തന്റെ ജീവിതകാലത്ത് ആഗ്രഹിക്കുകയും പ്രാവർത്തികമാക്കാൻ എളിയ രീതിയിൽ പരിശ്രമിക്കുകയും ചെയ്ത 'ഭാരതമാനസാന്തരം' എന്ന ദൈവികനിയോഗത്തിന് ബഥാന്യനായ മാർ ബർണബാസ് തുടക്കം കുറിക്കുകയും ഒരു പരിധിവരെ അതിന്റെ ആദ്യഅനുഭവങ്ങളെ വിപുലീകരിക്കുകയും ചെയ്തു. ഏതാണ്ട് 22 സംസ്ഥാനങ്ങളിൽ വ്യാപിച്ചു കിടക്കുന്ന ഭദ്രാസന പരിധിയിൽ മലങ്കരസഭയ്ക്കുള്ള പ്രവർത്തനങ്ങളെ ചെറിയ രീതിയിലാണെങ്കിൽപോലും കുറഞ്ഞ കാലംകൊണ്ട് ക്രമപ്പെടുത്താൻ കഴിഞ്ഞത് തനിക്ക് ബഥനിയിൽ നിന്ന് ലഭിച്ച മിഷൻ ദർശനത്തിന്റെയും സ്ഥാപക സിദ്ധിയുടെയും അനന്തരഫലം തന്നെയാണ്. ഭാരതമാസകലമുള്ള സഭയുടെ വ്യാപനത്തിലെ സമീപനങ്ങളിൽ അനുചിതമല്ലാത്തതും ക്രിസ്തു ആഗ്രഹിക്കാത്തതുമായ പലതുമുണ്ടെങ്കിലും 'സഭ വളരുന്നു' വ്യാപിക്കുന്നു എന്ന യാഥാർത്ഥ്യം തമസ്കരിക്കാൻ കഴിയില്ല. ഭാരതമാസകലമുള്ള സുവിശേഷ പ്രഘോഷണത്തിനും കൂട്ടായ്മ രൂപീകരണത്തിനും നേതൃത്വം നൽകിയ പിതാവിന്റെ ദർശനം പിൻതുടരേണ്ടത് ബഥനിയും മലങ്കരസഭയും തന്നെയാണ്. സുവിശേഷപ്രഘോഷണത്തിലെയും പ്രവർത്തനരീതികളിലെയും സഭാത്മകമല്ലാത്തതും ക്രിസ്തീയമല്ലാ ത്തതുമായ സമീപന രീതികളെ കണ്ടറിഞ്ഞ് തിരുത്തി പ്രവർത്തിച്ചാൽ മലങ്കര കത്തോലിക്കാസഭയുടെ ഭാരതദർശനം കൂടുതൽ സ്വീകാര്യമാവുകയും വ്യാപിക്കുകയും ചെയ്യും. പിതാവ് കാട്ടിയ 'മുന്നേറ്റം' കൂടുതൽ തീക്ഷ്ണതയോടെ വളരട്ടെ. അതിലൂടെ ബർണ്ണബാസ് പിതാവിന്റെ ഓർമ്മ മരിക്കാത്തതായിരിക്കട്ടെ.

### അൽമായ പങ്കാളിത്തവും മുന്നേറ്റവും

തന്റെ പ്രവർത്തനവഴികളിൽ പിതാവ് കാത്തുസൂക്ഷിച്ച രണ്ട് സമീപനങ്ങൾ അത്മായ മുന്നേറ്റവും സ്ത്രീസമൂഹത്തിന്റെ ഉന്നമനവും

ആണ്. വിശ്വാസികളുടേതാണ് സഭ. തിരുമേനിമാരുടെയും അച്ചന്മാരുടെയും സന്ന്യാസിസന്യാസിനികളുടെയും മാത്രമല്ല എന്ന വെളിപാട് രണ്ടാം വത്തിക്കാൻ കൗൺസിലിനോടു ചേർന്ന് മനസ്സിലാക്കി അത് തന്നെ ഭരമേൽപ്പിച്ച ETRI-യിലും തന്റെ രൂപതയിലും പ്രാവർത്തികമാക്കി. അത് ഭരണമാകട്ടെ, മിഷനാകട്ടെ, പണസമാഹരണമാകട്ടെ എല്ലാം അല്മായരെ മുന്നിൽ നിർത്തിയുള്ള ഒരു പ്രവർത്തന മുന്നേറ്റം ആയിരുന്നു പിതാവിന്റേത്. ഈ മുന്നേറ്റത്തിൽ അല്മായരിൽ തന്നെയുള്ള ഒരു വിഭാഗം പിൻതള്ളപ്പെട്ടു എങ്കിൽ അതിന് കാരണം പിതാവ് അല്ല എന്നതും സത്യം. പണമുള്ളവരും അധികാരസ്ഥാനമുള്ളവരും നേതൃത്വം കൈയ്യടക്കിയെങ്കിൽ അവരിൽ ഒരും സംഘം നിരന്തരം നേതൃത്വത്തിൽ പ്രശോഭിതരായെങ്കിൽ അതിന്റെ കാരണം പിതാവല്ലല്ലോ. അൽമായരെ മനസ്സിലാക്കി, അവരുടെ കഴിവും സുസ്ഥിതിയും ഒരുപോലെ രൂപതയുടെ മുന്നേറ്റത്തിന് ഉപയോഗിക്കുന്നതിൽ പിതാവ് വിജയിച്ചു. ഒപ്പം സഭയിലെ സ്ത്രീജനങ്ങൾക്ക് നൽകേണ്ട ആദരവും സ്ഥാനവും നൽകി അവരെയും കൂടെ നിർത്താനും കൂട്ടിനിർത്താനും പിതാവ് ശ്രദ്ധിച്ചിരുന്നു എന്നതും സത്യം.

**സഹനത്തിന്റെ തീച്ചൂളയിൽ**


മേൽപ്പട്ടക്കാരൻ ആയതിനുശേഷം ഉള്ള പിതാവിന്റെ ജീവിതത്തെയും പ്രവർത്തനങ്ങളയും അടുത്തും ദൂരെയും നിന്ന് വീക്ഷിക്കുന്നതിനും അതിൽ പങ്കുപറ്റുന്നതിനും എനിക്ക് കഴിഞ്ഞിട്ടുണ്ട്. ഈ ദൗത്യം മുൻപോട്ട് കൊണ്ടുപോകാൻ പിതാവ് കാട്ടിയ ധൈര്യത്തോടൊപ്പം തന്നെ സഹിച്ച യാതനകൾ, വേദനകൾ അനവധിയാണ്. തെറ്റിദ്ധാരണകൾ, മാസ്സിലാക്കലിൽ വന്ന അപജയങ്ങൾ, ശരിയായ പ്രവർത്തന രീതികളിൽ അറിയാതെ കടന്നുവന്ന ബലഹീനതകൾ, സമൂഹത്തിൽനിന്ന് കൂടെയുള്ളവരിൽ നിന്നും ഒക്കെ ഉണ്ടായിട്ടുള്ള തെറ്റിദ്ധാരണകൾ ഇവയെല്ലാം ഒരു മനുഷ്യൻ എന്ന രീതിയിൽ പിതാവിനെ വളരെ അലട്ടിയിട്ടുണ്ട്. സതീർത്ഥ്യൻ എന്ന നിലയിൽ പലതും പങ്കുവച്ചിട്ടുമുണ്ട്. ഈ ദൗത്യം നേടാൻ താൻ കുടിച്ച കണ്ണുനീരും, വേദനയും ദൗത്യമുന്നേറ്റത്തിന്റെ ഭാഗമായി മാത്രം കണ്ട് ധൈര്യത്തോടെ മുന്നേറാനാണ് പിതാവ് ശ്രമിച്ചത്. ബഥനിയിൽ നിന്ന് താൻ സ്വന്തമാക്കിയ ദൈവാശ്രയബോധവും ദൈവ നടത്തിപ്പിലുള്ള ശരണവും സമർപ്പണത്തിലെ കറ തീരാത്ത ആത്മസമർപ്പണവും ഈ മാനുഷിക അനുഭവങ്ങളെ അതിലംഘിക്കാനും ഒരു പരിധിവരെ തരണം ചെയ്യാനും പിതാവിന് കഴിഞ്ഞിരുന്നു.

പിതാവിന്റെ രോഗാവസ്ഥയിൽ പലപ്പോഴും പിതാവിനെ കാണാൻ കൂടെ ജീവിച്ചവരിൽ ഒരാളെന്നനിലയിൽ ഞാൻ ആഗ്രഹിച്ചിട്ടുണ്ട്. അതിന് കഴിഞ്ഞില്ല. രോഗം മൂർഛിച്ചപ്പോൾ ഞാൻ ബഹു. വിനയാനന്ദച്ചനെ ഫോണിൽ വിളിച്ച് ഡൽഹിയിൽ പോകാൻ ആഗ്രഹം പ്രകടിപ്പിച്ചു. അതും സാങ്കേതിക കാരണങ്ങളാൽ നടന്നില്ല. നടക്കാത്തതിൽ ദുഃഖമില്ല, ദുഃഖിച്ചിട്ട് ഇനിയും കാര്യവുമില്ലല്ലോ. രോഗാവസ്ഥയിൽ കേൾക്കപ്പെട്ട കിംവദന്തികളും പരിദേവനങ്ങളും പരാതികളും പുറത്തുകേട്ട തെറ്റിദ്ധാരണകളും കൂടെ വസിച്ചവൻ എന്ന നിലയിൽ എന്നെയും അസ്വസ്ഥതപ്പെടുത്തി. സഭയ്ക്കും ദൈവജനത്തിനുംവേണ്ടി സ്വയം സമർപ്പിച്ചവനെ പരിപാലിക്കേണ്ടത് സഭയും വിളിച്ചവനും മാത്രമാണെന്നുള്ള വിശ്വാസവും ബോധ്യവും എനിക്ക് സംതൃപ്തി നൽകി. സമർപ്പണ ജീവിതത്തിൽ രക്തബന്ധങ്ങളിലും വ്യക്തിബന്ധങ്ങളിലും മാത്രം ജീവിതത്തെ കാണുന്നത് ക്രിസ്തീയമല്ലല്ലോ. ക്രിസ്തുവിനുവേണ്ടി സമർപ്പിക്കപ്പെട്ടവന്റെ ധനവും, അച്ചാരവും ക്രിസ്തുതന്നെ എന്നെ വചനത്തിന്റെ മാധുര്യം എന്നെ കൂടുതൽ ബലപ്പെടുത്തി.

ബർണബാസ് പിതാവിനെ അനുസ്മരിക്കുമ്പോൾ മനസ്സിൽ കടന്നുവന്ന ചിന്തകളാണിത്. അക്ഷരങ്ങളിലൂടെ രൂപപ്പെടുത്താൻ കഴിയാത്ത അക്ഷരങ്ങളെ അതിലംഘിക്കുന്ന ധാരാളം അനുഭവങ്ങളുണ്ട്. അവയൊക്കെ തമ്മിലുള്ള ബന്ധത്തിന്റെയും മനസ്സിലാക്കലിന്റെയും രഹസ്യങ്ങളായി ഹൃദയത്തിൽ മരണം വരെ സൂക്ഷിക്കുന്നു. സമൂഹത്തിനും സഭയ്ക്കും ലഭിച്ച ഈ ദാനം, അത് പരികർമ്മം ചെയ്യുന്നതിൽ എന്തെങ്കിലും മാനുഷിക ബലഹീനതകൾ കടന്നുവന്നിട്ടുണ്ടെങ്കിൽ അതിന് ദൈവം മാപ്പ് നൽകട്ടെ. പിതാവിന്റെ പാവനാത്മാവിനുമുന്നിൽ ശിരസ്സ് കുനിച്ച് ആദരം അർപ്പിക്കുന്നു. ബഥനിയ്ക്കുവേണ്ടിയുള്ള സ്വർഗീയ മാദ്ധ്യസ്ഥം സജീവമായിരിക്കുമെന്ന് പ്രത്യാശിക്കുന്നു. ദൈവപിതാവിന്റെ ഭവനത്തിൽ വീണ്ടും കാണുന്നതുവരെ വിട!

# ബലിയർപ്പിക്കാൻ പാളയത്തിനു പുറത്തു പോയവൻ

ഫാ. ജോസ് കുരുവിള പീടികയിൽ ഒ.ഐ.സി



"സ്വന്തം രക്തത്തിലൂടെ ജനത്തെ വിശുദ്ധീകരിക്കാൻ ക്രിസ്തുവും കവാടത്തിനു പുറത്തുവച്ചു പീഡനമേറ്റു; അവനുവേണ്ടി അവമാനം സഹിച്ചുകൊണ്ട് നമുക്ക് പാളയത്തിനു പുറത്തിറങ്ങി അവന്റെ അടുത്തേക്കു പോകാം" (ഹെബ്രാ 13:12-13).

ക്രിസ്തുശിഷ്യന്റെ തീക്ഷ്ണമായ മിഷൻ ചൈതന്യം അന്വർത്ഥമാക്കുംവിധം സ്വജീവിതം തന്റെ ശുശ്രൂഷയിലൂടെ സമർപ്പിച്ച് സ്വർഗ്ഗപ്രാപ്തി നേടിയ അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് തിരുമേനിയെ നന്ദി നിറഞ്ഞ ഹൃദയത്തോടെ അനുസ്മരിക്കുന്നു. ക്രിസ്തു ശിഷ്യനായ തോമാശ്ലീഹാ കൊളുത്തിയ ക്രിസ്തീയ വിശ്വാസത്തിന്റെ ദീപം മലങ്കര കത്തോലിക്കാ സഭയുടെ ശുശ്രൂഷയിലൂടെ ഭാരതം മുഴുവൻ പ്രഘോഷിക്കാനുള്ള തീക്ഷ്ണതയുടെ മദ്ധ്യേയാണ് അതിന്റെ രക്തസാക്ഷി എന്നവണ്ണം അദ്ദേഹം ദൈവസന്നിധിയിൽ ചേർക്കപ്പെട്ടത്. നഷ്ടപ്പെടലിന്റെ സങ്കടത്തേക്കാൾ നമ്മുടെ ഹൃദയത്തെ മഥിക്കുന്നത് ഒരു ബഥാന്യന്റെ മിഷൻ തീക്ഷ്ണതയോടെ ജ്വലിക്കുന്ന ഓർമ്മകളാണ്.

**പിതൃഭാവം**

പഠനകാലം മുതലേ ഒരു പൈതൃകഭാവം എല്ലാ കാര്യങ്ങളിലും അദ്ദേഹം കാത്തുസൂക്ഷിച്ചിരുന്നു. കൂടെയുള്ള സഹോദരങ്ങളെ സ്നേഹിക്കാനും ശുശ്രൂഷിക്കാനും വളർത്താനും ബലപ്പെടുത്താനും വന്ദ്യപിതാവ് ശ്രദ്ധിച്ചിരുന്നു. വിശേഷിച്ചും എളിയവരോടും ബലഹീനരോടും എപ്പോഴും കരുണാമസൃണമായ ഒരു സമീപനം അദ്ദേഹത്തിനുണ്ടായിരുന്നു. കാര്യങ്ങളെ തുറന്നു പറയാനും വിശകലനം ചെയ്യാനും സംവേദനം ചെയ്യാനും അനുകൂല സാഹചര്യങ്ങൾ സൃഷ്ടിക്കാനും അദ്ദേഹം പരിശ്രമിച്ചിരുന്നു. ഒരു കുടുംബത്തിലെ അഗ്രജൻ എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ കുടുംബപശ്ചാത്തലം അറിഞ്ഞോ അറിയാതെയോ എല്ലാവരെയും സംരക്ഷിക്കാനുള്ള ഒരു പൈതൃക മനോഭാവത്തിലേക്ക് അദ്ദേഹത്തെ വളർത്തി. ഈ പൈതൃകഭാവം ബഥനിയിലെ പരിശീലനകാലത്തും പഠനകാലത്തും വൈദികനായ കാലത്തും മെത്രാപ്പോലീത്തയായ കാലത്തും അദ്ദേഹത്തിൽ പ്രതിഫലിച്ചിരുന്നു. ഈ ഭാവമാണ് ആയിരങ്ങൾക്ക് ആശ്വാസമേകാൻ, തണലാകാൻ ഇടയാക്കിയത്.

**മിഷൻ ചൈതന്യം**

ഇന്ത്യയിൽ ഭൂവിസ്തൃതിയിൽ ഏറ്റവും വലിയ രൂപതയുടെ അദ്ധ്യക്ഷനായിരുന്നു വന്ദ്യപിതാവ്. രൂപതാദ്ധ്യക്ഷനാകുന്നതിനു മുമ്പ് തന്നെയും രൂപത നിലവിൽ വരുന്നതിനു മുൻപു തന്നെയും അദ്ദേഹത്തിന്റെ മിഷൻ ചൈതന്യം അദ്ദേഹത്തെ 'കോട്ടയ്ക്ക് പുറത്തേക്ക്' നയിച്ചു. 2008-ഓടു കൂടി ആരംഭിച്ച ഒറീസ മിഷൻ ഇന്ന് ഗുഡ്ഗാവ് രൂപതയുടെ വലിയ പ്രവർത്തനങ്ങൾ നടക്കുന്ന പ്രദേശം ആണല്ലോ. നൈയാമികമായ ഏതെങ്കിലും ഉറപ്പ് ലഭിക്കുന്നതിനുമുമ്പ് തന്നെ ഒറീസയിലെ ദരിദ്ര ഗ്രാമങ്ങളിലേക്ക് അദ്ദേഹം എത്തിച്ചേരുകയും അവിടെ മിഷൻ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ഇന്ന് രണ്ട് സ്കൂളുകളും ഒരു സ്റ്റുഡൻസ് ഹോസ്റ്റലും പത്തിൽ കൂടുതൽ വിശ്വാസികളുടെ കൂട്ടായ്മകളും മലങ്കര കത്തോലിക്കാ സഭയ്ക്ക് ഒറീസയിൽ സ്വന്തമായിട്ടുണ്ട്. 2014-ൽ രൂപതാ സ്ഥാപനത്തിനു ശേഷം നോർത്ത് ഇന്ത്യയിലെ മിക്കവാറും എല്ലാ സംസ്ഥാനങ്ങളിലും മിഷൻ പ്രവർത്തനത്തിന് അദ്ദേഹം നേതൃത്വം നൽകി. പഞ്ചാബ്, ഹരിയാന, രാജസ്ഥാൻ, ഡൽഹി, യു.പി, ഫരീദാബാദ്, ഒറീസ, വെസ്റ്റ്ബംഗാൾ, ആസാം, ത്രിപുര,

അരുണാചൽപ്രദേശ് എന്നീ സംസ്ഥാനങ്ങളിലെല്ലാം വിവിധ രൂപതയുടെ വൈദികരുടെയും വിവിധ സന്ന്യാസ സമൂഹങ്ങളിലെ വൈദികരുടെയും സന്ന്യാസിനികളുടെയും നേതൃത്വത്തിൽ ഗുഡ്ഗാവ് രൂപതയുടെ മിഷൻ പ്രവർത്തനങ്ങൾ ക്രമീകരിച്ചു. ത്വരിതഗതിയിൽ വ്യക്തികളെയും സമ്പത്തിനെയും കണ്ടുപിടിച്ച് സുവിശേഷപരമായ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞ 7 വർഷമായി അഭിവന്ദ്യ ബർണബാസ് തിരുമേനി കൊടുത്ത നേതൃത്വം അസൂയാവഹമാണ്. ഈ മിഷൻ ചൈതന്യം അൽമായ നേതൃത്വത്തിന് പകർന്നു കൊടുക്കുവാൻ പിതാവിനു സാധിച്ചു എന്നുള്ളത് അദ്ദേഹത്തിന്റെ മിഷൻ പ്രവർത്തനത്തിന്റെ പ്രത്യേകതയാണ്. മിഷൻ പ്രവർത്തനം വൈദികരുടെയും സന്യസ്തരുടെയും മാത്രം പ്രവർത്തനമല്ല. അത്മായരുടെ കൂടി കടമയാണ് എന്ന് അദ്ദേഹം വിശ്വസിക്കുകയും അതിനുവേണ്ടി ഒരു അത്മായ കൂട്ടായ്മ ഒരുക്കുകയും ഈ കൂട്ടായ്മ മിഷൻ പ്രദേശങ്ങളിൽ സുവിശേഷ പ്രഘോഷണത്തോടൊപ്പം സാമൂഹിക പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകി. വളരെയധികം ആളുകൾ സമ്പത്തുകൊണ്ടും സാന്നിധ്യംകൊണ്ടും അദ്ദേഹത്തിന്റെ മിഷൻ പ്രവർത്തനത്തിന് മുന്നണി പോരാളികളായി നിന്ന് പ്രവർത്തിച്ചു. വിശ്വാസികളുടെ ഈ കൂട്ടായ്മ ആയിരുന്നു അദ്ദേഹത്തിന് വലിയ പിൻബലം നൽകിയത്.

### കരുണയുടെ മുഖം

വിശക്കുന്നവന്റെ മുൻപിൽ അപ്പമാകുന്ന ഈശ്വരഭാവം ജീവിതത്തിന്റെ മുഖമുദ്രയായി അദ്ദേഹം സ്വീകരിച്ചു. ഒരു മേൽപട്ടക്കാരൻ എന്ന നിലയിൽ സഭയെ വളർത്തുകയും ശുശ്രൂഷിക്കുകയും ചെയ്ത അദ്ദേഹം തീക്ഷ്ണതയോടുകൂടി പാവങ്ങളുടെ ശുശ്രൂഷയ്ക്കായി ഇറങ്ങി തിരിച്ചു. അന്ധനും രോഗിയും അനാഥനും കാരാഗൃഹവാസിയും പരദേശിയും ദൈവത്തിന്റെ രൂപമായി തിരിച്ചറിഞ്ഞ് അവരെ ശുശ്രൂഷിക്കുവാൻ തന്റെ സമയവും സമ്പത്തും പിതാവ് ഉപയോഗിച്ചു. 'പ്രചോദന' എന്ന സാമൂഹിക സേവന സംഘടനയിലൂടെ അനേകായിരങ്ങൾക്ക് ദിവസവും ഭക്ഷണം നൽകുവാൻ അദ്ദേഹം പരിശ്രമിച്ചു. ഇതിനുവേണ്ടി നാനാജാതി മനസുകളുടെ കൂട്ടായ്മ രൂപപ്പെടുത്തുകയും ഈ കൂട്ടായ്മ അവരുടെ സമയംകൊണ്ടും സമ്പത്തുകൊണ്ടും കഴിവുകൾകൊണ്ടും പിതാവിന്റെ കരങ്ങൾക്ക് ബലമേകി. കോവിഡ് എന്ന മഹാമാരിയുടെ സമയത്ത് യാതൊരു ഭയവുംകൂടാതെ അഗതികൾക്ക് സ്വന്തം അടുക്കള തുറന്ന് ഭക്ഷണം ഉണ്ടാക്കുന്ന തിരുമേനിയെ നാം കണ്ടതാണ്. ഈ പാവങ്ങൾക്കു വേണ്ടി സേവനം ചെയ്യുന്ന ശുശ്രൂഷയിൽ കോവിഡ് എന്ന മഹാമാരി തനിക്ക് പിടിച്ച് എന്ത് സംഭവിച്ചാലും സാരമില്ല എന്നുള്ള അദ്ദേഹത്തിന്റെ ആത്മധൈര്യം ബഥാന്യൻ ശൈലികളുടെ സമർപ്പണത്തിന്റെ നേർക്കാഴ്ചയാണ്. ക്രിസ്തു നമ്മെ ഓർമ്മിക്കുന്നതുപോലെ 'മറ്റുള്ളവർക്കുവേണ്ടി സ്വജീവനെ സമർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല' സ്നേഹത്തിന്റ മൂർത്തീഭാവം തന്റെ കാരുണ്യപ്രവർത്തിയിലൂടെ അദ്ദേഹം നമുക്ക് കാണിച്ചുതന്നു.

### സംപ്രാപ്യനായ പിതാവ്

ആർക്കും ഏത് അവസരത്തിലും എന്ത് ആവശ്യത്തിനും അദ്ദേഹത്തെ സമീപിക്കാമായിരുന്നു. ഇല്ലായ്മകളുടെ കൂട്ടുകാരനായി നിന്ന അദ്ദേഹം ഇല്ലായ്മ ഉള്ളവരെ തിരിച്ചറിഞ്ഞ് സഹായിച്ചിരുന്നു. രോഗികൾക്കുള്ള സാമ്പത്തിക സഹായം, പഠനസഹായം, ഭവനമില്ലാത്തവർക്ക് ഭവന സഹായം എന്നീ നിലകളിലെല്ലാം അദ്ദേഹം മറ്റുള്ളവരെ സഹായിച്ചു. വൈദിക ജീവിതത്തിലും സന്ന്യാസജീവിതത്തിലും വെല്ലുവിളികളോ പ്രശ്നങ്ങളോ ഉള്ള വൈദികരെ അദ്ദേഹം ഏറ്റെടുക്കുകയും സംരക്ഷിക്കുകയും അവരെ ദൈവിക ശുശ്രൂഷയിലേക്ക് തിരിച്ചു കൊണ്ടുവരികയും ചെയ്തു. വഴിതെറ്റിപോയ ആടിനെ തേടിയെത്തുന്ന നല്ല ഇടയനായിരുന്നു അഭിവന്ദ്യ പിതാവ്. തന്റെ വൈദികരുടെയും സമർപ്പിതരുടെയും വ്യക്തിപരമായ ജീവിതത്തിലും വളർച്ചയിലും സസൂക്ഷ്മം പരിശോധിച്ചു കുറവുകളെ നികത്താനുള്ള സാധ്യതകളെ നൽകി രൂപപ്പെടുത്തുന്ന മേൽപട്ട ശുശ്രൂഷയാണ് അദ്ദേഹം നിർവ്വഹിച്ചത്. വർഗ വർണ്ണ വ്യത്യാസങ്ങളില്ലാതെ, കുബേര കുചേല വ്യത്യാസങ്ങളിലാതെ, ജാതി മത വ്യത്യാസങ്ങളില്ലാതെ ആർക്കും സംപ്രാപ്യനായിരുന്നു അഭിവന്ദ്യ പിതാവ്.

### സഭയുടെ മുന്നണിപോരാളി

മലങ്കര കത്തോലിക്കാ സഭയ്ക്ക് മാർപാപ്പ അനുവദിച്ചു തന്ന രണ്ട് മിഷൻ രൂപതകളുടെയും പ്രഥമമെത്രാന്മാരായി നിയമിക്കപ്പെട്ടത് ബഥനി വൈദികർ ആണ് എന്നുള്ളത് അഭിമാനാർഹമായ ഒരു ദൈവനിയോഗമാണ്. ഭാരതത്തിന്റെ മണ്ണിൽ, ഭാരതത്തിന്റെ ആത്മീയത ഉൾക്കൊണ്ട് നമ്മുടെ പൈതൃകങ്ങളെയും പാരമ്പര്യങ്ങളെയും മുറുകെ പിടിക്കുവാൻ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനാൽ സ്ഥാപിക്കപ്പെട്ട ബഥനി ആശ്രമത്തിന്റെ മകനായ അഭിവന്ദ്യ ബർണബാസ് തിരുമേനിക്ക് വടക്കേ ഇൻഡ്യൻ സംസ്കാരത്തിൽ ഇഴുകിചേരുന്നത് അനായാസമായ കാര്യമായിരുന്നു. വിവിധ ഭാഷകളിലേക്ക് മലങ്കര ആരാധനക്രമങ്ങളും ശുശ്രൂഷക്രമങ്ങളും ഭാഷാഭേദം വരുത്തുവാൻ അദ്ദേഹം നേതൃത്വം നൽകി. പ്രാദേശികമായ സംസ്കാരങ്ങളും പാരമ്പര്യങ്ങളും ഉൾക്കൊള്ളാനും ആരാധനക്രമത്തിൽ ഉൾപ്പെടുത്താനും അദ്ദേഹം പരിശ്രമിച്ചു. യേശുവിന്റെ സുവിശേഷം ജീവിക്കപ്പെടുന്ന സാഹചര്യങ്ങളിൽ വ്യാഖ്യാനം ചെയ്തു കൊടുക്കാൻ ആരാധനാക്രമത്തിന് സാധിക്കുമെന്ന് അദ്ദേഹം ചിന്തിച്ചു. കാലോചിതവും സാംസ്കാരികപരവുമായ ഒരു ആരാധനശൈലി മലങ്കര ആരാധനക്രമത്തിലൂടെ രൂപപ്പെടണമെന്നും അദ്ദേഹം സ്വപ്നം കണ്ടു. ഒരു ദൈവശാസ്ത്രജ്ഞൻ എന്ന നിലയിൽ ആദ്ധ്യാത്മികവും ബൗദ്ധികവുമായ സമീപനങ്ങളേക്കാൾ ഉപരി പ്രായോഗികമായ സമീപനമാണ് ആരാധനവിഷയങ്ങളിൽ അദ്ദേഹം ശ്രദ്ധിച്ചിരുന്നത്. മലങ്കര കത്തോലിക്കാ സഭയിലൂടെ യേശുവിന്റെ സുവിശേഷം ഭാരതമെങ്ങും പ്രഘോഷിക്കാൻ അദ്ദേഹം പ്രതിജ്ഞാബദ്ധനായിരുന്നു.


മലങ്കര കത്തോലിക്കാ സഭയുടെ പ്രഥമ അസംബ്ലി രൂപംകൊടുത്ത സുവിശേഷസംഘത്തിന്റെ നേതൃത്വം പിതാവ് ഏറ്റെടുക്കുകയും സഭയുടെ വിവിധ ഭൂപ്രദേശങ്ങളിൽ ജീവിക്കുന്ന ആയിരത്തിലഞ്ഞൂറിലധികം വ്യക്തികൾക്ക് സുവിശേഷസംഘാംഗങ്ങളാകാനുള്ള പരിശീലനം നൽകുകയും ചെയ്തു. മലങ്കര സഭയുടെ ചരിത്രത്തിൽ സുവിശേഷപരമായ ഈ മുന്നേറ്റം എന്നും അനുസ്മരിക്കപ്പെടേണ്ടതാണ്.

### ഉത്തമസൗഹൃദത്തിന്റെ ആൾരൂപം

വ്യക്തിബന്ധങ്ങൾ എന്നും പവിത്രമായി കാത്തുസൂക്ഷിച്ചിരുന്നു അഭിവന്ദ്യ പിതാവ്. ഒരുമിച്ച് പഠിച്ച് ഒരു ദിവസം സന്ന്യാസവ്രതം സ്വീകരിച്ച, ഒരുമിച്ച് വൈദീകാഭിഷേകം സ്വീകരിച്ച വന്ദ്യപിതാവുമായുള്ള ബന്ധം എന്നും പ്രചോദനാത്മകവും ഊഷ്മളവുമായിരുന്നു. അദ്ദേഹം പ്രൊവിൻഷ്യാളായിരുന്നപ്പോഴും മേൽപ്പട്ടക്കാരനായിരുന്നപ്പോഴും ആ സ്നേഹബന്ധത്തിന്റെ തീവ്രതക്ക് ആഴം കൂടിയതല്ലാതെ കുറഞ്ഞിട്ടില്ല. അഭിപ്രായ വ്യത്യാസങ്ങൾ വ്യക്തിപരമായി കാത്തുസൂക്ഷിക്കുകയും സ്നേഹബന്ധത്തിന്റെ ഊഷ്മളത ഒരിക്കലും കുറഞ്ഞുപോകാതിരിക്കാനും പരിശ്രമിച്ചിട്ടുണ്ട്. അദ്ദേഹത്തെ ഡൽഹിയിൽ സന്ദർശിച്ചപ്പോഴും അദ്ദേഹം ബഥനി ജനറലേറ്റ് സന്ദർശിച്ചപ്പോഴും ദീർഘസമയം അദ്ദേഹത്തോടൊത്ത് സ്നേഹവും സൗഹൃദവും പങ്കിടുവാൻ അവസരം ലഭിച്ചിട്ടുണ്ട്. ബഥനിയുടെ ശുശ്രൂഷയിലൂടെ, സഭയിലെ മേൽപ്പട്ട ശുശ്രൂഷയിലൂടെ ദൈവജനത്തെ ശുശ്രൂഷിച്ച ശ്രേഷ്ഠ ആചാര്യൻ, അങ്ങയുടെ വേർപാട് ഒരു വേദനയായി മനസ്സിൽ നിൽക്കുമ്പോഴും അങ്ങയുടെ ഔന്നത്യവും സമർപ്പണവും ജീവിതമാതൃകയും നൊമ്പരങ്ങളേക്കാളേറെ ഒരു അഭിമാനബോധം, ഒരു ബഥാന്യൻ സ്വകാര്യ അഹങ്കാരമായി എന്നും മനസ്സിൽ കാത്തുസൂക്ഷിക്കുന്നു.

# Bishop Jacob Mor Barnabas OIC: My Inspiration and Mentor
# A Story of Lifelong Accompaniment

ഫാ. തോമസ് പ്രശോഭ് കൊല്ലിയേലിൽ ഒ.ഐ.സി.



**വെങ്ങോലയിൽനിന്ന് തുടക്കം**

പറയാൻ തുടങ്ങിയാൽ ഒരു പുസ്തകത്തിലൊന്നും ഒതുങ്ങില്ല ഈ Gentleman എന്റെ വ്യക്തിപരമായ ജീവിതത്തിലും എന്റെ കുടുംബത്തിലും ചെലുത്തിയ പങ്കും സ്വാധീനവും. എന്റെ പതിമൂന്നാമത്തെ വയസ്സു മുതൽ ഈ മുഖവും വ്യക്തിത്വവും മനസ്സിൽ പതിഞ്ഞതാണ്. 1986–ൽ വെങ്ങോല ഇടവകയിൽവച്ച് നടന്ന ഒരു സെമിനാർ. അന്നത്തെ പ്രഭാഷകൻ ആയിരുന്നു, കണ്ണാടിവച്ച് മെലിഞ്ഞു പൊക്കമുള്ള ആരെയും ആകർഷിക്കുന്ന ഈ കൊച്ചച്ചൻ. അന്ന് തന്റെ വൈദികപട്ടത്തിനുശേഷമുള്ള ആദ്യത്തെ ശുശ്രൂഷാ കേന്ദ്രമായ ആലുവ തപോവനം ബഥനി ആശ്രമത്തിലെ പ്രൊക്യൂറേറ്റർ, അർത്ഥികളുടെ ഗുരു എന്നീ ജോലികളിൽ വ്യാപൃതനായിരിക്കുമ്പോഴായിരുന്നു ആ സെമിനാറിൽ സംസാരിച്ചത്.

ഈ അച്ചനെ ഒരിക്കൽകൂടി കാണണം എന്ന് ആഗ്രഹിച്ചിരിക്കുമ്പോളാണ് അത് സംഭവിച്ചത്. ഡിസംബർ മാസത്തിലെ ഒരു സന്ധ്യാസമയത്ത് ഒരു Yezdi മോട്ടോർ ബൈക്ക് കുടുകുടാ ശബ്ദത്തിൽ ഞങ്ങളുടെ വീട്ടിൽവന്നു. നോക്കുമ്പോൾ ചാക്കോച്ചനാണ്. കറ്റാനം ബഥനി ആശ്രമത്തിൽ വച്ചു നടക്കുന്ന TOC ക്യാംപിൽ പങ്കെടുക്കാൻ എട്ടാം ക്ലാസ്സിൽ പഠിക്കുന്ന എനിക്കുള്ള സെബാസ്റ്റ്യൻ കുറ്റിക്കാട്ട് ഒ.ഐ.സി. അച്ചന്റെ ക്ഷണക്കത്തുമായി വന്നതാണ് ചാക്കോച്ചൻ. എന്റെ വീട്ടിൽ എന്നെ തേടി വരുന്ന ആദ്യ വൈദികൻ.

അതിൻ പ്രകാരം പറഞ്ഞ സമയത്തു ആലുവ തപോവനം ആശ്രമത്തിൽ ചെന്നു. അന്നുരാത്രി അവിടെതങ്ങി, പിറ്റേദിവസം അവിടെ നിന്ന് അവധിക്കു വീട്ടിൽ പോകുന്ന Brothers-ന്റെകൂടെ ചാക്കോച്ചൻ ആണ് എന്നെ കറ്റാനം ആശ്രമത്തിലേക്കു TOC ക്യാംപിനു പറഞ്ഞു വിട്ടത്. ഇതുപോലെതന്നെ തുടർന്നുവന്ന 2 വർഷങ്ങളിലായി നാലു ക്യാംപുകളിൽ ചാക്കോച്ചന്റെ സഹായത്തോടെ പങ്കെടുത്തു.

**ആശ്രമത്തിലെ ആദ്യവർഷം**

1988 ജൂൺ 9–നു അർത്ഥിയായി കോട്ടയം ജനറലേറ്റ് ആശ്രമത്തിൽ ചേർന്ന ഞങ്ങൾ ആദ്യ വർഷം ചെന്നെത്തിയതും തപോവനത്തിൽ ചാക്കോ അച്ചന്റെ അടുത്തുതന്നെ. ഔദ്യോഗികമായി ഗുരു ആത്മാനന്ദച്ചൻ ആയിരുന്നെങ്കിലും ചാക്കോച്ചൻ ആയിരുന്നു ഞങ്ങളുടെ ബാച്ചുകാർക്കു പ്രിയപ്പെട്ടത്. ആർക്കും ഓടിച്ചെല്ലാവുന്ന പുഞ്ചിരി നിറഞ്ഞ മുഖം.... പലപ്പോഴും സ്വന്തം



തീക്ഷ്ണമതിയായ കൊച്ചച്ചൻ

വീട്ടിൽനിന്ന് മാറി നിൽക്കുന്നതിന്റെ വേദനയും പഠിക്കാനുള്ള റെക്ടർ അച്ചന്റെ ശകാരവും ശിക്ഷയും ഒക്കെ കൂടിവരുമ്പോൾ ചാക്കോച്ചൻ ആയിരുന്നു പലർക്കും ആശ്രയം. മുറിയിൽ ചെന്നാൽ ആദ്യം ഒരു മിഠായി തരും. ആ മധുരം കഴിഞ്ഞേ സംസാരം ആരംഭിക്കൂ. 'അന്നമ്മ വട

നക്കി, നാനും നക്കിക്കോട്ടെ' എന്നുള്ള അതിരു ങ്കൽ മുറിഞ്ഞകൽ നിവാസികൾക്ക് സുപരിചിത മായ ചായക്കടയിലെ ഡയലോഗ് ചാക്കോച്ചൻ പറയുമ്പോൾ ഞങ്ങളുടെ ബാച്ചിലും ഈ രണ്ടു സ്ഥലങ്ങളിൽനിന്നും സഹപാഠികൾ ഉണ്ടായിരു ന്നതിനാൽ ചിരിയുടെ മാലപ്പടക്കം പൊട്ടുമായി രുന്നു. ചാക്കോച്ചന്റെ ഇംഗ്ലീഷ് പ്രോസ് ക്ലാസ്സുകൾ ഇന്നും മനഃപാഠമാണ്. ബാക്കി എല്ലാ വിഷയങ്ങളു ടെയും ക്ലാസുകൾ ക്യാൻസൽ ആയാലും ഇംഗ്ലീഷ് പ്രോസിന്റെ പിരിയഡ് മാത്രം ഉണ്ടാ കണേ എന്ന് പ്രാർത്ഥിച്ചു കാത്തിരുന്നകാലം. പ്രീ നോവിസസിന്റെ റെക്ടർ, ആശ്രമത്തിലെ പ്രൊക്യു റേറ്റർ, ഞങ്ങൾ യോഗാർത്ഥികളുടെ ഇംഗ്ലീഷ് ടീച്ചർ തുടങ്ങിയ തന്റെ നാനാവിധമായ ജോലി ത്തിരക്കിനിടയിലും ഞങ്ങളെ മാർഗംകളി കൂടി പഠിപ്പിക്കാനുള്ള ത്യാഗപൂർവ്വമായ ചാക്കോച്ചന്റെ ശ്രമം എന്നും നന്ദിയോടെ ഓർക്കുന്നു. ഉച്ചക്ക് പലവിധ ജോലികഴിഞ്ഞു ഭക്ഷണം പോലും കഴിക്കാതെ ഞങ്ങളെ മാർഗംകളി പഠിപ്പിക്കാൻ ഓടിക്കിതച്ചു വരുമ്പോൾ നിസ്സംഗരായി ഉഴപ്പിയിരി ക്കുന്ന സ്റ്റുഡന്റ്സിനെ കണ്ടു ദേഷ്യവും സങ്കടവും ഒക്കെ വന്ന് ആ മനസ് വിങ്ങിയത് മറക്കുന്ന തെങ്ങനെ? മുറിയിലേക്ക് പോയി അല്പം കഴിഞ്ഞു വീണ്ടും ചോക്കളേറ്റുമായി വന്നു പ്രാക്ടീസ് തരുന്ന സ്നേഹവാനായ ചാക്കോച്ചൻ.

**റോമാവഴി പൂനയിലേക്ക്**

താമസിയാതെ 1989-ൽ ഉപരിപഠനാർത്ഥം റോമിലേക്ക്. പിന്നീട് ചാക്കോച്ചനെ കാണുന്നത് 1994 മാർച്ച് മാസം പൂനാ സെമിനാരിയിൽ ഫിലോ സഫി പഠനത്തിന്റെ അവസാനത്തിലാണ്. ഒരു ദിവസം രാവിലെ പ്രഭാതഭക്ഷണത്തിനിടെ അന്നത്തെ ഞങ്ങളുടെ റെക്ടർ ആയിരുന്ന ബഹു മാനപ്പെട്ട ബെർക്മാൻസ് അച്ചന്റെ ഒരു അനൗൺസ്മെന്റ്: 'I am happy to inform you that you are getting a new Rector. Fr. Chacko Aerath who has just finished his Doctorate in Rome, is appointed as the new Rector of the House.'

റോമിൽനിന്നു അക്ഷരാർത്ഥത്തിൽ നേരെ പൂനയിലേക്ക്. അങ്ങനെ പൂനയിലെ ചാക്കോച്ചൻ യുഗം ആരംഭിക്കുന്നു. നീണ്ട ആറുവർഷങ്ങൾ. ബഥനിയിലെ പുതിയ റെക്ടർ താമസിയാതെ JDV ക്യാമ്പസ്സിലെ നിറസാന്നിധ്യമായി മാറി. JDV യിലെ Pastoral and Moral Theology Department Head എന്ന നിലയിലുള്ള ചാക്കോച്ചന്റെ



പൂനായിലേക്ക് സ്വാഗതം

ഇടപെടലുകൾ Department-ന്റെ അകവും പുറവും അടിമുടി മാറ്റി. ആദ്യമായി പൗരസ്ത്യ സഭാവീക്ഷ ണങ്ങൾ ഉൾകൊള്ളുന്ന കോഴ്സുകൾ ദൈവ ശാസ്ത്ര പാഠ്യപദ്ധതിയുടെ ഭാഗമായിത്തീർന്നു എന്ന് മാത്രമല്ല, JDV Day പോലെയുള്ള പൊതു ആഘോഷങ്ങളിൽ മൂന്നുറീത്തുകളിലും ഉള്ള വിശുദ്ധ കുർബാനകൾ മാറിമാറി അർപ്പിക്ക പ്പെടണം എന്നത് ഒരു പോളിസി ആയി മാറിയത് ഒരു വലിയ മാറ്റത്തിന്റെ ചുവടുവയ്പ്പായിരുന്നു.

പേപ്പൽ സെമിനാരി മലയാളം അക്കാദമി മുൻകൈയെടുത്തു JDVയിൽ എല്ലാ വർഷവും നടത്തിവന്നിരുന്ന മലയാളികളുടെ ഓണാഘോഷ പരിപാടി JDVCMA (JDV Campus Malayali Association) എന്ന പേരിൽ ഒരു പ്രൊഫസർ അനി മേറ്ററുടെ മേൽനോട്ടത്തിൽ സ്വന്തമായ നിയ മാവലിയും കെട്ടുറപ്പും ഉള്ള ഒരു ഔദ്യോഗിക സംഘട നയുടെ ബാനറിലേക്കു പരിവർത്തനം ചെയ്യപ്പെട്ടതിൽ ചാക്കോച്ചന്റെ പങ്കു വളരെ വലു തായിരുന്നു. അതിന്റെ സെക്രട്ടറി എന്ന നിലയിൽ പ്രവർത്തിക്കാൻ എനിക്ക് കിട്ടിയ അവസരം ഈ കാര്യങ്ങൾ കൂടുതൽ വ്യക്തമാക്കിത്തന്നു. അതോടെ ക്യാമ്പസ്സിലെ മറ്റു ഭാഷാഗ്രൂപ്പുകളും അതൊരു മാതൃകയാക്കി JDVയുടെ പേരിലേക്ക് മാറി ഇതേ രീതിയിലുള്ള ഒരു പ്രവർത്തനശൈലി സ്വീകരിച്ചു എന്നത് ആണ് വസ്തുത.

### ക്യാംപസിലെ കേരളമായി മാറിയ ബഥനി

ആർക്കും എപ്പോഴും കടന്നു വരാവുന്ന ക്യാംപസിലെ കേരളമായി മാറി ബഥനി. JDVസ്റ്റുഡന്റ്സിനു മാത്രമല്ല, പൂനയിലെ മലയാളി സമൂഹത്തിനും മത, സാംസ്കാരിക, സഭാവ്യത്യാസങ്ങളില്ലാതെ കടന്നുവരാനും സമയം ചിലവഴിക്കാനും തോന്നത്തക്ക വിധത്തിൽ ഒരു good will ഉണ്ടാക്കിയെടുക്കുവാൻ ചാക്കോച്ചന്റെ നേതൃത്വത്തിൽ ബഥനി ആശ്രമത്തിനു കഴിഞ്ഞു. ആശ്രമത്തിൽ സന്ദർശകരായി ആരു വന്നാലും ഞങ്ങൾ അദ്ധ്വാനിച്ചുണ്ടാക്കിയ പഴങ്ങളും പച്ചക്കറികളുമെല്ലാം പൊതിഞ്ഞു കെട്ടികൊടുത്തുവിടാനും അതൊക്കെ ഒരു ബഥാനിയൻ ജീവിത ശൈലിയുടെ ഭാഗമാണെന്നു മനസ്സിലാക്കാനും ഞങ്ങളെ പഠിപ്പിച്ചത് ഞങ്ങളുടെ ഈ പ്രിയപ്പെട്ട റെക്ടറച്ചനാണ്. മഞ്ഞപ്പിത്ത ചികിത്സ വെറുമൊരു മരുന്നുകൊടുക്കൽ എന്നതിനപ്പുറം മറ്റുള്ളവരിൽ പ്രത്യേകിച്ച്



റെക്ടറച്ചനും ശിഷ്യന്മാരും

തന്നാട്ടുകാരുടെ ജീവിതത്തിലേക്ക് ഇറങ്ങി ച്ചെല്ലാനും അവരുടെ ജീവിതത്തിൽ ബഥനിയുടെ കയ്യൊപ്പു ചാർത്താനും ഉള്ള അവസരമായി കണ്ടു.

### പുതിയ വാതായനങ്ങൾ

Faith Formation, Jail Ministry, തുടങ്ങിയ പുതിയ മേഖലകളി ലേക്ക് ശെമ്മാശന്മാരുടെ വളർച്ചക്കും വ്യക്തിത്വവികസനത്തിനുമായി ഉള്ള പുതിയ വാതായനങ്ങൾ തുറക്കാൻ ചാക്കോച്ചൻ ശ്രദ്ധിച്ചു. BBS ക്യാമ്പുകൾ കൂടാതെ അതോടൊപ്പം നെടുമങ്ങാട്, കുളപ്പട, നിലമ്പൂർ, കൊണ്ടാഴി, കളപ്പാറ, സൗത്ത് കാനറ, കുമളി മേഖലകളിലൊക്കെ ഇടവകകളിൽ താമസിച്ചു, വൈകുന്നേരങ്ങളിൽ വീടുകളിൽ കയറിയിറങ്ങി ആത്മസ്ഥിതി കണക്കെടുത്തു വിശ്വാസ പരിശീലനവും രൂപീകരണവും നടത്താൻ നിയോഗിക്കപ്പെട്ട ഗ്രൂപ്പ് എന്നുള്ള രീതിയിൽ ഈ അവസരം എനിക്ക് വ്യക്തിപരമായിത്തന്നെ വലിയ നിറവിന്റെ അനുഭവം ആയിരുന്നു.

ഒരു മേജർ സെമിനാരി റെക്ടർ എന്ന നിലയിൽ ഉള്ള വ്യക്തി പരമായ സംഭാഷണങ്ങൾ (Personal Conferences) ഇപ്പോഴും മനസ്സു നിറയുന്ന അനുഭവങ്ങൾ ആയിരുന്നു. മറ്റു ഗുരുക്കന്മാരിൽ നിന്നും തികച്ചും വ്യത്യസ്തനായിരുന്നു ചാക്കോച്ചൻ. എന്തിനും 'നന്നായിരിക്കുന്നു, കൊള്ളാം' തുടങ്ങിയ വാക്കുകളിലൂടെ ഉള്ളുതുറന്ന് അഭിനന്ദിക്കാൻ മടികാട്ടാത്ത ചുരുക്കം ചില അധികാരികളിൽ ഒരാളായിരുന്നു, റെക്ടർ എന്ന നിലയിലും പ്രൊവിൻഷ്യൽ എന്ന നിലയിലും മെത്രാൻ എന്ന നിലയിലും ഈ മനുഷ്യസ്നേഹി എനിക്ക്.

### ഭരണ നേതൃത്വത്തിലേക്ക്

ബഥനിയിൽ 2000 മെയ് മാസത്തിൽ രണ്ടു പ്രൊവിൻസുകൾ രൂപീകൃതമായതിനുശേഷം ജൂണിൽ നടന്ന സിനാക്സിസിൽ ചാക്കോച്ചൻ നവജ്യോതി പ്രൊവിൻസിന്റെ പ്രഥമ സാരഥിയായി തിരഞ്ഞെടുക്കപ്പെട്ടു. പൂനയിൽ നിന്ന് നാട്ടിലേക്ക് തിരിക്കുമ്പോൾ വാസുദേവൻനായർ എന്ന ഞങ്ങളുടെ ചേട്ടൻ ചാക്കോച്ചനെ 'വല്യ ആളാകും' എന്ന് പറഞ്ഞു നെറ്റിയിൽ കുറി തൊട്ട് അനുഗ്രഹിച്ചു വിടുന്നത് മനസ്സിൽ മായാതെ നില്പുണ്ട്. പൂനാ ബഥനി ആശ്രമത്തിനും JDVക്യാമ്പസ്സിനും ഈ പുഞ്ചിരി തൂകുന്ന മുഖം നഷ്ടമാകുന്നു എന്ന് വേദനയോടെ ഞങ്ങൾ അന്ന്




JDV യിൽ നിന്നും അനുമോദനങ്ങളും യാത്രാ മംഗളങ്ങളും



സഫലമായി തീർന്ന അനുഗ്രഹം

തിരിച്ചറിഞ്ഞു. എങ്കിലും അത് സഭയുടെയും സമൂഹത്തിന്റെയും ഉപരി നന്മക്കു വേണ്ടിയാണല്ലോ എന്ന് ആശ്വസിച്ചു. മാത്രമല്ല, ഞാൻ അംഗമായിരിക്കുന്ന പ്രൊവിൻസിന്റെ ഭരണകർത്താവ് എന്ന നിലയിൽ വ്യക്തിപരമായി അതൊരു നഷ്ടമല്ലല്ലോ എന്ന ഒരു സ്വകാര്യ അഹങ്കാരവും തോന്നി എന്ന് പറയാതെ വയ്യ.

**പ്രൊവിൻഷ്യൽ സുപ്പീരിയർ ആയി ആറു വർഷം ....**

ഒരു ഭരണകർത്താവെന്ന നിലയിലുള്ള നേട്ടങ്ങളൊന്നും ഇവിടെ നിരത്തുന്നില്ല. എല്ലാത്തിനെപ്പറ്റിയും ഓരോരുത്തർക്കും വ്യത്യസ്തമായ വിലയിരുത്തലുകൾ ഉണ്ടല്ലോ? ഒന്ന് മാത്രം പറയാം. എന്തും സ്വതന്ത്രമായി പറയാനും പ്രകടിപ്പിക്കാനുമുള്ള സ്വാതന്ത്ര്യം എല്ലാവർക്കും ഉണ്ടായിരുന്നു. പ്രൊവിൻഷ്യൽ ആശ്രമത്തിലേക്കു ചെല്ലാൻ ആരും മടികാണിച്ചിരുന്നില്ല. വ്യക്തിപരമായി ഒരിക്കൽപോലും ഒരു അധികാരി എന്ന നിലയിൽ ദേഷ്യപ്പെട്ടു സംസാരിച്ചിട്ടില്ല. ആരുടേയും മനസ് മുറിവേല്പിച്ചിട്ടില്ല. അതിന് ഇടയുണ്ടായിട്ടില്ല എന്നാണ് എന്റെ അനുഭവം.



പുതിയ റെക്ടർ റവ. ഡോ. ആന്റണി വലിയവിളയിൽ ഒ.ഐ.സി. അച്ചന്റെ നിയമന കല്പന വായിക്കുന്നു

പുതിയകാര്യങ്ങൾ ആലോചിക്കാനും ചെയ്യാനും എന്നും പ്രചോദനമായിരുന്നു ചാക്കോച്ചൻ. 'കൊള്ളാം... നന്നായിരിക്കുന്നു...' എന്ന് പറയുന്നത് മനസ്സിൽ നിന്ന് തന്നെ ആയിരുന്നു. അതിലുപരി ഒരു ജ്യേഷ്ഠസഹോദരന്റെ കരുതലും പ്രോത്സാഹനവും ആയിരുന്നു. മലങ്കര ദൈവശാസ്ത്രത്തിലേക്കുള്ള ആഭിമുഖ്യവും അത് രൂപപ്പെടുത്തുന്നതിൽ സ്വീകരിക്കേണ്ട മെതഡോളജിയും എന്റെ മനസ്സിൽ തിരിയായി തെളിച്ചത് ബെർക്മാൻസ് അച്ചൻ കഴിഞ്ഞാൽ പിന്നെ ചാക്കോച്ചനിലെ പ്രൊഫസർ ആയിരുന്നു. 'You just start writing whatever comes into your mind when you recite this prayer and sing those hymns in the liturgy. We will correct and organise it afterwards.' ഇതായിരുന്നു എനിക്ക് കിട്ടിയ മാർഗനിർദേശം. അങ്ങനെ ഞാൻ എഴുതിത്തുടങ്ങി.

വൈദികപട്ടത്തിനുശേഷം ആദ്യത്തെ നിയമന ഉത്തരവ് കയ്യിൽ തന്നു വൊക്കേഷൻ പ്രൊമോട്ടർ, പ്രൊക്യൂറേറ്റർ, അസിസ്റ്റന്റ് റെക്ടർ എന്നീ ചുമതലകൾ നൽകി എന്നെ ബത്തേരി ബഥനി ആശ്രമത്തിലേക്കു പറഞ്ഞു വിടുമ്പോൾ ആ കണ്ണുകളിൽ തിളങ്ങുന്ന പ്രതീക്ഷയും ഒരു ജ്യേഷ്ഠനടുത്ത കരുതലും ഞാൻ കണ്ടറിഞ്ഞു.

**മേൽപ്പട്ടശുശ്രൂഷയിലേക്ക്**


'ചാക്കോച്ചൻ ഉടനെ ബിഷപ്പ് ആകുമോ' എന്ന JDV സഹപാഠികളുടെ ചോദ്യം ബഥനിക്കാരായ ഞങ്ങളുടെ അഭിമാനബോധം തെല്ലൊന്നുമല്ല ഉയർത്തിയത്. എന്നാൽ പിന്നീട് അവരുടെ ചോദ്യം യാഥാർഥ്യമാകാൻ ഒരു ദശാബ്ദത്തിലധികം വേണ്ടി വന്നു എന്നത് ചരിത്രവും ദൈവികപദ്ധതിയും.

പ്രൊവിൻഷ്യൽ സ്ഥാനം ഒഴിഞ്ഞു നോവിസ്മാസ്റ്റർ ആയിട്ടുള്ള നിയമനം... അതിനുശേഷം "ചാക്കോച്ചൻ മെത്രാനാകുന്നു" എന്ന ദീർഘനാൾ കേൾക്കാൻ കാത്തിരുന്ന വാർത്ത... ഇതൊക്കെ സന്തോഷംകൊണ്ട് ഹൃദയം നിറഞ്ഞ അവസരങ്ങൾ ആയിരുന്നു. അതിന്റെ പൂർത്തീകരണമായിരുന്നു ഡൽഹിയിൽവച്ച് നടന്ന സ്ഥാനാരോഹണത്തിൽ നവാഭിഷിക്തനെ എടുത്തുയർത്തി 'ഓക്സിയോസ്' ചൊല്ലാൻ എനിക്ക് കൈവന്ന ഭാഗ്യം.

**വെങ്ങോലയും ചാക്കോച്ചനും എന്റെ കുടുംബവും**

വിവാദങ്ങളിലേക്കൊന്നും കടക്കുന്നില്ല. ബഥനി നവജ്യോതി പ്രൊവിൻസിന്റെ മൈനർ സെമിനാരി വെങ്ങോലയിൽ ആരംഭിച്ചത് പ്രൊവിൻഷ്യൽ അച്ചന്റെ കൂടെക്കൂടെയുള്ള സന്ദർശനത്തിന് കാരണമായി. അതോടൊപ്പം അവിടെയുള്ള എന്റെ കുടുംബവും മറ്റ് ഇടവക അംഗങ്ങളുമായി കൂടുതൽ അടുത്ത് ഇടപഴകാനുള്ള അവസരമായി. ദൈവവിളി ക്യാമ്പിനുള്ള ക്ഷണക്കത്തുമായി വീട്ടിൽവന്ന കാലം മുതൽ എന്റെ കുടുംബത്തെ വ്യക്തിപരമായി അറിയാമായിരുന്ന ചാക്കോച്ചൻ കുടുംബാംഗങ്ങളുമായി വളരെ നല്ല ഒരു ആത്മബന്ധം സൂക്ഷിച്ചിരുന്നു. മേജർ സെമിനാരി റെക്ടർ എന്ന നിലയിൽ തന്റെ സ്റ്റുഡന്റ്സിന്റെ കുടുംബസാഹചര്യങ്ങളുടെ കെട്ടുറപ്പ് അദ്ദേഹത്തിന്റെ മുൻഗണന ആയിരുന്നു. ബഥനി സമൂഹത്തിലെ മറ്റ് അംഗങ്ങളുടെ സഹകരണത്തോടെ, അതും ആ സെമിനാരി വിദ്യാർത്ഥിപോലും അറിയാതെ, അത്തരം കാര്യങ്ങൾ ക്രമീകരിക്കാൻ അദ്ദേഹം കാണിച്ച കരുതലാണ് ഇന്ന് എന്നേപ്പോലെ തന്നെ പലരുടെയും കുടുംബങ്ങളെ താങ്ങിനിർത്തുന്നത്.

ഈ വ്യക്തിപരമായ ബന്ധമായിരിക്കാം ഒരുപക്ഷെ എന്റെ അപ്പച്ചൻ രോഗഗ്രസ്തനായി മരണാസന്ന നിലയിൽ കിടക്കുമ്പോൾ ‘ചാക്കോ പിതാവിനെ എനിക്കൊന്നു കാണണം’ എന്ന് എന്നോട് ആവശ്യപ്പെട്ടത്. അപ്പച്ചന്റെ ഈ അവസാന ആഗ്രഹം നിറവേറ്റിക്കൊടുക്കാൻ ഞാൻ ഒരുപാട് ശ്രമിച്ചു. രോഗവിവരങ്ങൾ തിരക്കുന്നതിനിടയിൽ പലപ്രാവശ്യം ഇക്കാര്യം പിതാവിനെ അറിയിച്ചെങ്കിലും ഡൽഹിയിലുള്ള തന്റെ ഔദ്യോഗിക തിരക്കുകൾമൂലം നാട്ടിലെത്താൻ കഴിഞ്ഞില്ല. എന്നാൽ അസാധാരണമായ ഒരു ടെലിപ്പതി (Telepathy) ആണ് പിന്നീട് നടന്നത്. 2007 ഡിസംബർ 31-ന് ഉച്ചകഴിഞ്ഞു 3 മണിക്ക് അന്ത്യശ്വാസം വലിക്കുന്ന അപ്പച്ചന്റെ ചുറ്റും ഞങ്ങൾ നിൽകുമ്പോൾ എന്റെ മൊബൈൽ ഫോണടിച്ചു. അങ്ങേ തലക്കൽ ബർണബാസ് പിതാവാണ്. ‘ഞാൻ ഇപ്പോൾ മുവാറ്റുപുഴ കഴിഞ്ഞു. അരമണിക്കൂറിനുള്ളിൽ അവിടെ എത്തും. അപ്പച്ചനെ കാണണം.’ ഞാൻ പറഞ്ഞ മറുപടി അങ്ങേ തലക്കൽ എത്തിയില്ല എന്ന് പിന്നീടാണ് മനസിലായത്. പെട്ടെന്ന് ഫോൺ കട്ടായി. അരമണിക്കൂർ കഴിഞ്ഞ് എന്റെ വീട്ടിലെ


ബഥനി പബ്ലിക്കേഷന്റെ പുതിയ പുസ്തകം
**‘സഭാപിതാക്കന്മാർ’**

ഗ്രന്ഥകർത്താവ്
**ഫാ. സിൽവെസ്റ്റർ കാഞ്ഞിരമുകളിൽ ഒ.ഐ.സി.**

പേജ്: 160, വില : 150/-

ത്തിയ അഭിവന്ദ്യ പിതാവ് മരിച്ചു കിടക്കുന്ന അപ്പച്ചന്റെ മുൻപിൽ വിങ്ങിപ്പൊട്ടി. വലിയൊരു ഇച്ഛാഭംഗം ആ മുഖത്തു നിഴലിച്ചു. അപ്പച്ചൻ അന്ത്യശ്വാസം വലിക്കുന്ന കൃത്യസമയത്താണ് പിതാവിന് എന്നെ വിളിക്കാൻ തോന്നിയത് എന്ന സത്യം ഒരു വലിയവ്യക്തിബന്ധത്തിന്റെ സാക്ഷ്യപ്പെടുത്തലായിരുന്നു. പിറ്റേവർഷം എന്റെ അനിയൻ ബിനുവിന്റെ വിവാഹം ആശീർവദിക്കാൻ പിതാവ് ഡൽഹിയിൽ നിന്ന് വന്നത് ഈ ആത്മബന്ധത്തിന്റെ ഒരു കടം വീട്ടൽ കൂടെ ആയിരുന്നു.

**ബാംഗ്ലൂർ, ഓസ്ട്രിയ, റാന്നി-നീരേറ്റുകാവ്**

പിന്നീട് 2010 ൽ ബാംഗ്ലൂരിൽ സിംഗസാന്ദ്ര ഇടവകയുടെ സഹവികാരി ആയി അഭിവന്ദ്യപിതാവിന്റെ അജപാലന മേൽ നോട്ടത്തിൽ ശുശ്രൂഷ ചെയ്തു വരവേ ആണ് ഹൊങ്ങസാന്ദ്ര (Hongasandra) കേന്ദ്രീകരിച്ചു ഒരു പുതിയ മലങ്കര കൂട്ടായ്മ തുടങ്ങാൻ ആഗ്രഹിച്ചതും അക്കാര്യം പിതാവിനെ അറിയിച്ചതും. അകമഴിഞ്ഞ പിന്തുണ നൽകിയ അഭിവന്ദ്യ പിതാവ് നേരിട്ട് വന്നു വിശുദ്ധ കുർബാന അർപ്പിച്ചു യൂണിറ്റിന് തുടക്കം കുറിച്ചു.

യൂറോപ്പിലേക്ക് ഉപരിപഠനത്തിനും അജപാലനശുശ്രൂഷക്കുമായി 2012 ജനുവരിയിൽ യാത്രയായപ്പോൾ അതിനുമുൻപുള്ള വിസാ നടപടികൾക്കായി ഡൽഹിയിലുള്ള ഓസ്ട്രിയൻ എംബസ്സിയിൽ പോകേണ്ടതായി വന്നു. പിതാവിനെ വിളിച്ചുകാര്യം പറഞ്ഞു. 'ഒന്നും പേടിക്കണ്ട. ധൈര്യമായി പോരുക.' അതായിരുന്നു പിതാവിന്റെ മറുപടി. രേഖകൾ ശരിയാക്കാനും വിസക്ക് ഉള്ള അപേക്ഷകൾ നൽകാനും ഒക്കെ ഏകദേശം ഒരാഴ്ച പിതാവിന്റെ കൂടെ തന്നെ താമസിപ്പിച്ചു. ബാബു അങ്കിളിനെ വിളിച്ചു "അച്ചനുവേണ്ട എല്ലാ സഹായങ്ങളും ചെയ്തു കൊടുക്കണം" എന്ന് പറഞ്ഞു ഏല്പിച്ചു. രേഖകൾ എല്ലാം ശെരിയായി, വിസയും കൈപ്പറ്റി തിരികെ പോരാൻ നേരം പിതാവ് പറഞ്ഞ വാക്കുകൾ ഇന്നും മനസിലുണ്ട്. 'പഠനത്തിന്റെ കാര്യത്തിലും ഒന്നും പ്രത്യേകിച്ച് പ്ലാൻ ചെയ്ത് അത് നടപ്പാക്കാൻ ശാഠ്യം പിടിക്കുകയോ ആകുലപ്പെടുകയോ വേണ്ട. നമ്മുടെ പ്ലാനുകൾ അല്ല ദൈവത്തിന്റെ പദ്ധതികളും ഇഷ്ടവും ആണ് നടക്കേണ്ടത് എന്ന് മനസിലാക്കി അതിനുള്ള തുറവി കാണിക്കുക.' അതോടൊപ്പം തന്നെ പഠനത്തെപ്പറ്റിയും വിദേശവാസത്തെപ്പറ്റിയുമൊക്കെ ഉള്ള തന്റെ അനുഭവങ്ങളും പാഠങ്ങളും പങ്കുവെക്കാനും ഒരു വഴികാട്ടി എന്ന നിലയിൽ വേണ്ട ഉപദേശങ്ങൾ തരാനും പിതാവ് മറന്നില്ല.

വിദേശത്തായിരുന്ന കഴിഞ്ഞ 9 വർഷങ്ങൾക്കിടയിൽ വിളിയും സ്നേഹാന്വേഷണവും ഒക്കെ ഉണ്ടായിരുന്നു. അവസാനം കഴിഞ്ഞ ഡിസംബറിൽ എന്റെ ഡോക്ടറൽ ഡിഫെൻസിന്റെ സമയത്തു ടെലിഫോണിൽ വിളിച്ചു വളരെനേരം സംസാരിച്ചു. കൊറോണ സാഹചര്യത്തെപ്പറ്റി, ധാരാളം കാര്യങ്ങൾ ചെയ്യാനുണ്ട്, എന്നൊക്കെ.... പിതാവ് 'പ്രചോദന', എന്ന പ്രസ്ഥാനം വഴി ചെയ്യുന്ന സേവനങ്ങളെ കൂടുതൽ ശക്തമാക്കണം എന്ന് ആവശ്യപ്പെട്ടു. പതിവില്ലാതെ വളരെ സരളമായി കാര്യങ്ങൾ സംസാരിച്ചു.

**അവസാന കൂടിക്കാഴ്ച... യാത്രപറച്ചിൽ**

തന്റെ വത്സലപിതാവിന്റെ മൃതസംസ്കാരത്തിനു റാന്നി-നീരേറ്റുകാവ് ഏറത്തു വീട്ടിൽ ചെന്നപ്പോഴാണ് പിതാവിനെ അവസാനമായി നേരിൽ കാണുന്നത്. സ്വന്തം അപ്പന്റെ വിയോഗ ദുഃഖത്തിനിടയിലും ഡോക്ടറേറ്റ് കഴിഞ്ഞുവന്ന എന്നെ അഭിനന്ദിക്കാൻ പിതാവ് മറന്നില്ല. യാത്ര പറഞ്ഞിറങ്ങുമ്പോൾ പിതാവ്പറഞ്ഞു: 'പിന്നെ കാണണം. സംസാരിക്കണം'... പക്ഷെ... എന്തൊക്കെയോ പറയാൻ ബാക്കിവച്ച് പിതാവ് യാത്രയായി എന്നോർക്കുമ്പോൾ... പിതാവിന് സുഖമില്ലെന്ന വാർത്ത കേട്ടനാൾ മുതൽ എന്റെ കുടുംബം മുഴുവനും പ്രാർത്ഥിക്കുകയായിരുന്നു. എല്ലാവർക്കും ഒരു വിങ്ങലായിരുന്നു ആ വിയോഗ വാർത്ത.

'പിന്നെ കാണാം... കാണണം' എന്ന വാഗ്ദാനം... അതിന് ഇനി എത്രനാൾ ബാക്കി വച്ചിട്ടാണ് പിതാവ് ദൈവസന്നിധിയിലേക്കു യാത്രയായത്... 'ഭാഗ്യവാനായ പിതാവേ, സമാധാനത്തോടെ പോവുക. സന്തോഷകരമായ മണവറയിൽ ഇനി അങ്ങയെ ഞങ്ങൾ കാണുമാറാകട്ടെ...'

# 'ഓർമ്മയിൽ ഒരു നൊമ്പരം' - രണ്ടാം ഭാഗം

ഫാ. ബനഡിക്ട് കണിയാന്റയ്യത്ത് ഒ.ഐ.സി.



'ഓർമ്മയിൽ ഒരു നൊമ്പരം' എന്ന തലക്കെട്ടോടുകൂടി ഞാൻ ആദ്യം എഴുതിയ കഥ എന്റെ സ്വന്തം സഹോദരന്റെ വേർപാട് എന്നിൽ ഉളവാക്കിയ നൊമ്പരങ്ങളായിരുന്നു. എന്നാൾ ഇപ്പോൾ സ്വന്തം സഹോദരനെപ്പോലെ സുഖദുഃഖങ്ങളിൽ കൂടെ നിൽക്കുകയും ജീവിതത്തിന് പുതിയ അർത്ഥതലങ്ങളും മേച്ചിൽപ്പുറങ്ങളും കണ്ടെത്തുവാൻ എന്നെ പഠിപ്പിക്കുകയും ചെയ്ത ഒരു സഹോദരന്റെ അകാലത്തിൽ ഉണ്ടായ വേർപാടിന്റെ നൊമ്പരങ്ങളുടെ ഓർമ്മപ്പെടുത്തലാണ് 'ഓർമ്മയിൽ ഒരു നൊമ്പരം' രണ്ടാം ഭാഗം.

നമ്മുടെ എല്ലാവരുടേയും പ്രിയങ്കരനായ 'ചാക്കോച്ചൻ'- ബർണബാസ് പിതാവുമൊത്തുള്ള എന്റെ അനുഭവങ്ങൾ എഴുതുവാൻ തുടങ്ങിയപ്പോൾ മനസ്സിലേക്ക് ആദ്യം ഓടിയെത്തിയത് വിശുദ്ധ യോഹന്നാൻ എഴുതിയ ഒന്നാം ലേഖനം, ഒന്നാം അദ്ധ്യായം, ഒന്നാം വാക്യമാണ്. "ഞങ്ങൾ കേട്ടതും സ്വന്തം കണ്ണു കൊണ്ട് കണ്ടതും, സൂക്ഷിച്ച് വീക്ഷിച്ചതും, കൈ കൊണ്ട് സ്പർശിച്ചതുമായ ജീവന്റെ വചനത്തേപ്പറ്റി ഞങ്ങൾ അറിയിക്കുന്നു." അതെ, ഇതൊരു കഥയല്ല; പിന്നെയോ ഭാഗ്യസ്മരണാർഹനും മനുഷ്യസ്നേഹിയുമായ ബർണബാസ് തിരുമേനിയും ഞാനും തമ്മിലുള്ള ആത്മബന്ധത്തിൽ കണ്ടതും കേട്ടതും അനുഭവിച്ചറിഞ്ഞതുമായ പച്ചയായ ജീവിത യാഥാർത്ഥ്യങ്ങളുടെ ഒരു സമന്വയമാണ്.

**മനുഷ്യസ്നേഹിയായ 'ചാക്കോച്ചൻ' -ബർണബാസ് തിരുമേനി-**
**'എന്റെ അനുഭവങ്ങളിൽ'**

വേർപാട് എപ്പോഴും വേദനാജനകമാണ്. എന്നെ സംബന്ധിച്ചിടത്തോളം അഭിവന്ദ്യ ബർണബാസ് പിതാവിന്റെ അകാല വേർപാട് ഉണ്ടാക്കിയ നഷ്ടം ഒരു ജ്യേഷ്ഠ സഹോദരന്റെ, ഒരു ആത്മമിത്രത്തിന്റെ, ഒരു ആത്മീയ പിതാവിന്റെ, എല്ലാറ്റിനും ഉപരി ഒരു യഥാർത്ഥ മനുഷ്യസ്നേഹിയുടെ നഷ്ടമാണ്. എനിക്കു മാത്രമല്ല; പിതാവുമായി ഒരിക്കലെങ്കിലും പരിചയപ്പെട്ടിട്ടുള്ള ആർക്കും ഇതു തന്നെയാകും പറയാനുണ്ടാവുക. ഊഷ്മള സൗഹൃദത്തിന്റെ പ്രതീകമായിരുന്ന പിതാവ് സ്നേഹബന്ധങ്ങളുടെ നൂതനമായ പാതകൾ കെട്ടിപ്പടുക്കുവാൻ എപ്പോഴും ശ്രമിച്ചിരുന്നു. മാത്രമല്ല അതു നിലനിർത്തുവാനും ഊട്ടി ഉറപ്പിക്കുവാനും വളരെയധികം ശ്രമിച്ചിരുന്നു. വിദ്വേഷമില്ലാത്ത, വൈരുദ്ധ്യമില്ലാത്ത, സ്വാർത്ഥതയില്ലാത്ത, സ്നേഹത്തിന്റെ പ്രഭയിൽ പ്രോജ്ജ്വലിക്കുന്ന മഹനീയ വ്യക്തിത്വത്തിന് ഉടമയായിരുന്നു അഭിവന്ദ്യ ബർണബാസ് തിരുമേനി.

ഞാനും പിതാവും തമ്മിൽ പരിചയപ്പെടുന്നത് 1999-ൽ പൂനെ രാമവാടി ബഥനി ആശ്രമത്തിൽ വെച്ചാണ്. അവിടെ ഞങ്ങളുടെ റെക്ടർ ആയിരുന്നു തിരുമേനി. അന്നു തുടങ്ങിയ ഞങ്ങളുടെ സ്നേഹസൗഹൃദം 2021 ഏപ്രിൽ നമ്മുടെ കർത്താവിന്റെ ഉത്ഥാന തിരുനാൾ ആശംസകൾ പങ്കു വയ്ക്കുന്നതു വരെ നീണ്ടു നിന്നിരുന്നു. തുടർന്ന് അഭിവന്ദ്യ പിതാവ് കോവിഡ് രോഗബാധിതനാവുകയും ഹോസ്പിറ്റലിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്തു. ഇക്കാലത്തിനിടയിൽ തന്നെ റെക്ടർ, പ്രൊവിൻഷ്യൽ സുപ്പീരിയർ, രൂപതാ

അദ്ധ്യക്ഷൻ എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചപ്പോളെല്ലാം പിതാവിനൊപ്പം ഒരു നിഴലായ് നിൽക്കുവാൻ കഴിഞ്ഞു എന്നതാണ് എന്റെ ജീവിതത്തിലെ ഏറ്റവും വലിയ ഭാഗ്യം. അതുവരെ എനിക്ക് ജീവിതത്തിൽ നേരിടേണ്ടി വന്ന മധുരാനുഭവങ്ങളും തിക്താനുഭവങ്ങളും പങ്കു വെച്ചപ്പോൾ അന്നു പിതാവ് നൽകിയ സ്നേഹവും കരുതലും ഒരു മയിൽപ്പീലിത്തണ്ടു പോലെ ഹൃദയത്തിൽ ഇപ്പോഴും ഞാൻ സൂക്ഷിക്കുന്നു.

2000 നവംബർ 27, എന്റെ ജീവിതത്തിൽ കരിനിഴൽ വീഴ്ത്തിക്കൊണ്ട് കടന്നു വന്ന ഒരു സായംസന്ധ്യ. ഹൃദയത്തെ കീറിമുറിച്ച ഒരു മഹാദുരന്തത്തിന്റെ ഓർമ്മപ്പെടുത്തൽ ആയിരുന്നു അത്. ഈ ലോകം വിട്ട് അനന്തതയിലേക്ക് കടന്നു പോകുന്ന എന്റെ സ്വന്തം ജ്യേഷ്ഠസഹോദരന്റെ ആത്മാവിന്റെ വിങ്ങൽ സമ്മാനിച്ച നൊമ്പരമായിരുന്നു അത്. വിങ്ങിപ്പൊട്ടുന്ന അമ്മയേയും സഹോദരിയേയും, വേർപാടിന്റെ വിരഹദുഃഖമനുഭവിക്കുന്ന ജ്യേഷ്ഠത്തിയേയും നോക്കി പകച്ചു നിന്നപ്പോൾ ജീവിത പ്രതിസന്ധികളെ അതിജീവിക്കുവാൻ എന്നെ പ്രാപ്തനാക്കിയ, എപ്പോഴും നിഴലുപോലെ കൂടെ നിന്ന് തലോടിയ മനുഷ്യസ്നേഹിയായ 'ചാക്കോച്ചനെ' എങ്ങനെ എനിക്ക് മറക്കാൻ കഴിയും? മറ്റുള്ളവരുടെ വേദനകളിൽ പങ്കുചേരുകയും, അത് സ്വന്തം വേദനയായി ഏറ്റെടുക്കുകയും, പ്രതിസന്ധി ഘട്ടങ്ങളിൽ ഓടിയെത്തുകയും, ആശ്വസിപ്പിക്കുകയും, ധൈര്യപ്പെടുത്തുകയും ചെയ്യുന്ന വിശാല മനസ്സിന് ഉടമയായിരുന്നു ഞാൻ അനുഭവിച്ചറിഞ്ഞ 'ചാക്കോച്ചൻ'. ജ്യേഷ്ഠന്റെ വേർപാടിലൂടെ അനാഥമായ എന്റെ കുടുംബത്തിന് അഭിവന്ദ്യ പിതാവിന്റെ സന്ദർശനങ്ങളും ഫോൺവിളികളും എപ്പോഴും ആശ്വാസമായിരുന്നു. ഇവയെല്ലാംതന്നെ, നമ്മുടെ കർത്താവിന്റെ വാക്കുകൾ തന്റെ ജീവിതത്തിലൂടെ അന്വർത്ഥമാക്കുകയായിരുന്നു അദ്ദേഹം എന്നതിന് ഉത്തമ ദൃഷ്ടാന്തമാണ്: ''സത്യം സത്യമായി ഞാൻ നിങ്ങളോട് പറയുന്നു; എന്റെ ഏറ്റവും എളിയ ഈ സഹോദരൻമാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തു കൊടുത്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തു തന്നത്" (മത്തായി 25/40).

വേർപാടിന്റെ വേദനയിൽ ജീവിതവഴിത്താരയിൽ പകച്ചു നിന്നപ്പോൾ ആശ്വസമായി എന്നിലേക്ക് കടന്നു വന്ന പ്രിയപ്പെട്ട 'ചാക്കോച്ചൻ' ഈശോയ്ക്ക് ആശ്വാസമരുളിയ 'ബഥനി' എന്ന ഭവനത്തിന്റെ ആശ്വാസം തന്നെയായിരുന്നു.

### കണ്ടറിഞ്ഞ കേട്ടറിഞ്ഞ 'ചാക്കോച്ചൻ'– ബർണബാസ് തിരുമേനി

### (A MAN OF DIFFERENCE)

In his book, "YOU CAN WIN" the great motivational speaker Shiv Khera States, "Winners, they don't do different things. They do things differently.

എല്ലാവരിൽ നിന്നും തികച്ചും വേറിട്ട ഒരു വ്യക്തിത്വത്തിന് ഉടമയായിരുന്നു **(A MAN OF DIFFERENCE)** അഭിവന്ദ്യ ബർണബാസ് തിരുമേനി. പേര് അന്വർത്ഥമാക്കുന്നതു പോലെ 'ആശ്വാസത്തിന്റെ മകനായി' (Son of Consolation/Encouragement) മറ്റുള്ളവരുടെ ആവശ്യങ്ങളിൽ സ്നേഹമായി, കാരുണ്യമായി, കരുതലായി, ആശ്വാസമായി ഓടിയെത്തുന്ന മനുഷ്യസ്നേഹിയായ ശ്രേഷ്ഠവ്യക്തിത്വം. ഒരിക്കൽ ഞാനും 'ചാക്കോച്ചനും' കൂടി ആലുവയിൽ നിന്നും അങ്കമാലിയിലേക്ക് കാറിൽ വരുംവഴി ഞങ്ങൾക്കു മുന്നിൽ ഉണ്ടായിരുന്ന ഒരു വാഹനം അപകടത്തിൽപ്പെട്ടു. ഉടൻ തന്നെ വാഹനം നിർത്തി ചാടിയിറങ്ങി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുകയും മുറിവേറ്റു പിടയുന്ന മനുഷ്യരെ സ്വന്തം വാഹനത്തിൽ കയറ്റി അങ്കമാലി ഹോസ്പിറ്റലിൽ എത്തിക്കുകയും പ്രാഥമിക ചികിത്സ ഉറപ്പു വരുത്തി മടങ്ങുകയും ചെയ്ത ഒരു നല്ല 'ശമരിയാക്കാരന്റെ' ചിത്രം ഇപ്പോഴും മനസ്സിൽ മായാതെ നിൽക്കുന്നു. രോഗം ഭേദമായി ആശുപത്രി വിട്ടപ്പോൾ തങ്ങളുടെ ജീവൻ രക്ഷിച്ച ആ നല്ല ശമരിയാക്കാരനെ തേടി അവർ ദേശം ആശ്രമത്തിൽ വരികയും നന്ദി അറിയിക്കുകയും ചെയ്ത സന്ദർഭം മറക്കാൻ പറ്റില്ല.

തന്റെ മുൻപിൽ നിൽക്കുന്ന ജനത്തെ ക്കണ്ട് അനുകമ്പ തോന്നി അഞ്ചപ്പം കൊണ്ട്

അയ്യായിരം പേരെ തൃപ്തനാക്കിയ സുവിശേഷത്തിലെ യേശുവിനേപ്പോലെ 'എന്റെ മക്കൾ തെരുവിൽ വിശന്നിരിക്കുമ്പോൾ എനിക്ക് എങ്ങനെ ഉറങ്ങാൻ സാധിക്കും' എന്നു പറഞ്ഞുകൊണ്ട് ഭാരതത്തിന്റെ തലസ്ഥാന നഗരമായ ഡൽഹിയിലെ തെരുവോരങ്ങളിൽ വിശക്കുന്നവർക്ക് അപ്പമായിത്തീർന്ന ശ്രേഷ്ഠ ആചാര്യൻ ബർണബാസ് തിരുമേനി എന്തുകൊണ്ടും വ്യത്യസ്തനാണ്. തന്റെ ഭവനത്തിലുള്ളവർക്ക് കൃത്യസമയത്ത് ഭക്ഷണം കൊടുക്കുവാൻ യജമാനൻ നിയോഗിച്ച വിശ്വസ്തനും വിവേകിയുമായ ഭൃത്യനായിരുന്നു തിരുമേനി.

ബർണബാസ് തിരുമേനിയെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തനാക്കുന്ന മറ്റൊരു പ്രത്യേകത അദ്ദേഹത്തിന്റെ പ്രേഷിത തീക്ഷ്ണത ആണ്. "മറ്റു പട്ടണങ്ങളിലും ഞാൻ ദൈവരാജ്യത്തിന്റെ സുവേശേഷം പ്രസംഗിക്കേണ്ടിയിരിക്കുന്നു. അതിനു വേണ്ടിയാണ് ഞാൻ അയയ്ക്കപ്പെട്ടിരിക്കുന്നത്" (ലൂക്കാ:4/43) എന്നരുളി ചെയ്ത യേശുവിനേപ്പോലെ സുവിശേഷകയായ മലങ്കര കത്തോലിക്കാ സഭ എന്ന ദർശനം തന്റെ നെഞ്ചിലേറ്റുകയും, അത് വാക്കിലൂടെയും പ്രവൃത്തിയിലൂടെയും ജീവിതത്തിലൂടെയും കാണിച്ചു തരികയും ചെയ്ത പിതാവ് യഥാർത്ഥത്തിൽ തീക്ഷ്ണമതിയായ പ്രേഷിതനായും (A Zealous Missionary) സുവിശേഷത്തിന്റെ തീപ്പന്തമായും (The Fire of the Gospel) നമ്മുടെ മുന്നിൽ പ്രകാശിക്കുന്നു.

'സന്ന്യാസി ഒരു യാഗപശുവാണ്' എന്ന് പഠിപ്പിച്ച ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കാലടികളെ പിൻതുടർന്നു കൊണ്ടും, തന്റെ സഹോദരനു വേണ്ടി ജീവൻ ബലികഴിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല എന്ന് സ്വന്തം ജീവിതം കൊണ്ട് കാണിച്ചു തന്ന യേശുവിന്റെ സുവിശേഷ മൂല്യങ്ങളെ ഉൾക്കൊണ്ടു കൊണ്ടും, താൻ ബലിയാകുവാനും, ബലിയേകുവാനും വിളിക്കപ്പെട്ടവനാണ് എന്ന ഉത്തമ ബോദ്ധ്യത്തോടു കൂടി സ്വന്തം ജനത്തിനു വേണ്ടി തന്റെ ജീവൻ ഒരു ബലിയായി സമർപ്പിച്ച സന്യാസിവര്യനായ ശ്രേഷ്ഠ ആചാര്യനായിരുന്നു അഭിവന്ദ്യ ബർണബാസ് തിരുമേനി.

വ്യക്തിപരമായി ഞാൻ കണ്ടും കേട്ടും അനുഭവിച്ചും അറിഞ്ഞ ചുരുക്കം ചില കാര്യങ്ങൾ മാത്രമാണ് ഞാൻ ഇവിടെ കുറിക്കാൻ ശ്രമിച്ചത്. 'ചാക്കോച്ചൻ' എന്ന ബർണബാസ് പിതാവുമായുള്ള വ്യക്തിപരമായ സ്നേഹബന്ധത്തിൽ ഉണ്ടായ ഇതിലേറെ അനുഭവങ്ങൾ നിങ്ങൾ ഓരോരുത്തർക്കും പങ്കുവയ്ക്കാൻ ഉണ്ടാകുമെന്ന് എനിക്കറിയാം. അഭിവന്ദ്യ പിതാവ് അകാലത്തിൽ നമ്മിൽ നിന്ന് വേർപെട്ട് പോയെങ്കിലും ആ മഹാനുഭാവന്റെ ജീവിത ദർശനങ്ങൾ എന്നും നമുക്ക് മാതൃകയാക്കാം. സി.പി.വർക്കിയുടെ 'മനുഷ്യനാകൂ വിശുദ്ധനാകൂ' എന്ന് പുസ്തകത്തിൽ പ്രതിപാദിക്കുന്നതു പോലെ ഒരു വ്യക്തി വിശുദ്ധനായിത്തീരണമെങ്കിൽ അടിസ്ഥാനപരമായി ആ വ്യക്തി എല്ലാ അർത്ഥത്തിലും ഒരു യഥാർത്ഥ മനുഷ്യനായിത്തീരണം. അഭിവന്ദ്യ ബർണബാസ് തിരുമേനി ഒരു യഥാർത്ഥ 'മനുഷ്യസ്നേഹി'യായിരുന്നു. അതുതന്നെ അദ്ദേഹത്തിന് വിശുദ്ധിയിലേക്കുള്ള ഒരു ചവിട്ടു പടിയായിത്തീരട്ടേ! എന്ന് നമുക്ക് പ്രാർത്ഥിക്കാം.

പിതാവിന്റെ വേർപാട് ഹൃദയത്തെ നൊമ്പരപ്പെടുത്തുന്ന ഒരോർമ്മയായി നിലനിൽക്കുമ്പോഴും അവയൊക്കെ ജീവിത യാഥാർത്ഥ്യമായി അംഗീകരിക്കുമ്പോൾ എല്ലാം ഒരു സ്വപ്നമായി ത്തോന്നുന്നു. അങ്ങകലെ ഏഴ് ആകാശങ്ങൾക്കു മീതേ സ്വർണ്ണച്ചിറകുള്ള മാലാഖമാരോടൊത്ത് പിതാവിന്റെ ആത്മാവ് സന്തോഷിക്കുമാറാകട്ടെ! എന്ന് നമുക്ക് പ്രാർത്ഥിക്കാം. അതോടൊപ്പം സ്വർഗ്ഗീയമായ യരുശലേമിൽ നമുക്ക് വേണ്ടി മാദ്ധ്യസ്ഥം യാചിക്കുവാൻ ഒരു വിശുദ്ധൻ കൂടി ജനിച്ചിരിക്കുന്നു എന്ന പ്രത്യാശയിൽ നമുക്ക് ജീവിക്കാം.

***

# സുവിശേഷത്തിന്റെ ഫലം പുറപ്പെടുവിച്ച ശ്രേഷ്ഠാചാര്യൻ



ഫാ. ആന്റണി കല്ലിൽ ഒ.ഐ.സി

മലങ്കര കത്തോലിക്കാസഭയുടെ പ്രഥമ അസംബ്ലിയിൽ സുവിശേഷകയായ മലങ്കര കത്തോലിക്കാസഭ എന്ന ആപ്തവാക്യവുമായി നടന്ന കൂട്ടായ്മയിൽ 'സുവിശേഷസംഘം' എന്ന ഒരു ആത്മീക പ്രസ്ഥാനത്തിന് രൂപം നൽകി. ധാരാളം ആളുകളുടെ പ്രാർത്ഥനയുടെയും, വിചിന്തനത്തിന്റെയും ഫലമായി സുനഹദോസിൽ വന്ന ഒരു തീരുമാനമായിരുന്നു സുവിശേഷ സംഘം. സുനഹദോസ് തീരുമാനപ്രകാരം അഭി.ജേക്കബ് മാർ ബർണ്ണബാസ് തിരുമേനി ചെയർമാനായി നിയമിതനായി. അദ്ദേഹത്തെ സഹായിക്കാനായി ബഹു.ആന്റണി കാക്കനാട്ട് അച്ചൻ എക്സിക്യൂട്ടീവ് സെക്രട്ടറിയായി ചുമതല ഏൽക്കുകയും ചെയ്തു. "നിങ്ങൾ ലോകമെങ്ങും പോയി സകലജനത്തോടും എന്റെ സുവിശേഷം പ്രഘോഷിക്കുവിൻ" എന്ന ക്രിസ്തുനാഥന്റെ വാക്യത്തിൽ ഉറച്ചുനിന്നുകൊണ്ട് സുവിശേഷ സംഘത്തിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു.

**പിതാവിന്റെ കാഴ്ചപ്പാട്**

2012-ൽ 28 പേരെ ഉൾപ്പെടുത്തിക്കൊണ്ട് ആദ്യബാച്ച് ആരംഭിക്കുമ്പോൾ എങ്ങനെ ഇത് മുന്നോട്ടു കൊണ്ടു പോകണം എന്ന ശരിയായ ഒരു ധാരണ ഉണ്ടായിരുന്നില്ല. അഭി.ബർണ്ണബാസ് പിതാവിന്റെ മുമ്പിൽ നിരവധി അഭിപ്രായങ്ങൾ, നിർദ്ദേശങ്ങൾ പലരും സമർപ്പിച്ചു. എന്നാൽ അതിൽ ഒന്നും അദ്ദേഹത്തിന് പൂർണ്ണമായ യോജിപ്പ് ഉണ്ടായിരുന്നില്ല. കരിസ്മാറ്റിക്ക് മോഡലിൽ ധ്യാനം, ധ്യാനകേന്ദ്രം, വചനപ്രഘോഷണം ലോകമെങ്ങുംപോയി സുവിശേഷം പ്രസംഗിക്കുക തുടങ്ങിയ അഭിപ്രായങ്ങൾ പലരും നിർദ്ദേശിച്ചു. എന്നാൽ പിതാവ് തന്റെ പ്രാർത്ഥനയിലൂടെ, അനേകരുടെ പ്രാർത്ഥനയിലൂടെ, ധ്യാനത്തിലൂടെ, ഉപവാസത്തിലൂടെ ഒരു തീരുമാനത്തിലെത്തി സുവിശേഷസംഘം എന്നത് പ്രഘോഷിക്കുക, പ്രസംഗിക്കുക, ധ്യാനിപ്പിക്കുക എന്നതിനെക്കാളധികമായി ജീവിക്കുക എന്നുള്ളതാണ്. അഭി.പിതാവ് ഇപ്രകാരം ഞങ്ങളെ ഓർമ്മിപ്പിച്ചു. ഒന്നിച്ച് പ്രാർത്ഥിക്കുക, വി.ബൈബിൾ ധ്യാനിക്കുക, ഉപവസിക്കുക, നോമ്പ് അനുഷ്ഠിക്കുക അങ്ങനെ ഒരു വിശുദ്ധ ജീവിതം അഭ്യസിക്കുക. സന്ന്യാസത്തിൽ അധിഷ്ഠിതമായ ഒരു ജീവിതം, അതായത് മാർ ഈവാനിയോസ് പിതാവ് നമുക്ക് നൽകിയ ഒരു ജീവിതശൈലി. മലങ്കരസഭയുടെ ആദ്ധ്യാത്മിക ജീവിതം അതിന്റെ തനിമയിൽ ജീവിക്കുക എന്നുള്ളതായിരുന്നു പിതാവിന്റെ തീരുമാനത്തിന്റെ അടിസ്ഥാനം.

**സുവിശേഷസംഘം ഒരു വെല്ലുവിളി**

സുവിശേഷസംഘത്തിൽ അംഗമാകുന്ന ഒരു വ്യക്തി വലിയ വെല്ലുവിളി സ്വീകരിക്കണം. വി.പൗലോസിന്റെ വാക്കുകളിൽ പറഞ്ഞാൽ "എനിക്ക് ജീവിതം ക്രിസ്തുവും മരണം നേട്ടവുമാകുന്നു." ഇപ്രകാരം ജീവിതത്തെ മുന്നോട്ടു നയിക്കുക എന്നുള്ളതാണ് ഓരോ സുവിശേഷ സംഘാംഗത്തിന്റെയും ഉത്തരവാദിത്വം. അഭി. പിതാവ് തന്റെ ജീവിതത്തിലൂടെ വെളിപ്പെടുത്തിയ ഒരു പ്രധാനകാര്യം പ്രവൃത്തി കൂടാതെയുള്ള വിശ്വാസം നിർജ്ജീവമാണ് എന്നതായിരുന്നു. "കർത്താവേ... കർത്താവേ... എന്ന് വിളിക്കുന്നവനല്ല എനിക്ക് യോഗ്യൻ. മറിച്ച്, എനിക്ക് വിശന്നപ്പോൾ ഭക്ഷണം നൽകിയവൻ... ദാഹിച്ചപ്പോൾ കുടിക്കാൻ തന്നവൻ... വസ്ത്രം ഇല്ലാതിരുന്നപ്പോൾ എന്നെ ഉടുപ്പിച്ചവൻ... ഇപ്രകാരം ക്രിസ്തുവിന്റെ വചനത്തിന് സാക്ഷിയായവൻ എനിക്ക് യോഗ്യൻ." ഈ വചനം സുവിശേഷ

സംഘത്തിന്റെ അടിസ്ഥാന പ്രമാണം ആകുന്നു. ഇത് തന്റെ ജീവിതത്തിലൂടെ നമ്മുക്ക് കാണിച്ചതന്ന മനുഷ്യസ്നേഹിയായിരുന്നു ബർണ്ണബാസ് പിതാവ്. ഡൽഹി എന്ന തലസ്ഥാന നഗരിയിൽ എന്ത് സുവിശേഷം നൽകുന്നു എന്ന് ചിന്തിച്ച പിതാവിന്റെ മനസ്സിൽ ദൈവം കൊടുത്ത വലിയ ഒരു ശുശ്രൂഷ ആയിരുന്നു ഡൽഹിയിലെ ചേരിപ്രദേശങ്ങളിൽ ഇറങ്ങി അവിടെയുള്ളവർക്ക് ഭക്ഷണം, വസ്ത്രം എന്നിവ നൽകുക. സുവിശേഷസംഘത്തിന്റെ ആദ്ധ്യാത്മികത അദ്ദേഹത്തെ അതിന് പ്രാപ്തനാക്കി. സുവിശേഷ സംഘത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾ 5 എണ്ണം ആകുന്നു.

1. മലങ്കര സഭയുടെ യാമപ്രാർത്ഥനയിൽ അധിഷ്ഠിതമായ ആദ്ധ്യാത്മികത.
2. നോമ്പ്, വർജ്ജന, ഉപവാസം എന്നിവയിൽ അടിസ്ഥാനമാക്കിയ ജീവിതം.
3. വി.ലിഖിതത്തിലൂടെയുള്ള ജീവിതം അഥവാ ദൈവവചനത്തിലൂടെ ദൈവിക പദ്ധതികൾ തിരിച്ചറിയുക.
4. കൗദാശിക ജീവിതത്തിലൂടെയുള്ള വളർച്ച ഉദാ: നിരന്തരമായ കുമ്പസാരാനുഭവം, ദിവ്യകാരുണ്യസ്വീകരണം.
5. സ്വയം വിശുദ്ധീകരണവും, സാക്ഷ്യ ജീവിതവും

ഏറ്റവും അടിസ്ഥാനപ്രമാണമായിട്ട് സുവിശേഷസംഘം മുന്നോട്ടു വച്ചത് സ്വയം വിശുദ്ധീകരണവും, സാക്ഷ്യജീവിതവുമാണ്. യഥാർത്ഥത്തിൽ ബർണ്ണബാസ് പിതാവ് അഞ്ചാമത്തെ അടിസ്ഥാനപ്രമാണം തന്റെ ജീവിതത്തിൽ മിനിസ്ട്രിയുടെ കേന്ദ്രമാക്കി മാറ്റി. അദ്ദേഹത്തിന്റെ ജീവിതത്തിലുടനീളം സാക്ഷ്യജീവിതം നയിക്കുവാൻ പരിശ്രമിച്ചു. മലങ്കര കത്തോലിക്കാ സഭയിലെ നാനാതുറകളിലുള്ള വിശ്വാസ സമൂഹത്തിന് ഏറെ അത്ഭുതം തോന്നിച്ച അനുഭവങ്ങൾ ആയിരുന്നു പിതാവിന്റെ തെരുവിലെ ശുശ്രൂഷ. കുട്ടികളോടൊപ്പം പാടുവാൻ, നൃത്തം ചെയ്യുവാൻ തന്റെ മനസ്സിനെ രൂപപ്പെടുത്തുവാൻ etc. സുവിശേഷം പ്രസംഗിക്കുന്ന തലത്തിൽ മാത്രം ജീവിതം ചുരുക്കി നിർത്തിയില്ല. മറിച്ച് സുവിശേഷ സംഘത്തിന്റെ അടിസ്ഥാന പ്രമാണമായ സാക്ഷ്യ ജീവിതത്തിന് ഊന്നൽ നൽകി. അതുകൊണ്ട് ഭാരതം മുഴുവൻ ജീവിക്കുന്ന അനുഭവമായി അദ്ദേഹം മാറി. സമൂഹത്തിലെ ഉന്നതരായ വ്യക്തികളുടെ അഭിപ്രായം അതിന് സാക്ഷ്യം നൽകുന്നു.

**മിഷൻ ആദ്ധ്യാത്മികത**


"നിങ്ങൾ ലോകമെങ്ങും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ." ക്രിസ്തുവിന്റെ മനോഹരമായ ഉപദേശം അഭിവന്ദ്യ പിതാവ് ഏറ്റെടുത്തു. സുവിശേഷ സംഘത്തിന്റെ ഒരു പ്രധാന കടമയാണ് ക്രിസ്തുവിനെ അറിയാത്ത നാട്ടിൽ യേശുവിനെ കൊടുക്കുക എന്നുള്ളത്. ഭാരതത്തിന്റെ മാനസാന്തരം ബഥനി സമൂഹ സ്ഥാപകന്റെ ഒരു സ്വപ്നം ആയിരുന്നു. അയതിനാൽ ബഥനി പുത്രനായ അഭിവന്ദ്യ ബർണ്ണബാസ് പിതാവ് സമൂഹ സ്ഥാപകന്റെ, മലങ്കരസഭയുടെ ശില്പിയായ മാർ ഈവാനിയോസ് പിതാവിന്റെ സ്വപ്നം യാഥാർത്ഥ്യമാക്കുവാൻ വേണ്ടി പരിശ്രമിച്ചു. ഇന്നത്തെ ഭാരത രാജ്യത്തിന്റെ സ്ഥിതി വളരെ സങ്കീർണ്ണമാണ്. ഇതര സഭകൾ പലതും സുവിശേഷശുശ്രൂഷകൾ നിർത്തിവച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ സുവിശേഷസംഘത്തിന്റെ നേതാവിന് വെറുതെ ഇരിക്കാൻ കഴിയില്ല. വടക്കേ ഇന്ത്യയുടെ വിവിധസ്ഥലങ്ങളിൽ സുവിശേഷത്തിന്റെ ദീപ്തി പരത്തുവാൻ അദ്ദേഹം നേരിട്ടിറങ്ങി വിമർശനങ്ങൾ ഉണ്ടായപ്പോഴും തീക്ഷ്ണതയോടെ ദൈവവചനം ജീവിച്ച് ജനത്തിന് നൽകുവാൻ തയ്യാറായി. പിതാവ് ആഗ്രഹിച്ച പല മിഷൻ പ്രദേശങ്ങളിലേക്കും വൈദികർ, സന്ന്യാസികൾ, സന്ന്യാസിനികൾ, വിശ്വാസികൾ എന്നിങ്ങനെ ഒഴുകിയെത്തി. പ്രതികൂലസാഹചര്യങ്ങൾ ഉണ്ടെങ്കിലും സുവിശേഷസംഘം വഴിയായി അതിശക്തമായ മിഷൻ പ്രവർത്തനങ്ങൾ നടക്കുകയുണ്ടായി. ബഹു.ആന്റണി കാക്കനാട്ട് അച്ചൻ, സൈമൺ ഇലവുങ്കൽ അച്ചൻ തുടങ്ങിയ വൈദികർ, സിസ്റ്റേഴ്സ്, പാസ്റ്റർമാർ തുടങ്ങിയവർ തീക്ഷ്ണതയോടെ മിഷൻപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ഒറീസ്സ എന്ന സ്ഥലത്ത് ബഹു.ആന്റണി കാക്കനാട്ട് അച്ചനും, ഞാനും ചേർന്ന് 60-ൽ അധികം ആളുകൾക്ക് മാമ്മോദീസ നൽകി. കൂടാതെ പിതാവിന്റെ നിർദ്ദേശപ്രകാരം

വിജാതീയരായ ആളുകൾക്ക് വിശ്വാസ പരിശീലനം സാദ്ധ്യമാക്കി. അയോദ്ധ്യ ശ്രീരാമന്റെ ജന്മസ്ഥലം എന്ന് വിശ്വസിക്കുന്ന സ്ഥലത്ത് ഒരു മലങ്കരകത്തോലിക്കാ പള്ളി രൂപപ്പെടുത്തുവാൻ സുവിശേഷ സംഘത്തിന്റെ പരിശ്രമഫലമായി സാദ്ധ്യമായി എന്നുള്ളത് ഏവർക്കും പ്രചോദനം നൽകുന്നതാണ്.

**മനുഷ്യസ്നേഹി**


അഭിവന്ദ്യ പിതാവിനൊപ്പം ആദ്യബാച്ചിൽ ഫോർമേഷനിൽ പങ്കു ചേരുവാൻ എനിക്ക് സാധിച്ചു. കൂടാതെ മൂന്നരവർഷക്കാലം സഭാതല സുവിശേഷസംഘത്തിന്റെ അസി.എക്സിക്യൂട്ടീവ് സെക്രട്ടറിയായി സേവനം ചെയ്യാൻ സാധിച്ചു എന്നതിൽ ഞാനഭിമാനിക്കുന്നു. ഈ കാലഘട്ടത്തിൽ പിതാവിൽ ഒരു വലിയ മനുഷ്യസ്നേഹിയെ കണ്ടെത്തുവാൻ സാധിച്ചു. ഏതൊരുവന്റെയും നന്മ കണ്ടെത്തുവാനും ആ നന്മ സ്വീകരിക്കുവാനും പിതാവിന് സാധിച്ചിരുന്നു. അഭിവന്ദ്യ പിതാവിന്റെ ശിഷ്യന്മാർ ധാരാളം പേർ ബഥനി ആശ്രമത്തിൽ ഉണ്ട്. ഏതൊരു റെക്ടറിനാണ് തന്റെ ശിഷ്യന്റെ റിപ്പോർട്ട് (സന്ന്യാസ വൈദിക പരിശീലനം) എടുത്തുകാണിച്ച് അവനെ സ്നേഹിക്കാൻ കഴിയുന്നത്. അങ്ങനെ ചെയ്ത ഒരു ശിഷ്യനും നഷ്ടപ്പെട്ടുപോവുകയില്ല. യേശു തന്റെ അന്ത്യ അത്താഴ സമയത്ത് തന്നെ ചുംബനംകൊണ്ട് ഒറ്റിക്കൊടുത്ത യൂദാസിന് പോലും അപ്പം മുറിച്ചുകൊടുത്തു. പാദം കഴുകി തുടച്ചു. ക്രിസ്തുവിന്റെ സ്നേഹത്തിന്റെയും ചങ്കുറപ്പിന്റെയും മാതൃക പിതാവ് തന്റെ പൗരോഹിത്യ സന്ന്യാസജീവിതത്തിലും കാണിച്ചു. മാത്രമല്ല, സുവിശേഷ സംഘത്തിൽ അംഗമായി തീർന്ന എല്ലാവരെയും സ്നേഹിച്ചിരുന്ന ഒരു വ്യക്തിത്വം ആയിരുന്നു അദ്ദേഹം.

കോവിഡ് എന്ന മഹാമാരിയുടെ നടുവിലും അദ്ദേഹം ജനങ്ങളുടെ ഇടയിലേക്ക് ഇറങ്ങി. ഇവിടെയും അദ്ദേഹം യേശുവിന്റെ വചനത്തെ മുറുകെ പിടിച്ചു. സ്നേഹിതനുവേണ്ടി ജീവൻ ബലി കഴിക്കുന്നതിനേക്കാൾ വലിയ സ്നേഹം ഇല്ല. സ്നേഹത്തെക്കുറിച്ച് പ്രസംഗിക്കുന്നവരേ..., കേൾക്കുക... തെരുവിലെ പാവങ്ങൾക്കുവേണ്ടി ഉരുകി തീർന്ന ഒരു ശ്രേഷ്ഠാചാര്യന്റെ ജീവിതം നിസ്സാരമായിരുന്നോ? ബഥാന്യരായ നമ്മുക്ക് ചിന്തിക്കാം... യേശുവിന്റെ കുരിശിലെ ബലി അനേകർക്ക് രക്ഷയായി തീർന്നെങ്കിൽ വന്ദ്യനായ പിതാവിന്റെ ഈ ജീവിതം അനേകർക്ക് വിശ്വാസവും സ്നേഹവും പ്രതീക്ഷയും നൽകി. ശ്രേഷ്ഠാചാര്യാ, സമാധാനത്തോടെ പോവുക... പറുദീസായുടെ അവകാശിയായി സ്നേഹത്തിൽ മുന്നോട്ട് പോവുക...



# എളിമയുടേയും കരുതലിന്റേയും ഗുരുനാഥൻ

ഫാ. മാത്യൂസ് സി. അഗസ്റ്റിൻ കാവുങ്കൽ ഒ.ഐ.സി



കോവിഡ് മഹാമാരി ലോകത്തെ ഗ്രസി ച്ചതു വഴിയായി നാനാവിധത്തിലുള്ള ആഘാതം നാം അനുഭവിക്കുകയാണ്. ഈ വലിയ ദുരന്ത ത്തിന്റെ ഭീതിയിൽനിന്ന് ലോകം ഇനിയും മുക്തമായിട്ടില്ല. തങ്ങളുടെ പ്രിയപ്പെട്ടവരുടെ വേർപാട് ദൂരെ നിന്ന് നിസ്സഹായരായി നോക്കി നിൽക്കാൻ മാത്രം നാം വിധിക്കപ്പെട്ടിരിക്കുന്നു.

കോവിഡ് മൂലമുള്ള അഭിവന്ദ്യ ബർണ ബാസ് പിതാവിന്റെ ദേഹവിയോഗം മലങ്കര സഭയേയും പിതാവുമായി ബന്ധമുള്ള സകല രേയും വേദനിപ്പിക്കുകയും അത് നിസ്സഹായത യോടുകൂടി അംഗീകരിക്കുകയും ചെയ്യേണ്ടി വരുന്നു. വിശ്വാസികളായ നമുക്ക് ഓരോരു ത്തർക്കും വി.പൗലോസിന്റെ വാക്കുകൾ പ്രത്യാശയും ആശ്വാസവും നൽകട്ടെ.

വന്ദ്യപിതാവ് വിശ്വസ്തനും വിവേകിയു മായ കാര്യസ്ഥനായിരുന്നു. തനിക്ക് ലഭിച്ചത് സർവ്വപ്രധാനമായി കരുതി മറ്റുള്ളവർക്ക് ഏൽ പ്പിച്ചുകൊടുത്തു. വന്ദ്യപിതാവിനെക്കുറിച്ച് ഓർക്കുമ്പോൾ വിവിധ തലങ്ങളിൽ എന്റെ സന്ന്യാസ വൈദിക പരിശീലനത്തിൽ ഗണ്യമായ സ്വാധീനം ചെലുത്തിയത് നന്ദിയോടെ സ്മരി ക്കുന്നു. റെക്ടർ, ഗുരുനാഥൻ, ബി.വി.പി. ഡയറ ക്ടർ, ജെ.ഡി.വി. പ്രൊഫസ്സർ, പ്രൊവിൻഷ്യൽ, ശ്രേഷ്ഠാചാര്യൻ എന്നീ നിലകളിൽ എന്നിൽ സ്വാധീനം ചെലുത്തുന്നതിൽ വന്ദ്യ തിരുമേനി യുടെ സംഭാവന നിസ്തുലമാണ്.

വ്യക്തിബന്ധം കാത്തുസൂക്ഷിക്കുന്നതിൽ പിതാവിനുള്ള പ്രത്യേക കഴിവ് ആത്മബന്ധം വളർത്തുന്നതിന് സഹായിച്ചിട്ടുണ്ട്. പിതാവിന്റെ കരുതൽ ഓരോരുത്തരും അനുഭവിച്ചിട്ടുള്ളതാണ്. ആയതിനാൽ വൈദിക ശുശ്രൂഷയിൽ തന്റെ കൂട്ടു വേലക്കാരനായിരിക്കുമ്പോൾ ത്യാഗത്തോടെ ദൈവജനത്തിനായി അഹോരാത്രം ശുശ്രൂഷ ചെയ്യാനും മലങ്കര സഭയെ ബാഹ്യകേരളത്തിൽ കെട്ടിപ്പടുക്കാനും ഒരുമയോടെ പ്രവർത്തിക്കാൻ കഴിഞ്ഞു.

ലോകത്തിന്റെ നാനാഭാഗങ്ങളിലായിരി ക്കുന്ന തന്റെ ശിഷ്യർ വന്ദ്യപിതാവിന്റെ രോഗാ വസ്ഥ അറിഞ്ഞപ്പോൾ ഏറെ സങ്കടത്തോടെ സഭയോടൊപ്പം ദൈവതിരുമുമ്പാകെ സൗഖ്യത്തി നായി യാചിക്കുകയും വന്ദ്യപിതാവിന്റെ വേർ പാടിനെ സമചിത്തതയോടും വിശ്വാസത്തോടും കാണാൻ പരിശ്രമിക്കുകയും ചെയ്തു. താൻ അനു ഭവിച്ച വേദന, തന്റേയും സഭയുടേയും വിശുദ്ധീ കരണത്തിനായി പിതാവ് കാഴ്ച വച്ചിരിക്കണം. ഈ നാളുകളിൽ വന്ദ്യപിതാവിനെക്കുറിച്ച് ധാരാളം കാണാനും കേൾക്കാനും ഇടയായപ്പോൾ എന്റെ മനസ്സിലും ചില ഓർമ്മകൾ നിഴലിക്കുന്നു.

പൂനാ ബഥനി ആശ്രമത്തിലെ പഠന കാലത്ത് തുടക്കക്കാരായി ചേരുന്ന അംഗങ്ങൾക്ക് പറ്റുന്ന അമളികളെ ദൂരെ നിന്ന് നോക്കി ഊറിച്ചിരി ക്കുന്ന റെക്ടർ അച്ചൻ ബി.ബി.എസ്.ന്റെ തുടക്ക ക്കാരിൽ ഒരാൾ എന്ന നിലയിൽ വൈദിക വിദ്യാർ ത്ഥികൾക്ക് മാതൃകയും പ്രചോദനവുമായിരുന്നു. ഗുരുനാഥൻ, റെക്ടർ എന്ന നിലയിൽ ബി.ബി.എസ്. പരിശീലനപരിപാടിയിൽ വിവിധങ്ങ ളായ പദ്ധതികളെ സൂക്ഷ്മതയോടെ വീക്ഷിച്ച് അഭിപ്രായങ്ങൾ പറഞ്ഞ് തിരുത്തി അജപാലന ത്തിന്റേയും വിശ്വാസജീവിതക്രമങ്ങളുടേയും ആദ്യപാഠങ്ങൾ ലളിതമായി പരിശീലിപ്പിച്ചിരുന്നു റെക്ടർ അച്ചൻ. കൊച്ചുകുട്ടികൾക്കിടയിൽ അവരിൽ ഒരാളാകാൻ സ്വയം അത് കാണിച്ചുതന്ന് മാതൃകയാക്കി വളരാൻ പഠിപ്പിച്ച ഗുരുനാഥൻ...

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനോടു പ്രത്യേക ആദരവും മാദ്ധ്യസ്ഥവും തേടിയിരുന്ന വന്ദ്യപിതാവ് ഞങ്ങളുടെ ഫിലോ സഫി പഠനകാലത്തുതന്നെ മാർ ഈവാനിയോസ് പിതാവിനെക്കുറിച്ച് കൂടുതൽ അറിയുന്നതിനും പഠിക്കുന്നതിനും അവ പങ്കുവയ്ക്കുന്നതിനും ഞങ്ങളെ പ്രേരിപ്പിക്കുകയും അതിനായി പ്രത്യേക പരിപാടികൾ തയ്യാറാക്കി നടപ്പിലാക്കുകയും ചെയ്തു. പിതാവിന്റെ ഓർമ്മപ്പെരുന്നാളിനോടനു

ബന്ധിച്ചുള്ള ഒരുക്കമായി ജൂലൈ 1 മുതൽ 14 വരെ വന്ദ്യപിതാവിന്റെ വിവിധ ദർശനങ്ങളെ ധ്യാനിക്കുന്നതിനും പഠിക്കുന്നതിനും ഉതകുന്ന വിധത്തിൽ കർമ്മപരിപാടികൾ ആവിഷ്കരിച്ചിരുന്നു. ഇതുവഴിയായി ഈവാനിയൻ ഭക്തിയും മാദ്ധ്യസ്ഥവും വളർത്താൻ സഹായിച്ചു.

റെക്ടർ അച്ചൻ ഓരോ യാത്ര കഴിഞ്ഞു വരുമ്പോഴും തന്റെ അനുഭവങ്ങൾ ശെമ്മാശന്മാരുമായി പങ്കുവയ്ക്കുന്നതിനും ചെറിയ സമ്മാനങ്ങൾ നൽകുന്നതിനും കാണിച്ചിട്ടുള്ള താല്പര്യം കരുതലിന്റെയും സ്നേഹത്തിന്റെയും അടയാളമായിരുന്നു. ഒരു വലിയ കുടുംബത്തിലെ മൂത്തപുത്രൻ എന്ന നിലയിൽ സ്വഭവനത്തിൽ നിന്നു ലഭിച്ച അനുഭവം ഞങ്ങൾക്കും പങ്കുവച്ചുതരുന്നതിൽ പിതാവ് ശ്രദ്ധിച്ചിരുന്നു.

പൂന ബഥനി ആശ്രമത്തിൽ കടന്നുവരുന്ന ഓരോരുത്തർക്കും വന്ദ്യപിതാവിന്റെ ഈ കരുതലും സ്നേഹവും അനുഭവിക്കാൻ കഴിഞ്ഞിട്ടുണ്ട്. പാവങ്ങളോടുള്ള പിതാവിന്റെ സ്നേഹവായ്പ്പ് എപ്പോഴും പ്രകടമായിരുന്നു. ബഥനി സോഷ്യൽ സർവ്വീസ് (BSS) എന്ന നിലയിൽ കൂടുതൽ കാര്യക്ഷമമായും സംഘടിതമായും ഈ ശുശ്രൂഷ ചെയ്യാൻ ഞങ്ങൾക്ക് സാധിച്ചത് പിതാവിന്റെ പ്രത്യേക താല്പര്യപ്രകാരമായിരുന്നു.

ഒരിക്കൽ ഡൽഹിയിൽ യൽദാ പെരുന്നാൾ ശുശ്രൂഷ കഴിഞ്ഞു വന്നിട്ടുള്ള പങ്കുവയ്ക്കലിൽ 'നമ്മൾ നേരത്തെ ഡൽഹിയിൽ എത്തേണ്ടതായിരുന്നു' എന്ന പ്രൊവിൻഷ്യൽ അച്ചന്റെ പരാമർശം തന്റെ മിഷൻ തീക്ഷ്ണതയുടെ നൊമ്പരമായി മാറി. അതിനുള്ള പ്രത്യുത്തരമായി പിൽക്കാലത്ത് വടക്കേ ഇന്ത്യയിൽ ഉടനീളം ശുശ്രൂഷ ചെയ്യുന്നതിന് കാരുണ്യവാനായ ദൈവം പിതാവിന് സംഗതിയാക്കി.

പ്രൊവിൻഷ്യൽ അച്ചൻ എന്ന നിലയിൽ സമൂഹത്തിലെ മുതിർന്ന അംഗങ്ങളോടുള്ള പ്രത്യേകമായ കരുതൽ 'വലിയ മത്തായി' അച്ചന്റെ ദേഹവിയോഗസമയത്ത് ഒരു കുഞ്ഞിനെപ്പോലെ പൊട്ടിക്കരഞ്ഞ പ്രൊവിൻഷ്യൽ അച്ചൻ... ഭക്ഷണക്രമത്തിൽ യാതൊരു പ്രത്യേകതയും കാണിക്കാതെ എല്ലാവരേയും പോലെ ഭക്ഷണത്തിനുശേഷം 'ക്യൂ' നിന്ന് പാത്രങ്ങൾ കഴുകുകയും തീൻമേശയിൽ ഏതെങ്കിലും 'വലിയ' പാത്രങ്ങൾ ഉണ്ടെങ്കിൽ എടുത്ത് കഴുകുകയും ചെയ്യുന്ന റെക്ടർ അച്ചൻ...

പഠനത്തിൽ ഒന്നാമനാകാൻ പരിശ്രമിക്കണം എന്ന നിർദ്ദേശത്തോടൊപ്പം, പഠനത്തിൽ പിന്നിൽ നിൽക്കുന്ന കൂടെയുള്ള സഹോദരങ്ങളെ സഹായിക്കുന്നതിൽ സമയം കണ്ടെത്തണമെന്ന് എപ്പോഴും നിഷ്കർഷിച്ചിരുന്ന ഗുരുനാഥൻ... TEAM - Together Everybody Attain More എന്ന സിദ്ധാന്തം പ്രാവർത്തികമാക്കാൻ പ്രേരിപ്പിച്ചിരുന്ന റെക്ടർ അച്ചൻ... രോഗം വരുമ്പോൾ കൂടെയിരുന്ന് ആശ്വസിപ്പിച്ച് ശുശ്രൂഷിച്ചിരുന്ന ജ്യേഷ്ഠ സഹോദരൻ... ലാളിത്യം, മിതത്വം, ശുചിത്വം ഇവയ്ക്ക് വളരെയേറെ പ്രാധാന്യം വ്യക്തി ജീവിതത്തിലും സമൂഹത്തിലും പങ്കുവച്ചിരുന്ന ഗുരുനാഥൻ...

യുവജനങ്ങളുടെ വ്യക്തിജീവിതത്തിൽ വിശ്വാസപുണ്യം രൂഢമൂലമാക്കാൻ Moral Theologian എന്ന നിലയിൽ അവർക്ക് മാർഗ്ഗനിർദ്ദേശം നൽകിയിരുന്ന സ്നേഹനിധിയായ വൈദികൻ... ജെ.ഡി.വി.യിലെ മുഴുവൻ വിദ്യാർത്ഥികൾക്കും Campus Rectors' എന്ന നിലയിൽ മാർഗ്ഗനിർദ്ദേശം നൽകിയ ഗുരുനാഥൻ....

പൂനാ ആശ്രമത്തിലെ House Competition സമയത്ത് റെക്ടർ അച്ചനും ഒരു ടീമിന്റെ അംഗമായി ചേർന്നുകൊണ്ട് അതിന്റെ വിജയത്തിനായി പരിശ്രമിച്ചിരുന്ന അനുഭവം... ശെമ്മാശന്മാരുടെ പോരായ്മകളെ സൂക്ഷ്മമായി വീക്ഷിക്കുകയും തിരുത്താൻ കർശനമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്ന കണിശക്കാരനായ റെക്ടർ... കൂട്ടജീവിതക്രമത്തിൽ കൂടെയുള്ളവരുടെ അഭിപ്രായങ്ങളെ വിലമതിക്കുകയും അവയ്ക്ക് പ്രാധാന്യം നൽകാൻ ശ്രദ്ധിക്കുകയും ചെയ്തിരുന്ന ആശ്രമശ്രേഷ്ഠൻ...

ഓരോരുത്തരുടേയും ആത്മീയവും ഭൗതികവുമായ വളർച്ച ആഗ്രഹിക്കുകയും തന്നാലാവുന്ന വിധത്തിൽ എപ്പോഴും സഹായിക്കാൻ തല്പരനുമായിരുന്ന റെക്ടർ അച്ചൻ... എന്റെ സഹോദരിയുടേയും സഹോദരി ഭർത്താവിന്റേയും ആകസ്മികമായ വേർപാടിൽ എന്നെ ഹൃദയത്തോട് ചേർത്ത് ആശ്വസിപ്പിച്ച വത്സല താതൻ. പിതാവിന്റെ കൂടെയിരുന്ന് കണ്ടുപഠിക്കാനും വളരാനും തന്റെ ശുശ്രൂഷയിൽ കൂട്ടുവേലക്കാരനായിരിക്കാനും കഴിഞ്ഞതിൽ ദൈവത്തിനു നന്ദി പറയുന്നു...

വന്ദ്യപിതാവിന്റെ പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

***

# സുവിശേഷത്തിന്റെ ബഥാന്യൻ പരിമളം: അഭിവന്ദ്യ ബർണബാസ് പിതാവും സുവിശേഷസംഘവും



**ഫാ. ബനഡിക്ട് മൂഴിക്കര ഒ.ഐ.സി**
അസി. ജനറൽ സെക്രട്ടറി,
മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘം

"നിങ്ങളോടുള്ള അതീവ താത്പര്യം നിമിത്തം ദൈവത്തിന്റെ സുവിശേഷം മാത്രമല്ല, ഞങ്ങളുടെ ജീവനെത്തന്നെയും നിങ്ങൾക്കായി പങ്കുവയ്ക്കാൻ ഞങ്ങൾ സന്നദ്ധരായി. കാരണം, നിങ്ങൾ അത്രമാത്രം ഞങ്ങളുടെ വാത്സല്യഭാജനങ്ങളായിരുന്നു" (1തെസ 2:8). തിരുസഭാചരിത്രത്തിൽ പകരം വയ്ക്കാനില്ലാത്ത ശ്രേഷ്ഠാചാര്യ ജീവിതം നയിച്ച് സുവിശേഷവും സ്വജീവനും സഭാമക്കൾക്കായി പങ്കുവച്ച് ബഥാന്യനായ അഭിവന്ദ്യ ബർണബാസ് തിരുമേനി യാത്രയായി. മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ സുവിശേഷസംഘത്തിന്റെ ചെയർമാനായിരുന്ന അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് മെത്രാപ്പോലീത്തായുടെ വേർപാട് സഭയ്ക്കും സമൂഹത്തിനും സുവിശേഷസംഘത്തിനും തീരാനഷ്ടവും നികത്താനാവാത്ത വിടവുമാണ്.

ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ മലങ്കര കത്തോലിക്കാസഭയുടെ സുവിശേഷ യാത്രയ്ക്ക് ചുക്കാൻ പിടിക്കാൻ 2012 ൽ മലങ്കരകത്തോലിക്കാ സുവിശേഷസംഘം രൂപീകൃതമായപ്പോൾ സുവിശേഷസംഘത്തെ നയിക്കാൻ പരിശുദ്ധ സുന്നഹദോസ് ഭരമേൽപിച്ചത് അഭിവന്ദ്യ ബർണബാസ് പിതാവിനെയായിരുന്നു. ഒരു ദശകത്തോളം മലങ്കര സഭയിലെ ഒരു വലിയ ആത്മീയ മുന്നേറ്റ പ്രസ്ഥാനത്തിന്റെ അമരക്കാരനായിരുന്നുകൊണ്ട്, ദീർഘവീക്ഷണത്തോടെ അതിനെ നയിച്ച്, പ്രേഷിത ഭൂമിയിൽ ജ്വലിച്ചുനിന്ന ആ വിളക്കിന് പെട്ടെന്ന് മങ്ങലേറ്റെങ്കിലും അദ്ദേഹം നൽകിയ സംഭാവനകൾ, അദ്ദേഹം സമ്മാനിച്ചുപോയ ഓർമ്മകൾ, അദ്ദേഹത്തിലൂടെ നമുക്ക് ലഭിച്ച അനുഗ്രഹങ്ങൾ ഒക്കെ നിരവധിയാണ്. സുവിശേഷസംഘം സഭയിൽ ആത്മീയ ജീവിതത്തിന് നവഭാവം നൽകുകയും പ്രേഷിത ശുശ്രൂഷകൾക്ക് പുത്തൻ ഉണർവിന് തുടക്കം കുറിക്കുകയും ചെയ്തു. ധീരമായ നേതൃത്വത്തിലൂടെയും അവസരോചിതമായ ഇടപെടലുകളിലൂടെയും സവിശേഷമായ സുവിശേഷസാക്ഷ്യത്തിലൂടെയും മാതൃകാപരമായ മിഷനറി പ്രവർത്തനങ്ങളിലൂടെയും സുവിശേഷസംഘത്തെ മുന്നോട്ട് നയിക്കാൻ പിതാവിന് സാധിച്ചു. സുവിശേഷസംഘത്തിന്റെ ആരംഭം മുതൽ വളർച്ചയുടെ ഓരോഘട്ടത്തിലും ക്രിസ്തീയതയെ വെല്ലുവിളിക്കുന്ന ചോദ്യങ്ങളിലൂടെയും ജീവിതത്തിലൂടെയും അനേകരെ സുവിശേഷസംഘ കൂട്ടായ്മയിലേക്ക് ആകർഷിക്കുവാനും, സുവിശേഷസംഘ ശുശ്രൂഷയിലൂടെ ലഭിച്ച ദൈവകൃപയാലും പ്രചോദനത്താലും ഭാരതമണ്ണിൽ, പ്രത്യേകിച്ച് വടക്കേ ഇന്ത്യയിൽ, മലങ്കരയുടെ സുവിശേഷ ദീപം തെളിയിക്കുന്നതിന് പുതിയ കാല്വയ്പുകൾ നടത്താനും അദ്ദേഹത്തിന് സാധിച്ചു. യേശുക്രിസ്തുവിന്റെ സുവിശേഷം സ്വജീവിതത്തിൽ പകർത്തിയും അജഗണങ്ങൾക്കു പങ്കുവച്ചും സഭയുടെയും സമൂഹത്തിന്റെയും കർമഭൂമികയിൽ ആ ഇടയശ്രേഷ്ഠൻ ക്രിസ്തുസുവിശേഷത്തിന്റെ ബഥാന്യൻ പരിമളമായി മാറി. ആ ജീവിത വഴിയിലൂടെ ഓരോ ബഥാന്യനും യാത്ര ചെയ്യേണ്ടിയിരിക്കുന്നു.

### നവസുവിശേഷവത്കരണത്തിന്റെ പുതുകാഹളമായ സുവിശേഷസംഘത്തിന്റെ വഴികാട്ടിയും പ്രയോക്താവും

രണ്ടാം വത്തിക്കാൻ കൗൺസിലിലൂടെ രൂപംകൊണ്ട സുവിശേഷവത്കരണത്തിന്റെ മാറ്റങ്ങൾ ഉൾകൊണ്ട്, വി. ജോൺ പോൾ രണ്ടാമൻ

മാർപാപ്പ 1990-ൽ പുറപ്പെടുവിച്ച *Redemptoris Missio* എന്ന ചാക്രിക ലേഖനമാണ് നവ സുവിശേഷവത്കരണമെന്ന ആശയ രൂപീകരണത്തിന്റെ അടിസ്ഥാനമായി നിലകൊള്ളുന്നത്. മാർപാപ്പ സുവിശേഷവത്കരണത്തിന് മൂന്ന് ലക്ഷ്യങ്ങൾ വ്യക്തമാക്കുന്നു. 1. യേശുവിനെപറ്റി ഇനിയും അറിയാത്ത ജനസമൂഹങ്ങൾ, 2. ക്രിസ്തീയ വിശ്വാസത്തിൽ ആഴമായി ഉറച്ചുനിൽക്കുകയും ജീവിക്കുകയും ചെയ്യുന്നവർ. 3. പരമ്പരാഗതമായി വിശ്വാസം സ്വീകരിക്കുകയും അതിൽ വളരുകയും വിശ്വാസത്തോടുള്ള താല്പര്യം നഷ്ടപ്പെടുകയും ചെയ്യുന്നവർ (*Concepts of Mission,* Francis Aneke Oborji, 2006, p. 10). സുവിശേഷവത്കരണം ആഗോളസഭയുടെ ദൗത്യവും പ്രാദേശിക സഭയുടെ ഉത്തരവാദിത്വവുമാണ്. മലങ്കര സുറിയാനി കത്തോലിക്കാ സഭ ഒരു സ്വയം ഭരണ സഭയായി ഉയർത്തപ്പെട്ടതിനുശേഷം നടത്തപ്പെട്ട പ്രഥമ സഭാ അസംബ്ലിയുടെ ചിന്താവിഷയം 'സുവിശേഷകയായ മലങ്കരസുറിയാനി കത്തോലിക്കാ സഭ' എന്നതായിരുന്നു. നവ സുവിശേഷവത്കരണത്തിന്റെ പുതിയ മാനങ്ങൾ ഉൾക്കൊണ്ട് ഈ പശ്ചാത്തലത്തിൽ രൂപംകൊണ്ട ചിന്തയാണ് 'സുവിശേഷസംഘം.' സഭാ അസംബ്ലിയിലെ വിവിധ ചർച്ചകൾക്കും പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ ഗൗരവമായ ആലോചനയ്ക്കുംശേഷം സുവിശേഷസംഘത്തിന് തുടക്കം കുറിച്ചപ്പോൾ അതിന്റെ പ്രഥമ ചെയർമാനായി പിതാക്കന്മാർ ഐക്യകണ്ഠേന തിരഞ്ഞെടുത്തത് അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് പിതാവിനെ ആയിരുന്നു. അവിചാരിതമായി വന്നുചേർന്ന നിയോഗമായിരുന്നില്ല അത്. പിന്നീടുള്ള തന്റെ സുവിശേഷവത്കരണ ദൗത്യജീവിതത്തിന്റെ വെല്ലുവിളികൾക്ക് മുമ്പിൽ ആശങ്കകൾ കൂടാതെ ഉറച്ചുനില്ക്കാനും പ്രതിസന്ധിഘട്ടങ്ങളിൽ പ്രചോദനമാകാനും സുവിശേഷസംഘം തന്നെ സഹായിച്ചു എന്ന് പിതാവ് പലപ്പോഴും പങ്കുവച്ചിട്ടുണ്ട്.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആദ്ധ്യാത്മികത അതിന്റെ മൗലിക അർത്ഥത്തിൽ ആഴത്തിൽ ജീവിക്കുകയും സ്വയം വിശുദ്ധീകരിച്ച് സുവിശേഷ ശുശ്രൂഷ നിർവഹിക്കുവാനായി സ്വയം സമർപ്പിക്കുകയും ചെയ്യുന്നവരുടെ കൂട്ടായ്മയാണ് സുവിശേഷസംഘം. (*മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘം: ആദ്ധ്യാത്മികതയും ജീവിതശൈലിയും,* ഡോ. ആന്റണി കാക്കനാട്ട്, 2019, p . 26). 'വിളിക്കുള്ളിലെ വിളിയായി' സുവിശേഷസംഘ ജീവിതത്തെ സ്വമനസാ സ്വീകരിച്ചുകൊണ്ട് 25 കാര്യങ്ങൾ ഉൾകൊള്ളുന്ന ജീവിതശൈലി പൂർണമായി പാലിച്ച് ഈ പ്രത്യേക ശുശ്രൂഷയ്ക്കായി ജീവിക്കാൻ സ്വയം സമർപ്പിച്ച് കൈവയ്പ് സ്വീകരിച്ച മലങ്കര സഭയിലെ ഏക മെത്രാപ്പോലിത്തായായ ബർണബാസ് പിതാവ് അനേകർക്ക് പ്രചോദനവും മാതൃകയുമായി. ഇന്ന് ഈ കൈവയ്പ് ലഭിച്ച് പ്രതിജ്ഞാബദ്ധമായ ഈ ജീവിതശൈലി പിന്തുടരുന്ന **984** സുവിശേഷസംഘാംഗങ്ങളും പരിശീലന പ്രക്രിയയിലുള്ള നിരവധി പേരുമുണ്ട്.

ഈ പ്രത്യേക ദൗത്യം ഏറ്റെടുക്കാൻ പ്രായോഗികമായ വിഷമതകൾ ഏറെ ഉണ്ടായിരുന്നിട്ടും ദീർഘദൂര യാത്ര, സാമ്പത്തിക ചിലവ്, സമയ ദൗർലഭ്യം എന്നിവയെ അവഗണിച്ച് ഓരോ ബാച്ചിന്റെയും പരിശീലന സമയങ്ങളിൽ കാതോലിക്കേറ്റ് സെന്ററിൽ അഭിവന്ദ്യ പിതാവ് കൃത്യമായി എത്തിച്ചേരുകയും, ക്ലാസുകൾ നയിക്കുകയും, പ്രേഷിത യാത്ര അനുഭവങ്ങൾ പങ്കുവയ്ക്കുകയും, സംഘബോധം അംഗങ്ങളിലേക്ക് ആവേശത്തോടെ പകരാനും അവരെ സർവാത്മനാ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു.

### ഇവാനിയൻ സ്വപ്നങ്ങളെ നെഞ്ചിലേറ്റിയ പ്രേഷിത തീഷ്ണത

സുവിശേഷപ്രഘോഷണ ദൗത്യവുമായി ഭാരതത്തിന്റെ ആത്മാവിലേക്കും അതിരുകളിലേക്കും ഇറങ്ങിച്ചെല്ലുന്ന ഓരോ സുവിശേഷസംഘാംഗത്തിന്റെയും മാതൃകയും മാർഗദർശിയും ദൈവദാസൻ മാർ ഈവാനിയോസ് പിതാവാണ്. സുവിശേഷ ദൗത്യമാണ് ഒരു സഭയുടെ അസ്തിത്വത്തിന്റെ അടിസ്ഥാനമെന്ന തിരിച്ചറിവിൽ മാർ തോമാ ക്രിസ്ത്യാനികളുടെ നഷ്ടപ്പെട്ടുപോയ മിഷനറി ചൈതന്യം വീണ്ടെടുക്കുവാനുള്ള ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ചിന്ത, ഭാരത മാനസാന്തരം എന്ന മഹത്തായ ലക്ഷ്യത്തിലേക്ക് നയിച്ചു (*ഗിരിദീപം* p. 55). ദൈവദാസൻ മാർ ഈവാനിയോസ്

പിതാവിനുണ്ടായിരുന്ന ഈ സ്വപ്നമായിരുന്നു അഭിവന്ദ്യ ബർണബാസ് പിതാവിന്റെ പ്രേഷിത ദർശനത്തിന്റെ അടിസ്ഥാനം. മിശിഹാനുകരണത്തിലൂടെ ആഗോളസഭയിൽ സുവിശേഷദൗത്യത്തിൽ പങ്കു ചേരുന്നതിനും മലങ്കരസഭയുടെ ആധ്യാത്മിക നവീകരണത്തിനും സ്വയം വിശുദ്ധീകരണത്തിനും വേണ്ടി ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് സന്യാസപ്രസ്ഥാനങ്ങളോടൊപ്പം കുടുംബജീവിതക്കാർക്കായി സ്ഥാപിച്ച ത്രിതീയാശ്രമത്തിന്റെ (Third Order) ആധുനിക രൂപമാണ് സുവിശേഷസംഘം.

സുവിശേഷ സംഘത്തിന്റെ ഓരോ കൂട്ടായ്മയിലും തികഞ്ഞ ആവേശത്തോടെ ഉള്ള് ചോരാതെ പിതാവ് അനുഭവങ്ങൾ പങ്കുവയ്ക്കുമായിരുന്നു. ഇന്ന് വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലെ മലങ്കര സഭയുടെ സാന്നിധ്യത്തിനും പ്രേഷിത മുന്നേറ്റത്തിനും ബർണബാസ് പിതാവിനെ നയിച്ചിരുന്നത് ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ മാധ്യസ്ഥ ശക്തിയും ആ മഹത്തായ സ്വപ്ന സാക്ഷാത്കാരത്തിനുള്ള തീവ്രാഭിലാഷവുമായിരുന്നു. മിഷൻ പ്രവർത്തനങ്ങളുടെ തുടക്കത്തിൽ അനേകം വെല്ലുവിളികളും പ്രയാസങ്ങളും പിതാവിന് നേരിടേണ്ടിവന്നിട്ടുണ്ട്. അജപാലനശുശ്രൂഷയുടെ നൈയാമിക അധികാര പരിധിയ്ക്കപ്പുറത്ത് സുവിശേഷം പ്രഘോഷിക്കണമെങ്കിൽ പ്രത്യേകാനുവാദം ആവശ്യമായിരിക്കെ സി.ബി.സി.ഐ. പോലുള്ള മീറ്റിംഗുകളിൽ ചോദ്യങ്ങൾ വന്നാൽ "ഞങ്ങളുടെ സഭയ്ക്ക് സുവിശേഷസംഘമെന്ന ഒരു കൂട്ടായ്മയുണ്ട്. അവരുടെ സ്വാഭാവികമായ പ്രേഷിത പ്രവർത്തനത്തിന്റെ ഭാഗമാണ് ഭാരത സുവിശേഷവത്കരണം ഇതൊരു ദൈവനിയോഗമായി കണ്ടതുകൊണ്ട് ഞാൻ അവരെ നിരുത്സാഹപ്പെടുത്തുന്നില്ല'' എന്ന് ഉത്തരം നൽകാനായിരുന്നു പിതാവ് ആഗ്രഹിച്ചത്.

സുവിശേഷത്തിനുവേണ്ടി, സഭയ്ക്കുവേണ്ടി എന്ത് ത്യാഗവും ഏറ്റെടുത്ത് മുന്നോട്ട് പോകാൻ മാർ ഈവാനിയോസ് പിതാവിനെപ്പോലെ മാർ ബർണബാസ് പിതാവും സുവിശേഷസംഘാംഗങ്ങൾക്ക് മാതൃകയും വഴികാട്ടിയുമാണ്. മാർ ഈവാനിയോസ് പിതാവിന്റെ 'വിജാതിയ മിഷൻ' എന്ന കാഴ്ചപ്പാടിന്റെ ഉൾകാമ്പ് ശരിക്കും കണ്ടെത്താനും പ്രായോഗികതലത്തിൽ പ്രാവർത്തികമാക്കാനും ബർണബാസ് പിതാവ് പരിശ്രമിച്ചിരുന്നു.

ഒറീസായിലും രാജസ്ഥാനിലും പഞ്ചാബിലും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും നടത്തിയ മാർ ബർണബാസ് തിരുമേനിയുടെ മിഷൻ യാത്രകൾ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ സുവിശേഷസ്വപ്നങ്ങൾക്ക് അനിതരസാധാരണവും അനിഷേധ്യവുമായ സാക്ഷാത്കാരവും സഫലീകരണവുമാണ് നൽകിയത്. മാർ ബർണബാസ് ഭാരതത്തിലെ 'മിഷൻ ബിഷപ്' എന്ന വിളിപ്പേര് അനേകം അധരങ്ങൾ ഒന്നിച്ചു പറയുമ്പോൾ പുനരൈക്യ നവതിയഭിഷേകയായ മലങ്കരസഭയും സ്വർഗസ്ഥിതനായ മാർ ഈവാനിയോസ് പിതാവും ആനന്ദനിർവൃതിയിൽ ആമഗ്നരായി.

**സുവിശേഷവത്കരണ പ്രക്രിയയിൽ അല്മായ പങ്കാളിത്തവും പ്രോത്സാഹനവും ഉറപ്പുവരുത്തിയ നേതൃത്വശൈലി**

സഭയുടെ സുവിശേഷവത്കരണ പ്രക്രിയയിൽ അല്മായർക്കുള്ള സജീവ പങ്കാളിത്തത്തെ പ്രോത്സാഹിപ്പിക്കുകയും ഭാരതത്തിന്റെ ഇപ്പോഴത്തെ പ്രത്യേക പശ്ചാത്തലത്തിൽ അതിന്റെ പ്രാധാന്യം മനസിലാക്കി പുതിയ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്ത വ്യക്തിയാണ് ബർണബാസ് പിതാവ്. പരമ്പരാഗതമായ മിഷൻ പ്രവർത്തനങ്ങളിൽ ആരംഭസമയത്ത് വൈദികരുടെയും സന്യസ്തരുടെയും ആവശ്യകത അവിഭാജ്യഘടകമായിരുന്നു. എന്നാൽ പിതാവ്, വടക്കേ ഇന്ത്യയുടെ ഓരോ പ്രദേശത്തിന്റെയും വ്യത്യസ്തമായ പശ്ചാത്തലം കണക്കിലെടുത്ത് കൂടുതൽ വിശ്വാസ തീക്ഷ്ണതയുള്ള അല്മായരേയും തദ്ദേശിയരായ പാസ്റ്റർമാരെയും ഉൾപ്പെടുത്തി ഒരു ബദൽ മാർഗത്തിന് രൂപം നൽകി. ക്രിസ്തുവിനെ അറിയാനുള്ളവരുടെയും, കുറച്ച് അറിവുള്ളവരുടെയും ഇടയിൽ യേശുവിനെ പ്രഘോഷിക്കാനും പ്രാദേശിക സഭാരൂപീകരണ പ്രക്രിയയിൽ ഏർപ്പെടാനും പിതാവിന്റെ ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് സാധിച്ചിട്ടുണ്ട്. സുവിശേഷ പ്രവർത്തനത്തിന് സന്നദ്ധരായി കടന്നുവരുന്ന ഏത് വ്യക്തിയേയും പിതാവ് ഇരുകൈയ്യുംനീട്ടി സ്വീകരിക്കുമായിരുന്നു. ഇന്നത്തെ രാഷ്ട്രീയ,

സാമൂഹിക സാഹചര്യങ്ങൾ കണക്കിലെടുക്കുമ്പോൾ മിഷനറി പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാനും, പ്രായോഗിക പ്രാദേശിക വിഷമതകൾ ദൂരീകരിക്കാനും, പുതിയ സ്ഥലങ്ങൾ തുറന്നുകിട്ടാനും തീക്ഷ്ണമതികളായ അല്മായർക്ക് കൂടുതൽ സാധ്യതകൾ ഉണ്ട് എന്ന തിരിച്ചറിവിൽനിന്നാണ് ഇങ്ങനെയുള്ള പരീക്ഷണത്തിന് പിതാവ് മുതിർന്നത്. വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ള പാസ്റ്റർമാരെയും അത്മായരെയും ഡൽഹിയിൽ കൊണ്ടുവന്ന് വിശ്വാസ പരിശീലന പ്രക്രിയയിലൂടെ മിഷനറി പരിശീലനം നൽകി സുവിശേഷത്തിലെ 'അറിയിപ്പുകാരെ' പോലെ വിവിധ പ്രദേശങ്ങളിലേക്ക് അയച്ചിട്ടുണ്ട്. പുതിയ മിഷൻ പ്രദേശങ്ങളിൽ പോയി താമസിക്കാനും, സാമ്പത്തിക സഹായങ്ങൾ ചെയ്യാനും പ്രവർത്തനങ്ങളിൽ പങ്കുചേരാനും അനേകം സുവിശേഷ സംഘാംഗങ്ങൾ മുന്നോട്ടു വന്നു. പ്രേഷിതദൗത്യം എല്ലാ മലങ്കര മക്കളുടെയും ഉത്തരവാദിത്തമാണെന്ന് പിതാവ് എപ്പോഴും പറയുമായിരുന്നു. സുവിശേഷവത്കരണം സാമൂഹിക പ്രവർത്തനവും സ്ഥാപന വത്കരണവും അല്ല എന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിലായിരുന്നു അദ്ദേഹം സുവിശേഷാംഗങ്ങളെ തന്റെ ഓരോ മിഷൻ പ്രദേശങ്ങളിലും സുവിശേഷം പ്രഘോഷിക്കാൻ ക്ഷണിച്ചിരുന്നത്. തുറന്ന ലോകത്തിലുള്ള സുവിശേഷ സാക്ഷ്യം കൂടുതൽ സാധ്യമാകുന്നത് അല്മായരിലൂടെയാണ് എന്ന ഉറച്ച ബോധ്യമാണ് ഇങ്ങനെ ബദൽ മാർഗങ്ങൾ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനും പ്രായോഗികതലത്തിൽ വിജയിപ്പിക്കാനും പിതാവിനെ ശക്തനാക്കിയത്.

**തെരുവോരങ്ങളിൽ അപ്പമായി മാറിയ സുവിശേഷസാക്ഷ്യം**

'വചനത്തിന് സാക്ഷ്യമാകാൻ' എന്ന ആപ്തവാക്യം തന്റെ സുവിശേഷവേലയുടെ മുഖമുദ്രയായിരുന്നു. ഒന്നുമില്ലാത്തവർക്ക് ആദ്യം നൽകിയ സുവിശേഷം 'വിശക്കുന്നവർക്ക് ആഹാരം' എന്ന പദ്ധതിലൂടെയായിരുന്നു. വിശന്നവന്റെ മുൻപിൽ ക്രിസ്തു അപ്പമായി ജനിക്കുമ്പോൾ പ്രഘോഷണങ്ങൾക്ക് ഉപരി ക്രിസ്തു ജീവിക്കും എന്ന ഉത്തമ ബോധ്യം പിതാവിനുണ്ടായിരുന്നു. ദേശീയ തലസ്ഥാനത്തിന്റെ അരികുകളിൽ കിടന്നവരെത്തേടിയെത്തുന്ന 'പ്രചോദന'യുടെ പൊതിച്ചോറ് ജീവന്റെ സുവിശേഷസാക്ഷ്യമായി മാറി. ഭക്ഷണം മാത്രമല്ല വസ്ത്രവും മരുന്നും വെള്ളവും തെരുവിന് ആവശ്യമായിരുന്നു. മനുഷ്യന്റെ നീറുന്ന പ്രശ്നങ്ങളിൽ പ്രതികരിക്കാൻ സാധിക്കുമ്പോഴാണ് സുവിശേഷവത്കരണം കൂടുതൽ സാധ്യമാകുന്നത്.

ചേരി നിവാസികളുടെ കുഞ്ഞുങ്ങൾക്കും അതിഥിതൊഴിലാളികളുടെ കുഞ്ഞുങ്ങൾക്കും നൽകിയ അനൗപചാരിക വിദ്യാഭ്യാസവും, പുഴുവരിക്കുന്ന ശരീരങ്ങളിൽ പകർന്നു നൽകുന്ന ഔഷധവും, അശരണർക്ക് തണലേകുന്ന കൂടും (Shanti Ashram Jasola, Delhi), സാമൂഹ്യ നന്മയ്ക്കായിട്ടുള്ള പിതാവിന്റെ ക്ഷേമപ്രവർത്തനങ്ങളും സുവിശേഷസാക്ഷ്യത്തിന്റെ വേദികകളായിമാറി. ഈ പ്രവർത്തനങ്ങളെല്ലാം തികഞ്ഞ ദൈവാശ്രയബോധത്തിലായിരുന്നതിനാൽ ഒരിക്കലും ഇവയ്ക്ക് മുടക്കം വന്നിട്ടില്ല. കാരണം, ഈ "ചെറിയ സഹോദരന്മാരിൽ ഒരാൾക്ക് ചെയ്തത് എനിക്ക് ചെയ്തിരിക്കുന്നു" (മത്താ 25: 40). മനുഷ്യരോടുള്ള ഹൃദയത്തിന്റെ ഇഴയടുപ്പം ആശ്രമത്തിലും അരമനയിലും എത്തുന്ന നാനാജാതി മതസ്ഥർക്ക് 'മനുഷ്യപ്പറ്റുള്ള മഹാത്മാ'വാക്കി പിതാവിനെ മാറ്റിയത് സുവിശേഷ സാക്ഷ്യത്തിന്റെ നേർക്കാഴ്ചകളാണ്. തന്റെതന്നെ സുവിശേഷവത്കരണമാണ് സുവിശേഷവത്കരണത്തിന്റെ തുടക്കമെന്നും അഞ്ചാമത്തെ സുവിശേഷമായി മാറുക എന്നുമുള്ള സുവിശേഷസംഘാംഗത്തിന്റെ ലക്ഷ്യങ്ങൾ സ്വജീവിതത്തിലൂടെ മാതൃക കാട്ടി സുവിശേഷസംഘത്തിന് ശുശ്രൂഷയിൽ അധിഷ്ഠിതമായ ഒരു ആധ്യാത്മികത രൂപപ്പെടുത്തുവാൻ സഹായിച്ചു.

**രക്ഷാകരമായ സഹനയാത്രയിലെ സഹയാത്രികൻ**

കോവിഡ് പ്രതിരോധപ്രവർത്തനങ്ങളിൽ മുന്നണി പോരാളിയായി, ദൈവകരുണയുടെയും സമാശ്വാസത്തിന്റെയും ആൾരൂപമായി മാറിയ തിരുമേനി പൊതുസമൂഹത്തിന്റെയും സഭാതനയരുടെയും ഹൃദയങ്ങളിലെ ആവേശമായിരുന്നു. യുദ്ധസമാനമായ പോരാട്ടത്തിൽ മക്കളുടെ ആത്മരക്ഷയ്ക്കും ജീവിതസംരക്ഷണത്തിനും വേണ്ടി ഒടുവിൽ ബലിക്കുഞ്ഞാടായി. ലോകം മുഴുവൻ


പിടിപെട്ട മഹാമാരി ഏല്പിച്ച ശാരീരികക്ലേശത്തിന്റെ അതിദാരുണമായ അവസ്ഥകളിലൂടെ പിതാവ് കടന്നുപോകുമ്പോൾ ഓരോ ദിവസവും ഇടവിടാതെ സുവിശേഷസംഘാംഗങ്ങൾ ആരാധനയിലും പ്രാർത്ഥനയിലുമായിരുന്നു. സുവിശേഷ സംഘം നേതൃത്വം നൽകിയ ഓൺലൈൻ ശുശ്രൂഷകളിലൂടെ പിതാവിന്റെ രോഗസൗഖ്യത്തിനു വേണ്ടി പ്രാർത്ഥിക്കുന്നതിനും, സഹനത്തിന്റെ ലക്ഷ്യം മനസിലാക്കുന്നതിനും, ദൈവഹിതം തിരിച്ചറിയുന്നതിനും, അംഗീകരിക്കുന്നതിനും അനേകംപേർക്ക് സാധിച്ചിട്ടുണ്ട്. ഓരോ ദിവസത്തെയും വചന സന്ദേശങ്ങൾ, പിതാക്കന്മാർ, വൈദികർ, സന്യസ്തർ, അല്മായർ എന്നിവർ പങ്കുവെച്ചപ്പോൾ പിതാവിന്റെ വേറിട്ട വ്യക്തിത്വത്തേയും ബന്ധങ്ങളെയും ജീവിതത്തെപ്പറ്റിയും വടക്കേ ഇന്ത്യയിലെ സുവിശേഷ പ്രവർത്തനങ്ങൾ, പാവങ്ങളോടുള്ള പക്ഷം ചേരൽ എന്നിവയെപറ്റിയും ആഴത്തിൽ മനസിലാക്കാൻ മലങ്കര കത്തോലിക്കാ വിശ്വാസികൾക്കും പൊതുസമൂഹത്തിനും സാധിച്ചു. ആരോഗ്യവാനായി സുവിശേഷസംഘത്തിലേക്കും സുവിശേഷ പ്രവർത്തനത്തിലേക്കും ജീവിതത്തിലേക്കും തിരിച്ചുവരുമെന്ന തികഞ്ഞ പ്രതീക്ഷ സുവിശേഷസംഘാംഗങ്ങൾക്ക് ഉണ്ടായിരുന്നു എങ്കിലും ദൈവത്തിന്റെ തിരുഹിതം നിറവേറട്ടെയെന്ന് പ്രാർഥിച്ചു. പിതാവിന്റെ സഹനം മലങ്കര സഭയ്ക്ക് പൊതുവായും സുവിശേഷസംഘ കൂട്ടായ്മയ്ക്ക് പ്രത്യേകമായും വിശുദ്ധീകരണത്തിന് കാരണമായി. ഈ ശ്രേഷ്ഠാചാര്യജീവിതം ആഗോളസഭയുടെയും മലങ്കരസഭയുടെയും മിഷൻ വയലുകളിൽ മുപ്പതും അറുപതും നൂറും മേനി ഫലം നൽകാൻ ദൈവം തിരഞ്ഞെടുത്ത ഗോതമ്പുമണിയായിരുന്നു. മനുഷ്യരക്ഷയ്ക്കുവേണ്ടി കുരിശിന്റെ വഴി താണ്ടിയ നസ്രായന്റെ സഹയാത്രികനാകാൻ നൂറ്റിയിരുപത് ദിനങ്ങളിലേറേ നീണ്ട സഹനരാത്രികൾ അഭിവന്ദ്യ പിതാവിനെ പ്രാപ്തനാക്കി. സുവിശേഷ പ്രഘോഷണവഴിയിൽ തളരാതെ മുന്നേറാൻ മുമ്പേ നടന്ന ഈ യാത്രികന്റെ മാധ്യസ്ഥമുണ്ട്, സഹന വീഥികളിൽ ആത്മബലിയായി ഈ രോഗക്കിടക്കയുമുണ്ട്. ഭാരതത്തിന്റെ സുവിശേഷവത്കരണത്തിനും സുവിശേഷസംഘത്തിന്റെ വളർച്ചയ്ക്കും വേണ്ടി ഒരു മാദ്ധ്യസ്ഥനെകൂടി ലഭിച്ചു എന്നതിൽ നമുക്ക് സന്തോഷിക്കാം.

**ഉപസംഹാരം**

അതിധന്യമായ പൗരോഹിത്യ ശുശ്രൂഷയുടെയും സന്ന്യാസ സമർപ്പണത്തിന്റെയും പ്രേഷിതപ്രവർത്തനത്തിന്റെയും സഹനജീവിതത്തിന്റെയും അതിശ്രേഷ്ഠമായ സാക്ഷ്യവും മാതൃകയുമാണ് അഭിവന്ദ്യ ബർണബാസ് പിതാവിന്റെ ജീവിതം. 'യേശുക്രിസ്തുവിന്റെ അപ്പസ്തോലനായ ഞാൻ' എന്ന സ്വയം വിശേഷിപ്പിക്കുന്ന വി. പൗലോസ് ശ്ലീഹാ താൻ കണ്ടുമുട്ടിയ, അനുഭവിച്ച ക്രിസ്തുവിനെ വിശ്വം മുഴുവൻ പകർന്ന് നൽകാൻ നടത്തിയ ജൈത്രയാത്ര ഏറെ ശ്രദ്ധേയമാണല്ലോ. വി. പൗലോസ് ശ്ലീഹായെപ്പോലെ വേറിട്ടു നിൽക്കുന്ന പ്രേഷിത ദൗത്യവും സുവിശേഷ ജീവിതവും അസാധാരണമായ വിധത്തിൽ സമന്വയിപ്പിച്ചുകൊണ്ട് ക്രിസ്തുവിന്റെ സുവിശേഷം നൽകാൻ യാത്ര ചെയ്ത ബർണബാസ് പിതാവ് മറ്റൊരു സുവിശേഷമായി മാറാൻ നമ്മെ ഓർമ്മപ്പെടുത്തുന്നു. "ഞാൻ നന്നായി പൊരുതി. എന്റെ ഓട്ടം പൂർത്തിയാക്കി. വിശ്വാസം കാത്തു" (2 തിമോ 4:7). പിതാവ് നമുക്ക് മുന്നേ ദൈവസന്നിധിയിലേക്ക് യാത്രയായിരിക്കുന്നു. മരണമെങ്കിൽ യേശുവിനൊപ്പം ചേരുവാനും ജീവിതമെങ്കിൽ അത്രയും നാൾ കൂടെ സുവിശേഷ പ്രേഷിത ദൗത്യം തുടരുവാനും ആഗ്രഹിച്ച ബർണബാസ് പിതാവിന്റെ കബറിടം ഭാരത സഭയുടെ പ്രേഷിത ശുശ്രൂഷയ്ക്ക് സർഗ ശക്തിയും പ്രചോദനവുമാണെന്നുള്ളതിൽ സന്ദേഹമില്ല. തിരുസഭാചരിത്രത്തിൽ മായാത്ത മുദ്ര ചാർത്തി പ്രേഷിത ശുശ്രൂഷയുടെ ബഥനി മുഖമായ ഈ ജ്യേഷ്ഠ സഹോദരനെയോർത്ത് നമുക്ക് അഭിമാനിക്കാം. സുവിശേഷകയായ മലങ്കരകത്തോലിക്കാസഭയുടെ പ്രേഷിതപ്രയാണത്തിൽ സന്ന്യസ്തദൗത്യത്തിന്റെ ശ്രേഷ്ഠതയെക്കുറിച്ചും അനന്യതയെക്കുറിച്ചും ബോധ്യമുള്ളവരാകാം.

# ഗുരുവിന്റെ ശിഷ്യൻ ഗുരുവായപ്പോൾ

ഫാ. ജോൺ നിർമ്മലാനന്ദ് ഒ.ഐ.സി



2006-ലെ ഒരു സന്ധ്യയിലാണ് ചാക്കോ ഏറത്ത് എന്ന ബർണ്ണബാസ് പിതാവിനെ ഞാൻ ആദ്യമായി കാണുന്നത്. ആലുവായിലെ തപോവനത്തിൽ പിതാവ് റെക്ടറായും ഞാൻ നോവിസായും എത്തിയ ദിവസം. എട്ടുമാസം എന്റെ ഗുരുവായി പിതാവ് കൂടെയുണ്ടായിരുന്നത് ഇന്നും മറക്കാനാവാത്ത ഓർമ്മയാണ്. 84-ാം സങ്കീർത്തകന്റെ വാക്കുകൾ ബർണ്ണബാസ് പിതാവിൽ നിഴലിച്ചു നിൽക്കുന്നത് കാണുവാൻ സാധിച്ചിട്ടുണ്ട്. "ദൈവത്തിൽ ശക്തി കണ്ടെത്തിയവർ ബാക്കാതാഴ്‌വരയിലൂടെ കടന്നുപോകുമ്പോൾ അവർ അതിനെ നീരുറവകളുടെ താഴ്‌വരയാക്കുന്നു" (സങ്കീ 84:5-6). ഏതു പ്രതിസന്ധിഘട്ടത്തിലും ആത്മധൈര്യം കൈവിടാത്ത ബഥാന്യനെയാണ് തപോവനത്തിൽ കണ്ടെത്തുവാൻ കഴിഞ്ഞത്. എപ്പോഴും ഞങ്ങളെ ഓർമ്മപ്പെടുത്തുന്ന ഒരു കാര്യമുണ്ടായിരുന്നു. നിങ്ങൾ എന്തു ചെയ്താലും കുറവുകൾ വന്നാൽ ഞാൻ ഏറ്റെടുത്തു കൊള്ളാം എന്ന്. കൂടെയുള്ളവരെ കരുത്തുറ്റവരാക്കി തീർക്കാൻ ഏതറ്റംവരെയും പോകുന്ന ഗുരുവിനെയാണ് ആ വാക്കുകളിൽ ഞങ്ങൾ ദർശിച്ചത്. ആശ്രമദേവാലയം പുതുക്കിപ്പണിയുമ്പോൾ നിശ്ചയദാർഢ്യമുള്ള പിതാവിനെ ഞങ്ങൾക്ക് കാണുവാൻ സാധിച്ചു. പല ഭാഗത്തുനിന്നും പ്രയാസങ്ങൾ ഉണ്ടായപ്പോൾ ആത്മധൈര്യത്തോടെ കാര്യങ്ങളെ നേരിടുന്നത് എങ്ങനെയെന്ന് പിതാവിൽ നിന്ന് പഠിക്കുവാൻ സാധിച്ചു.

**മൗനത്തിന്റെ ഉപാസകൻ**

രണ്ടു പ്രാവശ്യം പ്രൊവൻഷ്യലായി സ്തുത്യർഹമായി സേവനം അനുഷ്ഠിച്ചതിനുശേഷം അധികാരത്തിന്റെ ഇടനാഴിയിൽ നിന്നും തപോവനത്തിന്റെ മൗനത്തിലേക്ക് ഇറങ്ങിവന്ന കാലമായിരുന്നു അത്. മൗനത്തെയും ധ്യാനത്തെയും ഹൃദയത്തിൽ സൂക്ഷിക്കുന്ന ബഥനിയുടെ ചൈതന്യം ആവാഹിച്ചെടുത്ത ഗുരുവിനെ ആ ദിവസങ്ങളിൽ ഞങ്ങൾക്ക് കാണുവാൻ സാധിച്ചു. മൗനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പഠിപ്പിക്കുക മാത്രമല്ല ദേവാലയത്തിലും വരാന്തകളിലും മൗനത്തിന്റെ മനോഹാരിത ആസ്വദിക്കുകയും ചെയ്തിരുന്നു പിതാവ്. ദീർഘനേരം ധ്യാനത്തിലായിരിക്കുന്ന പിതാവിനെ എല്ലാ ദിവസവും ദേവാലയത്തിൽ കാണാമായിരുന്നു. മൗനത്തിൽനിന്നും ധ്യാനത്തിൽനിന്നും ഉരുത്തിരിഞ്ഞ ചിന്തകളാണ് ക്ലാസുകളിൽ പിതാവ് പങ്കുവച്ചത്. അതുകൊണ്ടുതന്നെ പിതാവിന്റെ ക്ലാസുകൾ ജീവിതഗന്ധിയായിരുന്നു. ദൈവീകത തുളുമ്പുന്ന മുഖധാവിൽ നിന്നും ഗുരുമൊഴികൾ കേൾക്കുവാൻ സാധിച്ചത് ഭാഗ്യമായി ഞാൻ കരുതുന്നു.


**അതിഥി ദേവോ ഭവഃ**

ബഥനിയുടെ മുഖമുദ്രയായ അതിഥിസൽക്കാരം അതിന്റെ പൂർണ്ണതയിൽ പിതാവിൽ നിന്നും പഠിക്കുവാൻ ഞങ്ങൾക്ക് സാധിച്ചത് അനുഗ്രഹമായി ഞാൻ കരുതുന്നു. അതിഥികളെ എങ്ങനെ സ്വീകരിക്കണമെന്ന് പിതാവിൽ നിന്ന് കണ്ടുപഠിക്കണം. ആശ്രമദേവാലയത്തിന്റെ മുമ്പിൽ അതിഥികളെ കാത്തുനിൽക്കുന്ന പിതാവിന്റെ രൂപം ഇന്നും ഓർമ്മയിൽ നിഴലിച്ചു നിൽക്കുന്നു. വേണ്ടുന്ന ഓരോ കാര്യങ്ങളിലും ശ്രദ്ധ പതിപ്പിച്ചുകൊണ്ട് അതിഥികളോട് കൂടെ യായിരിക്കുന്നത് പിതാവിന് ഏറെ സന്തോഷകരമായിരുന്നു. ഒരു പ്രാവശ്യമെങ്കിലും പിതാവിന്റെ ആതിഥ്യം സ്വീകരിച്ചവർ ഒരിക്കലും ബഥനി ആശ്രമത്തെ മറക്കില്ല. അതിഥികൾ മാത്രമല്ല കൂടെ ജോലി ചെയ്യുന്നവർക്കും കൂടെ താമസിക്കുന്നവർക്കും ബഥനിയുടെ ചൈതന്യം ആവോളം

പകർന്നുകൊടുക്കുവാൻ പിതാവ് പരിശ്രമിച്ചിട്ടുണ്ട്. എല്ലാവരും ഭക്ഷണം കഴിച്ചു പോയതിനു ശേഷമാണ് മോട്ടർ നന്നാക്കുവാൻ വന്ന ജോലിക്കാരൻ ഭക്ഷണം കഴിക്കുവാൻ വന്നത്. പിതാവ് അദ്ദേഹത്തിന് ഭക്ഷണം വിളമ്പിക്കൊടുത്ത്... കൂടെയിരുന്നത്... ഒരു സംഭവം മാത്രമാണ്. ഇതുപോലെയുള്ള സ്നേഹത്തിന്റെ ധാരാളം മാതൃകകൾ ഞങ്ങൾക്ക് നോവിസ്സായിരുന്ന കാലം കാണുവാൻ സാധിച്ചിട്ടുണ്ട്. ബഥനിയുടെ ചൈതന്യം ആവാഹിച്ചെടുക്കുവാൻ അത് പ്രവർത്തിയിലൂടെ അടുത്ത തലമുറയിലേക്ക് പകർന്നു കൊടുക്കുവാൻ പരിശ്രമിക്കുകയും ചെയ്ത ഗുരുവിനെ ബർണ്ണബാസ് പിതാവിൽ കാണുവാൻ സാധിക്കും.

**സഹനത്തിന്റെ തീക്കനൽ**

നീതിമാന്റെ സഹനം പഴക്കംചെന്ന ചോദ്യങ്ങളിൽ ഒന്നാണ്. കാലഘട്ടത്തിലും തീവ്രമായി അതു നിലനിൽക്കുന്നു. പിതാവിന്റെ അവസാന കാലത്തെക്കുറിച്ച് ഓർക്കുമ്പോൾ ഈ ചോദ്യം വീണ്ടും സജീവമായി എന്റെ മനസ്സിൽ ... ബൈബിൾ മുഴുവൻ പരിശോധിച്ചാൽ സഹനമില്ലാത്ത വിശുദ്ധരെ കണ്ടെത്തുക പ്രയാസമാണ്. ഫ്രാൻസിസ് അസ്സീസിയെപ്പോലെ ഉള്ളവർ സവിശേഷമായി പരാമർശിക്കപ്പെട്ടവരാണ്. കൂർത്ത മുള്ളുകൾ പോലെ ക്രിസ്തു പഞ്ചക്ഷതമായി ഫ്രാൻസിസിലേക്ക് അലിഞ്ഞുചേർന്നതൊക്കെ സഹനത്തിന്റെ നീറ്റലായി നിലനിൽക്കുന്നു. പൗലോസ് ശ്ലീഹാ റോമാക്കാർക്ക് എഴുതുമ്പോൾ ഇതിനുള്ള ഉത്തരം തരുന്നുണ്ട്. "കഷ്ടത സഹനശീലവും സഹനശീലം ആത്മ ധൈര്യവും ആത്മധൈര്യം പ്രത്യാശയുമുള വാക്കുന്നു" (റോമ 5:3-4). ഏറ്റം പ്രത്യാശയോടെ താൻ നോക്കിപ്പാർത്തിരുന്ന തമ്പുരാന്റെ സന്നിധി യിലേക്ക് ബർണ്ണബാസ് പിതാവ് ചേർക്കപ്പെട്ടു. ഏറെ സ്നേഹിക്കയും കരുതുകയും ചെയ്ത പിതാവ് തമ്പുരാന്റെ സന്നിധിയിൽ നമുക്കുവേണ്ടി മാധ്യസ്ഥം വഹിക്കുന്നു. ബർണ്ണബാസ് പിതാവേ, സമാധാനത്താലെ പോവുക! പ്രകാശമുള്ള മണ വറയിൽ ഇമ്പങ്ങളുടെ സ്വർഗ്ഗീയ പറുദീസായിൽ അങ്ങയെ കാണുവാൻ ഞങ്ങൾക്കും ഭാഗ്യം ലഭിക്കട്ടെ.



# "The Faithful and wise slave of Christ"



**Bro. Joshin Joy OIC**

"Who then is the faithful and wise slave whom his master has put in charge of his household to give the other slaves their allowance of food at the proper time", asks Jesus to his disciples. Jesus himself answers "Blessed is that slave whom his master will find at work when he arrives, he will put that one in charge of all his possessions" [MATTHEW24:45-47]. His Excellency Late Bishop JACOB MAR BARNABAS can be identified as this "FAITHFUL AND WISE SLAVE OF CHRIST" whomHis Master (Christ) has put in charge to give an allowance of food to His people at the proper time, now in charge of all His possessions. Although the Church has received an intercessor in heaven, his absence has left behind a vacuumin the Malankara Church.Fond memories of this young, pleasant, faithful, and wise slave of Christ reverberate in my mind with echoes of sad melodies and nostalgic reminiscences of his wonderful time in this world. His sudden demise on August 26, 2021, due to the onslaught of Covid remains an unforgettable day in my life. The tears in the eyes of his brethren in church have not yet stopped. His absence is too deeply etched in their hearts and minds that it is difficult to erase the wonderful imprints he left behind. As we go through the pages of this issue, we can see that his batch mates who have enjoyed their religious life with him, those who worked with him, have shared their memories of the wonderful time spent with him. But I, who have heard a lot about him and heard him speaking on common platforms, would like to share my memories about him.

The first time I met him was for the Silver Jubilee celebrations of the Diocese of Kalyan. He was in his sacred vestments for Holy Qurbono,the grace that reflected on his faceattracted me a lot. After the program, I lined myself among the crowd to meet him and also received blessings from him, which made my desire to become a priest firmer.

I had planned to join a seminary in the Diocese of Kalyan, though I was from a Malankarite, in absence of Malankara church in my area I used to attend mass in Malabar church.So the Bishop of Kalyan Diocese asked me to bring a letter from Bishop Barnabas as he was the Apostolic Visitor of Malankara Catholic Church Extra-Territorial regions in India (MCC-ETRI).That day himself I called him and asked him for a letter, permitting me to join the seminary in the Diocese of Kalyan. However he denied my request which saddened me a lot, but now at present when I think of it I realize that it was all God's plan executed through him. I am now proud enough to say that I became his younger brother by being a Bethanian.

I am also grateful to Bishop's younger sister who belonged to my parish (St. Mary's Malankara Catholic Church, Kharghar),for sharingabout the missionary activities of His

Excellency and his ideologies. He was very kind to the poor and they lovingly called him “Bishop Ji”. He used to feed the destitute with cooked meal and food materials; the vegetables and fruits for the purpose were collected from his home, cultivated by his younger brother’s hard work. Bishopji’s mother used to pack all these vegetables and fruits and send them to Delhi. During the lockdown, he, with his other companions, used to cook food and feed the homeless migrant workers. When others warned him not to go out during pandemic because of his health issues, he would say that “I can succumb to Covidbut will never abandon my duty to God and my ministry to the people”. And this is the reason why I christened him as, “THE FAITHFUL AND WISE SLAVE OF CHRIST”

Bishop Jacob Mar Barnabas was the epitome of grace and elegance personified; a loving brother to all poor people, and an approachable administrator to all his faithful people. He invested a lot of time in conversing with the faithful and young children and enjoyed their company. The scar left behind because of his death has still not healed. Snatched away by the cruel hands of fate, words fail to express the multitude of emotions that overpower me as I write this memoir. I close my eyes in prayer……. and as I open my eyes, I thank god for reminding me that he continues to live in our hearts through his memories with us, untouched by fate…

“Go in peace”, “The faithful and wise slave of Christ”, may we see you in the kingdom of heaven… ●



# വി.യൗസേപ്പ്; വചനം മാംസമായവന് ഊരും പേരും നല്കിയവൻ



**ഫാ. ജോസഫ് കുളക്കുടിയിൽ ഒ.ഐ.സി.**

സ്ഥലകാലത്തിനതീതനായ ദൈവം; അവിടുത്തെ സ്നേഹത്തിന്റെ തിരത്തള്ളലാൽ ആകാശവും ഭൂമിയും സൃഷ്ടിച്ചു. അങ്ങനെ ആകാശത്തിനും ഭൂമിയ്ക്കും ആദിയുണ്ടായി. ആദിയിൽ വചനം ദൈവത്തോടു കൂടെയായിരുന്നു (ഉല്പ 1:1; യോഹ. 1:3). സൃഷ്ടിയുടെ മകുടമായ മനുഷ്യനെ ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചു (ഉല്പ 1:26). അവനു സൃഷ്ടിക്കപ്പെട്ട സർവ്വത്തിൻമേലും ആധിപത്യം നല്കി (ഉല്പ 1:26). ജീവവൃക്ഷവും നന്മതിന്മകളുടെ തിരിച്ചറിവിന്റെ വൃക്ഷവും ഉൾക്കൊള്ളുന്ന മനോഹരമായ ഏദൻ തോട്ടത്തിന്റെ പരിപാലകനായി ദൈവം ആദത്തെ നിയോഗിച്ചു (ഉല് 2:15). നന്മതിന്മകളുടെ, തിരിച്ചറിവിന്റെ വൃക്ഷത്തിൽനിന്നും ഭക്ഷിക്കരുത്; ഭക്ഷിക്കുന്ന നാളിൽ മരിക്കും എന്ന കല്പന ആദത്തിനു ദൈവം കൊടുത്തു (ഉല്പ 2:17). എന്നാൽ ആദത്തിന്റെ വാരിയെല്ലിൽനിന്നും രൂപം കൊടുത്ത സ്ത്രീയെ (ഉല്പ 2:21) സാത്താൻ വശീകരിച്ച് തിന്നരുത് എന്ന് കല്പിച്ചിരുന്ന വൃക്ഷത്തിന്റെ പഴം അവളെക്കൊണ്ടു തീറ്റിക്കുകയും അവൾ എവിടെ നിന്നും എടുക്കപ്പെട്ടോ അവനു സ്നേഹത്തോടെ വിലക്കപ്പെട്ട കനി അവൾ നല്കുകയും ചെയ്തു (ഉല്പ 3:1-7). അങ്ങനെ കല്പന ലംഘിച്ച ആദവും ഹവ്വായും ഏദനിൽ നിന്നും പുറത്താക്കപ്പെട്ടു (ഉല്പ 3:24). എന്നാൽ ശിക്ഷിക്കപ്പെട്ട തന്റെ സാദൃശ്യത്തോടു കരുണ തോന്നി, ദൈവം സ്ത്രീയിൽ നിന്നും ജനിക്കുന്നവൻ സർപ്പത്തിന്റെ തലയെ ചതയ്ക്കും എന്ന വാഗ്ദാനം മനുഷ്യനു നല്കി (ഉല്പ 3:15).

കാലത്തിന്റെ പൂർണ്ണതയിൽ വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു (യോഹ 3:14). ആദിയിൽ ഉണ്ടായിരുന്ന വചനം മാംസമായി ത്തീരുവാൻ; ദാവീദിന്റെ വംശത്തിൽപ്പെട്ട ജോസഫ് എന്നു പേരായ പുരുഷനുമായി വിവാഹ നിശ്ചയം ചെയ്യപ്പെട്ട കന്യകയുടെ അടുക്കലേക്കു ഗബ്രിയേൽ ദൈവദൂതൻ അയയ്ക്കപ്പെട്ടു (ലൂക്കാ 1:26-27). അങ്ങനെ വചനം മാംസമായവന് ഊരും പേരും ഭൂമിയിൽ ലഭിപ്പാൻ ദൈവം യൗസേപ്പിനെ തിരഞ്ഞെടുത്തു (മത്താ 18-20). അങ്ങനെ, പ്രവാചകന്മാരുടെ പ്രവചനത്തിനു പൂർത്തീകരണമുണ്ടാക്കുവാൻ യൗസേപ്പ്, യൂദായുടെ ഗോത്രത്തിലും ദാവീദിന്റെ വംശത്തിലുംപെട്ട ദാവീദിന്റെ പട്ടണമായ ബേത്‌ലഹേം നിവാസി, ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടു. ദൈവകുമാരന്റെ പോറ്റപ്പനായി, പരിശുദ്ധ അമ്മയുടെ, വാഗ്ദാനം ചെയ്യപ്പെട്ട സ്ത്രീയുടെ, വിരക്ത ഭർത്താവായി, സംരക്ഷകനായി, ദൈവത്താൽ യൗസേപ്പു നിയോഗിതനായി. ക്രിസ്തുവിന്റെ മണവാട്ടിയായ തിരുസ്സഭയുടെ കാവൽപിതാവായി തിരുസ്സഭ യൗസേപ്പു പിതാവിനെ ബഹുമാനിക്കുന്നു. 2021 എന്ന വർഷം, യൗസേപ്പ് പിതാവിനെ പ്രത്യേകമായി ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു. ഇത്തരുണത്തിൽ യൗസേപ്പ് പിതാവിനെക്കുറിച്ച് അല്പം ചിന്തിക്കുന്നത് അനുഗ്രഹമായിരിക്കും.

യൗസേപ്പ് നീതിമാനായിരുന്നുവെന്ന് വചനം സാക്ഷിക്കുന്നു (മത്താ 1:19). ദൈവത്തോടും സഹജീവികളോടും തനിക്കുള്ള കടപ്പാടുകൾ നിർവ്വഹിച്ചു ജീവിക്കുന്നവനാണു നീതിമാൻ. യേശുവിന്റെ കാലത്ത് മോശയുടെ നിയമം അക്ഷരശ്ശഃ പാലിക്കുന്നതിൽ ശ്രദ്ധാലുക്കളായിരുന്നു യഹൂദർ. വിവാഹനിശ്ചയം ചെയ്യപ്പെട്ട സ്ത്രീ സഹവസിക്കുന്നതിനുമുമ്പ് ഗർഭിണിയായി കാണപ്പെട്ടാൽ കല്ലെറിഞ്ഞു കൊല്ലണമെന്ന കല്പന നിലനിൽക്കുന്ന അവസരത്തിൽ സമസൃഷ്ടിയായ മറിയത്തെ അപമാനിതയാക്കാൻ ഇഷ്ടപ്പെടായ്കയാൽ, അവളെ രഹസ്യമായി ഉപേക്ഷിക്കുവാൻ യൗസേപ്പ് തീരുമാനിച്ചു (മത്താ 1:19). താൻ സമ്പൂർണ്ണമായും വിശ്വാസം അർപ്പിച്ച ദൈവത്തിന്റെ നിഗൂഢമായ പദ്ധതികളെ പിൻതുടരുന്നതിനുവേണ്ടി സ്വന്തം പദ്ധതികൾ മാറ്റി

വച്ച് സാഹസികമായത് ഏറ്റെടുക്കേണ്ടിവന്ന യൗസേപ്പിന് അങ്ങനെ ദൈവത്തോടും സമസൃഷ്ടികളോടുമുള്ള തന്റെ കടപ്പാടുകൾ നിർവ്വഹിച്ചു ജീവിച്ചു. ദൈവതിരുമനസ്സു നിറവേറ്റുന്നതിൽ യൗസേപ്പ് യാതൊരു കാലവിളംബവും വരുത്തിയില്ല. ദൈവദൂതനിൽനിന്നും ലഭിച്ച നിർദ്ദേശമനുസരിച്ച് യാതൊരു വൈമനസ്യവും കൂടാതെ യൗസേപ്പ് രഹസ്യത്തിൽ ഉപേക്ഷിക്കണമെന്നു തീരുമാനിച്ച് മറിയത്തെ തന്റെ ജീവിതത്തിലേക്കു സ്വീകരിക്കുകയും; അവൾക്കുവേണ്ട എല്ലാ ശുശ്രൂഷകളും നല്കി അവളെ സംരക്ഷിക്കുകയും ചെയ്തു (മത്താ 1:24). അവളുടെ കന്യാത്വത്തിനു ഭംഗം വരാതെ അവളെ തന്റെ ഭാര്യയായി സ്വീകരിച്ചു (മത്താ 1:25).

തന്റെ വിശ്വാസ സത്യങ്ങൾക്കുവേണ്ടി എത്രമാത്രം ത്യാഗവും കഷ്ടതയും ഞെരുക്കങ്ങളും പീഡനങ്ങളും അനുഭവിക്കുന്നുവോ അതനുസരിച്ചായിരിക്കും ഒരുവന്റെ വിശ്വാസത്തിന്റെ ആഴം അളക്കപ്പെടുന്നത്. യൗസേപ്പിന്റെ ഹൃദയം ദൈവത്തിലേക്കു തിരിഞ്ഞിരുന്നതും ദൈവത്തിങ്കലേക്കു ചേർന്നിരുന്നതുമായിരുന്നു. ദൈവത്തിന്റെ സ്വരം തിരിച്ചറിയാൻ അദ്ദേഹത്തിന്റെ ആന്തരിക കർണങ്ങൾക്ക് ഒരു ചെറിയ സൂചനമാത്രം മതിയായിരുന്നു. ആ ദൈവിക കല്പന നിറവേറ്റുന്നതിനുവേണ്ടി, വളരെയേറെ കഷ്ടതകളും ത്യാഗങ്ങളും സഹിക്കേണ്ടിവന്നു. പൂർണ്ണഗർഭിണിയായ മറിയത്തെ ദൈവീക നിർദ്ദേശമനുസരിച്ച് തന്റെ ജീവിതത്തിലേക്ക് സ്വീകരിക്കുകയും പേരെഴുതി ചേർക്കേണ്ടതിനായി ബേത്‌ലഹേമിലേക്കു യാത്ര തിരിക്കുകയും ചെയ്തു. അവിടെവച്ചു മറിയത്തിനു പ്രസവസമയമടുത്തു. ഒരു സ്ഥലം ലഭിക്കുന്നതിനായി വളരെയേറെ അന്വേഷണങ്ങൾ നടത്തുകയും അവസാനം കാലികള സൂക്ഷിച്ചിരുന്ന കല്ലടാവിൽ മറിയത്തിനു പ്രസവിക്കുന്നതിനായി വേണ്ടുന്ന ഒരുക്കങ്ങൾ നടത്തുകയും ചെയ്തു (ലൂക്കാ 2:1–7). അധികം താമസിയാതെ, ദൈവദൂതരുടെ അരുളപ്പാടനുസരിച്ച്, സമസ്ത ലോകത്തിനും സന്തോഷം പകരുന്ന, കീറ്റുശീലകളാൽ ചുറ്റപ്പെട്ട, പുൽത്തൊഴുത്തിൽ കിടത്തപ്പെട്ട ശിശുവിനെ ദർശിക്കുന്നതിനായി കാലിക്കൂട്ടിൽ എത്തിയ ആട്ടിടയരെ സന്തോഷത്തോടെ സ്വീകരിച്ചാനയിച്ചു (ലൂക്കാ 2:8–20). ദൈവീക നിർദ്ദേശമനുസരിച്ചുള്ള സേവനം, യൗസേപ്പിന് കേവലം ഉയർന്ന ആദർശം മാത്രമായിരുന്നില്ല. മറിച്ച്, ദൈനംദിന ജീവിതത്തിന്റെ നിയമമായിരുന്നു. അദ്ദേഹം യേശുവിന് ജനിക്കാനുള്ള സ്ഥലം കഠിനാദ്ധ്വാനത്തിലൂടെ കണ്ടെത്തുകയും വേണ്ട ഒരുക്കങ്ങൾ നടത്തുകയും ചെയ്തു. ഹേറോദേസിന്റെ ക്രോധത്തിൽ നിന്ന് യേശുവിനേയും പരി.മറിയത്തേയും രക്ഷിക്കാൻ വേണ്ടി ഈജിപ്തിലേക്കു തിടുക്കത്തിൽ സ്വപ്നദർശനമനുസരിച്ച് ഒരു യാത്ര ഒരുക്കി (മത്താ 2:4). ക്ലേശപൂർണ്ണമായ ഈ യാത്രയിൽ മനം മടുക്കാതെ ശിശുവിനേയും, പരി.മറിയത്തേയും വളരെ കരുതലോടെ സംരക്ഷിച്ചു. കുടുംബത്തെ സംരക്ഷിക്കുന്നതിനുവേണ്ടി അന്യനാട്ടിൽ അദ്ദേഹത്തിനു കഠിനാദ്ധ്വാനം ചെയ്യേണ്ടിവന്നു (മത്താ 2:19). ജറുസലേമിൽവച്ച് യേശുവിനെ നഷ്ടപ്പെട്ടപ്പോൾ അദ്ദേഹം തിടുക്കത്തിൽ പ.മറിയത്തോടൊപ്പം അവിടേക്കു തിരിച്ചു പോയി (ലൂക്കാ 2:41).

വി.യൗസേപ്പിലൂടെ വചനം മാംസമായ യേശുവിനു ഊരും പേരും ഗോത്രവും ലഭിച്ചു. തന്റെ കുലത്തൊഴിലായ തച്ചുശാസ്ത്രം, ജീവസന്ധാരണത്തിനായി യേശുവിനെ അഭ്യസിപ്പിച്ചു. യഹൂദപാരമ്പര്യമനുസരിച്ച് ബാലനായ യേശുവിനെ വളർത്തുന്നതിന് യൗസേപ്പു പിതാവ് വളരെയധികം ശ്രദ്ധിച്ചു (ലൂക്കാ 2:41). 12–ാം വയസ്സിൽ ബാലനായ യേശു യഹൂദപുരോഹിതരോടു ദൈവീക കാര്യങ്ങളെക്കുറിച്ചും നിയമങ്ങളെക്കുറിച്ചും സംസാരിക്കുന്നതിനും തർക്കിക്കുന്നതിനും ഇടയായി എന്നു വചനം സാക്ഷിക്കുന്നു. തക്കസമയത്ത് യൗസേപ്പ് നൽകിയ ശിക്ഷണത്തിലൂടെയാണ് ബാലനായ യേശുവിന് ഈ കഴിവുകൾ ലഭിച്ചത് (ലൂക്കാ 2:41–52).

എളിയ ഒരു തച്ചനായി ജീവിച്ച്, ഒരു വാർത്തയും സൃഷ്ടിക്കാതെ നിശബ്ദസേവനം ചെയ്ത് ദൈവത്തോടും സഹജീവികളോടുമുള്ള തന്റെ കടപ്പാടുകൾ നിർവ്വഹിച്ച്, ക്രിസ്തുവിനോടും പരി.മറിയത്തോടുമൊത്ത് രക്ഷാകരകർമ്മത്തിൽ പങ്കെടുത്ത ജീവിതം എന്നും എല്ലാവർക്കും പ്രചോദനമാണ്. ക്രിസ്തുവിന്റെ പുണ്യനിണത്താൽ നേടിയെടുത്ത് തിരുസ്സഭയുടെ സംരക്ഷക വിശുദ്ധനായ വി.യൗസേപ്പിനെ പ്രത്യേകമാം വിധത്തിൽ ബഹുമാനിക്കുന്ന ഇത്തരുണത്തിൽ അദ്ദേഹത്തിന്റെ മാധ്യസ്ഥം നമുക്ക് കോട്ടയായിരിക്കട്ടെ. ബഥനിയുടെ പ്രത്യേക വിശുദ്ധനായ, വി.യൗസേപ്പിന്റെ മാധ്യസ്ഥം ബഥനിമക്കളായ നമുക്ക് കോട്ടയായിരിക്കട്ടെ.

***

# St Joseph in the writings of West Syrian Church Fathers

**Fr Titus Cheravallil John OIC**



**Introduction**

We are going through the year dedicated to St Joseph. In the decree Patris Corde (with a father's heart) that Pope Francis published on the day of the inauguration of St Joseph's year, he invited the universal church to meditate on and pray for the patronage of the foster father of Jesus. Contemporary devotion to St Joseph in the Catholic Church is primarily determined by Latin medieval theology and the growing experience of Western mystics. Pope Pius IX declared St Joseph a patron of the Catholic Church, partially because of the promptings of Blessed Jean-Joseph Lataste, OP. But in the eastern tradition, the life of St Joseph was venerated and well reflected from the early centuries itself. The references of St Joseph in the liturgical hymnography and the writings of the Church fathers are direct shreds of evidence of the importance that the eastern Churches give to the life of St Joseph. However, a direct allusion regarding Joseph's fatherly heart, with which he loved the Lord, is not apparent in the early writings. But, even then, from these writings, wherever Joseph's name is mentioned as the instrument most needed for the salvation of the world, we can deduce Joseph's loving heart.

In the west Syrian tradition, especially in the writings of Ephrem and Jacob of Sarug, the description of the life of St Joseph is evident. Their accounts are in tune with the early narration of the apocryphal gospel of St James or Protoevangelium. As the apocryphal gospel expanded the story of St Joseph, Ephrem and Jacob of Sarug developed the themes on the life of St Joseph. Their narrations depicted Joseph in a dilemma whether to hide the sin' of Mary' or to fall under the censure of the law or whether to manifest the pregnancy and incur the risk of condemning an innocent party, who was perhaps conceived by an angel. Their narrations are theologically insightful and shed light on the personality of Joseph, and hence we can draw meaningful epithets about Joseph from their writings. This article is an attempt to bring out the epithets on Joseph from the west Syrian literature, which remind us that those hidden in the shadows can play an incomparable role in the history of salvation.

**1. Joseph – The Guardian**

The west Syrian Church fathers describe the role of Joseph concerning salvific events that had happened in the Old Testament. Therefore, the epithets are given to him for explaining his greater role in the salvation of humanity. Guardian is one of the most important characters of Joseph that we come across in the writings of Ephrem and Jacob of Sarug. Ephrem explains the act of guarding in the sense of protecting and rescuing.

Joseph is the one who rescued both Mother Mary and her child from all abuses that could have emerged in the society, if they came to know about the birth of a child without a father. So, it was said, "Joseph rescued you (Jesus) in his arms."[1]

The act of guarding is explained in the writings of Jacob of Sarug in the context of west Syrian theological perceptions. In the west Syrian context, all the theological treaties are explained within the frame of paradise event. According to Jacob of Sarug, redemption occurs when Adam returns to the Garden of Eden to eat from the Tree of Life. Fallen Adam cannot accomplish this on his own, for the gate to paradise is locked, and the cherubim with a fiery revolving sword guard the way to the Tree of Life to prevent Adam from coming back. Hence, the Tree of Life descended to him to bring him back to his original inheritance. The Tree of Life symbolizes the Son of God, and Joseph in this framework, according to Jacob of Sarug, is like the cherub who guards the Tree of life in paradise. The protection Joseph gave to Mary, and her Son is depicted like the guardian, which the Cherubs do in paradise. Joseph protected the "hidden mystery" that came to the world and took the flesh of the virgin mother. So, by guarding the Son, within the womb of his mother, Joseph became "the cherub of flesh."[1]

This expression has got its real meaning with reference to the salvation of mankind. Joseph's act of guarding has a meaning beyond any human act of guarding. His act of protection is not simply to safeguard anything, instead to protect the hidden mystery until its time of revelation. Joseph was given the call of being like a heavenly being. By his deed of protecting, he participates in the life of heavenly beings, who shield eternal life. Like heavenly hosts, he was attentive to God's voice to be guided by His will. Hence, his life teaches that protecting and caring is more than a human activity, a divine call and participation in the act of heavenly beings. For this reason, he is all the more a model for all those who safeguard life.

**2. Joseph – The Priest**

We find this epithet of Joseph in the writings of Jacob of Sarug. Though the tribe of Joseph is well emphasised in the scripture and it is not the Levite tribe of priests, Jacob attested in his writings that Joseph was like a Levite. His nativity hymn enumerates:

> I will not drive out Joseph who is full of holiness
>
> because like a Levite, behold he serves the Lord of the sanctuary.
>
> Aaron, the priest was not made more resplendent than Joseph
>
> for, behold, in his hands he carries the Lord of sanctuary.[2]

The above homily gives the reason for addressing Joseph as a priest. His holiness, service at the sanctuary and carrying the Lord in his hands make him more dazzling than Aaron, the priest of the Old Testament. Jacob of Sarug explains the reason for naming Joseph as a priest in relation to Christ, depicted as the coal of fire, which the seraph scarcely took hold of with the tongues of fire. The underlying reason for his priesthood is the holiness that brought him closer to the sanctuary and made him eligible to carry the Lord

---

[1] Ephrem, *Hymn on the Nativity* II,13.

[2] Jacob of Sarug, *Nativity of our Lord,* SMS, 806,5-8.

in his hands. The depth of Jacob of Sarug's reasoning is very much noticeable in his homily on the nativity.

> That coal of fire, which Seraph scarcely took hold of with the tongues of fire
>
> behold Joseph carries with his fingers.
>
> As long as the infant desires, Joseph will remain beside him,
>
> he serves Him with holiness for he is a just man.[3]

The depiction of Joseph as a Levite indicates the perception of the Christian priesthood according to Jacob of Sarug in the context of the Syriac world. The quality of holiness is the prerequisite for priests in the west Syrian tradition. The other homilies of Jacob of Sarugalso emphasise on priest's holiness. In the homily on *the Descent of the Most High on Sinai, and the Mystery of the Church,* we read:

> I put in you (Church) holiness, the treasure of priests.
>
> The prophets who reveal the secrets shall be yours,
>
> and the priests who give absolution over the sins shall dwell with you.[4]

The above narration specifies that the holiness of the priests is their treasure, and they must be saints, righteous and virtuous on account of their holiness. Jacob of Sarug depicts Joseph as a model for priests because of the holiness that he acquired through his affinity to Jesus.

**Conclusion**

In the west Syrian tradition, St Joseph is depicted as the one who stands before God with a divine vocation. His divine vocation was to guard and protect Mary and her child. By comparing Joseph's act of protecting with the vigilance that Cherub does in paradise, the west Syrian Church Fathers assert that St Joseph is a man with divine call. It also affirms that the vocation of being a protector involves all those who protect life and others. The actualisation of the divine call manifests his priestly character, which reveals to us the basic nature of priests. Therefore, the narration of west Syrian Church Fathers on the life of St Joseph depicts Joseph as a model who inspires our Christian journey standing close to Jesus.

---

[3] *Nativity of our Lord,* SMS, 806, 9-9-12.

[4] Jacob of Sarug, *the Descent of the Most High on Sinai, and the Mystery of the Church,* HS I, 10,4-6.

# ജോസഫ് എന്ന മിഷനറി

ഫാ. ഡാനി മാത്യു ഒ.ഐ.സി



വിവാഹം നിശ്ചയം കഴിഞ്ഞിരുന്ന ദിവസങ്ങളിലൊന്നിലാണ് ജോസഫ് മറിയത്തിന്റെ ഗർഭധാരണത്തെപ്പറ്റി കേൾക്കുന്നത്... എന്ത് ചെയ്യണമെന്ന് അറിയാതെ അവൻ അസ്വസ്ഥനായി... അധികമാരോടും അഭിപ്രായമാരായാൻ സാധിക്കാനാകാത്ത സംഗതിയായതിനാൽ അവൻ അക്ഷരാർത്ഥത്തിൽ കുഴങ്ങി... ചില സുഹൃത്തുക്കൾ പറയുന്നു. അവളെ ന്യായസംഘത്തിനുമുമ്പിൽ ഏൽപ്പിച്ചു കൊടുക്കണമെന്ന്... എന്നാൽ കാര്യമെന്തെന്ന് ചോദിച്ചറിയാതെ മുന്നിട്ടിറങ്ങുന്നത് ശരിയല്ലല്ലോ?

ആകെയൊരു മാനസികവ്യഥ... ആരോടൊന്ന് അഭിപ്രായം ആരായും... നിയമങ്ങളിൽ കർക്കശത്വം പാലിക്കുന്നവരാണ് പലരും. മാനുഷിക പരിഗണനപോലും അവൾക്ക് ലഭിച്ചേക്കില്ല... ചിലർ എന്റെ ഇഷ്ടത്തിനു വിട്ടിരിക്കുന്നു...

നിയമം നോക്കിയാൽ വിവാഹേതര ഗർഭം ശിക്ഷയ്ക്ക് വിധേയമാണ്... രഹസ്യത്തിൽ ഉപേക്ഷിക്കുന്നതല്ലേ ഉചിതം. അതാകുമ്പോൾ എന്നിലുള്ള ഉത്തരവാദിത്വം അകലും... പിന്നെ മറിയത്തിനിഷ്ടമുള്ളത് ചെയ്യാല്ലോ? ഞാനായിട്ട് ഒരു ബുദ്ധിമുട്ടും ഉണ്ടാക്കാൻ പാടില്ല... എല്ലാം തീരുമാനിച്ചിട്ടാണ് അവൻ ഉറങ്ങാൻ കിടന്നത്... ആശങ്കയോടെ കിടന്നതിനാൽ രാത്രിയുടെ ഏതോ യാമത്തിലാണ് ഉറങ്ങിയത്... ആരോ വിളിക്കുന്നതുപോലെ. "ജോസഫ്... ജോസഫ്..." ചുറ്റും പ്രകാശം നിറഞ്ഞ് നിൽക്കുന്നു... മധുരമായ സംഗീതം ഒഴുകിയിറങ്ങി... തൂവെള്ള വസ്ത്രധാരിയായ ഒരുവൻ നിൽക്കുന്നു... അവന്റെ മുഖത്ത് വിരിഞ്ഞ പുഞ്ചിരിയിൽ എല്ലാം ശാന്തമായതുപോലെ...

കണ്ണു തുറക്കണമെന്നുണ്ട്. സാധിക്കുന്നില്ല... എങ്കിലും ഒരു വിധത്തിൽ വിളിക്ക് മറുപടി കൊടുത്തു... ദൂതൻ പറഞ്ഞു: "ദാവീദിന്റെ പുത്രനായ ജോസഫ്... മറിയത്തെ ഭാര്യയായി സ്വീകരിക്കാൻ ശങ്കിക്കേണ്ടാ. അവൾ ഗർഭം ധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിൽ നിന്നാണ്. അവൾ ഒരു പുത്രനെ പ്രസവിക്കും. നീ അവന് 'യേശു' എന്നു പേരിടണം. എന്തെന്നാൽ, ലോകത്തെ രക്ഷിക്കാനിരിക്കുന്നവൻ പിറവിയെടുക്കുന്നത് മറിയത്തിൽ." അങ്ങനെയെങ്കിൽ അവനെ വളർത്തേണ്ട ഉത്തരവാദിത്വം എന്നിലും നിക്ഷിപ്തമായിരിക്കുന്നു... പ്രവാചകന്മാർ വഴി അരുളിചെയ്ത രക്ഷകന്റെ പിറവിയിൽ താനും ഭാഗമാകുന്നു... അവന്റെ മനസിൽ രൂപിതമായ ശങ്കയകന്നു... ജോസഫ് എന്ന മിഷനറി അവിടെ രൂപമെടുക്കുകയായിരുന്നു... വചനത്തെ സ്വീകരിച്ച് അതിനെ സംരക്ഷിച്ച് ജനത്തിനോട് പ്രഘോഷിക്കുന്നവനാണ് ഒരു മിഷനറി. വിളിക്ക് വിശ്വസ്തമായി പ്രത്യുത്തരിച്ച്, ഏതു പ്രതിസന്ധിയിലും പതറാതെ വചനത്തെ മുറുകി പിടിക്കുന്നവനാണ് യഥാർത്ഥ മിഷനറി. വചനം പൂർത്തിയാക്കാനുള്ള യാത്രയ്ക്കിടയിലുണ്ടാക്കുന്ന ശങ്കകളും പ്രലോഭനങ്ങളും ദൈവത്തിന്റെ ഇംഗിതത്തിനു സമർപ്പിച്ച് വചനത്തെ സംരക്ഷിക്കുന്നവനായിരിക്കണം മിഷനറി... ഈശോയെന്ന വചനത്തിന് കാവൽക്കാരനാകാൻ ജോസഫിന് വിളി ലഭിച്ചു. ശങ്കകളും പ്രലോഭനങ്ങളും വിട്ടുമാറാതെ പിന്നാലെ കൂടിയപ്പോൾ ദൈവത്തിലാണ് ജോസഫ് ആശ്രയിച്ചത്... തന്റെ വിളിയെക്കുറിച്ച് ഉത്തമബോധ്യം ലഭിച്ചപ്പോൾ അവൻ വചനത്തിന് കാവലാളായി. അല്ലെങ്കിൽ സംരക്ഷകനായി മറിയത്തിനൊപ്പം യാത്രയാരംഭിക്കുന്നു.

***

**ജോസഫിന്റെ മിഷനറി യാത്രകൾ**

**ബേത്‌ലഹേമിലേക്ക്...**

മരപ്പണിക്കാരനായിരുന്ന ജോസഫ് തന്റെ ജോലി ഭംഗിയായി നിർവ്വഹിച്ചിരുന്ന ഉത്തമ കുടുംബസ്ഥനായിരുന്നു. രക്ഷകന്റെ പിറവിക്കു വേണ്ടി അവൻ മനസ്സാൽ ഒരുങ്ങിക്കഴിഞ്ഞിരുന്നു... ജനിക്കാനിരുന്ന ശിശുവിനുവേണ്ടി അവൻ പുൽത്തൊട്ടി ഒരുക്കി...

ചെറുതെങ്കിലും മനോഹരമായ വീട് ജോസഫ് അണിയിച്ചൊരുക്കി... മറിയത്തെ വേണ്ടതിലധികം ഭംഗിയായി അവൻ സംരക്ഷിച്ചു പോന്നു... അങ്ങനെ ആ കാത്തിരിപ്പിന്റെ കാലയള വിലാണ് റോമൻ ചക്രവർത്തി അഗസ്റ്റസ് സീസറിന്റെ കൽപനയെ പറ്റി കേൾക്കാനിട യായത്... സകലരും അവരുടെ പിതൃഗ്രാമത്തിൽ പോയി പേരെഴുതി ചേർക്കണം... ഗർഭിണിയായ മറിയത്തെപ്പറ്റി ഓർത്തപ്പോൾ ജോസഫിന്റെ ഹൃദയത്തിൽ വലിയ ശങ്കയും ദുഃഖവും ഉട ലെടുത്തു... എന്നിരുന്നാലും രാജകല്പന പാലി ക്കേണ്ടത് ആവശ്യമായതിനാൽ ജോസഫ് തന്റെ പൂർവ്വപിതാക്കന്മാരുടെ ജന്മഗ്രാമമായ ബേത്‌ല ഹേമിലേക്കു മറിയത്തോടൊപ്പം യാത്ര പുറപ്പെട്ടു... കൊടും ശൈത്യകാലം... യാത്രകൾ ഒഴിവാക്കി യിരുന്ന കാലം...

രാവിൽ കാറ്റിന് തണുപ്പേറും. ത്വക്കിന് സ്വതേയുള്ള ജലാംശംപോലും ഉറഞ്ഞില്ലാ താകും...

എങ്ങു നിന്നോ വീശിയടിക്കുന്ന കാറ്റിനും അതിശൈത്യം... മറിയത്തിന് ഗർഭകാല ക്ലേശ മേറിയിരുന്നതിനാൽ അവരുടെ യാത്ര സുഗമ മായിരുന്നില്ല എന്നു വേണം അനുമാനിക്കാൻ... ബേത്‌ലഹേം പട്ടണത്തോട് അടുത്തു...

പ്രസവത്തിനുള്ള സമയമടുത്തുവെന്ന് അറിഞ്ഞപ്പോൾ മുതൽ ജോസഫ് ഒരു ഭവനം അന്വേഷിക്കുന്നതാണ്... ആരും ഇടംകൊടുക്കാൻ തയ്യാറായിരുന്നില്ല...

ദീർഘദൂരയാത്രയും ശൈത്യവും അവരെ വല്ലാതെ തളർത്തി... ഇടമന്വേഷിച്ച ഭവനങ്ങൾ ഒന്നാകെ അവരുടെ മുമ്പിൽ കൊട്ടിയടക്കപ്പെട്ട പ്പോൾ അവർ നിസ്സഹായരായി... ഇനി ഒരടികൂടെ മുന്നോട്ടു വയ്ക്കാൻ അവൾക്ക് ത്രാണിയില്ല എന്ന് മനസ്സിലാക്കിയ ജോസഫ് പ്രാർത്ഥനാപൂർവ്വം അങ്ങകലെയായി കണ്ട ആ ഭവനത്തിൽ കൂടി അന്വേഷിക്കാം എന്ന് ചിന്തിച്ചു മറിയത്തെ വഴിയരികിലിരുത്തി മുന്നോട്ട് നടന്നു...

അല്പം ഇടം ലഭിക്കണമേയെന്ന പ്രാർ ത്ഥനയായിരുന്നു ജോസഫിന്റെ മനസ്സ് നിറയെ...

ആ ഭവനത്തിന്റെ വാതിൽ അവർക്ക് മുമ്പിൽ തുറക്കപ്പെട്ടു... സങ്കടം ബോധിപ്പിച്ചപ്പോൾ ഭവനത്തിന്റെ വലതു വശത്തായി സ്ഥിതി ചെയ്തി രുന്ന ഗോശാല ഗൃഹനാഥൻ ചൂണ്ടിക്കാട്ടി... വിസർ ജ്ജ്യത്തിന്റെ ഗന്ധം വമിക്കുന്നുണ്ടായിരുന്നെ ങ്കിലും ഗൃഹനാഥന്റെ കാരുണ്യത്തിന് നന്ദി പറഞ്ഞ് മറിയത്തിനായി ഇടമൊരുക്കി... മറിയം ദൈവകുമാരന് ജന്മം നൽകി...

തനിക്ക് ഏൽപ്പിക്കപ്പെട്ട ദൗത്യം യഥോ ചിതം പൂർത്തിയാക്കാൻ മനസ്സു കാണിച്ചപ്പോൾ ദൈവം അവരുടെ കൂടെ നിന്നു... ആ യാത്രകളിൽ ക്ലേശങ്ങൾ ഏറെയുണ്ടായിരുന്നെങ്കിലും അവ യെല്ലാം വചനത്തിന്റെ പിറവിക്കുവേണ്ടിയുള്ള മുന്നൊരുക്കമാണെന്ന് മനസ്സിലാക്കിയപ്പോൾ 'ഇതാ ഞാൻ, കർത്താവേ എന്നെ അയച്ചാലും!' എന്ന് പറഞ്ഞ് ജോസഫ് വിനയാന്വിതനായി... വച നത്തെ പ്രഘോഷിച്ചപ്പോൾ പല വാതിലുകളും ജോസഫിന് മുമ്പിൽ അടയ്ക്കപ്പെട്ടു... ചിലർ പരിഹസിച്ചു പറഞ്ഞയച്ചു... എന്നാൽ ജോസഫ് തന്റെ വിളിയിൽ വിശ്വസ്തനായിരുന്നു... പിൻമാറാൻ ഒരുക്കമായിരുന്നില്ല... വീണ്ടും വീണ്ടും വചനത്തെ പ്രഘോഷിച്ചു.

ഒടുവിൽ വാതിൽ തുറന്നു... ഓരോ മിഷന റിയും അയയ്ക്കപ്പെടുന്നത് വചനം പങ്കുവയ്ക്കാ നാണ്. ചിലർ പരിഹസിക്കപ്പെടുന്നു... ചിലർക്ക് പീഡനങ്ങളും... മറ്റു ചിലർക്ക് മാനസിക ക്ലേശ ങ്ങളും... അവയിലൊന്നും തളരാതെ ജോസഫിനെ പോലെ സധൈര്യം വചനത്തെ മുന്നോട്ടു വഹി ക്കുന്ന മിഷനറിയാകാം... മുന്നിൽ നടന്ന് വഴി തെളിക്കുന്ന കർത്താവ് നമുക്കുവേണ്ടി പ്രത്യാശ നിറഞ്ഞ പദ്ധതികൾ വിഭാവനം ചെയ്തിരി ക്കുന്നു...

***

**നസ്രത്തിൽ...**

വീണ്ടും സ്വപ്നത്തിൽ ദൂതൻ പ്രത്യക്ഷപ്പെട്ട് നിർദ്ദേശിച്ചതനുസരിച്ച് അവർ നസ്രത്തിലേക്ക് യാത്ര തിരിച്ചു. നസ്രത്തിലെത്തിയ ജോസഫ് മറിയത്തിനും ശിശുവിനുമായി വീടൊരുക്കി...

താൻ വളർന്ന ഗ്രാമമായതിനാൽ അഭിമാനപൂർവ്വം കുഞ്ഞ് ഈശോയെയും അമ്മ മറിയത്തെയും തന്റെ ചങ്ങാതിമാരുടെ ഇടയിൽ പരിചയപ്പെടുത്തി...

അവർ പറഞ്ഞ കാര്യങ്ങൾ ബോധ്യപ്പെടാത്തതിനാലാകാം പലരും ജോസഫിനെ പരിഹസിച്ചു... പുരുഷനെ അറിയാതെ ഗർഭംധരിച്ച മറിയത്തെ പറ്റി അവർ കഥകൾ മെനഞ്ഞുണ്ടാക്കി... എന്നാൽ ജോസഫ് തന്റെ സ്രഷ്ടാവിന്റെ പദ്ധതികളിൽ വിശ്വസ്തനായിരുന്നു... ജനിച്ച ശിശു രക്ഷകനാണെന്നും അവൻ ഈ ലോകത്തിന്റെ പാപ പൊറുതിക്കായി വന്നവനാണെന്നും ബോധ്യമുള്ളതിനാൽ ജോസഫ് അവരുടെ പരിഹാസ ശരങ്ങൾക്ക് ഉത്തരം നൽകിയില്ല...

അവൻ വചനത്തെയും വചനത്തെ ഗർഭം ധരിച്ച മറിയത്തെയും വിശ്വസ്തതയോടെ സംരക്ഷിച്ചു. വചനത്തെ പങ്കുവയ്ക്കുമ്പോൾ ഓരോ മിഷനറിക്കും പരിഹാസം ഏൽക്കേണ്ടി വന്നേക്കാം... പ്രഘോഷിക്കുന്ന വചനത്തിനെതിരായി വാദങ്ങൾ ഉയർന്നേക്കാം...

എന്നാൽ ഓരോ മിഷനറിയുടെയും കടമയാണ് ജോസഫിനെപ്പോലെ വചനത്തെ സംരക്ഷിക്കുക എന്നത്...

**ഈജിപ്തിൽ...**

മറിയത്തിനും ഈശോയ്ക്കുമൊപ്പം നസ്രത്തിൽ കഴിയവേ, ഹേറോദോസിന്റെ ക്രൂര വിനോദം അവരിൽ ഭയമുളവാക്കിയത്... രണ്ടു വയസ്സിനു താഴെയുള്ള കുഞ്ഞുങ്ങളെ വാളിനിരയാക്കുക... കേട്ടവർ കേട്ടവർ പല നാടുകളിലേക്കും പലായനം ചെയ്തു...

എന്ത് ചെയ്യണമെന്നറിയാതെ കുഴങ്ങി നിന്ന ജോസഫിന് അന്നു രാത്രി ദൂതൻ സ്വപ്നത്തിൽ പ്രത്യക്ഷനായി... നീ അമ്മയെയും ശിശുവിനെയും കൂട്ടി ഈജിപ്തിലേക്ക് പലായനം ചെയ്യുക. കർത്താവിന്റെ കൽപ്പനകൾ പാലിക്കാൻ സദാ സന്നദ്ധനായിരുന്ന ജോസഫ് പൊടുന്നനെ യാത്ര തിരിച്ചു... പ്രസവം കഴിഞ്ഞിരുന്ന സമയമായതിനാലും ഒട്ടും അനുകൂലമല്ലാത്ത കാലാവസ്ഥയായതിനാലും ഈജിപ്ത് പരിചിതമല്ലാത്ത പ്രദേശമായതിനാലും ജോസഫിന് മുന്നോട്ടുള്ള യാത്രയിൽ ആശങ്കയുണ്ടായിരുന്നു.

ദൈവഹിതത്തിനു തന്നെത്തന്നെ വിട്ടുകൊടുക്കാൻ മടിയില്ലാത്ത ജോസഫ് യാത്ര തുടർന്നു...

ഏറ്റവും ശൈത്യമേറിയ സമയമായിരുന്നു... യാത്രകൾ പലപ്പോഴും ദുസ്സഹമായിരുന്നു...

വീശിയടിക്കുന്ന തണുത്ത കാറ്റിൽ തെരുവോരങ്ങളിൽ കിടക്കുമ്പോൾ അവർ ദൈവത്തെ മഹത്വപ്പെടുത്തി... മഞ്ഞു പെയ്തിറങ്ങുമ്പോൾ അവർ തണുത്തു വിറങ്ങലിച്ചു നിന്നിട്ടുണ്ട്...

പ്രതികൂല സാഹചര്യങ്ങളുടെ രൂപത്തിൽ സാത്താൻ അവരെ പിന്തുടർന്നു...

എന്നാൽ വചനത്തെ സംരക്ഷിക്കാൻ നിയോഗിക്കപ്പെട്ടിരുന്ന ജോസഫ് എല്ലാത്തിനെയും സമചിത്തതയോടെ കൈകാര്യം ചെയ്തു... പ്രതിസന്ധികൾ ഏറുമ്പോഴും ജോസഫ് കൂടുതൽ കൂടുതൽ ധീരമായി വചനത്തെ പ്രഘോഷിച്ചു. വചനത്തിനു സംരക്ഷണം നൽകി.

പ്രസംഗിക്കുന്ന വചനത്തിന്റെ പേരിൽ മിഷണറിമാർക്ക് പീഡനമേൽക്കേണ്ടി വന്നേക്കാം...

ജീവൻ വ്യയം ചെയ്യേണ്ടി വന്നേക്കാം... അടിച്ചമർത്തപ്പെട്ടേക്കാം...

സാഹചര്യങ്ങൾ പ്രതികൂലമായേക്കാം... കാലാവസ്ഥ പ്രതികൂലമായേക്കാം...

എന്നാൽ വചനത്തെ സംരക്ഷിക്കുന്നതിന് ഇവയൊന്നും തടസ്സമാകരുത്. ജോസഫിനെ പോലെ... ജോസഫ് ഉത്തമനായ മിഷനറി ആയിരുന്നു. ചുറ്റും ഉയർന്ന പ്രതിസന്ധികളെ കാര്യമാക്കാതെ അവൻ വചനം പ്രസംഗിച്ചു. വചനത്തെ സംരക്ഷിച്ചു...

**തിരികെ നസ്രത്തിലേക്ക്...**

പ്രതികൂല സാഹചര്യങ്ങളോട് പൊരുതി ഈജിപ്തിൽ വചനത്തെ സംരക്ഷിച്ച ജോസഫിന് ആ ദേശം പരിചിതമായി വരികയായിരുന്നു... ചുറ്റുമുള്ളവർ അവർക്ക് പ്രിയപ്പെട്ടവരായിരുന്നു... ഹേറോദേസ് രാജാവ് മരണപ്പെട്ടതോടെ നസ്രത്തിലെ സാഹചര്യങ്ങൾ അവർക്ക് അനുകൂലമായി മാറിയിരുന്നു... ഒരു ദിവസം ദൂതൻ ജോസഫിന് സ്വപ്നത്തിൽ വീണ്ടും പ്രത്യക്ഷപ്പെട്ടു. എഴുന്നേറ്റ് ശിശുവിനെയും അമ്മയെയും കൂട്ടി ഇസ്രായേൽ പ്രദേശത്തേക്ക് മടങ്ങുക. ഇത്രയും നാൾ തങ്ങൾക്ക് കൂട്ടായിരുന്ന തങ്ങളുടെ ആവശ്യങ്ങളിൽ ഓടിയെത്തിയിരുന്ന അയൽവാസികളോട് അവർ നന്ദി പറഞ്ഞു യാത്രക്കൊരുങ്ങി... തന്റെ സ്വന്തം ദേശത്തേക്ക് യാത്ര ചെയ്യുന്നതിന് ജോസഫ് തയ്യാറായിരുന്നുവെങ്കിലും ഹേറോദേസിന്റെ മകൻ അർക്കലാവോസാണ് ഇപ്പോഴത്തെ ഭരണാധികാരി എന്നറിഞ്ഞപ്പോൾ തെല്ലു ശങ്കയുണ്ടാകാതിരുന്നില്ല...

എന്നിരുന്നാലും, കൽപ്പന ദൈവത്തിൽ നിന്നായിരുന്നതിനാൽ ജോസഫ് ശിരസ്സ് കുമ്പിട്ട് ദൈവത്തിനു നന്ദി പറഞ്ഞു യാത്ര തിരിച്ചു...

വചനത്തിന് അനുകൂലമായ സാഹചര്യങ്ങളിൽ നിന്ന് മിഷനറിമാർ യാത്ര പുറപ്പെടേണ്ടി വന്നേക്കാം... ഒരിക്കൽ പ്രതികൂലമായിരുന്ന സ്ഥലത്തേക്ക് വീണ്ടും യാത്ര ചെയ്യേണ്ടി വന്നേക്കാം... സ്വീകരിക്കപ്പെടുമോ തിരസ്കരിക്കപ്പെടുമോ എന്നറിയാത്ത സാഹചര്യങ്ങൾ ഉണ്ടായേക്കാം... എന്നാൽ ദൈവം അയക്കുന്ന സാഹചര്യങ്ങളിലേക്കുള്ള വിശ്വാസം നിറഞ്ഞ യാത്രയാണ് ഒരു മിഷനറിയെ ബലപ്പെടുത്തുന്നത്... അങ്ങനെ യാത്ര ചെയ്യുന്നവർക്കൊപ്പം ദൈവം കൂടെ സഞ്ചരിക്കും... ജോസഫ് അപ്രകാരം യാത്ര ചെയ്തു... മുന്നിലുയർന്ന പ്രതികൂല കോട്ടകളെ വിശ്വാസംകൊണ്ട് ജോസഫ് നേരിട്ടു...

കൂടെയുള്ളത് വചനവും വചനത്തെ വഹിച്ച ഉദരവുമാണെന്ന ബോധ്യം അവനിലുണ്ടായിരുന്നു...

**വളർത്തുന്നവൻ...**

യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു (ലൂക്കാ 2: 52). യേശുവിന്റെ വളർച്ചയിലുള്ള പങ്കാളിത്തമാണ് ജോസഫിനെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തനാക്കുന്നത്... ജോസഫ് താൻ ആർജ്ജിച്ചെടുത്ത അറിവും വിശ്വാസവും യേശുവിനെയും പഠിപ്പിച്ചു... താൻ ഏറ്റെടുത്ത ഉത്തരവാദിത്വം അവൻ മനോഹരമായി നിർവഹിച്ചു... ഓരോ മിഷനറിമാരും തങ്ങൾ അനുഭവിച്ചറിഞ്ഞ വചനത്തെ മറ്റുള്ളവർക്ക് പകർന്നു നൽകുന്നവരാകണം, വചനത്തെ വളർത്തുന്നവരാകണം...

ഓരോ മിഷനറിമാരും വിളിക്കപ്പെട്ടിരിക്കുന്നത് മറ്റൊരു ജോസഫാകാനാണ്...

കാരണം, ജോസഫും ഒരു തീക്ഷ്ണമതിയായ മിഷനറിയായിരുന്നു... അതുകൊണ്ട്, എപ്രകാരം മറിയത്തിനും യേശുവിനും ജോസഫ് സംരക്ഷണമേകിയോ അപ്രകാരം നമുക്കും വചനത്തെ സംരക്ഷിക്കുന്ന മിഷനറിമാരാകാം...

വചനത്തോട് വിശ്വസ്തരായ മിഷനറിമാരാകാം... വചനത്തെ സ്നേഹിക്കുന്ന മിഷനറിമാരാകാം...

# നിശബ്ദസേവകൻ

**ഫാ. ലിബിൻ വർഗീസ് ഒ.ഐ.സി.**



സുവിശേഷങ്ങൾ വ്യക്തമാക്കുന്ന പ്രകാരം നസ്രത്തിലെ ജോസഫ് പിതൃഹൃദയത്തോടെയും വാത്സല്യത്തോടെയും നിശബ്ദമായി തിരുക്കുടുംബത്തെ സ്നേഹിച്ചു. അതുപോലെ തന്നെ സേവിച്ചു.

വി.ഗ്രന്ഥത്തിൽ വളരെ കുറച്ചു മാത്രമേ വി.യൗസേപ്പിതാവിനെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ളൂ. യേശുവിനെ കന്യാപുത്രനായി ചിത്രീകരിക്കുന്നുണ്ടെങ്കിലും സുവിശേഷങ്ങളിലെ വംശാവലികളിൽ അദ്ദേഹത്തിന്റെ പൂർവ്വികതയുടെ വഴി പുരോഗമിക്കുന്നത് യൗസേപ്പിലൂടെയാണ്. നമ്മുടെ ആത്മീയ യാത്രയിൽ നമുക്ക് പിൻചെല്ലാവുന്ന ഏറ്റവും അനുകരണീയമായ മാതൃകയാണ് വി.യൗസേപ്പിന്റേത്. ഒരു പിതാവിന്റെ കൃത്യനിർവ്വഹണം ശരിയായ രീതിയിൽ നിർവ്വഹിച്ചയാളാണ് വി.യൗസേപ്പ് സനേഹത്തോടും വിശ്വസ്തതയോടും കൂടെ തന്റെ ദൗത്യം അദ്ദേഹം നിർവ്വഹിച്ചു.

ഈ അപ്പനിൽ യഥാർത്ഥ പിതാവിന്റെ സ്നേഹം ദർശിച്ച ഈശോ നമ്മെയും വിശുദ്ധ ജോസഫിന്റെ പിതൃസ്നേഹത്തിന് ഭരമേൽപ്പിക്കാൻ ആഗ്രഹിക്കുന്നു. വിശുദ്ധരുമായുള്ള ബന്ധം നമ്മേയും വിശുദ്ധരാക്കിത്തീർക്കും. നമ്മുടെ നാളെകളെ കുറേക്കൂടി പരിശുദ്ധമാക്കുവാൻ അതുവഴി നമുക്ക് സാധിക്കുകയും ചെയ്യും. ദൈവകല്പനകൾ നിശബ്ദമായി അനുസരിച്ചതിനാൽ ദൈവം യൗസേപ്പിനെ കനിഞ്ഞനുഗ്രഹിച്ചു.

നാലുപ്രാവശ്യം ദൈവദൂതരിലൂടെ ദൈവം യൗസേപ്പിനോടു സംസാരിച്ചതായി നാം സുവിശേഷത്തിൽ കാണുന്നു. ദൈവത്തിലുള്ള അടിയുറച്ച വിശ്വാസമാണ് അദ്ദേഹത്തെ ഇങ്ങനെ ജീവിക്കാൻ പ്രേരിപ്പിച്ചത്. യഥാർത്ഥ സ്വാതന്ത്ര്യം അനുഭവിക്കണമെങ്കിൽ ദൈവത്തെയും താനായിരിക്കുന്ന സമൂഹത്തേയും അനുസരിക്കണമെന്ന ചിന്ത നമ്മിൽ വി.യൗസേപ്പിതാവ് ഉണർത്തുന്നു. ക്ലേശകരമായ യാത്രകളിൽ എത്ര ശാന്തനായിട്ടാണ് ജോസഫ് മുന്നോട്ടു നീങ്ങിയത്. യാത്രയിലെല്ലാം ഈശോ അയാളോടൊപ്പം ഉണ്ടായിരുന്നു.

ആവശ്യങ്ങളിൽ ക്രിയാത്മകതയോടെ പ്രതികരിച്ച യൗസേപ്പിനെയാണ് നാം സുവിശേഷത്തിൽ കണ്ടുമുട്ടുന്നത് ദൈവശബ്ദത്തിന് കാതോർത്ത് അദ്ദേഹം നിരന്തരം യാത്ര ചെയ്തു. യാത്രകളെല്ലാം ദൈവീകമായി മാറി. നമ്മിലെ സേവനത്തേയും സ്നേഹത്തേയും കാര്യമായി ശുദ്ധീകരിക്കേണ്ടതുണ്ട്, അതിന് ആത്മാർത്ഥമായ മാദ്ധ്യസ്ഥം യൗസേപ്പിലൂടെ നാം നേടേണ്ടതുണ്ട്. യൗസേപ്പിനെപ്പോലെ ജീവിക്കാൻ കഴിയുക എത്ര ഭാഗ്യമാണ്. അവനെപ്പോലെ മരിക്കാൻ കഴിയുക അതിലേറെ ഭാഗ്യകരം. ധൈര്യം വാക്കാലല്ല പ്രവൃത്തിയാലാണ് യൗസേപ്പ് പ്രകടമാക്കിയത്. ഏതൊരു സഹനത്തിലും പോരാട്ടത്തിലും അദ്ദേഹം തിരുക്കുടുംബത്തെ ചേർത്തു പിടിച്ചു. ധൈര്യവും വീര്യവുമാർന്ന വിശ്വാസവും അവിടുന്നിൽ വിളങ്ങി നിന്നു. ക്രിസ്തു തന്നോടൊപ്പമുണ്ടെന്നു തന്നെ ലോകത്തോടു നിശബ്ദമായി പറഞ്ഞു ജീവിച്ചു. പിതൃത്വം ആധിപത്യം വഹിക്കാനല്ല, ശുശ്രൂഷിക്കാനാണ്... സംരക്ഷിക്കാനാണ്... അതുപോലെ നിശബ്ദമായി സേവിക്കാനാണ്.

# തച്ചക്കുടിയിൽ പ്രായോഗികമായ നീതിബോധം



ഫാ. ഡാനിയേൽ റ്റോണി കല്ലിൽ ഒ.ഐ.സി.

ശാന്തസുന്ദരമായ അന്തരീക്ഷത്തെ പെട്ടെന്ന് തകർത്തെറിഞ്ഞ് അവന്റെ ചുറ്റും ജനരോക്ഷവും ആക്രോശവും അലയടിച്ചു. നിരാലംബയായ ആ സ്ത്രീയുടെ തേങ്ങലുകൾക്കപ്പുറം 'ഇവളെ കല്ലെറിയുക' എന്ന ധ്വനി അവിടെ ആകമാനം മുഴങ്ങി കേട്ടു. വിതുമ്പുന്ന സ്ത്രീ തലകുനിച്ച് കണ്ണുംനട്ട് ജീവിക്കുവാനുള്ള കൊതിയോടെ അവന്റെ മുൻപിൽ നിന്നു. എറിയുവാൻ കല്ലുകളുമായി അനേകർ അവളെ വളഞ്ഞു. അവൻ മാത്രം ഒന്നും മിണ്ടുന്നില്ല. അവന്റെ മൗനം ഒരു പക്ഷേ ധ്യാനമാകാം.... ഓർമ്മയുടെ പിന്നാമ്പുറങ്ങളിലേക്ക് പതുക്കെ യാത്ര ആയതാകാം.... അവളുടെ മുഖത്തേക്ക് അവനൊന്നു നോക്കി. ആ കണ്ണുകളിൽ അവൻ തന്റെ അമ്മയെയും അപ്പനെയും ഒറ്റനോട്ടത്തിൽ കണ്ടു. തന്റെ കുഞ്ഞിക്കാതിലേക്ക് അമ്മ ആദ്യം പറഞ്ഞു കൊടുത്ത ആ കഥ അവന്റെ ചിന്തകളിലേക്ക് ദ്രുതഗതിയിൽ എത്തി. സംശയത്തിന്റെ നിഴലിൽ നിന്ന അമ്മയോട് അവന്റെ അപ്പൻ കാണിച്ച നീതി, ദയ, അലിവ്, ബഹുമാനം, സ്നേഹം എന്നിവ അവന്റെ ഹൃദയത്തെ കുറേക്കൂടി ആർദ്രമാക്കി. ജീവിതത്തിലെ ഒരു നിർണായക നിമിഷം ഇതാ സംജാതമായിരിക്കുന്നു. തന്റെ വാക്കിന് മുൻപിൽ ഒരു ജീവൻ വീണു പിടയാം അല്ലെങ്കിൽ പ്രാണൻ നേടിയെടുക്കാം. ഈ സാഹചര്യത്തിൽ ആ അപ്പന്റെ വഴി പിന്തുടർന്നുകൊണ്ട് "നിങ്ങളിൽ പാപം ഇല്ലാത്തവൻ ഇവളെ കല്ലെറിയട്ടെ" എന്ന ഒറ്റവാക്യത്തിൽ അവൻ വിധിവാചകം ഉച്ചരിച്ചു. അവളെ ജീവനിലേക്ക് തിരികെ അയച്ചു.

അന്ന് അപ്പൻ തന്റെ അമ്മയോട് കാണിച്ച നീതിബോധം അവന്റെ മനസ്സിൽ ആഴത്തിൽ സ്പർശിക്കുകയും സ്വാധീനിക്കുകയും ചെയ്തിരുന്നു. സഹോദരാ... സഹോദരി... നിങ്ങളോട് ഒരു ചോദ്യം: ജീവിതത്തിന്റെ ഏതെങ്കിലും നിർണായകഘട്ടത്തിൽ എന്റെ അപ്പൻ അഥവാ അമ്മ ചെയ്തതുപോലെ ചെയ്യുവാൻ ഞാൻ ആഗ്രഹിക്കുന്നു എന്ന് ഏതെങ്കിലും മക്കൾ പറയുകയാണെങ്കിൽ, എന്തുചെയ്യണമെന്നറിയാത്ത നിമിഷങ്ങളിൽ നിങ്ങളുടെ ചില വാക്കുകളും പ്രവർത്തിയും ഓർമ്മകളും നിങ്ങളുടെ പ്രിയപ്പെട്ടവരെ മുൻപോട്ടു പോകുവാൻ പ്രേരിപ്പിക്കുകയാണെങ്കിൽ, തീർച്ചയായും നിങ്ങളുടെ മക്കളുടെ ഹൃദയത്തിലും നിങ്ങളുടെ ചുറ്റുപാടും ഉള്ളവരുടെ ഹൃദയത്തിലും നിങ്ങൾക്ക് ഒരു സ്ഥാനമുണ്ട് എന്നാണതിനർത്ഥം. അതുകൊണ്ട് അതനുസരിച്ച് വേണം ജീവിതത്തെ ക്രമീകരിക്കുവാൻ. കാരണം, നാളെ ആരുടെയൊക്കെയോ നീതിബോധത്തെ സ്വാധീനിക്കുന്ന മാനദണ്ഡം ആകാം എന്റെ പ്രവർത്തികൾ.

കാലമെത്ര കഴിഞ്ഞാലും നീതിമാനായ ജോസഫ് എന്ന പേരിൽ ആ അപ്പൻ വചനത്തിലും വചനം വായിക്കുന്നവരുടെ ഹൃദയത്തിലും ഉണ്ടാകും. അത് വരുംതലമുറയെ നീതിയുടെ യഥാർത്ഥ പാഠങ്ങൾ പറഞ്ഞു പഠിപ്പിക്കുന്നതിനു വേണ്ടിയാണ്. ഇന്നിന്റെ ലോകം പഠിപ്പിക്കുന്ന കപടതയുടെ സദാചാര നീതിബോധം അല്ല, മറിച്ച് സ്വർഗ്ഗത്തിലെ മനുഷ്യമക്കൾക്കായി വിഭാവനം ചെയ്തിരിക്കുന്ന നന്മയുടെ തെളിമയുള്ള നീതിബോധമാണ്. ദുഷ്ടരുടെയും ശിഷ്ടരുടെയും മേൽ ഒരുപോലെ മഴ പെയ്യിക്കുന്ന നീതി, വർഷങ്ങളായി ഫലം നൽകാത്ത അത്തിവൃക്ഷച്ചുവട് വീണ്ടും കിളച്ച് വളമിട്ട് പ്രതീക്ഷയുണർത്തുന്ന നീതി, ധനാഢ്യരുടെ പണസഞ്ചിയുടെ കിലുക്കത്തോടൊപ്പം ദരിദ്രന്റെ ചെറുതുട്ടുകളും പരിഗണിക്കുന്ന നീതി. അതെ, നശിച്ചും നഷ്ടപ്പെട്ടും പോകാതിരിക്കാൻ ത്യാഗം സഹിക്കുന്ന നീതിബോധമാണത്. എന്നാൽ ഇന്ന് നീതി ഒരു Subjective aspect- ആയി മാറിയിരിക്കുന്നു. എന്റെ ജീവിതത്തിന് കോട്ടം തട്ടാതെ ലാഭം നേടിക്കൊണ്ട് നീതി നടത്താനുള്ള ശ്രമമാണ് പലരും

ചെയ്തുകൊണ്ടിരിക്കുന്നത്. കവല പ്രസംഗങ്ങളിൽ വാരിവിതറുന്ന ആദർശ സമവാക്യങ്ങളും ആശയ സമ്പന്നതയും പണത്തിനു മുമ്പിൽ അധര വ്യായാമമായി മാറുമ്പോൾ തന്നോടുതന്നെ നീതി പുലർത്താൻ, തന്റെ ഉത്തരവാദിത്വങ്ങളോട് നീതി പുലർത്താൻ പലർക്കും സാധിക്കാതെ പോകുന്നു. ഈ പ്രക്രിയയിൽ അന്യന്റെ അവകാശത്തെ നമ്മുടെ ഔദാര്യമായി കണ്ടു നീതി നടത്തുന്നു എന്ന് നാം തെറ്റിദ്ധരിക്കുന്നു.

യജമാനന്റെ മേശയിൽ നിന്നും വീഴുന്ന അപ്പക്കഷണം കൊണ്ട് വിശപ്പ് അകറ്റുന്ന നായ്ക്കൂട്ടം ആണ് നീതിക്കായി വിശന്ന് ദാഹിച്ച് വലയുന്നവർ എന്ന ഒരു മനോഭാവം നമ്മെ വല്ലാതെ ഗ്രസിച്ചിരിക്കുന്നു. അതിനാൽ തന്നെ പലയാവർത്തി ഏറ്റുപാടുന്ന നീതിയുടെ ആ നിർവചനം 'ഓരോരുത്തർക്കും അവരവർക്ക് അർഹമായത് നൽകുന്നതാണ് നീതി' എന്നത് വചനബദ്ധമായ ഒരു നിർവചനം അല്ല. കാരണം ഇത് വളരെ Subjective-ആയി നിൽക്കുന്ന ഒന്നാണ്. വചനം വളരെ Objective Aspect-ലൂടെയാണ് നീതിയെ കാണുന്നത്. 'തന്നിൽ വിശ്വസിക്കുന്ന ഒരുവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിന് വേണ്ടി തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു.' രക്ഷയും സ്വർഗ്ഗരാജ്യവും മനുഷ്യന്റെ അവകാശമാണെന്ന് അരുളി ചെയ്യുന്ന സ്വർഗ്ഗം അതിനായി ഏൽക്കുന്ന ത്യാഗം വളരെ വലുതാണ്. ഈ സത്യമാണ് നീതിയുടെ അടിസ്ഥാനം.

ഒരുവൻ തന്റെ വ്യക്തിപരമായ ലാഭക്കണക്ക് നോക്കി നീതി നടത്തുവാൻ പരിശ്രമിക്കുന്നു എങ്കിൽ അവൻ യഥാർത്ഥത്തിൽ നീതി ഉള്ളവനാണോ? നിർഭാഗ്യവശാൽ ഇന്നിന്റെ ലോകം പിന്തുടരുന്ന തത്വശാസ്ത്രം ഇതാണ്. ഇവിടെയാണ് നസ്രത്തിലെ ആ തച്ചൻ വ്യത്യസ്തനാകുന്നത്. അപരന്റെ സന്തോഷം തല്ലിക്കെടുത്തി സന്തുഷ്ടരാകുവാൻ നാം ശ്രമിക്കുന്ന ഈ ലോകത്ത് സ്വന്തം സന്തോഷത്തെ പോലും പരിഗണിക്കാതെ അപരന്റെ സന്തോഷത്തിനായി ഈ മനുഷ്യൻ നിലകൊണ്ടു. ഇതല്ലേ യഥാർത്ഥ നീതി. ഗർഭം ധരിച്ചത് പരിശുദ്ധാത്മാവിൽ നിന്നായിക്കൊള്ളട്ടെ, പക്ഷേ തന്നിൽനിന്ന് അല്ലാത്തതിനാൽ നൂറുശതമാനവും മറിയത്തെ പുറം തള്ളുവാൻ ആ മനുഷ്യന് ആകുമായിരുന്നു. അങ്ങനെ പുറംതള്ളിയാൽ അവൾ വ്യഭിചാരിണി ആകും. വ്യഭിചാരിണിക്ക് അർഹമായത് മരണശിക്ഷയാണ്. അപ്പോൾ ഇവിടെ അർഹതയെയല്ല, മറിച്ച് ജീവിക്കുവാനുള്ള മറിയത്തിന്റെ അവകാശത്തെയാണ് ആ മനുഷ്യൻ കണ്ടത്. അങ്ങനെ അവൾക്ക് അവകാശപ്പെട്ട നീതി വിശുദ്ധ യൗസേഫ് നൽകി.

നമ്മോടുള്ള ഒരു ഓർമ്മപ്പെടുത്തൽ ഇതാണ്. വ്യക്തി താൽപര്യങ്ങൾക്കും, സ്വാർത്ഥ താല്പര്യങ്ങൾക്കും, സംഘടിതമായ ചില നേട്ടങ്ങൾക്കും, സാഹചര്യസമ്മർദ്ദങ്ങൾക്കും അപ്പുറം അപരന്റെ അവകാശത്തെ തിരിച്ചറിഞ്ഞ് പരിഗണിക്കാൻ സാധിച്ചാൽ അതാണ് നീതി. ഇത് ഔദാര്യം കാട്ടി ആളാകാനോ അലിവ് കാണിച്ചു ജനസമ്മിതി നേടാനോ അല്ല മറിച്ച് സ്വർഗ്ഗത്തിലെ അപ്പൻ ഹൃദയനിലത്ത് ആത്മാവിനാൽ എഴുതുന്ന നീതി പാലിക്കുന്നതിനും സംരക്ഷിക്കുന്നതിനും വേണ്ടി മാത്രമാണ്. ആ തച്ചന്റെ വിദ്യാഭ്യാസയോഗ്യതയോ, കുടുംബമഹിമയോ, സാമൂഹിക പദവിയോ, ശില്പവൈഭവമോ അല്ല അവനെ ദൈവപുത്രന്റെ അപ്പനാക്കിയത്. മറിച്ച് അവന്റെ നെഞ്ചകത്തെ നൈർമല്യവും നീതിബോധവും ആയിരുന്നു. ശിക്ഷിക്കുവാൻ വേണ്ടി ഒരുമിച്ച് കൂടിയ സമൂഹത്തിന്റെ പൊതു നീതിബോധത്തെ തിരിച്ചു പിടിക്കുവാനും രക്ഷിക്കുവാനുമുള്ള നീതിബോധംകൊണ്ട് വിശുദ്ധ യൗസേപ്പ് തിരുത്തിയെഴുതി. ഇന്നിന്റെ നീതിബോധം പലപ്പോഴും പൊതുനിരത്തിൽ പൊതുവിധിയോടും പൊതു താൽപര്യത്തോടും പക്ഷം ചേരുമ്പോൾ പലപ്പോഴും പിടഞ്ഞു വീഴുന്നത് നിരപരാധികളാണ്. നീതി നിഷേധിക്കപ്പെടുന്നത് നിരപരാധികൾക്കാണ്. ഇവിടെയാണ് ആ തച്ചന്റെ നീതിബോധം പ്രസക്തമാകുന്നത്. അങ്ങനെയെങ്കിൽ 'യൗസേപ്പിതാവേ' എന്ന് പലയാവർത്തി വിളിക്കുന്ന നമുക്ക് നീതിമാനായ ആ തച്ചന്റെ വഴിയെ നടക്കാം. അത് അല്പം ശ്രമകരവും പ്രയാസമേറിയതുമാണ്. കാരണം നന്മ ചെയ്യുവാനായി നഷ്ടമാക്കേണ്ടത് ചില പിടിവാശികളെയും, സാമൂഹിക നടത്തിപ്പുകളെയും, സ്വന്തം അഹന്തയെയും, അഭിമാനത്തെയും ഒക്കെയാണ്.

വിശുദ്ധ യൗസേപ്പിതാവേ ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ!

# സത്സംഘവും വിശുദ്ധരുടെ സംസർഗ്ഗവും
## (Satsanga & Communion of Saints)

**ഫിലിപ്പ് വൈശ്യനേത്ത് ഒ.ഐ.സി.**



വിശുദ്ധ യൗസേപ്പ് പിതാവിന്റെ ഓർമ്മയ്ക്കായി സഭ ഈ വർഷത്തെ പ്രതിഷ്ഠിച്ചിരിക്കുകയാണല്ലോ. ഈ പശ്ചാത്തലത്തിൽ ഭാരതീയ ആദ്ധ്യാത്മികതയിലെ 'സത്സംഘ'വും ക്രിസ്തീയ ആദ്ധ്യാത്മികതയിലെ 'വിശുദ്ധരുടെ സംസർഗ്ഗവും' (Communion of Saints) എന്ന വിഷയത്തെപ്പറ്റി ഏതാനും ചിന്തകൾ ഇവിടെ കുറിക്കട്ടെ.

**1. സത്സംഘം ഭാരതീയവിഷയത്തിൽ**

സത്സംഘം എന്നാൽ സത്യത്തിന്റെ സംഘം (Company of truth - seeking ones) എന്നും നല്ലവരുടെ സംഘമെന്നും നന്മനസ്സുകളുടെ കൂട്ടം എന്നൊക്കെ അർത്ഥമുണ്ട്. ഒരാളുടെ സ്വത്വത്തെ വെളിപ്പെടുത്താനുള്ള (വെളിപ്പെടുത്തുന്ന) ഒരു വേദിയാണ് സത്സംഘം. നന്മയുള്ളവരുടെ സംഘത്തിൽ നാം ചരിക്കുമ്പോൾ സ്വാഭാവികമായി നമ്മളും നന്മയുള്ളവരായി മാറും. സത്സംഘത്തെപ്പറ്റി സ്വാമി ചിന്മയാനന്ദ പറയുന്നതിപ്രകാരമാണ്: "സത്സംഘം സത്യവുമായി ബന്ധപ്പെട്ടിരിക്കുന്നു. കുലീനത (nobility), സത്മൂല്യങ്ങൾ (values), സമഗ്രത (integrity) മുതലായ ഗുണങ്ങളെല്ലാംതന്നെ നല്ലവരുമായുള്ള സംസർഗ്ഗത്തിൽ ഒരുവന്/ ഒരുവൾക്ക് ലഭിക്കുന്നു. ഈ സഹവർത്തിത്വം ശുഭോദർക്കമായവയെ (positive) ചിന്തകളെ ഉദ്ദീപിപ്പിക്കുകയും നിഷേധാത്മകമായവയെ (negative) തള്ളിക്കളയുകയും ചെയ്യുന്നു" അതായത്, നല്ലവരുടെ സംഘത്തിൽ ചേർന്നു നിന്നാൽ നമ്മിലേക്ക് നല്ല ഗുണങ്ങൾ താനേ വന്നെത്തിക്കൊള്ളും. നന്മയും തിന്മയും ഏതാണെന്നു തിരിച്ചറിയാനുള്ള വിവേകം ആർജ്ജിക്കുന്നതോടൊപ്പം മോക്ഷപ്രാപ്തിക്കും അതു സഹായകമാകുമെന്ന് സ്വാമി തേജോമയാനന്ദ സാക്ഷ്യപ്പെടുത്തുന്നു. ഋഷിമാരും ഈശ്വരജ്ഞാനികളും വിശുദ്ധന്മാരാണ് (Saints). അവരെ ദർശിക്കുന്നതും അവരെ ധ്യാനിക്കുന്നതും അവരെ ഓർക്കുന്നതും അവരെ സ്പർശിക്കുന്നതും അവരോടു സംസാരിക്കുന്നതും ഈശ്വരകൃപ നമ്മിലേക്കു പ്രവഹിക്കുന്നതിന് ഇടയാക്കുന്നു. അങ്ങനെ അത് ഒരുവനെ/ ഒരുവളെ ആത്മജ്ഞാനത്തിലേക്ക് കൊണ്ടെത്തിക്കും.

തുളസീദാസ് ഇപ്രകാരം പാടുന്നു, "ഓ! പ്രിയപ്പെട്ടവരേ! സ്വർഗ്ഗത്തിന്റെയും സ്വർഗ്ഗാധിസ്വർഗ്ഗങ്ങളുടെയും ആനന്ദവും സത്സംഘത്തിൽ നിന്നു ലഭിക്കുന്ന സന്തോഷവും ത്രാസിന്റെ രണ്ടു തട്ടിൽ വച്ചാൽ രണ്ടാമത്തെ തട്ടുതന്നെ താണു നില്ക്കും." സ്വാമി ശിവാനന്ദ ഇപ്രകാരം പറയുന്നു: "സംസാരസാഗരത്തിന്റെ മറുകരയെത്താൻ സത്സംഘമല്ലാതെ വേറെ നൗകയില്ല." അദ്ദേഹം വീണ്ടും പറയുന്നു: "വിശുദ്ധരും യോഗികളും സന്ന്യാസികളും മഹാത്മാക്കളുമടങ്ങിയ സത്സംഘത്തിന്റെ പ്രകാശവും ആത്മീയശക്തിയും വിവരിക്കാൻ സാധ്യമല്ലാത്തതാണ്. സത്സംഘം മനസിനെ ഉന്നത തലങ്ങളിലേക്കുയർത്തുന്നു. ഒരു തീപ്പെട്ടിക്കൊള്ളി ഒരു വലിയ പഞ്ഞിക്കെട്ടിനെ നിമിഷനേരംകൊണ്ട് എരിച്ചുകളയുന്നതു പോലെ വിശുദ്ധരുടെ സഹവാസം മനസ്സിന്റെ ആസക്തികളെ ചാമ്പലാക്കുന്നു. സ്വയം കാണുന്നതിനും ഈശ്വരസന്നിധിയിൽ എത്തിച്ചേരുന്നതിനും സത്സംഘം ഒരുവനെ/ ഒരുവളെ സഹായിക്കുന്നു."

**2. സത്സംഘം (Communion of Saints) ക്രിസ്തീയാദ്ധ്യാത്മികതയിൽ**

വിശുദ്ധ ഗ്രന്ഥത്തിൽ ജീവിക്കുന്ന വിശുദ്ധരെപ്പറ്റിയും മരിച്ചു നമ്മിൽ നിന്നും വേർപിരിഞ്ഞ വിശുദ്ധരെപ്പറ്റിയും പ്രതിപാദിക്കുന്നുണ്ട്. വിശുദ്ധരുടെ പ്രാർത്ഥനകളെ പരിമളദ്രവ്യങ്ങളായി വെളിപാടു പുസ്തകം 5/8-ൽ പ്രതിപാദിക്കുന്നു. എന്നാൽ, ജീവിച്ചിരിക്കുന്ന വിശുദ്ധരെക്കുറിച്ച് വിശുദ്ധ പൗലോസ് ശ്ലീഹാ തന്റെ ലേഖനങ്ങളിൽ ഉദ്ധരിച്ചിരിക്കുന്നു (റോമ 1:7; 1കൊരി 1:2; 14:33;

അപ്പസ്തോല പ്രവർത്തികൾ 9:13; 26:10; 9:32; എഫേ 1:1; 4:12; ഫിലി.4:21). സങ്കീർത്തനങ്ങളിലും ജീവിച്ചിരിക്കുന്ന വിശുദ്ധരെപ്പറ്റി പ്രതിപാദിക്കുന്നു (സങ്കീ 16:13; 37:28; 106:16). കബറിൽനിന്ന് ഉയിർത്തെഴുന്നേറ്റ വിശുദ്ധരെപ്പറ്റി വി.മത്തായി ശ്ലീഹാ എഴുതിയ സുവിശേഷത്തിൽ കാണാം (മത്താ 27:52). ഇനിയും ധാരാളം ഉദ്ധരണികൾ വി.ഗ്രന്ഥത്തിൽ ഉണ്ടെങ്കിലും സ്ഥലപരിമിതിയാൽ അവ ഇവിടെ ചേർക്കുന്നില്ല.

മലങ്കര ആരാധനയിൽ പ്രത്യേകിച്ച് ശ്ഹീമ്മോ നമസ്കാരത്തിലെ വിശുദ്ധരുടെ ഗീതങ്ങളിലും വിശുദ്ധന്മാരുടെ ഐക്യമാണ് മുഖ്യ പ്രമേയം (ശ്ഹീമ്മോ p.54 stanza 7; p 103 stanza 5; p 129 stanza 1; p.196 എക്ബോ; p.197 മാർ അപ്രേമിന്റെ ബോവൂസോ 2).

അപ്പസ്തോലന്മാരുടെ വിശ്വാസപ്രമാണത്തിൽ (Apostles' Creed) പുണ്യവാന്മാരുടെ ഐക്യത്തിലും ഞങ്ങൾ വിശ്വസിക്കുന്നു എന്നു പ്രഖ്യാപിക്കുന്നു.

വിശുദ്ധരുടെ സംസർഗ്ഗം എന്ന പ്രമേയം സഭാ വിജ്ഞാനീയത്തിൽ (Ecclesiology) വളരെ പ്രധാനപ്പെട്ടതാണ്. സഭയിലെ വിശ്വാസികളായ ജീവിച്ചിരിക്കുന്നവരുടെയും മരിച്ചു പോയവരുടെയും സംഘമാണ് വിശുദ്ധരുടെ സംസർഗ്ഗം (Communion of Saints). വിശ്വാസികളായ ജീവിച്ചിരിക്കുന്നവരും മരിച്ചുപോയവരും യേശുവിന്റെ മൗതികശരീരത്തിലെ (Mystical body) അംഗങ്ങളാണല്ലോ. ജീവിച്ചിരിക്കുന്നവരും മരിച്ചുപോയവരും അവരുടെ നന്മകളും സത്പ്രവൃത്തികളും സഭയുടെ സമ്പത്താണ് ഈ സത്പ്രവർത്തികളുടെ ഫലം. മൗതികശരീരത്തിലെ അംഗങ്ങൾ അന്യോന്യം പങ്കുവയ്ക്കുന്നു.

രണ്ടാം വത്തിക്കാൻ കൗൺസിൽ വിശുദ്ധരുടെ സംസർഗ്ഗത്തെ ക്രിസ്തു കേന്ദ്രീകൃതവും സഭാത്മകവുമായാണ് അവതരിപ്പിച്ചിരിക്കുന്നത്. ഒരേ സഭയുടെ അംഗങ്ങൾ എന്ന നിലയിൽ സഭയിൽ ജീവിച്ചിരിക്കുന്ന വിശ്വാസികളും വിശ്വാസികളായ മരിച്ചുപോയവരും ക്രിസ്തുവിൽ ഒരു ശരീരമായി തീർന്നിരിക്കുന്നു. വിശുദ്ധർ നമ്മുടെ ജീവിതത്തിനു മാതൃകയാണ്. അവരുടെ സംഘത്തിൽ നാം ചേർന്നിരിക്കുന്നതുകൊണ്ട് അവൻ നമുക്കുവേണ്ടി അപേക്ഷിക്കുന്നു (Cfr LG 51). വിശുദ്ധരുടെ സംസർഗ്ഗം നമ്മളെ ദൈവത്തോടുള്ള പരമോന്നതമായ ആരാധനയിലേക്കു നയിക്കുന്നു. ഈ ആരാധനയാകട്ടെ ക്രിസ്തുവിൽകൂടി പരിശുദ്ധാത്മാവിൽ പിതാവിനു സമർപ്പിക്കുന്നതാണ് (LG 50, 51).

**ഉപസംഹാരം**

ഭാരതീയ ആദ്ധ്യാത്മികതയിലെ സത്സംഘം എന്ന കാഴ്ചപ്പാടും പൗരസ്ത്യസഭയിലെ വിശുദ്ധരുടെ സംസർഗ്ഗവും ഏതാണ്ട് സമാന വീക്ഷണങ്ങളാണെന്നു പറയാം. രണ്ടാമത്തേത് ക്രിസ്തുവിൽ കേന്ദ്രീകൃതമാണെന്നു മാത്രം. സത്യത്തിൽ ജീവിക്കുന്നവരുടെയും സത്യത്തെ പിൻചെല്ലുന്നവരുടെയും സന്മനസുകളുടെയും സംഘത്തിൽ ജീവിക്കുന്നു എന്നത് രണ്ടിടത്തും ഊന്നൽ കൊടുക്കുന്നു. എന്നാൽ വിശുദ്ധർ നമ്മുടെ മദ്ധ്യസ്ഥരാണെന്നു മാത്രമുള്ള ഒരു അപക്വമായ ആദ്ധ്യാത്മികത ഇന്നത്തെ പ്രവണതയാണ്. ഇവിടെ പലപ്പോഴും വിശുദ്ധരെ സമീപിക്കുന്നത് ഓരോ കാര്യസാധ്യത്തിനു വേണ്ടിയാണ്. ഇവിടെ വിശുദ്ധരുടെ സംസർഗ്ഗം എന്ന മഹനീയ ആദ്ധ്യാത്മികത പലപ്പോഴും മൂടപ്പെടുന്നു. ഈ അപക്വമായ ചിന്ത മാറേണ്ടിയിരിക്കുന്നു. നേരേ മറിച്ച് വിശുദ്ധരുടെ സംസർഗ്ഗത്തിന് കൂടുതൽ പ്രാധാന്യം കൊടുക്കുന്ന ഒരു ആദ്ധ്യാത്മികത നമ്മൾ ഊട്ടി ഉറപ്പിക്കേണ്ടിയിരിക്കുന്നു. വിശുദ്ധരുടെ സംഘത്തിൽ നാം ഉൾപ്പെടുമ്പോൾ അവരുടെ നന്മകൾ നമ്മൾ സ്വീകരിക്കുകയും അവരുടെ മാതൃകയിലും സംസർഗ്ഗത്തിലും നിലനിന്ന് ദൈവോന്മുഖരായി ജീവിക്കാൻ നമുക്കു സാധിക്കുകയും ചെയ്യുന്നു. ഈ സത്സംഘത്തിൽ നാം ചേർന്നിരിക്കുമ്പോൾ നമ്മൾ യാചിക്കാതെ തന്നെ നമ്മുടെ ആവശ്യങ്ങൾ അവർ അറിയുകയും നമുക്കുവേണ്ടി ദൈവത്തോടു പ്രാർത്ഥിക്കുകയും ചെയ്യും.

മാംസമായ വചനത്തെ ഊട്ടി വളർത്തിയ വിശുദ്ധ യൗസേപ്പ് പിതാവിന്റെയും നമ്മുടെ സഭയ്ക്ക് ആത്മീക നേതൃത്വം നൽകിയ മാർ ഗ്രീഗോറിയോസ് പിതാവിന്റെയും നമ്മുടെ സന്ന്യാസിസമൂഹത്തിന്റെ ആദ്ധ്യാത്മികത ജീവിതത്തിൽ വെളിപ്പെടുത്തിയ ബഥനിയിലെ സന്ന്യാസിശ്രേഷ്ഠരുടെയും സകല പരിശുദ്ധരുടെയും ജീവിച്ചിരിക്കുന്ന വിശുദ്ധരുടെയും സത്സംഘത്തിൽ നമുക്കും ചേർന്നിരിക്കാം. അവരുടെ നന്മ നമ്മളും നമ്മുടെ നന്മ അവരും പങ്കിടട്ടെ. ഇതാണ് വിശുദ്ധരുടെ സംസർഗ്ഗം. അഥവാ സത്സംഘം.

***

# വാഗ്ദാനം നിറവേറ്റി



**ഫാ. ഇഗ്നേഷ്യസ് തങ്ങളത്തിൽ ഒ.ഐ.സി**

നമ്മുടെ കർത്താവിന്റെ ശിഷ്യനായ മാർ ത്തോമ്മാ ശ്ലീഹായിൽനിന്നും മാമ്മോദീസാ സ്വീകരിച്ച കുടുംബങ്ങളിൽ ഒന്നാണ് കാളിയാങ്കൽ കുടുംബം. നിലയ്ക്കൽ താമസിച്ചിരുന്ന കാളി യാങ്കൽ കുടുംബം അവിടെ പള്ളിവാതുക്കൽ എന്നാണ് അറിയപ്പെട്ടിരുന്നത്. നിലയ്ക്കൽ നിന്ന് കടമ്പനാട് മാറി താമസിച്ചപ്പോഴും പള്ളിവാതു ക്കൽ കുടുംബം എന്നാണ് അറിയപ്പെട്ടിരുന്നത്.

കൊല്ലവർഷം നൂറാം (എ.ഡി.13-ാം നൂറ്റാ ണ്ടിന്) ആണ്ടിന്റെ ആരംഭത്തിൽ കടമ്പനാട് പള്ളിവാതുക്കൽനിന്ന് രണ്ടു സഹോദരങ്ങൾ വർക്കിയും നൈനാനും പുതിയ സ്ഥലങ്ങൾ തേടി യാത്രയായി. നൈനാൻ പുത്തൻകാവിൽ താമസ മുറപ്പിച്ചു. വലിയവീട്ടിൽ കുടുംബമെന്നറിയപ്പെ ടുന്നു. വർക്കി യാത്ര തുടർന്ന് കല്ലൂപ്പാറ എത്തി. എടപ്പിള്ളി തമ്പുരാന്റെ ആനുകൂല്യത്താൽ കല്ലൂപ്പാറയിലുണ്ടായിരുന്ന ചെറിയ പാലത്തിന്റെ വശത്തായി താമസസൗകര്യം ലഭിച്ചു. ചെറിയ പാലമായിരുന്നതിനാലും മുണ്ടുപാലം എന്നറിയ പ്പെട്ടിരുന്നതിനാലും അതിനോടു ചേർന്നു താമസ മാക്കിയ കുടുംബം മുണ്ടുപാലത്തിങ്കൽ കുടുംബ മെന്ന് വിളിക്കപ്പെട്ടു. കുടുംബത്തിൽ അംഗ സംഖ്യയും ആവശ്യങ്ങളും വർദ്ധിച്ചതോടെ ഒമ്പതാം തലമുറയിൽ വിവിധ സ്ഥലങ്ങളിലേക്കു മാറിതാമസിച്ചു. പതിനാലാം തലമുറയിൽ വർ ഗീസ് ഇടിക്കുളയുടെ ഒൻപതു മക്കളിൽ ആദ്യ ജാതനാണ് അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറി യോസ് മെത്രാപ്പോലീത്താ. മാതാവ് ചിറത്തലയ് ക്കൽ അന്നമ്മ.

1916 ഫെബ്രുവരി ഒന്നാം തീയതി ജനിച്ച കുഞ്ഞൂട്ടി എന്ന വിളിപ്പേരുള്ള ശിശുവിനെ കല്ലൂപ്പാറ വലിയ പള്ളിയിൽ പ്ലാക്കോട്ട് അലക്സ ന്ത്രയോസ് അച്ചൻ വറുഗീസ് എന്ന നാമം നല്കി മാമോദീസായും മൂറോനഭിഷേകവും നൽകി.

ഏതാനും മാസങ്ങൾക്കുശേഷം പരുമല പള്ളി യിൽ പുന്നൂസ് റമ്പാച്ചന്റെ (പിന്നീട് അഭിവന്ദ്യ ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോ ലിക്കാബാവ) ശുശ്രൂഷയിൽ അടിമവയ്ക്കപ്പെട്ടു.

കുടുംബ ബന്ധുവായ പാപ്പിസാർ ആണ് കുഞ്ഞുകുട്ടിയെ അക്ഷരം എഴുതിച്ചത്. പ്രൈമറി വിദ്യാഭ്യാസം പുതുശ്ശേരി എം.ജി.ഡി. സ്കൂളിലും ഹൈസ്കൂൾ വിദ്യാഭ്യാസം ഇരവിപേരൂർ സെന്റ് ജോൺസ് സ്കൂളിലും ആയിരുന്നു. പഠനത്തിൽ സമർത്ഥനും സൽസ്വഭാവിയും ആയിരുന്ന വർഗീസ് അദ്ധ്യാപകർക്കും സഹപാഠികൾക്കും പ്രിയങ്കരനായിരുന്നു. സ്കൗട്ട് പ്രസ്ഥാനത്തിൽ തല്പരനായിരുന്നു.

പ്രാർത്ഥനാജീവിതത്തിന് ഊന്നൽ കൊടു ക്കുന്ന, സഭാശുശ്രൂഷയിൽ താല്പര്യമുള്ള, സഹോദരസ്നേഹത്തിന് സാക്ഷ്യം നല്കുന്ന, ആവശ്യക്കാരുടെ മുമ്പിൽ ഔദാര്യമുള്ള, മാതാ പിതാക്കളും സഹോദരങ്ങളും അടങ്ങുന്ന കുടുംബപശ്ചാത്തലം ജീവിതത്തെ സ്വാധീനിച്ചു. കടമാങ്കുളത്തു സ്ഥാപിതമായ ബഥനി പള്ളിയിൽ ബഥനി വൈദികരുടെ ശുശ്രൂഷയിൽ പങ്കാളി യായി. പ്രാർത്ഥനയിൽ ആഴപ്പെട്ടു. ബഥനിയുടെ സ്ഥാപകൻ എം. എ. അച്ചന്റെ കൺവൻഷൻ പ്രസംഗങ്ങൾ ഹൃദിസ്ഥമാക്കിയിരുന്നു. ഉറച്ച യാഥാസ്ഥിതിക ഓർത്തഡോക്സുകാരായിരുന്നു. മാതാപിതാക്കളും സഹോദരങ്ങളും. അതിനാൽ ബഥനിയുടെ പുനരൈക്യം ഉൾക്കൊള്ളുവാൻ പ്രയാസമായിരുന്നു. അതു വന്ദ്യ ഈവാനിയോസ് പിതാവിനോടുപോലും തുറന്നു പറയുവാൻ ധൈര്യപ്പെട്ടിരുന്നു. അമ്മയുടെ ബന്ധുക്കളായ എബ്രഹാം പടിഞ്ഞാറേമണ്ണിൽ, കോശി കാക്ക നാട്ട് എന്നിവരുമായി വെണ്ണിക്കുളത്ത് ആശ്രമ ത്തിൽ സന്ദർശിച്ച് വിശ്വാസകാര്യങ്ങൾ മനസ്സി ലാക്കിയിരുന്നു. അങ്ങനെ സമർപ്പണ ജീവിത ത്തിൽ വളരെ തല്പരനായിത്തീർന്നു. എന്നാൽ യാഥാസ്ഥിതിക ഓർത്തഡോക്സുകാരായ മാതാ പിതാക്കളെയും ബന്ധുക്കളെയും സർവ്വോപരി

ബന്ധുവുമായ പരിശുദ്ധ കാതോലിക്കാബാവാ യെയും വിട്ട് റീത്തുകാരാകാൻ എങ്ങനെ സാധിക്കും. എന്നാൽ അതു സാധിച്ചു.

കടമാങ്കുളം ബഥനിപ്പള്ളിയിൽ വികാരിമാരാ യിരുന്ന ബഥനി സന്ന്യാസവൈദികരെ സ്നേഹി ക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്ന അൾത്താരശുശ്രൂഷകനായിരുന്നു. കൂടാതെ പലപ്പോഴും വെണ്ണിക്കുളം ആശ്രമത്തിൽ പോയി ആശ്രമസ്ഥരുമായി ബന്ധപ്പെട്ടിരുന്നു. അങ്ങനെ സന്ന്യാസിയാകുവാനുള്ള ആഗ്രഹം ബ.എബ്രഹാ മച്ചനോടു മറ്റും പറഞ്ഞിരുന്നു. കുടുംബത്തിലെ മൂത്തമകനെന്ന നിലയിൽ പിതാവിനു തുണയാക ണമെന്നു കരുതി ആരംഭത്തിൽ ആശ്രമപ്രവേശനം പ്രോത്സാഹിപ്പിച്ചില്ല. എന്നാൽ ദൈവവിളി ശക്ത മെന്നു ബോദ്ധ്യപ്പെട്ട വറുഗീസിനെ എബ്രഹാം അച്ചൻ കത്തോലിക്കാ സഭാംഗമാക്കി തിരുവനന്ത പുരത്ത് ആശ്രമത്തിലേക്ക് അയച്ചു.

മാതാപിതാക്കളുടെ അനുമതിയില്ലാതെ ആശ്രമത്തിൽ പ്രവേശിച്ച മകനെ തിരികെ കൊണ്ടുവരുവാൻ പിതാവും ബന്ധുക്കളും ശ്രമിച്ചെങ്കിലും തന്റെ വിളിയേക്കുറിച്ച് ഉറച്ച ബോദ്ധ്യമുണ്ടായിരുന്നതിനാൽ ആദ്യം വഴങ്ങി യില്ല.... 1938-ൽ സന്ന്യാസ പരിശീലനം ആരംഭിച്ച് 1935 ആഗസ്റ്റ് 15-ന് അനുഗ്രഹീതൻ എന്ന് അർത്ഥ മുള്ള ബനഡിക്ട് എന്ന പേരിൽ സന്ന്യാസവ്രതം ചെയ്തു. തുടർന്ന് പട്ടം സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ ലത്തീൻ ഭാഷ പഠിച്ചു.

ബഥനി സമൂഹത്തിന്റെ സുപ്പീര്യർ ആയി രുന്ന മാർ ഈവാനിയോസ് പിതാവ് ബനഡി ക്ടിനെ കാൻഡി പേപ്പൽ സെമിനാരിയിലേക്ക് വൈദികപഠനത്തിനയച്ചു. തത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും ബിരുദാനന്തര ബിരുദവും (LPh & LD) നേടി. 1944 ആഗസ്റ്റ് 24-ാം തീയതി കാൻഡി സെമിനാരിയിൽ വൈദികപട്ടവും സ്വീക രിച്ചു. ഡിസംബർമാസം തിരുവനന്തപുരത്തു തിരികെയെത്തിയ ബനഡിക്ടച്ചൻ പട്ടം മൈനർ സെമിനാരിയിൽ സുറിയാനി അദ്ധ്യാപകനായും പാളയം കത്തീഡ്രലിൽ സഹവികാരിയായും ശുശ്രൂഷ ചെയ്തു. തുടർന്ന് കറ്റാനത്ത് ആരംഭിച്ച ബഥനി ആശ്രമത്തിൽ നിയമിതനായി.

ഭാഗ്യസ്മരണാർഹനായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് തന്റെ പിൻഗാമിയായി മലങ്കര പുനരൈക്യപ്രസ്ഥാനത്തെ നയിക്കേണ്ടത് ആരെന്ന് മുൻകൂട്ടി തീരുമാനിച്ചിരുന്നു. ആ വ്യക്തിയെ അതിന് ഒരുക്കേണ്ടതിന് എല്ലാ കരു തലും സ്വീകരിച്ചു. ബനഡിക്ടച്ചനെ തിരുച്ചിറ പ്പള്ളി സെന്റ് ജോസഫ്സ് കോളേജിൽ ഉന്നത വിദ്യാഭ്യാസത്തിനയച്ചു. 1949-ൽ തത്വശാസ്ത്ര ത്തിൽ മദ്രാസ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഒന്നാം റാങ്കോടുകൂടി പാസ്സായി വന്ന ബനഡിക്ടച്ചനെ ഈവാനിയോസ് പിതാവ് താൻ സ്ഥാപിച്ച മാർ ഈവാനിയോസ് കോളേജിൽ പ്രിൻസിപ്പലായി നിയമിച്ചു. കോളേജിന് ശരിയായ അടിസ്ഥാനം ഉറപ്പിക്കുന്നതിനും ഹോസ്റ്റലിന്റെ സുഗമമായ പ്രവർത്തിക്ക് കളമൊരുക്കുന്നതിനും സാധിച്ചു. രണ്ടുവർഷം വൈസ് പ്രിൻസിപ്പലായും തുടർന്ന് ഒന്നരവർഷം പ്രിൻസിപ്പലായും പ്രവർത്തിച്ചു.

1952 സെപ്റ്റംബർ മാസത്തിൽ തിരുവനന്ത പുരം അതിരൂപതയിൽ മാർ ഈവാനിയോസ് പിതാവിന്റെ സഹായമെത്രാനായി നിയോഗിക്ക പ്പെട്ടു. ഡിസംബർ 27-ാം തീയതി, ചേപ്പാട്ടു പീലി പ്പോസ് റമ്പാച്ചന്റെ സഹകാർമ്മികത്വത്തിൽ അരമന ചാപ്പലിൽ മാർ ഈവാനിയോസ് പിതാവ് അദ്ദേഹത്തെ റമ്പാൻ ആയി ഉയർത്തി. വളരെ ചുരുക്കംപേർ സംബന്ധിച്ച ലളിതമായ ചടങ്ങായി രുന്നു.

രോഗാവസ്ഥയിലായിരുന്ന മാർ ഈവാനി യോസ് പിതാവിന്റെ വലിയ രണ്ടാഗ്രഹങ്ങളായി രുന്നു പണി ആരംഭിച്ച കത്തീഡ്രലിൽ വി.കുർ ബാന അർപ്പിക്കുക, തന്റെ പിൻഗാമിയ്ക്കു മെത്രാ ഭിഷേകം നൽകുക. 1953 ജനുവരി 29-ാം തീയതി ഇവ രണ്ടും സാധ്യമായി. അഭിവന്ദ്യ സേവേറി യോസ് പിതാവിന്റെയും അഭിവന്ദ്യ തോമസ് തറയിൽ പിതാവിന്റെയും സഹകാർമ്മികത്വത്തിൽ അനുഗ്രഹീതനായ (Benedict) ബനഡിക്ട് റമ്പാ ച്ചനെ ഉണർവ്വുള്ളവനായ ഗ്രീഗോറിയോസ് എന്ന നാമത്തിൽ അഭിഷേകം ചെയ്തു.

തന്റെ ഗുരുവും പിതാവുമായ ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് 'ദൈവ സേവനം ഉത്തമം ദൈവസമ്പാദനം അത്യുത്തമം' എന്ന ദർശനമാണ് ജീവിതമാർഗരേഖയായി സ്വീകരിച്ചതും അഭ്യസിച്ചതും. ശിഷ്യഗണത്തെ ഈ തത്വം മനസ്സിലാക്കുന്നതിന് വന്ദ്യപിതാവ് പ്രത്യേകം ശ്രദ്ധിച്ചു. അതിനാണ് ബഥനി സന്ന്യാസസമൂഹം സ്ഥാപിച്ചതുതന്നെ. ദൈവ സമ്പാദനത്തിന് ജീവിതം അർപ്പിക്കുകയും അതു

ദൈവജനത്തിന് പകർന്നു കൊടുക്കുകയും ചെയ്യുന്ന സന്ന്യാസികളെയാണ് വന്ദ്യപിതാവ് മനസ്സിൽ കരുതിയത്.

തന്റെ ഗുരുവിന്റെ ഈ ദർശനം ആഴമായി മനസ്സിലാക്കി പകർന്നെടുക്കുന്നതിനും തന്റെ സഹജീവികൾക്കു പകർന്നുകൊടുക്കുന്നതിനും ജീവിതം അർപ്പിക്കുകയും ചെയ്ത വ്യക്തിത്വ മായിരുന്നു ഗ്രിഗോറിയോസ് പിതാവിന്റേത്.

പ്രാർത്ഥനാജീവിതത്തിനും സഭാസ്നേഹ ത്തിലും ഏറെ ആഴപ്പെട്ടിരുന്ന മാതാപിതാക്കളും കുടുംബവും ഇതിനു പ്രചോദനമായിരുന്നു. ചെറുപ്പത്തിൽതന്നെ ഇതിനു പരിശീലനം ലഭിച്ചി രുന്നതിനാൽ അൾത്താരയിൽ ശുശ്രൂഷിച്ചും ബഥനി സന്ന്യസ്തരുമായി ഇടപഴകിയും വി.കുർ ബാനയ്ക്കുശേഷം അൾത്താരയുടെ മുമ്പിൽ മുട്ടുകുത്തി കണ്ണീരൊഴുക്കി പ്രാർത്ഥിക്കുന്ന പൈതലിനെ ബഥനിയുടെ ആദിപിതാക്കൾ പ്രോത്സാഹിപ്പിച്ചിരുന്നു.

ദൈവാഭിമുഖമായിരുന്നു ജീവിതം. പ്രാർത്ഥ നാജീവിതത്തിൽ ഒരിക്കലും മടുപ്പു തോന്നാതെ ഏതു ജോലിത്തിരക്കിലും പ്രാർത്ഥനയ്ക്കു സമയം കണ്ടെത്തുന്നതിനു സാധിക്കുമായിരുന്നു. അൾത്താരയുടെ മുമ്പിൽ ധ്യാനനിരതനായി ദീർഘസമയം ചെലവഴിക്കുന്നത് അനേകർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. തന്നെ ഭരമേല്പിച്ചിരുന്ന ജനത്തെയും ചുമതലപ്പെടുത്തിയിരുന്ന കടമക ളെയും സമർപ്പിച്ച് രാത്രിയാമങ്ങളിൽ അൾത്താര യുടെ മുമ്പിൽ കൈകൾ വിരിച്ചു നിന്നു പ്രാർത്ഥി ക്കുന്നത് അനേകർക്ക് പ്രചോദനമായിട്ടുണ്ട്.

പരിശുദ്ധ ദൈവമാതാവിനോടുള്ള (പുത്ര സഹജമായ) ഭക്തി അനേകർക്ക് ഉത്തേജനം നൽകിയിരുന്നു. സന്തോഷം, ദുഃഖം, മഹത്വം, രഹസ്യങ്ങൾ ധ്യാനിച്ച് മൂന്നു ജപമാല പ്രാർത്ഥന യെങ്കിലും എല്ലാ ദിവസവും ചൊല്ലിയിരുന്നു. ജോലിത്തിരക്കുമൂലം പലപ്പോഴും രാത്രിവൈകി അരമനയിലെത്തിയാൽ, ക്ഷീണംമൂലം ഉറങ്ങി പ്പോകുമെന്നു കരുതി അരമനയുടെ ടെറസ്സിൽ നടന്നുകൊണ്ടു പ്രാർത്ഥന, പ്രത്യേകിച്ച് ജപമാല പ്രാർത്ഥന ചൊല്ലിയിരുന്നത് പലർക്കും പ്രാർ ത്ഥനക്ക് ഉത്സാഹം നൽകിയിരുന്നു.

ബഥനി സമൂഹസ്ഥാപകൻ നിർദ്ദേശിച്ച നാലാം വ്രതമെന്ന വിധത്തിൽ കരുതിയ ലാളിത്യം ഇത്രയേറെ അഭ്യസിച്ച ഒരു സന്ന്യാസി വേറെ ഉണ്ടോ എന്നും സംശയിക്കുന്നു. ദാരിദ്ര്യാരൂപി അനുഭവിച്ചറിഞ്ഞു. മിതമായ ഭക്ഷണരീതി, വസ്ത്രധാരണം – സ്വന്തം വസ്ത്രം സ്വന്തമായി അലക്കുക, കീറിയ വസ്ത്രങ്ങൾ തന്നെത്താൻ തുന്നുന്നതിനു സൂചിയും നൂലും എപ്പോഴും കരുതിയിരുന്നു. രോഗം മൂർച്ഛിച്ച സമയത്തു പോലും സ്വന്തം മുറിയിൽ AC Unit ക്രമീകരിക്കു വാൻ സമ്മതമല്ലായിരുന്നു. നിരന്തരം യാത്രയി ലായിരുന്നെങ്കിലും വാഹനം ശീതീകരിച്ചിരുന്നില്ല. കാറുകൾ തീരെ ഉപയോഗശൂന്യമാകാതെ മാറിയിരുന്നില്ല. 41 വർഷം മെത്രാപ്പോലീത്താ ആയിരുന്ന തിരുമേനി മൂന്നു കാറുകൾ മാത്രമേ യാത്രയ്ക്ക് മാറി ഉപയോഗിച്ചിട്ടുള്ളൂ. അതു പോലെ വിമാനയാത്രയിൽ കമ്പനികൾ ഒരുക്കുന്ന ഹോട്ടലുകളിൽ താമസിക്കാതെ വിമാനത്താവള ങ്ങൾക്കു സമീപമുള്ള പള്ളികളിലോ ആശ്രമങ്ങ ളിലോ ആണ് താമസിച്ചിരുന്നത്. അതു സാധ്യമ ല്ലെങ്കിൽ ഇടവകക്കാരുടെ വീടുകളിൽ അന്ധേരി യിൽ (ബോംബെ) വെറും രണ്ടു മുറികൾ മാത്ര മുണ്ടായിരുന്ന ബഥനി ആശ്രമത്തിൽ മൂന്നു വൈദികരോടൊപ്പം പലപ്പോഴും താമസിച്ചിരുന്നു. ഞങ്ങൾ ഒരുക്കിയിരുന്ന കിടക്ക തിരുമേനിയുടെ ആരോഗ്യത്തിനു ചേർന്നതല്ലായിരുന്നുവെന്ന് ജീവിതാവസാന നാളുകളിൽ മാത്രമാണ് വെളിപ്പെടുത്തിയത്. ഇങ്ങനെ എല്ലാ രംഗങ്ങളിലും ലാളിത്യത്തിനു സാക്ഷിയായിരുന്നു.

പ്രാർത്ഥനയിലും തപസ്സിലും സമ്പാദിച്ച ദൈവത്തെ സഹജീവികളിലേക്കു പകരുവാൻ വന്ദ്യപിതാവ് ഉത്സുകനായിരുന്നു. മനുഷ്യൻ ആത്മാവും ശരീരവുമുള്ളവനാണെന്നും അവന്റെ നന്മ ആഗ്രഹിക്കുമ്പോൾ ഈ ഘടകങ്ങൾ ആദ്ധ്യാത്മികം, ബൗദ്ധികം, ശാരീരികം ആയ വളർച്ചയ്ക്ക് ആവശ്യമായവയെല്ലാം പരിഗണി ക്കണമെന്നും വന്ദ്യപിതാവ് പഠിപ്പിച്ചു. മെത്രാഭി ഷേക ദിനത്തിലെ പ്രസംഗത്തിൽ രണ്ടു പ്രത്യേക കാര്യങ്ങൾ വന്ദ്യപിതാവ് എടുത്തു പറഞ്ഞു. ഒന്ന്, ജീവിതം സാധുക്കളുടെ ഉന്നമനത്തിനായി സമർപ്പിക്കും. രണ്ട് ഭാരതസഭയിലുണ്ടായ അനൈക്യം പരിഹരിക്കുന്നതിനായി ശ്രമിക്കും.

വിശക്കുന്നവന്റെ മുമ്പിൽ ദൈവം അപ്പ ത്തിന്റെ രൂപത്തിലും രോഗികൾക്ക് വൈദ്യനാ യിട്ടും, തൊഴിൽ രഹിതന് തൊഴിൽ ദാതാവായും അനാഥന് ആലംബമായും അവതരിക്കുന്നു. ഇത് ഒരു താത്വിക അവതരണമായിരുന്നില്ല. പ്രായോ

ഗിക തലത്തിൽ നടപ്പിലാക്കുവാൻ അത്യദ്ധ്വാനം ചെയ്തു. വിശക്കുന്നവന് മീൻ കൊടുക്കുകയല്ല, മീൻ പിടിക്കുവാൻ പഠിപ്പിച്ചു. രോഗികൾക്കു മരുന്നു കൊടുക്കുകയല്ല, ആരോഗ്യമുണ്ടാകുവാനുള്ള മാർഗ്ഗം കാണിച്ചു കൊടുത്തു. കുഷ്ഠരോഗികൾക്ക് അധിവാസം, ക്ഷയരോഗികൾക്ക് പുനരധിവാസം, ദശലക്ഷങ്ങൾക്ക് ആരോഗ്യപദ്ധതി, അന്ധർക്കും കാൻസർ രോഗികൾക്കും പരിരക്ഷ, അങ്ങനെ വിവിധ പദ്ധതികൾ ആവിഷ്കരിച്ചു. അന്നം തേടുന്നതിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന വിവിധ പദ്ധതികൾ, കൃഷിക്ക് പ്രോത്സാഹനം നല്കി. ഈ വിഷയങ്ങളിലൊക്കെ സർക്കാരുമായി ബന്ധപ്പെട്ട് വികസനപരിപാടികൾ നടപ്പിലാക്കി. ഭവനപദ്ധതി, സാധുക്കളായ യുവതികളുടെ വിവാഹം നടത്തുന്നതിന് പദ്ധതി നടപ്പിലാക്കി. ചെഷയർ ഹോം കേരളത്തിൽ പ്രവർത്തന സജ്ജമാക്കി.

ക്രിസ്തുവിന്റെ സഭയിലെ ഭിന്നത വന്ദ്യ പിതാവിനെ വളരെയറെ ഖിന്നനാക്കി. തന്റെ ഗുരുവും മുൻഗാമിയുമായ ദൈവദാസൻ ഭാഗ്യവാനായ മാർ ഈവാനിയോസ് പിതാവ് വെട്ടിത്തുറന്ന പുനരൈക്യ പ്രസ്ഥാനംവഴി ഭാരത സഭയെ മുഴുവൻ ഐക്യത്തിൽ എത്തിക്കുവാൻ നാം കടപ്പെട്ടിരിക്കുന്നുവെന്ന് വന്ദ്യപിതാവിനു ബോദ്ധ്യമുണ്ടായിരുന്നു. അതു സാധ്യമാകുന്നതിന് ജീവിതം അർപ്പിക്കുകയും ചെയ്തു. മെത്രാഭിഷേകദിനത്തിലെ പ്രഖ്യാപനം പ്രായോഗികമാക്കുവാൻ കഴിവുള്ള എല്ലാ മാർഗ്ഗവും ഉപയോഗിച്ചു. എക്യുമെനിക്കൽ സമ്മേളനങ്ങൾ സംഘടിപ്പിച്ചു പ്രസംഗങ്ങൾ നടത്തി. മാത്രമല്ല മനുഷ്യബന്ധങ്ങൾ ശക്തിപ്പെടുത്തുവാൻ സർവ്വാത്മനാ അദ്ധ്വാനിച്ച് ക്രൈസ്തവരുടെ ഐക്യം മാത്രമല്ല, സർവ്വജാതിമതസ്ഥരുമായി രൂഢമായ ബന്ധം സ്ഥാപിക്കുവാൻ അവരിലേക്ക് ഇറങ്ങി ച്ചെന്നു. മതത്തിന്റെയും സഭയുടെയും മതിൽ കെട്ടുകൾക്കുള്ളിൽ ഒതുക്കി നിർത്തിയിരുന്നില്ല അദ്ദേഹത്തിന്റെ ബന്ധങ്ങൾ. അതിനാൽ പല അവസരങ്ങളിൽ തിരുവനന്തപുരം കരമനയിലും ചാലകമ്പോളത്തിലും ഉണ്ടായ ലഹളകൾ, നിലയ്ക്കൽ പള്ളിസ്ഥാപനം സംബന്ധിച്ച തർക്കം മാർപ്പാപ്പയുടെ സന്ദർശനത്തിന് പോഡിയം നിർമ്മിക്കുന്നതിനുണ്ടായ അഭിപ്രായ വ്യത്യാസങ്ങൾ ഇങ്ങനെ മതത്തിന്റെ പേരിലുണ്ടായ പ്രശ്നം അവസരങ്ങളിലൊക്കെയും സമാധാനം സ്ഥാപിക്കുവാൻ നേതൃത്വം കൊടുത്തത് ഗ്രിഗോറിയോസ് തിരുമേനിയാണ്.

പള്ളിയുടെ വസ്തുവിൽകൂടെ ക്ഷേത്രത്തിലേക്കുള്ള വഴി വെട്ടുന്നതിന് അനുവദിക്കുക, സഭാ സെമിത്തേരിയോടു ചേർന്ന് വിവിധ സഭാവിഭാഗങ്ങൾക്ക് സെമിത്തേരികൾക്ക് സ്ഥലം നല്കുക, സഭയുടെ ദേവാലയങ്ങൾ ഇതര വിഭാഗങ്ങൾ ആരാധനാ സൗകര്യം നല്കുക, ജാതിമതഭേദമില്ലാതെ രോഗികളെ സന്ദർശിക്കുകയും ചികിത്സാ സഹായങ്ങൾ നൽകുകയും ചെയ്യുക, അവരുടെ മരണവീട്ടിൽ പ്രാർത്ഥന നടത്തുക, വിവാഹാവസരങ്ങളിൽ വധൂവരന്മാരെ ആശീർവദിക്കുക തുടങ്ങി മനുഷ്യബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിൽ തീക്ഷ്ണനായിരുന്നു, തിരുമേനി.

സാധുക്കളോടും പാർശ്വവൽക്കരിക്കപ്പെട്ടവരോടും സഹതാപം പ്രകടിപ്പിക്കുകയല്ല, അവരെ സമുദ്ധരിച്ച് സമൂഹത്തിൽ അംഗീകരിക്കപ്പെടുന്നതിനു മാർഗ്ഗം നടപ്പിലാക്കുവാൻ സർവ്വാത്മനാ യത്നിച്ചു. തൊഴിലവസരങ്ങൾ സൃഷ്ടിച്ച് അനേകർക്ക് ജീവിതമാർഗ്ഗം കാണിച്ചുകൊടുത്തു. കൃഷിയെ പ്രോത്സാഹിപ്പിച്ചു സ്വയം പര്യാപ്തതയ്ക്ക് അവസരമൊരുക്കി. വിദ്യാഭ്യാസ സഹായങ്ങൾ നല്കി അനേകരെ സ്വയം പര്യാപ്തതയ്ക്കു മാർഗ്ഗം കാണിച്ചു. ദളിതരുടെ പുരോഗതി പ്രത്യേക പരിഗണനയിലായിരുന്നു. മാഞ്ചിയം കൃഷിയിൽ നിന്നുള്ള ആദായം മുഴുവൻ അവർക്കു നല്കണമെന്നു നിർദ്ദേശിച്ചിരുന്നു. അവസാന നാളുകളിൽ ഞങ്ങൾ (പിതാവിന്റെ സഹോദരങ്ങളോടും മക്കളോടും പറഞ്ഞു: "ദൈവം നമ്മളെ ഒത്തിരി അനുഗ്രഹിച്ചു. നിങ്ങൾക്കു പാവങ്ങളോടു പ്രത്യേക കരുതൽ ഉണ്ടായിരിക്കണം. വരുമാനത്തിൽ ഒരംശം ദളിതർക്കായി മാറ്റിവയ്ക്കണം." ദളിതരെ അധഃകൃതരായി മാറ്റി നിർത്തിയില്ല. വളരെയേറെ കരുതൽ നല്കിയിരുന്നു.

ജാതി, മത വർണ്ണ, വർഗ്ഗ വേർതിരിവില്ലാതെ മനുഷ്യനെ അവന്റെ ഔന്നത്യത്തിൽ കാണുവാനും താൻ സമ്പാദിച്ച ദൈവാനുഭവം എല്ലാവർക്കും പങ്കുവയ്ക്കുവാനും ജീവിതം അർപ്പിച്ച വന്ദ്യ പിതാവ് ദൈവസന്നിധിയിലും ജനത്തിനു മുമ്പിലും ചെയ്ത പ്രതിജ്ഞകൾ നിറവേറ്റി. ഈ ജീവിതം തലമുറകൾക്ക് മാർഗ്ഗദീപമാകട്ടെ.

***

# അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത

# ഒരു ബഥാന്യൻ മഹദ് വ്യക്തിത്വം



ഫാ. ജോർജ്ജ് തോമസ് കല്ലുങ്കൽ ഒ.ഐ.സി.

മലങ്കര കത്തോലിക്കാ സഭയുടെ ഒരു മഹാ ഇടയനെ നാം അഭിമാനത്തോടെ അനുസ്മരിക്കുന്ന കാലയളവാണല്ലോ ഇത്. ഏതാണ്ട് 40 വർഷക്കാലം തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ മേലദ്ധ്യക്ഷനായും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനായും അദ്ദേഹം ഭരണം നടത്തി. തന്നെ ഭരമേല്പിച്ച സഭാ സമൂഹത്തെ ഏതെല്ലാം ഔന്നത്യങ്ങളിലേക്കുയർത്താമോ അവിടെയെല്ലാം അദ്ദേഹം എത്തിച്ചു. കേരളത്തിലെ മത, രാഷ്ട്രീയ, വിദ്യാഭ്യാസ, സാമൂഹ്യ സാംസ്കാരിക മേഖലകളിലെല്ലാം പിതാവിൽ വ്യക്തിത്വം നിറഞ്ഞു തെളിഞ്ഞു നിന്ന ഒരു കാലയളവായിരുന്നു അത്. കേരളത്തിലെ ഏതു പ്രശ്നങ്ങൾക്കും പ്രതിസന്ധികൾക്കും എല്ലാവരും ഒരവസാന വാക്കിനായി സമീപിച്ചിരുന്നത് വന്ദ്യപിതാവിനെയാണ്. പഞ്ചിരി നിറഞ്ഞ മുഖത്തോടെ തന്റെ അറിവിന്റെ നിറവിൽ നിന്ന് ആദ്ധ്യാത്മികാനുഭൂതിയുടെ ആഴങ്ങളിൽ നിന്ന് നൽകിയിരുന്ന നിർദ്ദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും ഏവരും അംഗീകരിച്ചിരുന്നു. സ്വദേശത്തും വിദേശത്തും ഔന്നത്യങ്ങളുടെ നിറുകയിൽ നിൽക്കുമ്പോഴും തന്റെ 'ബഥാന്യസന്ന്യാസഭാവം' പിതാവ് ഒരിക്കലും കൈ വെടിഞ്ഞിരുന്നില്ല. അത് പിതാവിനൊരു അലങ്കാരമായിരുന്നു.

അഭിവന്ദ്യ പിതാവിനെ ആരും ബഥനി ആശ്രമത്തിലേക്കു കൊണ്ടുവന്നതല്ല. മാതാപിതാക്കളുടെ പോലും എതിർപ്പ് വകവയ്ക്കാതെ അദ്ദേഹം തിരുവല്ലാ ആശ്രമംവഴി നാലാഞ്ചിറ ആശ്രമത്തിലേക്ക് കടന്നുവന്നയാളുമാണ്. ദൈവദാസൻ മാർ ഈവാനിയോസ് പിതാവും തന്റെ ആശ്രമജീവിതപ്രസ്ഥാനവും ആ ബാലന്റെ മനസ്സിനെ അത്രമാത്രം ഗ്രസിച്ചു കഴിഞ്ഞിരുന്നു. മാർ ഈവാനിയോസ് പിതാവു കഴിഞ്ഞാൽ ബഥനിയിലെ ആദ്യപിതാക്കന്മാരായ ഏബ്രഹാമച്ചൻ, ജോഷാച്ചൻ, ജോണച്ചൻ, കോശിയച്ചൻ, റഫായേലച്ചൻ ഇവരെയെല്ലാം കണ്ടും അനുകരിച്ചുമാണ് അദ്ദേഹം വളർന്നു വന്നത്. നാലാഞ്ചിറയിലെ നവസന്ന്യാസപരിശീലനവും കാൻഡിയിലെ വൈദിക പരിശീലനവും തൃശ്ശിനാപ്പള്ളിയിലെ ഉപരിപഠനവും കഴിഞ്ഞുവന്ന കൊച്ചച്ചനായി തന്റെ ഗുരുഭൂതനൊരുക്കിയിരുന്നത് മാർ ഈവാനിയോസ് കോളേജ് പ്രിൻസിപ്പൽ സ്ഥാനമാണ്. വലിയ പിതാവിന് തന്റെ കണ്ണിലുണ്ണിയായിരുന്ന ഈ ബഥാന്യനെ തന്റെ പിൻഗാമിയായി തിരഞ്ഞെടുത്തഭിഷേചിക്കുന്നതിൽ യാതൊരു തടസ്സവുമുണ്ടായിരുന്നില്ല. ഏതാണ്ട് നാലുപതിറ്റാണ്ടോളം തിരുവനന്തപുരം അതിരൂപതയുടെയും മലങ്കര കത്തോലിക്കാ സഭയുടെയും സാരഥ്യം ഏറ്റെടുത്തു നയിച്ച പിതാവ് സഭയുടെ സർവ്വവിധ ഉന്നമനത്തിനുമായി തന്നെത്തന്നെ സമർപ്പിച്ചു. സാധാരണക്കാരും അവശരുമായ ആളുകളുടെ സാമ്പത്തികവും സാമൂഹികവും വിദ്യാഭ്യാസപരവുമായ ഉയർച്ചക്കും വളർച്ചക്കും പിതാവ് പ്രത്യേക ശ്രദ്ധ നൽകി. വിദേശരാജ്യങ്ങൾ സന്ദർശിച്ചു മടങ്ങിവരുമ്പോൾ അവിടെനിന്ന് ശാസ്ത്രീയമായും കൃഷി സംബന്ധവുമായ പുതിയ അറിവുകളും നൂതനാഭിമുഖ്യങ്ങളും നാട്ടിലെത്തിച്ച് പ്രചരിപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. 'സ്നേഹം മമദീപം' എന്ന ആപ്തവാക്യത്തിന്റെ യാഥാർത്ഥ്യവത്ക്കരണമായിരുന്നു പിതാവിന്റെ ജീവിതവും പ്രവർത്തനങ്ങളും.

കേരളത്തിലോ ഭാരതത്തിലോ ലോകത്തെവിടെയോ ആയിരുന്നാലും തന്റെ ബഥാന്യൻ വ്യക്തിത്വത്തിന് ഒരു കുറവും വരുത്തിയിരുന്നില്ല. ആശ്രമജീവിതശൈലിയും നിഷ്ഠകളും ക്രമമായി പാലിച്ചുപോന്നു. അതിൽ പിതാവ് അഭിമാനം കണ്ടെത്തി. കാവിക്കുപ്പായവും കഴുത്തിലണിയുന്ന കുരിശും സന്തോഷത്തോടെ ധരിച്ചിരുന്നു. പോകുന്നിടത്തെല്ലാം ആശ്രമജീവിതശൈലിയുടെ താത്വികവും പ്രായോഗികവുമായ തലങ്ങളിലെ വക്താവായി അദ്ദേഹം നിലകൊണ്ടു. ലാളിത്യം

ബഥാന്യൻ ജീവിതശൈലിയുടെ മുഖമുദ്രയാണെന്നു തിരിച്ചറിഞ്ഞ പിതാവ് തന്റെ ജീവിതം അതിന്റെ ബാഹ്യതലങ്ങളിലും ആന്തരികതലങ്ങളിലും സന്ന്യാസലാളിത്യത്തിന്റെ പര്യായമാക്കി മാറ്റി. തന്റെ നോക്കിലും വാക്കിലും ഇടപെടലിലുമെല്ലാം ഇതു പ്രകടമായിരുന്നു. ഏറ്റം ലളിതമായ ആഡംബരങ്ങളൊന്നുമില്ലാത്ത വസ്തുവകകളും താമസസൗകര്യങ്ങളും ഭക്ഷണ സാധാനങ്ങളും യാതൊരു വിട്ടു വീഴ്ചക്കും ഇടം നല്കാതെ പിതാവ് ഉപയോഗിച്ചു പോന്നു. ഈ മനോഭാവം ധനവിനിയോഗ കാര്യങ്ങളിലും അദ്ദേഹം കർശനമായി അനുവർത്തിച്ചിരുന്നു എന്നതിന് തെളിവുകൾ ധാരാളമുണ്ട്. ഈ ലാളിത്യമനോഭാവം ദരിദ്രരോടും രോഗികളോടും അഗതികളോടും സമൂഹത്തിൽ അവശത അനുഭവിക്കുന്നവരോടും പക്ഷംചേരുവാനും അവരുടെ അവശാവസ്ഥയെ മാറ്റിയെടുക്കുവാനും പിതാവിനെ സന്നദ്ധനും ശക്തനുമാക്കി. ക്രിസ്തുനാഥന്റെ ലാളിത്യത്തിന്റെയും എളിമയുടെയും സ്വയശൂന്യവത്കരണത്തിന്റെയും സമുന്നതമാതൃക ഗ്രിഗോറിയോസ് പിതാവിൽ എപ്പോഴും വിളങ്ങിയിരുന്നു.

യേശുവിനെ അടുത്തു പിൻചെല്ലുന്ന ഒരു ബഥാന്യൻ എന്ന നിലയിൽ തന്റെ പിതാവിനോട് പ്രാർത്ഥനയിലൂടെ ചേർന്നുനിന്ന യേശുവിന്റെ പ്രാർത്ഥനാജീവിതം സ്വന്തമാക്കുവാൻ ഗ്രിഗോറിയോസ് പിതാവും ഏറെ പരിശ്രമിച്ചു. കർത്താവിന്റെ പാദാന്തികത്തിൽ ധ്യാനനിരതയായിരുന്ന ബഥനിയിലെ മറിയത്തിന്റെ പ്രാർത്ഥനാനുഭവം സ്വന്തമാക്കിയിരുന്നു വന്ദ്യപിതാവും. തന്റെ തിരക്കേറിയ കർമ്മപരിപാടികൾക്കും നിരന്തരമായ യാത്രകൾക്കിടയിലും തന്റെ പ്രാർത്ഥനാകാര്യങ്ങൾക്ക് കുറവോ മുടക്കമോ പിതാവ് വരുത്തിയിരുന്നില്ല. യാമപ്രാർത്ഥനകൾ, ജപമാല പ്രാർത്ഥന ഇവയെല്ലാം സമയസാഹചര്യങ്ങൾക്കനുസൃതമായി കൃത്യമായി നടത്തിയിരുന്നു. അരമന ചാപ്പലിൽ പകലിന്റെ പല സമയങ്ങളിലും രാത്രിയുടെ അപ്രതീക്ഷിതയാമങ്ങളിലും കുമ്പിട്ടു വീണു കിടന്നു പ്രാർത്ഥിക്കുന്ന പിതാവിനെ പലപ്പോഴും കാണാമായിരുന്നു.

അഭിവന്ദ്യ മാർ ഗ്രിഗോറിയോസ് പിതാവിനെക്കുറിച്ചുള്ള അനുസ്മരണകളിൽ എല്ലാവരും നിറച്ചാർത്തേകി അവതരിപ്പിക്കുവാൻ മത്സരിക്കുന്ന മേഖലയാണ് പിതാവിന്റെ കർമ്മപദ്ധതികൾ. കാരണം മനുഷ്യസമുദായത്തിന്റെ സമുദ്ധരണത്തിനാവശ്യമായ എല്ലാ മേഖലകളിലും പിതാവ് കടന്നുചെന്ന് അർപ്പണബോധത്തോടും ദീർഘവീക്ഷണത്തോടും തനിക്കു ചെയ്യാവുന്നതെല്ലാം ചെയ്തു കടന്നുപോയ ഒരു സന്ന്യാസവര്യനാണദ്ദേഹം. മാർ ഈവാനിയോസ് പിതാവ് ബഥനി ആശ്രമസ്ഥാപനത്തിലൂടെ ഉയർത്തിപ്പിടിച്ച ദൈവസമ്പാദന - ദൈവസേവനബന്ധം ഗ്രിഗോറിയോസ് പിതാവ് ആഴത്തിൽ മനസ്സിലാക്കിയിരുന്നു. സന്ന്യാസത്തിലൂടെയാർജ്ജിക്കുന്ന ദൈവസമ്പാദനം ദൈവസേവനത്തിലൂടെയാണ് അർത്ഥവും ഫലപ്രാപ്തിയും കണ്ടെത്തുന്നത്. ദൈവസേവനവും മനുഷ്യസേവനവും തമ്മിലുള്ള അകലം വളരെ കുറവാണെന്നദ്ദേഹം തിരിച്ചറിഞ്ഞു. ഈ ചെറിയവരിൽ ദൈവത്തെ കാണുവാനും അവരിലൂടെ ദൈവത്തെ ശുശ്രൂഷിക്കുവാനും തന്റെ സന്ന്യാസം പിതാവിനെ പ്രബുദ്ധനാക്കി. മാനവരാശിയുടെ ആന്തരികവും ഭൗതികവുമായ വിമോചനത്തിലൂടെയാണ് തന്റെ സന്ന്യാസം ഫലദായകമാക്കേണ്ടത് എന്ന് പിതാവ് ഉറച്ചു വിശ്വസിച്ചു. തന്റെ ധ്യാനാനുഭവത്തിന്റെ ബഹിർഗമനമായിരുന്നു മനുഷ്യന്റെ ഉന്നമനത്തിനുവേണ്ടിയുള്ള പിതാവിന്റെ ആത്മ സമർപ്പണം. ഭാരതത്തിലെ സഭ, സാമൂഹിക, സാംസ്കാരിക, വിദ്യാഭ്യാസ, ആരോഗ്യ, മതസൗഹൃദ, പാരിസ്ഥിതിക മേഖലകളിലെല്ലാം നീണ്ട പതിറ്റാണ്ടുകൾ നിറഞ്ഞുനിന്ന് ഒരു നിഷ്കാമ കർമ്മയോഗിയെപ്പോലെ പ്രവർത്തിച്ചതിന്റെ പിന്നിലെ പ്രചോദനവും ഊർജ്ജവും തന്റെ സന്ന്യാസജീവിത പശ്ചാത്തലത്തിൽ നിന്നാർജ്ജിച്ചെടുത്തതാണ്. "ദൈവസമ്പാദനത്തിലൂടെ ദൈവസേവനം" എന്ന ദർശനത്തിന്റെ കാലോചിതമായ ആവിഷ്കാരമായിരുന്നു പിതാവിന്റെ ജീവിതവും കർമ്മപദ്ധതികളും. 1953 ജനുവരി 29-ാം തീയിത നടത്തിയ മെത്രാഭിഷേക അനുമോദന സമ്മേളനത്തിൽ പിതാവ് പറയുകയുണ്ടായി. "ഇനിമുതൽ നിങ്ങളുടെ ദുഃഖം എന്റെ ദുഃഖമാണ്, നിങ്ങളുടെ സന്തോഷം എന്റെ സന്തോഷമാണ്" മറ്റുള്ളവരുമായി താദാത്മ്യപ്പെട്ടുകൊണ്ട് അവരെ സമുദ്ധരിക്കുവാനുള്ള ആത്മീയാഭിവാഞ്ചയാണ് ഈ വാക്കുകളിലൂടെ വെളിപ്പെടുന്നത്.

ബഥനി ആശ്രമചൈതന്യം എല്ലായിടത്തും എല്ലായ്പ്പോഴും ഉപാസിച്ചനുഷ്ഠിച്ച് അതിനു കാലാനുസൃതമായ തെളിവും മിഴിവും ഫലദായകത്വവും നല്കി കടന്നുപോയ ധന്യജീവിതത്തിനു മുൻപിൽ നമുക്കു നമ്രശിരസ്കരാകാം.

May the gates of heaven be opened
And the angels rejoice at the arrival of
Their faithful servant and ardent shepherd








General Synaxis 1998



Gone from this world, but never from our hearts.







A true Bethanian of simplicity

Our dead are never
dead to us, untill we
have forgotten them.
George Eliot



# ബെനഡിക്ട് മാർ ഗ്രിഗോറിയോസ്
# ഓർമ്മപ്പെരുന്നാൾ
# ഒക്ടോബർ 10